# സാക്ഷ്യപാതയിൽ

## (ഭാരതത്തിൽ ക്രൈസ്തവ ധർമ്മത്തിന്റെ തദ്ദേശീയീകരണം: ഒരു പഠനം)

*(Malayalam)*

**Sakshyapathayil**
(Indigenisation of Christianity in India)

**Fr. Dr. Jacob Kurian**

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2566 650 |
| First Published | : | October 1987 |
| Revised Edition | : | September 2005 |
| Third Edition | : | June 2015 |
Copyright reserved


| | | |
|---|---|---|
| Number of copies | : | 1000 |
| D.T.P. & Printing | : | Sophia Print House, Kottayam |

Price: **Rs. 60/-**

ദിവ്യബോധനം ഗ്രന്ഥാവലി – 17

# സാക്ഷ്യപാതയിൽ

## (ഭാരതത്തിൽ ക്രൈസ്തവ ധർമ്മത്തിന്റെ തദ്ദേശീയീകരണം: ഒരു പഠനം)

ഫാ. ഡോ. ജേക്കബ് കുര്യൻ

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 60.00

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# പ്രസാധകക്കുറിപ്പ്

മനുഷ്യരിൽ കാണുന്നതുപോലെ വ്യത്യസ്തകളുടെയും സമാനതകളുടെയും സമ്യക്കായ സമ്മേളനം മതാനുഭാവങ്ങളിലും ദർശിക്കാനാവുന്നു. എല്ലായിടത്തേയും മനുഷ്യർ ഒരുപോലെ ആരാധിച്ചുകൊള്ളണം എന്ന ദുശ്ശാഠ്യം ആവശ്യമുണ്ടോ? ഭാരതത്തിലെ മനുഷ്യർ പ്രത്യേകിച്ച് പുരാതന ക്രിസ്ത്യാനികൾ, അവർ ദൈവത്തെ അറിഞ്ഞ് ആരാധിക്കുവാൻ തുടങ്ങി സഹസ്രവർഷങ്ങൾ കഴിഞ്ഞുമാത്രം ക്രിസ്തുവിനെ അറിഞ്ഞവരെപ്പോലെ ആരാധിക്കണമെന്നില്ല. അവർ വസിക്കുന്നിടത്തെ സാംസ്കാരിക പ്രത്യേകതകൾ ഉൾക്കൊണ്ട് ആരാധിക്കുവാൻ ശീലിക്കേണ്ടതല്ലെ. തനതായ ആരാധനാശീലങ്ങൾ കോളനിവാഴ്ചയുടെയോ മറ്റേതെങ്കിലും സ്വാധീനത്താലോ മാറിപ്പോയിട്ടുണ്ടെങ്കിൽ അതിലേക്കു മടങ്ങുക തന്നെ വേണം.

ഭാരതീയ തത്വചിന്തയിലും ക്രിസ്തീയ വേദശാസ്ത്രത്തിലും വ്യുൽപത്തിയുള്ള ഒരു ഗ്രന്ഥകാരനിൽ നിന്ന് അതിനുള്ള പ്രചോദനം സ്വീകരിക്കാം. റവ. ഫാ. ഡോ. ജേക്കബ് കുര്യനച്ചനോട് നന്ദിയുണ്ട്: ഗ്രന്ഥം രചിച്ചതിനും പരിഷ്കരിച്ചതിനും.

ദിവ്യബോധനം പ്രവർത്തനങ്ങൾക്ക് നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ റവ. ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റ് തലത്തിലും അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ

ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ദിവ്യബോധനം ഗ്രന്ഥാവലിയിൽ പതിനേഴാമത്തേതായ ഈ ഗ്രന്ഥം പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

**ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്**
(രജിസ്ട്രാർ)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# വാങ്മുഖം

'സാക്ഷികളുടെ സമൂഹ'ത്തിന്റെ രണ്ടാം ഭാഗമായിട്ടാണ് ഈ ഗ്രന്ഥത്തെ അവതരിപ്പിക്കുന്നത്. പക്ഷേ, ഉള്ളടക്കത്തിൽ, മുൻ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ നൽകിയ സൂചനയിൽ നിന്നും വ്യത്യസ്തതയോടു കൂടിയാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്.

മുൻ ഗ്രന്ഥത്തിൽ എഴുതിയിരുന്നത്, മലങ്കരസഭയുടെയും സുറിയാനിസഭയുടെയും പൈതൃകത്തിലെ സഭാപാരമ്പര്യ ശില്പികളെക്കുറിച്ച് ഈ രണ്ടാമത്തെ ഗ്രന്ഥത്തിൽ പ്രതിപാദിക്കും എന്നായിരുന്നു. എന്നാൽ സഭാചരിത്ര സംബന്ധമായ ദിവ്യബോധന ഗ്രന്ഥങ്ങളിലും സണ്ടേസ്കൂൾ ഗ്രന്ഥങ്ങളിലും മറ്റും അവരിൽ പലരെക്കുറിച്ചും വിശദീകരിക്കുന്നതുകൊണ്ടും, ദിവ്യബോധന സെമിനാറുകളിൽ സഭയുടെ ഭാരതീയീകരണത്തെക്കുറിച്ചു ചിന്തിക്കുവാൻ പ്രത്യേകമായ താല്പര്യം കണ്ടതുകൊണ്ടും, ഭാരത സഭയുടെ തദ്ദേശീയീകരണത്തെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യാം എന്നു കരുതുന്നു. മാത്രവുമല്ല, സാക്ഷികളുടെ സമൂഹത്തിന്റെ ഒരു പ്രധാന സന്ദേശവും വെല്ലുവിളിയുമാണ് 'തദ്ദേശീയീകരണം.' ഒറ്റ വാചകത്തിൽ, 'തദ്ദേശീയീകരണം' കൊണ്ട് അർത്ഥമാക്കുന്നത് അതതു ദേശത്തിന്റെ സാഹചര്യത്തോട്, പൗരാണികവും ആനുകാലികവുമായ യാഥാർത്ഥ്യങ്ങളോട്, അർത്ഥവത്തായി പ്രതികരിക്കുക എന്നതാണ്. കാലാകാലങ്ങളിൽ അപ്രകാരം പ്രതികരിച്ചവരാണു സാക്ഷികളുടെ സമൂഹത്തിലുൾപ്പെട്ടവർ. അഥവാ 'സാക്ഷ്യപാത' തദ്ദേശീയീകരണത്തിന്റെ പാത തന്നെ.

ഭാരതത്തിലെ ക്രൈസ്തവർ സാക്ഷ്യത്തിന്റെ പാതയിൽ മുന്നേറുന്ന സാക്ഷികളുടെ സമൂഹമാകുവാൻ ഈ ഗ്രന്ഥത്തിലെ ചർച്ച അല്പമെങ്കിലും സഹായിക്കും എന്നു പ്രത്യാശിക്കുന്നു. 'സാക്ഷികളുടെ സമൂഹ'ത്തെ നമുക്കു ചുറ്റും കണ്ടുകൊണ്ട് 'സാക്ഷ്യപാതയിൽ' നമുക്കും മുന്നേറാം.

**ഫാ. ഡോ. ജേക്കബ് കുര്യൻ**

ഓർത്തഡോക്സ് സെമിനാരി
കോട്ടയം
ഗാന്ധിജയന്തി, 2005

# ഉള്ളടക്കം


പ്രസ്താവന 5

പ്രസാധകക്കുറിപ്പ് 6

വാങ്മുഖം 8


## യൂണിറ്റ് 1

## തദ്ദേശീയീകരണത്തിന്റെ അടിസ്ഥാനങ്ങൾ


1. സഭാ പാരമ്പര്യ ശില്പികളും തദ്ദേശീയീകരണവും 11
2. തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭ: സാമൂഹ്യജീവിതത്തിൽ 15
3. തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭ: മതജീവിതത്തിൽ 22
4. തദ്ദേശീയീകരണ പാതയിലെ തടസ്സങ്ങൾ: വിദേശ സഭാനിയന്ത്രണം അന്നും ഇന്നും 28
5. ഭാരത ക്രൈസ്തവർ തദ്ദേശീയീകരണ പാതയിൽ വീണ്ടും: ചരിത്രവും വെല്ലുവിളികളും 33
6. തദ്ദേശീയീകരണത്തിന്റെ പ്രായോഗികാടിസ്ഥാനം സൗഹൃദസംഗമം 40


## യൂണിറ്റ് 2

## തദ്ദേശീയീകൃത ക്രൈസ്തവ മതജീവിതം: ഒരന്വേഷണം


1. ആദ്ധ്യാത്മികത 44
2. ആരാധന 47
3. കലയും സാഹിത്യവും 51
4. വേദ വ്യാഖ്യാനം 54
5. ധാർമികത 57
6. ആചരണങ്ങൾ 61

## യൂണിറ്റ് 3

# തദ്ദേശീയീകൃത ക്രൈസ്തവ സാമൂഹ്യ സാക്ഷ്യം: ഒരന്വേഷണം


1. സാമൂഹ്യ മണ്ഡലങ്ങളിലെ പ്രതികരണം 64
2. രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രതികരണം 68
3. സാമ്പത്തിക മണ്ഡലങ്ങളിലെ പ്രതികരണം 71
4. പ്രതികരണത്തിന്റെ പാത: ചില പ്രായോഗിക പരിചിന്തനങ്ങൾ 74
5. സേവനത്തിന്റെ പുതിയ മാനങ്ങൾ 77
6. വികസനത്തിലെ പങ്കാളിത്തം 80


## യൂണിറ്റ് 4

# തദ്ദേശീയീകൃത ക്രൈസ്തവ വേദശാസ്ത്ര ചിന്ത: ഒരവലോകനവും അന്വേഷണവും


1. മിഷനറിമാരുടെയും അക്രൈസ്തവരായ ഭാരതീയരുടെയും സംഭാവനകൾ 82
2. ഭാരത ക്രൈസ്തവ ചിന്തകന്മാരുടെ സംഭാവന 89
3. ഭാരത ക്രൈസ്തവ ചിന്തകന്മാരുടെ സംഭാവന – 2 92
4. ഭാരത ക്രൈസ്തവ ചിന്തകന്മാരുടെ സംഭാവന – 3 96
5. വേദശാസ്ത്ര ചിന്തയിലെ ചില താത്ത്വിക പ്രശ്നങ്ങൾ 101
6. വേദശാസ്ത്ര ചിന്തയിലെ ചില താത്ത്വിക പ്രശ്നങ്ങൾ – 2 108

Glossary 116

വിശദീകരണക്കുറിപ്പുകൾ 119

# യൂണിറ്റ് 1

## പാഠം 1

# സഭാപാരമ്പര്യ ശില്പികളും തദ്ദേശീയീകരണവും

❑ തദ്ദേശീയീകരണം വേദപുസ്തകത്തിൽ ❑ പിൽക്കാലക്രൈസ്തവപാരമ്പര്യ ശില്പികളും തദ്ദേശീയീകരണവും

സഭാപാരമ്പര്യശില്പികൾ സഭാചരിത്രത്തിൽ അർത്ഥവത്തായ സാക്ഷ്യം നിർവഹിച്ചവരാണ്. അവർ എങ്ങനെയാണതു നിർവഹിച്ചത്? ക്രൈസ്തവമായ അറിവിലും അനുഭവത്തിലും ഒട്ടും മായം ചേർക്കാതെ, തങ്ങൾ ആയിരുന്ന സാഹചര്യങ്ങളോട് അർത്ഥവത്തായി പ്രതികരിച്ചു കൊണ്ട് അവരതു നിർവഹിച്ചു. അർത്ഥവത്തായ പ്രതികരണം എന്നതു കൊണ്ട്, അവരെ സംബന്ധിച്ചിടത്തോളം, തങ്ങൾ ആയിരുന്ന ഭാഷ, സംസ്കാരം, തത്ത്വസംഹിതകൾ, മതജീവിത രീതികൾ മുതലായവയിൽ നിന്നും ഉൾക്കൊള്ളാവുന്നതിനെ ഉൾക്കൊണ്ടും, ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിച്ചും, എതിർക്കേണ്ടതിനെ എതിർത്തും, സുവിശേഷ സത്യത്തെ ഘോഷിച്ചു എന്നാണു മനസിലാക്കേണ്ടത്. ഈ പ്രക്രിയയെ ആണ്, ക്രൈസ്തവ പാരമ്പര്യത്തിൽ തദ്ദേശീയീകരണം എന്ന പദം സൂചിപ്പിക്കുന്നത്. സഭാപാരമ്പര്യശില്പികൾ, തങ്ങൾ ആയിരിക്കുന്ന മണ്ണിൽ വേരുകൾ ഉറപ്പിക്കുവാൻ ആ മണ്ണുമായി ഇണങ്ങാവുന്നിടത്തോളം ഇണങ്ങുവാൻ ശ്രമിച്ചു. തത്ഫലമായി ഓരോ ദേശത്തും വേരുകൾ ഉറപ്പിച്ചു ഫലം പുറപ്പെടുവിക്കുവാൻ ക്രൈസ്തവ പാരമ്പര്യത്തിനു കഴിഞ്ഞു.

### 1. തദ്ദേശീയീകരണം വേദപുസ്തകത്തിൽ

ദൈവപുത്രൻ മനുഷ്യപുത്രനായ തത്ത്വം തന്നെ തദ്ദേശീയീകരണം ആയിരുന്നു: “അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു” (ഫിലിപ്പി. 2:6–8). ദൈവത്വം മനുഷ്യത്വത്തിന്റെ മൂർത്തഭാവം സ്വീകരിച്ച തത്ത്വമാണ്. ‘തദ്ദേശീയീകരണം.’ യേശുക്രിസ്തു തനിക്കുതന്നെ തെരഞ്ഞെടുത്ത വിശേഷണം ‘മനുഷ്യപുത്രൻ’ എന്നായിരുന്നുവല്ലോ. അതിന്റെ പിന്നിലെ താല്പര്യവും തദ്ദേശീയീകരണമായിരുന്നു. ആനുകാലിക യഹൂദമതചിന്തകനു മിശിഹായെക്കുറിച്ചു മനസ്സിൽ തിളങ്ങുന്ന സങ്കല്പം ‘മനുഷ്യപുത്ര’ന്റേതായിരുന്നു. കാരണം

യഹൂദജനം പ്രതീക്ഷിച്ചിരുന്ന മിശിഹായ്ക്ക്, യഹൂദ വെളിപ്പാടു ഗ്രന്ഥങ്ങളായ ദാനിയേലിലും (7:13; 18, 22, 27) ഈനോക്കിലും (46, 48, 62, 69) ഒക്കെ നൽകിയിരുന്ന നാമം 'മനുഷ്യപുത്രൻ' എന്നായിരുന്നു. എന്നാൽ യേശുക്രിസ്തു ആ വിശേഷണ നാമത്തെ സ്വീകരിച്ചുകൊണ്ട് അതിനു പുതിയ അർത്ഥം നൽകുകയാണു ചെയ്തത്.

ആനുകാലിക പ്രതീക്ഷകളേയും സങ്കല്പങ്ങളെയും ഗൗരവമായിട്ടെടുക്കാനുള്ള സന്നദ്ധതയും അതിനോട് അർത്ഥവത്തായി പ്രതികരിക്കുവാനുള്ള ശുഷ്കാന്തിയും യേശുതമ്പുരാനുണ്ടായിരുന്നു. താൻ ആരോടു പ്രസംഗിച്ചുവോ അവർക്കു പരിചയമുള്ള ഉപമകൾ തെരഞ്ഞെടുത്തു (ഉദാ: വിത്തു വിതയ്ക്കുന്നത്, വല വീശുന്നത്, മാവു കുഴയ്ക്കുന്നത്, വീഞ്ഞു പകരുന്നത് മുതലായവ). താൻ ആരുടെയിടയിൽ പ്രവർത്തിച്ചുവോ അവരുടെ ബന്ധനങ്ങളിൽ നിന്ന് (രോഗം, വിശപ്പ്, മരണം മുതലായവ) മോചനം നൽകുവാൻ ശ്രമിച്ചു. താൻ ഏതു സമൂഹത്തിൽ ജീവിച്ചുവോ അവിടെ നടമാടുന്ന ചൂഷണത്തെയും അസമത്വത്തെയും കപടഭക്തിയേയും പരസ്യമായി എതിർത്തു (ലൂക്കോ. 11:42–52; 14:7; 19:8–10; മത്താ. 6:24; മർക്കോ. 10:23–25 മുതലായ ഭാഗങ്ങൾ കാണുക). ചുരുക്കത്തിൽ താൻ ഉൾപ്പെട്ടിരുന്ന സമൂഹജീവിതത്തിന്റെ അന്തർധാരയിലിറങ്ങി പ്രതികരിച്ചുവെന്നതായിരുന്നു യേശുതമ്പുരാന്റെ പ്രവർത്തനശൈലി.

അപ്പോസ്തോലന്മാരുടെ ശൈലി അതിന്റെ തുടർച്ചയായിരുന്നു. ആദ്യം യഹൂദന്മാരുടെയിടയിൽ പ്രവർത്തിച്ചപ്പോൾ യഹൂദന്മാരുടെ സർവ പ്രതീക്ഷകളുടെയും പൂർത്തീകരണമായി യേശുക്രിസ്തുവിനെ അവതരിപ്പിച്ചു (അപ്പോ. പ്ര. 2:14–36; 3:12–26; 7:1–53). എന്നാൽ യഹൂദന്മാരല്ലാത്തവർക്കും എബ്രായ സങ്കല്പങ്ങൾ പരിചയമില്ലാത്തവരായിത്തീർന്ന യവന സംസ്കാരത്തിൽ വളർന്ന യഹൂദന്മാർക്കും, യേശുക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുക്കുവാൻ മറ്റു സങ്കേതങ്ങളെ അവർ ഉപയോഗിച്ചു. ലോഗോസ് (വചനം) എന്ന സങ്കല്പം ദൈവത്തിനും ലോകത്തിനും ഇടയ്ക്ക് ഒരു മദ്ധ്യസ്ഥനെ സൂചിപ്പിക്കുവാൻ യവന പാരമ്പര്യത്തിൽ വളരെ സാധാരണമായിട്ട് ഉപയോഗിച്ചിരുന്നതാണ്. പ്രസ്തുത സങ്കല്പത്തെ സ്വാംശീകരിച്ച് അതിൽക്കൂടി യേശുക്രിസ്തുവിനെ അവതരിപ്പിക്കുവാനാണു വി. യോഹന്നാൻ ശ്രമിച്ചത്. അതുകൊണ്ട്, 'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു' (യോഹ. 1:1) എന്ന് ആദ്യം പ്രസ്താവിച്ചിട്ട്, ആ വചനം ജഡമായിത്തീർന്നു എന്ന സത്യത്തിലേയ്ക്കു ശ്രദ്ധയെ ക്ഷണിക്കുന്നു. വി. പത്രോസ്, യഹൂദ യാഥാസ്തിതികത്വം മുറുകെപ്പിടിച്ചുകൊണ്ടിരുന്നപ്പോഴാണ്, വെളിപ്പാടിൽക്കൂടി ഒരു പുതിയ അവബോധത്തിലേയ്ക്കു വന്നത്:

"ദൈവത്തിനു മുഖപക്ഷമില്ല എന്നും, ഏതു ജാതിയിലും അവനെ

ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു" (അപ്പോ. പ്ര. 10:35, 36).

പുറജാതിക്കാർ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവരുടെമേൽ യഹൂദ മതാചാരങ്ങൾ അടിച്ചേല്പിക്കരുത് എന്നു യറുശലേം സമ്മേളനത്തിൽ വച്ച് ആദിമ ശിഷ്യന്മാർ തീരുമാനിച്ചതും (അപ്പോ. പ്ര. 15) തദ്ദേശീയീകരണ തത്ത്വത്തിന്റെ അംഗീകരണമായിരുന്നു.

വി. പൗലൂസിന്റെ ഓരോ ലേഖനത്തിലും നമുക്കു ദർശിക്കാവുന്ന ഒരു പ്രത്യേകതയുണ്ട്. ആരേ അഭിസംബോധന ചെയ്യുന്നുവോ അവരുടെ സാഹചര്യങ്ങളെയും, പ്രശ്നങ്ങളെയും, സംസ്കാരത്തെയും ക്രിസ്തുവിൽ കേന്ദ്രീകൃതമായി ഉൾക്കൊള്ളുവാൻ ശ്രമിച്ചു. അദ്ദേഹം പറയുന്നു:

"യഹൂദന്മാരെ നേടേണ്ടതിനു ഞാൻ യഹൂദന്മാർക്കു യഹൂദനെപ്പോലെ ആയി;.... ദൈവത്തിനു ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിനു ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിനു ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു ന്യായപ്രമാണമില്ലാത്തവരെപ്പോലെ ആയി" (1 കൊരി. 9:20, 21).

അദ്ദേഹം അതുകൊണ്ട്, മറ്റുള്ളവരെ ആഹ്വാനം ചെയ്തത് ഇപ്രകാരമാണ്:

"യഹൂദന്മാർക്കും, യവനന്മാർക്കും ദൈവസഭയ്ക്കും ഇടർച്ചയല്ലാത്തവരാകുവിൻ. ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നെ അന്വേഷിച്ചുകൊണ്ട് എല്ലാവരെയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ" (1 കൊരി. 10:32, 33).

അഥേനയിൽ വി. പൗലോസ് ചെയ്യുന്ന പ്രസംഗം ഇതിന്റെ മറ്റൊരു ഉദാഹരണമാണല്ലോ (അപ്പോ. പ്ര. 17:22-23). അഥേനക്കാരെ, 'എല്ലാറ്റിലും അതിഭക്തന്മാർ' എന്നു വിശേഷിപ്പിച്ചുകൊണ്ട് അവരുടെ പൂജാസ്ഥാനങ്ങളെ പരാമർശിച്ചുകൊണ്ടും യവനചിന്തകരുടെ പ്രസ്താവനകളെ ഉദ്ധരിച്ചുകൊണ്ടും യേശുക്രിസ്തുവിനെക്കുറിച്ചദ്ദേഹം പ്രസംഗിച്ചു (2 കൊരി. 6:14 ൽ വി. പൗലോസ് പറയുന്നതിനെ, 1 കൊരി. 5:9-12; 1 കൊരി 10:27 എന്നിവയുടെ പശ്ചാത്തലത്തിൽ വേണം വ്യാഖ്യാനിക്കുവാൻ).

## 2. പിൽക്കാല ക്രൈസ്തവ പാരമ്പര്യശില്പികളും തദ്ദേശീയീകരണവും

പിൽക്കാല പാരമ്പര്യശില്പികളെല്ലാം തദ്ദേശീയീകരണതത്ത്വത്തെ

ഉൾക്കൊണ്ടിരുന്നു. ഉദാഹരണത്തിനു കാർത്തേജിലെ തെർത്തുല്യനും (155 –220), സിപ്രിയനും (200–258), റോമിലെ ഹിപ്പോലിറ്റസും (മരണം 235) ആനുകാലിക റോമൻ സംസ്കാരത്തിന് അനുസൃതമായ ഒരു ക്രൈസ്തവ പാരമ്പര്യത്തെ കരുപ്പിടിപ്പിക്കാൻ ശ്രമിച്ചു. ആഫ്രിക്കൻ പ്രദേശത്തു റോമൻ സംസ്കാരം പ്രബലപ്പെട്ടപ്പോൾ പഴയ യവന സംസ്കാരത്തിന് അവിടെ പ്രസക്തിയില്ല എന്ന അർത്ഥത്തിലാണു തെർത്തുല്യൻ ചോദിക്കുന്നത്, "ആതൻസിന് യെറുശലേമിൽ എന്തു കാര്യം?" എന്ന്. വിവിധ മതങ്ങളുടേയും ദർശനങ്ങളുടേയും സംഗമസ്ഥാനമായ അലക്സാന്ത്രിയായിൽ പ്രസ്തുത പശ്ചാത്തലത്തിൽക്കൂടി ക്രൈസ്തവ സത്യത്തെ വ്യാഖ്യാനിക്കുവാനുള്ള ശ്രമമായിരുന്നു ക്ലീമ്മീസിന്റെയും (150–215) ഒരിജന്റെയും (185–253) കൃതികൾ. ഒരിജൻ തന്റെ പ്രിയശിഷ്യനായ ഗ്രീഗോറിയോസിന് (അത്ഭുത പ്രവർത്തകൻ) എഴുതുമ്പോൾ പറയുന്നു:

> "ക്രൈസ്തവ സത്യത്തിനു വഴിയൊരുക്കുവാൻ യവന തത്ത്വചിന്തയെ നിനക്കുപയോഗിക്കാം.... ഇസ്രായേൽ മക്കൾ മിസ്രേയീമ്യരുടെ സ്വർണാഭരണം കടം വാങ്ങി യഹോവയ്ക്ക് അതിവിശുദ്ധ സ്ഥലം ഒരുക്കുവാൻ അവയെ ഉപയോഗിച്ചതുപോലെ തന്നെ. പക്ഷേ ചിലർ യവനചിന്തകളെ പെറുക്കിയെടുത്തു വേദവിപരീതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു."

വി. അത്താനാസ്യോസ് (295–373) സൂക്ഷ്മതയോടെ ആനുകാലിക ചിന്താതരംഗങ്ങളെ സംയോജിപ്പിച്ച് ഒരു ക്രിസ്തുശാസ്ത്രം (മനുഷ്യാവതാര ശാസ്ത്രം) രൂപപ്പെടുത്തി. 'സാരാംശത്തിൽ സമൻ' എന്നു മലയാളത്തിൽ കേട്ടാൽ, ആക്ഷരികമായ അർത്ഥത്തേക്കാൾ കൂടുതലായി ഒരു സൂചനയും കിട്ടുകയില്ല. എന്നാൽ യവന പശ്ചാത്തലത്തിൽ 'ഹോമോ ഊസിയോസ്' എന്നു കേട്ടാൽ കൂടുതൽ അർത്ഥവും പ്രസക്തിയും ഉണ്ടായിരുന്നു. കപ്പദോക്ക്യൻ പിതാക്കന്മാർ നൽകിയ ത്രിത്വവ്യാഖ്യാനത്തിനും പ്രത്യേകത ഇതു തന്നെ. സാരാംശത്തിൽ ഏകനും, മൂന്ന് ആളത്വങ്ങളും എന്നു വി. ത്രിത്വത്തെ വിശദീകരിച്ചാൽ മലയാളത്തിൽ കിട്ടുന്ന അർത്ഥത്തേക്കാൾ, യവന ദാർശനിക പശ്ചാത്തലത്തിൽ ഏക ഊസിയായും ത്രിക ഹിപ്പോസ്റ്റാസിസും, എന്നു പറയുന്നതിന് കൂടുതൽ അർത്ഥപുഷ്ടിയുണ്ടായിരുന്നു. ചുരുക്കം പറഞ്ഞാൽ ക്രൈസ്തവ സത്യങ്ങൾക്കു തദ്ദേശീയീകൃതമായ വ്യാഖ്യാനങ്ങളായിരുന്നു അവയൊക്കെ. അവർ അതു ചെയ്തപ്പോൾ സാഹസമെന്നോ, വേദവിപരീതമെന്നോ യവനവത്ക്കരണം എന്നോ ആരും പറഞ്ഞുവെന്നു തോന്നുന്നില്ല. അഥവാ നിരൂപണം പറഞ്ഞെങ്കിൽ തന്നെ അവരുടെ വ്യാഖ്യാനത്തിന്റെ സാംഗത്യം നിരൂപണത്തിന്റെ സാംഗത്യത്തെ നിഷ്പ്രഭമാക്കി. എന്നാൽ പൗരസ്ത്യസഭാ പാരമ്പര്യത്തിൽ ഈ വിധത്തിൽ വേദശാസ്ത്രത്തിൽ, കാര്യമായ തദ്ദേശീയീകരണ പ്രവണത പിൽക്കാലത്തു

വേണ്ടവിധം പുരോഗമിച്ചില്ല എന്നു പറയേണ്ടിയിരിക്കുന്നു (ആരാധനയിലും, സഭാജീവിതത്തിലും ഒരു പരിധിവരെ തദ്ദേശീയീകരണം തുടർന്നുവെങ്കിലും). പാശ്ചാത്യ സഭാപാരമ്പര്യത്തിൽ വളരെക്കാലം കൂടി തദ്ദേശീയീകരണം സജീവമായിരുന്നു. സ്ക്കൊളാസ്റ്റിക് വേദശാസ്ത്ര ചിന്ത ഇതിനൊരു ഉദാഹരണമാണ് (എന്നാൽ ആരാധനയിലും, സഭാജീവിതത്തിലും തദ്ദേശീയീകരണം മന്ദഗതിയിലുമായിരുന്നു).

ചുരുക്കത്തിൽ, ക്രൈസ്തവ ധർമ്മം എന്നൊക്കെ, എവിടെയൊക്കെ വിജയകരമായ സാക്ഷ്യം നിർവഹിച്ചുവോ, അന്നൊക്കെ, അവിടെയൊക്കെ അതു തദ്ദേശീയീകൃതമായിരുന്നു.

### ചോദ്യങ്ങൾ

1. 'തദ്ദേശീയീകരണം' – ക്രൈസ്തവ സാക്ഷ്യത്തിന്റെ മറ്റൊരു പേരാണ്. വിശദീകരിക്കുക.
2. യേശുക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടെയും ചില തദ്ദേശീയീകരണ മാതൃകകൾ വ്യക്തമാക്കുക.
3. താഴെക്കൊടുക്കുന്ന വാക്യങ്ങൾ വ്യാഖ്യാനിക്കുമ്പോൾ ഉണ്ടാകുന്ന ആശയപരമായ തടസങ്ങൾ കണ്ടുപിടിക്കുക:

   അപ്പോ. പ്ര. 10:35, 36; 1 കൊരി. 7:19, 20; 2 കൊരി. 6:14; റോമ. 2:26, 27.
4. യവന പശ്ചാത്തലത്തിൽ പ്രസക്തമായതു ഭാരതീയ പശ്ചാത്തലത്തിൽ പ്രസക്തമാകണമെന്നുണ്ടോ? ഈ ചർച്ചയിൽ പ്രധാനമായിട്ടു പൊന്തിവരുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

### പാഠം 2

## തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭ: സാമൂഹ്യ ജീവിതത്തിൽ

❑ പ്രധാന അടിസ്ഥാനങ്ങൾ ❑ പൊതുവായ നാമം ❑ ക്രിസ്ത്യാനികളുടെ പേരുകൾ ❑ സാമൂഹ്യമായ നില ❑ തൊഴിൽ ❑ വേഷം ❑ ആചാരങ്ങൾ ❑ ഉത്സവങ്ങൾ മുതലായവ ❑ ദൈനംദിന ജീവിതം ❑ വിലയിരുത്തൽ

യേശുക്രിസ്തുവിലും, അപ്പോസ്തോലന്മാരിലും പിൽക്കാല സഭാ പാരമ്പര്യ ശില്പികളിലും ഉണ്ടായിരുന്ന തദ്ദേശീയീകൃത ജീവിതശൈലി ഭാരത

ത്തിലെ പുരാതന സഭയായ മലങ്കരസഭയിലും ഉണ്ടായിരുന്നുവെന്നാണു ചരിത്രം സൂചിപ്പിക്കുന്നത്. മലങ്കരസഭ ഉദയംപേരൂർ സുന്നഹദോസു വരെയെങ്കിലും തികച്ചും തദ്ദേശീയീകൃതമായിരുന്നു. മലങ്കര നസ്രാണികളുടെ സാമൂഹ്യജീവിതത്തിലും മതജീവിതത്തിലും പ്രകടമായിരുന്ന ഈ തദ്ദേശീയത എന്തായിരുന്നുവെന്ന് ഒന്നു ചർച്ച ചെയ്യാം. ഈ ചർച്ചയ്ക്കു പ്രധാന അടിസ്ഥാനങ്ങൾ, മലങ്കരനസ്രാണികൾക്കു ലഭിച്ചിട്ടുള്ള ചെപ്പേടുകളും (Copper Plates), ഉദയംപേരൂർ സുന്നഹദോസ് കാനോനാകളും, മലങ്കര സന്ദർശിച്ചിട്ടുള്ളവരുടെ കത്തുകളും കുറിപ്പുകളും, മലങ്കര നസ്രാണികളുടെയിടയിൽ പരമ്പരാഗതമായി നിലവിലിരിക്കുന്ന പാട്ടുകളും, സാമൂഹ്യാചാരങ്ങളും ആണ്.

### 1. പ്രധാന അടിസ്ഥാനങ്ങൾ

**(a) ചെപ്പേടുകൾ:** നാലു പുരാതന ചെപ്പേടുകളാണ് (ചെമ്പ് + ഏട്) അറിയപ്പെടുന്നത്. (1) വീരരാഘവ ചക്രവർത്തി, നസ്രാണി നേതാവായിരുന്ന ഇരവികോർത്തനു കൊടുത്ത 'ഇരവികോർത്തൻ ചെപ്പേട്'. ഇതു കോട്ടയം ദേവലോകം അരമനയിൽ സൂക്ഷിച്ചിരിക്കുന്നു. (2) ചേരമാൻ പെരുമാൾ, ക്നായിത്തൊമ്മനും മലങ്കര നസ്രാണികൾക്കുമായി കൊടുത്ത 'ക്നായി തൊമ്മൻ ചെപ്പേട്.' ആദ്യ ചെപ്പേടു നഷ്ടപ്പെട്ടുവെങ്കിലും പോർത്തുഗീസ് ഭാഷയിലുള്ള ഒരു തർജമ ബ്രിട്ടീഷ് മ്യൂസിയത്തിൽ ഉണ്ട്. (3) സ്ഥാണു രവി എന്ന ഭരണാധികാരി, കൊല്ലം, തരീസാപ്പള്ളിക്ക് കൊടുത്ത, 'തരീസാപ്പള്ളി ഒന്നാം ചെപ്പേട്.' മൂന്നു തകിടുകളിൽ ഒന്നു നഷ്ടപ്പെട്ടു. ഒന്നു ദേവലോകം കാതോലിക്കേറ്റ് അരമനയിലും മറ്റേതു മാർത്തോമ്മാ സഭാകേന്ദ്രത്തിലും (തിരുവല്ല) സൂക്ഷിച്ചിരിക്കുന്നു. (4) 'തരീസാപ്പള്ളി രണ്ടാം ചെപ്പേട്.' നാലു തകിടുകളിൽ ഒന്നു നഷ്ടപ്പെട്ടു. രണ്ടെണ്ണം ദേവലോകത്തും, ഒരെണ്ണം മാർത്തോമ്മാ സഭാകേന്ദ്രത്തിലും സൂക്ഷിച്ചിരിക്കുന്നു. ഈ ചെപ്പേടുകൾ എല്ലാം പത്താം നൂറ്റാണ്ടിനു മുമ്പ് എഴുതപ്പെട്ടതാണെന്നു നിസ്സംശയം പറയാം.

**(b) സുന്നഹദോസ് കാനോനാകൾ:** ഉദയംപേരൂർ സുന്നഹദോസ് (ക്രി. വ. 1599) എടുത്ത തീരുമാനങ്ങൾ മലങ്കര നസ്രാണികളുടെ സാമൂഹ്യജീവിതത്തെ വളരെയധികം സ്പർശിക്കുന്നവയായിരുന്നു. സുന്നഹദോസ് കാനോനാകൾ വിവിധ മൂലരൂപങ്ങളിൽ ഇന്നു പഠനത്തിനു ലഭ്യമാണ്.

**(c) വിവരണങ്ങളും കുറിപ്പുകളും:** മലങ്കര നസ്രാണികളെക്കുറിച്ചു വിവിധങ്ങളായ വീക്ഷണകോണുകളിൽ നിന്നെഴുതിയ വിവരണങ്ങളും യാത്രാക്കുറിപ്പുകളും ശ്രദ്ധേയമാണ്. ഉദാഹരണത്തിന്: 6-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച കോസ്മാസിന്റെ 'യൂണിവേഴ്സൽ ക്രിസ്ത്യൻ ടോപ്പോഗ്രഫി'; 14-ാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന സെവെരാക്കിലെ ജോർദാന്റെ 'മിര

ബിലിയ ഡിസ്ക്രിപ്താ'; 16-ാം നൂറ്റാണ്ടിൽ (ഉദയംപേരൂർ സുന്നഹദോസിനു മുമ്പ്) കേരളം സന്ദർശിച്ച കാർണീറോ, ഫെർഡിനാന്റ് പാസ്, ന്യൂനസ് ബാരെറ്റോ മുതലായവരുടെ വിവരണങ്ങൾ; ഉദയംപേരൂർ സുന്നഹദോസിനു പിന്നാലെ കേരളത്തിൽ വന്ന ധാരാളം വിദേശികളുടെ (പ്രത്യേകിച്ച് അന്റോണിയോ ദെഗുവയോ) വിവരണങ്ങൾ എന്നിവ പ്രാധാന്യമർഹിക്കുന്നു.

**(d) പാട്ടുകൾ:** മലങ്കരനസ്രാണികളുടെ പുരാതന പാട്ടുകളായ വില്യാർവട്ടം പാന, കല്യാണപാട്ടുകൾ (വട്ടക്കളി, ആൺപാട്ട്, പെൺപാട്ട്), മാർഗംകളിപ്പാട്ട്, റമ്പാൻപാട്ട്, പള്ളിപ്പാട്ടുകൾ എന്നിവ ആദിമ നസ്രാണി ജീവിതത്തിലേയ്ക്കു വെളിച്ചം വീശുന്നവയാണ്.

**(e) പഴയ ആചാരങ്ങൾ:** ഇന്നും നിലവിലിരിക്കുന്ന പല സാമൂഹ്യാചാരങ്ങളും വളരെ പൗരാണികത്വം ഉള്ളവയാണ്. ഉദാഹരണത്തിനു ജനനം, വിവാഹം, മരണം എന്നിവയോടനുബന്ധിച്ചുള്ള ഗാർഹിക ചടങ്ങുകൾ.

## 2. പൊതുവായ നാമം

മലങ്കര നസ്രാണികൾ പുരാതന കാലത്ത് ഏതു പേരിലാണ് അറിയപ്പെട്ടിരുന്നതെന്നു വ്യക്തമായി പറയുവാൻ സാധിക്കുകയില്ല. അവർക്കൊരു പൊതുവായ നാമം ആദികാലങ്ങളിൽ ഉണ്ടായിരുന്നുവോ എന്നതു തന്നെ സംശയാസ്പദമാണ്. 'ഇരവി കോർത്തൻ' ക്രൈസ്തവനായിരുന്നുവെന്നു പൊതുവെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും, 'ക്രൈസ്തവൻ' എന്നു വിശേഷിപ്പിക്കുന്ന ഒരു പദവും ചെപ്പേടിലില്ല.[1] ഇതിൽനിന്നു മനസ്സിലാക്കേണ്ട ഒരു കാര്യം, പലസ്തീനിലെ ക്രിസ്ത്യാനികളെപ്പോലെ തന്നെ[2] ഒരുപക്ഷേ ഭാരതത്തിലെ ക്രിസ്ത്യാനികൾക്കും ഒരു പൊതുവായ നാമം സ്വയം ഉപയോഗിച്ചു മറ്റുള്ളവരിൽ നിന്നു മാറിനിൽക്കുവാൻ ആഗ്രഹമില്ലായിരുന്നുവെന്നാണ്. എന്നാൽ 'ഇരവികോർത്തൻ' ചെപ്പേടിൽ, 'വടുകപ്പറ' എന്ന പദം കാണുന്നതിനാൽ, 'വടുകൻ' എന്ന പദം പൗരാണികമായിട്ടുണ്ടായിരുന്നുവെന്നു ചിന്തിക്കുവാൻ കാരണമുണ്ട്. പക്ഷേ, 'വടുകൻ' എന്ന പദത്തിന് അന്നു ക്രിസ്തുവെന്നോ, ക്രിസ്ത്യാനിയെന്നോ ഉള്ള സൂചന ഉണ്ടായിരുന്നോ എന്നു വ്യക്തമല്ല. ഒമ്പതാം നൂറ്റാണ്ടിലെ തരീസാപ്പള്ളി ചെപ്പേടിൻ പ്രകാരം, ആ കാലഘട്ടത്തിലെങ്കിലും 'തരീസാപ്പള്ളിക്കാർ' എന്ന വിശേ

1. ഇസ്സഡ്. എം. പാറേട്ടിന്റെ 'മലങ്കര നസ്രാണികൾ: പദവിയും ജാത്യാചാരങ്ങളും' എന്ന ഗ്രന്ഥത്തിൽ, ക്നായിത്തൊമ്മൻ ചെപ്പേടിന്റെ മലയാള പരിഭാഷ കൊടുത്തിരിക്കുന്നതിൽ (പേജ് 46-48), 'നസ്രാണി', 'മാപ്പിള' എന്നൊക്കെ ചേർത്തിരിക്കുന്നതു മൂല പരിഭാഷകളിൽ (പോർത്തുഗീസ്, ഇംഗ്ലീഷ്) കാണുന്നില്ല.
2. 'ക്രിസ്ത്യാനികൾ' എന്ന പേരു അന്ത്യോഖ്യയിൽ വച്ചുണ്ടാകുന്നത് (അപ്പോ. പ്ര. 11:26) മറ്റുള്ളവർ അങ്ങനെ പരിഹസിച്ചു വിളിച്ചതിൽ നിന്നാണ്).

ഷണം ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടിരുന്നു എന്ന് ഊഹിക്കാം ('തരീസാ' എന്നതു 'ത്രീസായ്' എന്ന സുറിയാനി പദത്തിന്റെ മലയാളീകരിച്ച രൂപമാണ്. ചൊവ്വായത്, ശരിയായത് എന്നൊക്കെയാണ് ഇതിന്റെ അർത്ഥം). 'നസ്രാണി' എന്നും 'മാപ്പിള' എന്നും ഉള്ള പദങ്ങൾ പിൽക്കാലത്തു പ്രചാരത്തിൽ വന്നതാകാനാണു സാദ്ധ്യത. 'നസ്രായൻ' എന്ന വിശേഷണം യേശുക്രിസ്തുവിനും (മത്താ. 2:23) 'നസ്രായമതക്കാർ' എന്ന വിശേഷണം അപ്പോസ്തോലന്മാർക്കും (അപ്പോ. പ്ര. 24:5) നൽകിയിരുന്നതിന്റെ പശ്ചാത്തലത്തിൽ വേണം മലങ്കര ക്രിസ്ത്യാനികൾക്കു 'നസ്രാണി' എന്ന വിശേഷണം കിട്ടിയതിനെ മനസ്സിലാക്കാൻ. പക്ഷേ 'നസ്രാണി' എന്ന വിശേഷണം കിട്ടുവാൻ എത്ര താമസമുണ്ടായി എന്നു നിശ്ചയമില്ല. 'മാപ്പിള' എന്ന വിശേഷണവും 'മഹാ' 'പിള്ള' ലോപിച്ചുണ്ടായതാണ് എന്നും അത് അവരുടെ പൊതുതൊഴിലായിരുന്ന കച്ചവടത്തിലേക്ക് വിരൽ ചൂണ്ടുന്നുവെന്നും പറയാമെങ്കിലും, ഈ പദവും പ്രചാരത്തിലായത് എപ്പോഴാണ് എന്നു വ്യക്തമല്ല. എങ്കിലും നസ്രാണി, മാപ്പിള എന്നീ പദങ്ങൾ ഉദയംപേരൂർ സുന്നഹദോസിനു മുമ്പു തന്നെ പ്രചാരത്തിൽ വന്നുവെന്ന് അനുമാനിക്കാം. 'ക്രിസ്ത്യാനി' എന്ന പദം കേരളത്തിൽ വളരെ അടുത്തകാലത്താണു പ്രയോഗത്തിൽ വന്നത്.

### 3. ക്രിസ്ത്യാനികളുടെ പേരുകൾ

കേരളത്തിലെ ആദിമ ക്രിസ്ത്യാനികളുടെ പേരുകൾ വേദപുസ്തക നാമങ്ങളായിരുന്നുവെന്നു തോന്നുന്നില്ല. ഇവിടുത്തെ ക്രിസ്ത്യാനി നേതാവിന്റെ പേരായ 'ഇരവികോർത്തൻ' എന്നതു ദ്രാവിഡ നാമമാണ്. ഉദയംപേരൂർ കാനോനാകളിൽ 'പഴയ മാർഗ്ഗത്തിലെ പേരുകൾ' ഉപയോഗിക്കുന്നതിനെ എതിർത്തു പരാമർശിക്കുന്നുണ്ട്. പിൽക്കാലത്തു വേദപുസ്തക നാമങ്ങൾ തന്നെ ഉപയോഗിച്ചപ്പോഴും അവയ്ക്കു തദ്ദേശീയമായ വ്യത്യാസങ്ങൾ വരുത്തിയിരുന്നു. ഉദാഹരണത്തിനു കൊച്ച്, കുഞ്ഞ്, അച്ചൻ മുതലായ വിശേഷണങ്ങളോടൊപ്പം 'അവിരാ' (അബ്രഹാം), ഇട്ടി (അബ്രഹാം), ഔത (ജോസഫ്) മുതലായ പേരുകൾ പുരുഷന്മാർക്കും, അമ്മ, കുട്ടി മുതലായ വിശേഷണങ്ങളോടൊപ്പം, 'ഏലി, ഇളച്ചി' (എലിസബേത്ത്), അന്നം (ഹന്ന), താണ്ട (സാറാ) മുതലായ പേരുകൾ സ്ത്രീകൾക്കും നൽകിയിരുന്നു.

### 4. സാമൂഹ്യമായ നില

മലങ്കര നസ്രാണികൾ ഇവിടുത്തെ സാമൂഹ്യ വ്യവസ്ഥിതിയോട് ഇഴുകിച്ചേർന്നിരുന്നു. അതിന്റെ ഉദാഹരണമാണു ബ്രാഹ്മണർ (ക്രി. വ. ആറാം നൂറ്റാണ്ടിനു ശേഷമെങ്കിലും) കഴിഞ്ഞുള്ള ഉന്നതവർഗമായി അവർ കരുതപ്പെട്ടിരുന്നതും അതിനനുസൃതമായ എഴുപത്തിരണ്ടു പദവികൾ ഉണ്ടായിരുന്നതും. തരീസാപ്പള്ളി ചെപ്പേടിൻ പ്രകാരം അങ്ങാടിയിലും കോട്ടയ്ക്ക

കത്തും പ്രവേശിച്ചു ജോലി ചെയ്യാൻ അപൂർവ അനുമതി നസ്രാണിക്കു ണ്ടായിരുന്നു. സ്വന്തം കാര്യത്തിൽ ഏതാണ്ടൊരു സ്വയംഭരണ സംവിധാനം അവർക്കുണ്ടായിരുന്നു. പല കാലഘട്ടങ്ങളിലും കരമൊഴിവായി ഭൂമിയും, പലരിൽ നിന്നും കരം വാങ്ങാനുള്ള അധികാരവും അവർക്കു ലഭിച്ചിരുന്നു. ബ്രാഹ്മണരുടേതുപോലെ വീടിനു പടിപ്പുരയുണ്ടായിരുന്നു. സാമൂഹ്യമായ ഇടപെടലുകളിൽ നസ്രാണികളെക്കുറിച്ചു പറയുന്നത് അവർ ഏറ്റവും വിശ്വ സ്തരും ശാന്തപ്രകൃതക്കാരുമായിരുന്നുവെന്നാണ്. കഠിനാധ്വാനികളായി രുന്ന നസ്രാണികൾ പൊതുവെ മദ്യവിരോധികളായിരുന്നു. എല്ലാറ്റിലുമു പരി, തങ്ങളുടെ സംരക്ഷണയിലുണ്ടായിരുന്ന താഴ്ന്ന ജാതിക്കാരോടു നസ്രാണികൾ ഏറ്റവും മാന്യമായും ആത്മാർത്ഥമായും വർത്തിച്ചുവന്നതി നാൽ നസ്രാണികൾക്കു വേണ്ടി ജോലി ചെയ്യുവാൻ താഴ്ന്ന ജാതിക്കാർക്ക് ഉത്സാഹമായിരുന്നു. ഇക്കാരണങ്ങൾ ഒക്കെക്കൊണ്ടാണോ തീണ്ടലുണ്ടായ ബ്രാഹ്മണർ തങ്ങൾക്കു ശുദ്ധി വരുത്താൻ നസ്രാണി സ്പർശനം കാര്യ മായി കരുതിയതെന്നു നിശ്ചയമില്ല.

### 5. തൊഴിൽ

തദ്ദേശീയമായ കാർഷിക വിഭവങ്ങൾ കേന്ദ്രീകരിച്ചുള്ള തൊഴിൽ കണ്ടെ ത്തുന്നതിൽ നസ്രാണികൾ വിവേകമതികളായിരുന്നു. കേരളത്തിൽ സുല ഭമായി വളരുന്ന തെങ്ങിന്റെ കൃഷിക്കാരും, അതുമായി ബന്ധപ്പെട്ട വ്യവ സായ വാണിജ്യങ്ങളുടെയും ചുമതലക്കാരും ക്രിസ്ത്യാനികളായിരുന്നു. കുരുമുളകിന്റെ കൃഷിയിലും, വ്യാപാരത്തിലും ക്രിസ്ത്യാനികൾക്കായിരുന്നു കുത്തക. കരുത്തുറ്റ സൈനീകരും ക്രിസ്ത്യാനികളായിരുന്നു. അതുകൊ ണ്ടാണ് ഒരു നാട്ടുരാജ്യത്തിലെ ക്രിസ്ത്യാനിപ്പടയുടെ സംഖ്യയനുസരിച്ച് അയൽ രാജ്യക്കാർ ആ രാജ്യത്തെ ഭയപ്പെട്ടതോ ബഹുമാനിച്ചതോ ഒക്കെ.

### 6. വേഷം, ചമയം

നസ്രാണി പുരുഷന്മാരുടെയും സ്ത്രീകളുടെയും വേഷം കേരളത്തിലെ ഉന്നത ജാതിയിൽപ്പെട്ട ഹിന്ദുക്കളുടേതിൽ നിന്നു പ്രത്യേകിച്ചു ബ്രാഹ്മണ രുടേതിൽ നിന്ന്, വലിയ വ്യത്യാസം ഉള്ളതായിരുന്നില്ല. പുരുഷന്മാർ കുടുമ വളർത്തി ഒരു കുരിശു ചേർന്ന വളയിൽ തിരുകിനിർത്തുമായിരുന്നു. അവർ കാതുകുത്തി കടുക്കൻ ഇട്ടിരുന്നു. ഒറ്റമുണ്ടും വലിയ തോർത്തുമായിരുന്നു സാധാരണ വേഷം. പുരുഷന്മാർ ആയുധം ധരിച്ചിരുന്നു. സ്ത്രീകൾ ബ്രാഹ്മണ സ്ത്രീകളെപ്പോലെ പത്തുമുഴം നീളമുള്ള കച്ചമുറി ഞൊറിഞ്ഞു ടുക്കും (ബ്രാഹ്മണസ്ത്രീകൾ, മുന്നിൽ ഞൊറിഞ്ഞിടുമ്പോൾ, നസ്രാണി സ്ത്രീകൾ പിന്നിൽ ഞൊറിഞ്ഞിടുന്നു). അവർ വീടിനു വെളിയിൽ പോകു മ്പോൾ ബ്രാഹ്മണ സ്ത്രീകളെപ്പോലെ മാറു മറയ്ക്കുകയും മറക്കുട പിടി ക്കുകയും ചെയ്തിരുന്നു. അവർക്കു നമ്പൂരി സ്ത്രീകളുടേതു പോലെ ആഭ

രണങ്ങളും (കാൽത്തള അടക്കം) ആലിലയുടെ ആകൃതിയിലുള്ള കെട്ടുതാലിയും (കൂടുതലായിട്ടതിൽ കുരിശാകൃതിയുണ്ടെന്നു മാത്രം) ഉണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരും പൊതുവെ നഗ്നപാദരായിട്ടാണു നടന്നിരുന്നത്.

## 7. ആചരണങ്ങൾ

മലങ്കര നസ്രാണികളുടെ ഇടയിലെ ആചരണങ്ങൾ മിക്കതും, തങ്ങൾക്കു ചുറ്റുമുണ്ടായിരുന്ന ഹൈന്ദവരുടെയോ, തങ്ങളുടെ മുൻതലമുറയുടെയോ ആചരണങ്ങൾ ക്രൈസ്തവീകരിക്കപ്പെട്ടതായിരുന്നു. വിവാഹ സംബന്ധമായ മിക്ക നടപടിക്രമങ്ങളും ബ്രാഹ്മണരുടേതുപോലെയായിരുന്നു (ഉദാ: ശൈശവ വിവഹാം; ചാർച്ചക്കാർ തമ്മിൽ വിവാഹത്തിനു നാലു തലമുറ അകലം; 'മന്ത്രകോടി' എന്ന പദപ്രയോഗം, മന്ത്രകോടിനൂലു കൊണ്ടു താലിച്ചരടുണ്ടാക്കുക; സ്ത്രീധന രീതി; പന്തൽ ഇടീൽ, നിലയണ – അരിമാവു കൊണ്ടു ചിത്രപ്പണി – ഇടൽ, വായ്ക്കുരവ മുതലായവ). വിവാഹത്തിന്റെ തലേദിവസം വീട്ടിൽ നടക്കുന്ന 'അന്തം ചാർത്തലും,' വധുവിനെ മൈലാഞ്ചിയിടീലും, വിവാഹത്തെത്തുടർന്നുള്ള 'നെല്ലും, നീരു'മായി എതിരേൽക്കുന്നതും, മധുരം വയ്ക്കുന്നതും, കല്യാണപ്പാട്ടുകൾ പാടുന്നതും 'പൂവിറക്കം' നടത്തുന്നതും വട്ടക്കളികൾ കളിക്കുന്നതും, തദ്ദേശീയമായ ആവിഷ്ക്കരണമായിരുന്നു. ഒരു കുഞ്ഞുണ്ടായാൽ അതിനു 'പൊന്നും തേനും' കൊടുക്കുന്നതിലും അതിന്റെ പേരിടീൽ മുതലായവയിലും ബ്രാഹ്മണ രീതി തന്നെ ക്രൈസ്തവരും അവലംബിച്ചിരുന്നു. മരിച്ചവരുടെ പേരിൽ പുല, ശ്രാദ്ധം (ചാത്തം) എന്നിവ ആചരിക്കുന്ന പതിവും പുരാതനമാണ്. കുരിശിന്റെ രൂപസാന്നിദ്ധ്യവും, പ്രാർത്ഥനകളുടെ പ്രത്യേകതയും, ക്രൈസ്തവ വൈദീകരുടെ സാന്നിധ്യവുമാണു പല ആചരണങ്ങളെയും 'ക്രിസ്തീയ' മാക്കിയിരുന്നത്.

## 8. ഉത്സവങ്ങളും പെരുന്നാളുകളും

സമുദായ മൈത്രിക്കു മലങ്കര നസ്രാണികളുടെ ഇടയിൽ അതിപ്രധാനമായ സ്ഥാനമാണു കല്പിച്ചിരുന്നത്. പള്ളികളിലെ പെരുന്നാളുകളും, ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും പരസ്പരം സഹകരിച്ചു നടത്തിയിരുന്നു. ക്ഷേത്രങ്ങളുടെയും പള്ളികളുടെയും വാസ്തുശില്പം ഒരേ രീതിയിലായിരുന്നു. രണ്ടിന്റെയും അങ്കണത്തിൽ കൊടിമരവും ഉണ്ടാകും (പള്ളിക്കും, പള്ളിക്കൊടിമരത്തിനും കുരിശു കാണും എന്നു മാത്രം). പെരുന്നാൾ ആഘോഷങ്ങൾക്കു വാദ്യമേളങ്ങളോടെ പ്രദക്ഷിണം നടത്തിയിരുന്നതും, മാർഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം മുതലായവ അവതരിപ്പിക്കപ്പെട്ടിരുന്നതും, ആനുകാലിക സംസ്കാരവുമായി നസ്രാണികൾ എത്രമാത്രം ഇഴുകിച്ചേർന്നുവെന്നതിന്റെ തെളിവുകളാണല്ലോ. കേരളീയരുടെ ദേശീയോ

ത്സവമായ തിരുവോണത്തിന്റെ ആഘോഷത്തിനു നസ്രാണികൾ സുപ്രധാനമായ സ്ഥാനമാണു നൽകിയിരുന്നത്. ഓണപ്പടയിലും, ഓണക്കളിയിലും നസ്രാണികൾ നിർണായക പങ്കു വഹിച്ചിരുന്നതിനെ നിരുത്സാഹപ്പെടുത്താൻ ഉദയംപേരൂർ സുന്നഹദോസ് ശ്രമിച്ചതിന്റെ തെളിവു സുന്നഹദോസ് കാനോനാകളിലുണ്ട്.

## 9. ദൈനംദിന ജീവിതം

നസ്രാണികളുടെ അനുദിന ജീവിതക്രമത്തിലും വളരെയധികം തദ്ദേശീയത നിഴലിച്ചിരുന്നു. വീട്, തൊഴുത്ത്, കിണർ എന്നിവയുടെ സ്ഥാനം, വീടിന്റെയും തൊഴുത്തിന്റെയും നിർമ്മാണരീതി എന്നിവയിലും നസ്രാണികൾ തദ്ദേശീയമായ പല കീഴ്‌വഴക്കങ്ങളെയും ധാരണകളെയും മാനിച്ചിരുന്നു. സസ്യഭക്ഷണമായിരുന്നു നസ്രാണികൾക്കു പ്രധാനം. പൊതുസദ്യ ചടങ്ങുകളിൽ നസ്രാണികൾ, അവർക്കു ലഭിച്ചിരുന്ന പദവിയുടെ ഭാഗമായി ഇല മടക്കി ഇട്ട് ഉണ്ണുമായിരുന്നു. വീട്ടിൽ നടക്കുന്ന ഓരോ സംഭവത്തോടും (ജനനം, വിവാഹം, മരണം മുതലായവ) അനുബന്ധിച്ച് അനേകം തദ്ദേശീയമായ ചടങ്ങുകളും നസ്രാണികൾക്കുണ്ടായിരുന്നു. ഉദാഹരണത്തിനു വിവാഹ നിശ്ചയത്തിനു പൊരുത്തം, പൊഴുത്, തണ്യദിവസം എന്നിവ നോക്കുന്നതും, കുഞ്ഞു ജനിക്കുമ്പോൾ കതകിനടിച്ച് ശബ്ദമുണ്ടാക്കുന്നതും ജനനവൃത്താന്തം പ്രത്യേക ദൂതൻ മുഖാന്തിരം പിതൃഭവനക്കാരെ അറിയിക്കുന്നതും മംഗളകർമ്മങ്ങളിലെല്ലാം എണ്ണത്തിരി ഉപയോഗിക്കുന്നതും, ശകുനം ക്രമീകരിക്കുന്നതും ഒക്കെ പ്രസ്താവ്യമാണ്. നാട്ടു നടപ്പനുസരിച്ച് നസ്രാണി ആൺകുട്ടികളും പൊതുവെ എട്ടു വയസ്സു മുതൽ ഇരുപതു വയസ്സു വരെ സൈനിക പരിശീലനം നടത്തിയിരുന്നു.

## 10. വിലയിരുത്തൽ

മേൽ പ്രസ്താവിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ നസ്രാണികളുടെ സാമൂഹ്യജീവിതം തികച്ചും തദ്ദേശീയീകൃതമായിരുന്നുവെന്നു വ്യക്തമാണ്. പക്ഷേ ഒരു വിമർശന ചോദ്യത്തെ ഇവിടെ പരിഗണിക്കേണ്ടതായിട്ടുണ്ട്. സാമൂഹ്യമായി ഒരുയർന്ന ജാതിയായി, അയിത്തത്തെയും അടിമത്തത്തെയും ആചരിച്ച്, ഹിന്ദുക്കളുമായി ആചരണങ്ങളിലും മറ്റും പൊരുത്തപ്പെട്ടിരുന്ന, നസ്രാണിജീവിതം എത്രമാത്രം 'ക്രിസ്തീയ'മായിരുന്നു? 'ക്രിസ്തീയ'മായിരുന്നുവെങ്കിൽ അയിത്തത്തിനും അടിമത്തത്തിനും എതിരെ പോരാടുമായിരുന്നില്ലേ? 'ക്രിസ്തീയ'മായിരുന്നുവെങ്കിൽ ലക്ഷണവും, പൊരുത്തവും, ശകുനവും നോക്കേണ്ടതുണ്ടായിരുന്നോ? 'ക്രിസ്തീയം' എന്നുള്ളതിന് ഇരുപതാം നൂറ്റാണ്ടിൽ കാണുന്ന മാനദണ്ഡം പുരാതന കാലത്തേയ്ക്ക് ഉപയോഗിക്കുന്നതു ശരിയല്ലല്ലോ. അടിമത്ത സമ്പ്രദായം, ഭൂതാത്മാക്കളിലുള്ള വിശ്വാസം എന്നിവ നിലനിന്ന സമൂഹത്തിൽ

യേശുക്രിസ്തുവും അപ്പോസ്തോലന്മാരും സ്വീകരിച്ച നിലപാട് എന്തായിരുന്നു? ഞൊടിയിട കൊണ്ട് ഒരു വ്യതിയാനം ഉളവാക്കുന്നതിനു പകരം, ജനഹൃദയത്തിൽ ദൈവശക്തിയെക്കുറിച്ചുള്ള ബോധ്യവും, നീതിബോധവും കരുപ്പിടിപ്പിക്കുവാനാണ് അവർ ശ്രമിച്ചത്. മലങ്കര നസ്രാണികൾക്കും, തങ്ങൾ ആയിരുന്ന കാലഘട്ടത്തിനും സമൂഹത്തിനും ശ്രദ്ധേയമായ ഒരു സാക്ഷ്യം നിർവഹിക്കുവാൻ കഴിഞ്ഞിരുന്നു. ഇതിനു തെളിവാണല്ലോ, അവർക്കു കൃഷിയിലും കച്ചവടത്തിലും രാജ്യസേവനത്തിലും 'വിശ്വസ്തർ' എന്ന സാക്ഷ്യം ലഭിച്ചത്. അവരുടെയിടയിലെ ധാർമിക ബോധം ഏറ്റവും ഉന്നതമായിരുന്നു. തങ്ങളുടെ സംരക്ഷണയിലുള്ള താഴ്ന്ന ജാതിക്കാരോടുള്ള നസ്രാണികളുടെ പെരുമാറ്റം മാതൃകാപരം ആയിരുന്നു. ഇങ്ങനെ നോക്കുമ്പോൾ, തുളുമ്പുന്ന സുവിശേഷ വ്യഗ്രതയേക്കാൾ ശാന്തമെങ്കിലും നിറഞ്ഞ 'ക്രിസ്തീയ' സാക്ഷ്യം മലങ്കര നസ്രാണികളുടെ സാമൂഹ്യജീവിതത്തിൽ ഉണ്ടായിരുന്നുവെന്നു കാണുവാൻ കഴിയും.

### ചോദ്യങ്ങൾ

1. 'മലങ്കര നസ്രാണികളുടെ സാമൂഹ്യജീവിതം അന്നും ഇന്നും' എന്ന ശീർഷകത്തിൽ ഒരു താരതമ്യപഠനം നടത്തുക.
2. 'സഭ തദ്ദേശീയീകൃതമാകുന്നിടത്തു സുവിശേഷപ്രവർത്തനത്തിനു പ്രസക്തിയില്ലാതെ വരും.' ഈ പ്രസ്താവനയോടുള്ള പ്രതികരണം ചുരുക്കത്തിൽ എഴുതുക.

## പാഠം 3

# തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭ: മതജീവിതത്തിൽ

❑ പള്ളി ❑ മതപരമായ ഭരണ സംവിധാനം ❑ മതകർമ്മങ്ങളും ആചരണങ്ങളും ❑ പുരോഹിതന്റെ സ്ഥാനം ❑ വിശ്വാസസത്യങ്ങൾ ❑ വിലയിരുത്തൽ

മലങ്കരയിലെ നസ്രാണികൾ അവരുടെ മതജീവിതത്തിൽ തദ്ദേശീയീകൃതമായ ഒരു ക്രിസ്തീയ പാരമ്പര്യത്തെ പ്രതിഫലിപ്പിച്ചിരുന്നു. തനതായ ഒരു മതവീക്ഷണം അവർക്കുണ്ടായിരുന്നുവെന്നതിന്റെ സൂചനയാണല്ലോ. പ്രതിമകളുടെ നാട്ടിൽ പ്രതിമകൾ ഇല്ലാതെ ജീവിക്കുവാനും, കുരിശിന്റെ സ്ഥാനം എല്ലായിടത്തും ഉറപ്പിക്കുവാനും അവർ ശ്രമിച്ചുവെന്നത്.

### 1. പള്ളി

നസ്രാണികളുടെ മതജീവിതത്തിൽ പള്ളിക്കു സുപ്രധാനമായ സ്ഥാനം ആണുണ്ടായിരുന്നത്. വൈദികക്ഷേത്രങ്ങൾക്കുണ്ടായിരുന്നതുപോലെ പള്ളിവക വസ്തുക്കൾക്കും കരമൊഴിവുണ്ടായിരുന്നു. ഇവയ്ക്കു പള്ളിപ്പുറമെന്നും പള്ളിച്ചന്തമെന്നും ഒക്കെയായിരുന്നു പേര്. ബൗദ്ധന്മാരും ജൈനന്മാരും സ്തംഭങ്ങൾ സ്ഥാപിച്ചിരുന്നതുപോലെ പള്ളികൾക്കു മുമ്പിൽ 'നസ്രാണിസ്തംഭം' എന്ന പേരിൽ വലിയ കരിങ്കൽ കുരിശുകൾ കാണാമായിരുന്നു. ഈ കരിങ്കൽ കുരിശുകളുടെ ശില്പമാതൃകയിലും തനി ഭാരതീയ സ്വഭാവം ഉൾക്കൊണ്ടിരുന്നു. പള്ളിയുടെ അങ്കണത്തിൽ കുരിശുനാട്ടിയ വലിയ കൊടിമരം ഉണ്ടായിരുന്നു. പെരുന്നാളുകളുടെ ആരംഭത്തിൽ, ക്ഷേത്രങ്ങളിലേതുപോലെ കൊടിയേറ്റവും നടക്കും. പള്ളികൾ പണിയപ്പെട്ടിരുന്നത്, സാധാരണമായി ക്ഷേത്രങ്ങളുടെ ശില്പമാതൃകയിലാണ്. പ്രധാന കെട്ടിടം കല്ലും മരവും കൊണ്ടു കേരളീയ കാലാവസ്ഥയ്ക്കനുയോജ്യമായ വിധത്തിൽ പണിതതാണ്. പള്ളിയുടെ പ്രധാന ഭാഗങ്ങൾ, പൂമുഖം (നാടകശാല), മുഖവാരം, പ്രാർത്ഥനാമണ്ഡപം (ഹൈക്കലാ), മദ്ബഹാ എന്നിവയായിരുന്നു. പള്ളിക്കെട്ടിടത്തോടനുബന്ധിച്ചു തന്നെ, പടിപ്പുര, വരാന്ത, കൊട്ടുപുര, ഊട്ടുപുര, മണിമാളിക, ആയുധപ്പുര മുതലായവയും ഉണ്ടായിരുന്നു. പടിപ്പുരയിൽ ആയുധങ്ങൾ വച്ചിട്ടായിരുന്നു പുരുഷന്മാർ പള്ളിയ്ക്കുള്ളിലേയ്ക്കു കടന്നിരുന്നത്. പള്ളിയുടെ മുമ്പിലും മേൽക്കൂരയിലും സ്ഥാപിച്ചിരുന്ന കുരിശുകളാണ് അവയെ ക്ഷേത്രങ്ങളിൽ നിന്നു വേർതിരിച്ചു കാണിച്ചിരുന്നത്. ക്ഷേത്രങ്ങളിലേതു പോലെ പള്ളിയിലും എണ്ണത്തിരിയുടെ കെടാവിളക്കുകൾ ഉണ്ടായിരുന്നു. പല പള്ളികളുടെയും പടിഞ്ഞാറു വശത്തു കുളമുണ്ടായിരുന്നു. ആരാധനയിൽ സംബന്ധിക്കുന്നതിനു മുൻപു ദേഹശുദ്ധി വരുത്തുന്നതിനായി വിശ്വാസികൾ ഇതു ഉപയോഗിച്ചു. വിളക്കുകൾ, മുത്തുക്കുടകൾ, കൊടികൾ എന്നിവയുടെ ഉപയോഗത്തിലും രൂപത്തിലും വളരെയധികം തദ്ദേശീയത നിഴലിച്ചിരുന്നു. വിശേഷാവസരങ്ങളിൽ പലപ്പോഴും ക്ഷേത്രങ്ങളിലേതുപോലെ പന്തിഭോജനം പള്ളിയോടനുബന്ധിച്ചു നടന്നിരുന്നു. കുന്നംകുളം പ്രദേശത്തുള്ള പള്ളികളിൽ ഇന്നും ഇപ്രകാരം നടന്നുവരുന്നുണ്ട്.

### 2. മതപരമായ ഭരണ സംവിധാനം

മലങ്കര നസ്രാണികളുടെ ആത്മീയാധികാരി മെത്രാനായിരുന്നു. മെത്രാനു രാജാവിനടുത്ത പദവിയുണ്ടായിരുന്നു. ആത്മീയമായും ഭൗതികമായും നസ്രാണികൾ കുറെയേറെ സ്വയംഭരണാവകാശം ഉള്ളവരായിരുന്നതിനാൽ, മെത്രാന്റെയോ, 'ജാതിക്കുകർത്തവ്യൻ' ആയിരുന്ന അർക്കദിയാക്കോന്റെയോ അധികാരം അപാരമായിരുന്നു. പ്രാദേശികമായി പള്ളികൾക്കു

സ്വയംഭരണസംവിധാനം ഉണ്ടായിരുന്നു. ഇതിന്റെ പ്രധാന ചുമതലക്കാരൻ കത്തനാർ ('കോർത്തൻ', 'കർത്തനാൾ,' 'ചാത്തനാർ,' 'കസ്സനാർ,' 'കശ്ശീശാ' എന്നൊക്കെ ഓരോ പേരിലറിയപ്പെട്ടിരുന്നു) അഥവാ പട്ടക്കാരൻ (അധികാരം ഉള്ളവൻ) ആയിരുന്നു. പ്രാദേശികമായി നസ്രാണികളുടെ ആത്മീക, ഭൗതിക കാര്യങ്ങൾ തീരുമാനിച്ചിരുന്നത് ഇടവകയോഗം ആണ്. ഇടവകയിലെ വൈദികരുടെയും പ്രായപൂർത്തിയായ പുരുഷന്മാരുടെയും യോഗമാണ് ഇടവകയോഗം. പ്രാചീന കേരളത്തിൽ ഉണ്ടായിരുന്ന 'നാട്ടുകൂട്ടങ്ങളുടെയും' 'തറക്കൂട്ട'ങ്ങളുടെയും 'മന്റ'ത്തിന്റെയും സമാന്തര സംവിധാനമായിട്ടുവേണം ഇടവകയോഗത്തെ കാണുവാൻ. പരസ്യപാപങ്ങൾക്ക് ഇടവകയോഗം പരസ്യശിക്ഷ ഏർപ്പെടുത്തിയിരുന്നു. ഇടവകയോഗത്തിന്റെ തീരുമാനങ്ങളിന്മേൽ ജാതിക്കു കർത്തവ്യനോ, മെത്രാനോ മാത്രമേ അപ്പീൽ അധികാരം ഉണ്ടായിരുന്നുള്ളു.

### 3. മതകർമ്മങ്ങളും ആചരണങ്ങളും

മതപരമായ കർമ്മങ്ങളിൽ ഏറ്റവും പ്രധാനം വി. കുർബാനയായിരുന്നു. വി. കുർബാന ആരാധനയ്ക്കു വളരെ പുരാതന കാലം തൊട്ടേ പൗരസ്ത്യ സുറിയാനിയിലുള്ള ഒരു ക്രമം ഉപയോഗിച്ചിരുന്നുവെന്നു വേണം കരുതുവാൻ. കോതമ്പുമാവും എണ്ണയും ഉപ്പും ചേർത്ത് അപ്പം ഉണ്ടാക്കി താമരയിലയിൽ പൊതിഞ്ഞു കുർബാനയപ്പമായി സമർപ്പിക്കുന്ന രീതിയുണ്ടായിരുന്നു. കുമ്പസാരത്തെ അനുസ്മരിപ്പിക്കുന്ന ഒരു കർമ്മം പണ്ടുമുതലേ ഉണ്ടായിരുന്നുവെന്നാണു പറയപ്പെടുന്നത്. രോഗികളെ വൈദികർ എണ്ണ പൂശുന്ന രീതിയുണ്ടായിരുന്നു. ശിശുക്കൾക്കു മാമോദീസാ നൽകുവാൻ, അലങ്കാരപ്പണികൾ ചെയ്തു കല്ലിൽ കൊത്തിയ മാമോദീസാ തൊട്ടികൾ ഉപയോഗിച്ചിരുന്നു (ഇതിൽ ചിലതിന്റെ ആകൃതി വിടർന്നു നില്ക്കുന്ന താമരപ്പൂവിന്റെ ആയിരുന്നു). നോമ്പുകൾ അനുഷ്ഠിക്കുന്നതും, ബുധനും വെള്ളിയും ഉപവസിക്കുന്നതും, കഷ്ടാനുഭവാഴ്ചയുടെ ആചരണവും നസ്രാണികളുടെ പുരാതന മതകർമ്മങ്ങളിൽ ഉൾപ്പെട്ടിരുന്നു. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തെ അനുസ്മരിപ്പിക്കുന്ന ഒരു പെരുന്നാൾ നൂറ്റാണ്ടുകളായി നസ്രാണികളുടെയിടയിൽ നടന്നിരുന്നു. പെസഹായുടെ അത്താഴത്തെ അനുസ്മരിപ്പിക്കുന്ന ഒരു കർമ്മം കുടുംബാന്തരീക്ഷത്തിൽ ഗൃഹനാഥന്റെ നേതൃത്വത്തിൽ നടന്നിരുന്നു. ഈ രീതി ഇന്നും പല ക്രൈസ്തവ കുടുംബങ്ങളിലും നടക്കുന്നുണ്ട്.

### 4. പുരോഹിതന്റെ സ്ഥാനം

പൗരാണിക നസ്രാണികളുടെയിടയിൽ പട്ടക്കാർക്കു സമുന്നതമായ സ്ഥാനം ഉണ്ടായിരുന്നു. ഉദയംപേരൂർ സുന്നഹദോസ് കാനോനാകളുടെ വെളിച്ചത്തിൽ പട്ടക്കാരുടെ ജീവിതശൈലിയെക്കുറിച്ചു വ്യക്തമാക്കുന്ന

താഴെപ്പറയുന്ന കാര്യങ്ങൾ അറിയുന്നതു രസകരമായിരിക്കും.

1. പള്ളിയിൽ ശുശ്രൂഷയ്ക്കല്ലാതെ മറ്റവസരങ്ങളിൽ പട്ടക്കാരുടെ വേഷവും നസ്രാണി പുരുഷന്മാരുടെ വേഷവും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നില്ല.
2. അവരും മുടി വളർത്തിയിരുന്നു.
3. പട്ടക്കാർ നായാട്ടിനും മീൻപിടുത്തത്തിനും പോയിരുന്നു.
4. പല പട്ടക്കാരും കച്ചവടം തൊഴിലായി സ്വീകരിച്ചിരുന്നു.
5. ചിലർ നാട്ടുരാജാക്കാന്മാരുടെ ശമ്പളം പറ്റുന്ന പട്ടാളക്കാരും കൂടിയായിരുന്നു. അതുകൊണ്ട് അവർ യുദ്ധത്തിനും പോയിരുന്നു.
6. പട്ടക്കാരും നസ്രാണി പുരുഷന്മാരെപ്പോലെ ആയുധം ധരിച്ചിരുന്നു.
7. പട്ടക്കാർ മിക്കവരും വിവാഹിതരായിരുന്നു. വൈധവ്യം സംഭവിച്ചാൽ പുനർവിവാഹം നടന്നിരുന്നു.
8. പട്ടക്കാരുടെ ഭാര്യമാർക്കു പള്ളിയിൽ പ്രാമുഖ്യം ഉണ്ടായിരുന്നു.
9. പട്ടത്വസ്ഥാനികളെ ഇടവകയോഗം തെരഞ്ഞെടുക്കും. അങ്ങനെ പട്ടമേറ്റു വരുമ്പോൾ ഗംഭീര സ്വീകരണവും നൽകും.

ഇതിൽ ചില കാര്യങ്ങൾ ഇന്നു കൗതുകകരമെങ്കിലും മാതൃകായോഗ്യമല്ലെന്നു തോന്നാം. പക്ഷേ അന്നത്തെ ആളുകളെ സംബന്ധിച്ചിടത്തോളം ഇവയിലൊന്നും 'അശ്രീകരം' ആയി തോന്നിയിരുന്നില്ല എന്നോർക്കണം.

### 5. വിശ്വാസ സത്യങ്ങൾ

നസ്രാണികളുടെ വിശ്വാസസത്യങ്ങൾ ലളിതമെങ്കിലും ക്രിസ്തീയതയുടെ തനിമയെ ഉൾക്കൊള്ളുന്നവയായിരുന്നു. ഏകദൈവവിശ്വാസത്തോടൊപ്പം വി. ത്രിത്വവിശ്വാസവും മനുഷ്യാവതാര രഹസ്യത്തിലുള്ള വിശ്വാസവും അവരിൽ രൂഢമൂലമായിരുന്നു. പേർഷ്യൻ സഭയുമായുള്ള ബന്ധത്തിൽ, കാലാന്തരത്തിൽ നെസ്തോറിയൻ വിശ്വാസം എന്നു പഴിചാരുവാൻ വല്ലതും അവരുടെ ആരാധനാഭാഷയിൽ കടന്നുകൂടിയെങ്കിൽതന്നെ പൊതുവെ ക്രിസ്തീയ വിശ്വാസത്തിന്റെ അന്തസത്ത മലങ്കര നസ്രാണികൾ ഉൾക്കൊണ്ടിരുന്നുവെന്നു പല സന്ദർശകരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റോമാ സാമ്രാജ്യത്തിലെ ക്രൈസ്തവരെ ബാധിച്ചിരുന്നതായ ഒരു ശീശ്മാ ചിന്താക്കുഴപ്പവും മലങ്കര നസ്രാണികളെ ബാധിച്ചിരുന്നില്ല. കൊച്ചി സന്ദർശിച്ച ഫാ. ന്യൂനസ് ബാരെറ്റോ എന്ന ജസ്യൂട്ടു വൈദികൻ 1561 ഡിസംബർ 31 നു (അതായതു ഉദയംപേരൂർ സുന്നഹദോസിനു മുമ്പ്) യൂറോപ്പിലേയ്ക്ക് അയച്ച ഒരു കത്തിൽ ഇങ്ങനെ പറയുന്നു:

'ഈ ക്രിസ്ത്യാനികളുടെയിടയിൽ കഴിഞ്ഞുകൂടുക എനിക്കു പ്രിയംകരമാണ്. അവർ വിശ്വാസസത്യങ്ങൾ അറിയുന്നവരാണെന്ന് അവരുടെ സംഭാഷണങ്ങളിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം, വി. കുർബാന എന്നീ വിശ്വാസ രഹസ്യങ്ങളിൽ അവർ ഉറച്ചു നിൽക്കുന്നതായിട്ടാണു ഞാൻ കണ്ടത്.'

ഈ വിശ്വാസസത്യങ്ങളെ തങ്ങളുടെ ഭാഷയിലും, കലാമാധ്യമങ്ങളിലും കൂടി പ്രചരിപ്പിക്കാൻ അവർ ശ്രമിച്ചതിന്റെ ചില ഉദാഹരണങ്ങൾ കാണുക:

1. ആദിമാതാപിതാക്കളുടെ വീഴ്ച (മയിലാഞ്ചിപ്പാട്ട് നാലാം പാദം)

ആദത്തെ നായൻ മലയൊക്കെനോക്കിനാൻ
ഹവ്വാമനയാളും കൂടെ മലമീതെ
മരതകമുത്തുവിളങ്ങും മലമീതിൽ
മയിലാടുംപോലെ വിളങ്ങുന്ന ഭാര്യയെ

അപ്പഴേ നായനെഴുന്നള്ളി വന്നിട്ട്
പച്ചിലകൊണ്ടു പൊതിഞ്ഞവർ തങ്ങളെ

കയ്യലെ കായും പറിച്ചോരു കാരണം
കൈപ്പുടം തന്നിൽ പൊതിയുന്നു മയിലാഞ്ചി
കാലാൽ നടന്നു കനി തിന്ന കാരണം
കാൽനഖം തന്നിൽ പൊതിയുന്നു മയിലാഞ്ചി

2. വിശുദ്ധത്രിത്വം (വിളക്കുതൊടീൽ പാട്ടിന്റെ അവസാന ഭാഗം)

ആലാഹനായനുമമ്പൻ മിശിഹായും
റൂഹായും കൂടെത്തുണയ്ക്കയിവർക്കെന്നും

3. വിശുദ്ധന്മാരുടെ സംസർഗ്ഗം (വിളക്കുതൊടീൽ പാട്ട്)

കന്നിമറിയം തുണയാകെ ഞങ്ങൾക്കു
പന്ത്രണ്ടുശ്ലീഹന്മാർ നിലയാകെ വന്നിട്ട്

4. മനുഷ്യാവതാരം (കന്നി ഉമ്മായുടെ പാട്ട്)

ആലാഹാനായനേകന്നെന്നുടയ തമ്പുരാനെ
ആലം പടച്ചരുളിയ മാറാൻ
മാറാന്റെ കല്പനയ്ക്കു കന്നിയിരിപ്പിടത്ത്
മാലാഖ പുക്കു വചനിച്ചു.

പാതിരായിൽ പകലതായി മലുക്കുകൾ
വന്നു സ്തുതികൾ ചൊല്ലി

മണ്ടി വന്നിടയർ കണ്ടു കുമ്പിട്ടൊരു നല്ല തമ്പുരാന്

5. രക്ഷാകരമായ കഷ്ടാനുഭവം (മിശിഹായുടെ പാട്ട്)

ആദിയാലാദം പിഴച്ചതിനാൽ
ആലാഹാ പുത്തിരൻ താൻ പിറന്നു
മൂലമെയാദം പിഴച്ചതിനാൽ
മോക്ഷവാതിലുമടച്ചുനായൻ

മുന്നമേ യൂദർക്കു രാജാവായി
മുപ്പത്തിമൂന്നു വരുഷം വാണു
യൂദർക്കു നന്മയ്ക്കായ് വന്ന തന്നിൽ
യൂദർക്കു വൈരം മുഴുത്തുവന്നു

ഓരോരോ ദണ്ഡനം ചെയ്തു തന്നെ
തൂക്കുവാനുള്ള കുരിശതിനെ
കാട്ടിക്കൊടുത്തുടൻ യൂദരപ്പോൾ
മിശിഹാ താൻ തന്റെ ബലിപീഠമായ
കുരിശിന്മേൽ മുത്തിത്തഴുകീടുന്നു.

തൻ ജീവനെ തൻ പിതാവിൻ തൃക്കയിലേല്പിച്ചു
ഇങ്ങനെ മാനുഷരക്ഷ തികച്ചു മിശിഹായും

## 6. വിലയിരുത്തൽ

നസ്രാണികളുടെ മതജീവിതത്തിൽ തദ്ദേശീയതയുടെ നിറക്കൊഴുപ്പോടെ ക്രിസ്തീയതയുടെ തനിമ ദർശിക്കുവാൻ സാധിക്കും. അവയുടെ പഠനത്തിൽക്കൂടി ഉദ്ദേശിക്കുന്നത്, അവയിലേയ്ക്ക് ആക്ഷരികമായി തിരിച്ചു പോകുക എന്നുള്ളതല്ല. അവയുടെ പിന്നിലെ തത്ത്വത്തെ അംഗീകരിച്ചു മുമ്പോട്ടു പോകുകയാണു വേണ്ടത്. മതജീവിതത്തിൽ മലങ്കര നസ്രാണികൾക്ക് ഒരു വിദേശീയ വ്യക്തിത്വമല്ല ഉണ്ടായിരുന്നത് എന്നതു ഏതൊരു നസ്രാണിയെയും പുളകമണിയിക്കുന്ന സ്മരണയാണ്. മറ്റെല്ലാ ഓർത്തഡോക്സ് സഭകളും സ്വദേശീയ വ്യക്തിത്വത്തെ സംരക്ഷിക്കാനുള്ള പരിശ്രമം നടത്തിയിട്ടുണ്ട് എന്നും നാം ഓർത്തിരിക്കണം.

## ചോദ്യങ്ങൾ

1. മതജീവിതത്തിൽ മലങ്കര നസ്രാണികൾ തദ്ദേശീയീകരണം ഉൾക്കൊണ്ടിരുന്നുവെന്നതിന്റെ പ്രധാന അടിസ്ഥാനങ്ങൾ ഏതൊക്കെ?
2. പുരാതന മലങ്കര നസ്രാണികളുടെ വിശ്വാസ സത്യങ്ങളെക്കുറിച്ച് ഒരു ഖണ്ഡികയെഴുതുക.

3. മലങ്കര നസ്രാണികളുടെ പുരാതന മതജീവിതത്തിലെ ഏതൊക്കെ ഘടകങ്ങൾ ഇന്നും നിലനിൽക്കുന്നു എന്നൊരു പഠനം നടത്തുക.

## പാഠം 4

# തദ്ദേശീയീകരണ പാതയിലെ തടസങ്ങൾ: വിദേശ സഭാനിയന്ത്രണം അന്നും ഇന്നും

❑ അല്പം ചരിത്രം ❑ ലത്തീനീകരണം ❑ സുറിയാനിവത്കരണം ❑ ആംഗ്ലിക്കൻ നവീകരണം ❑ വിലയിരുത്തൽ

### 1. അല്പം ചരിത്രം

തികച്ചും തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭ പതിനാറാം നൂറ്റാണ്ടു വരെ പ്രസ്തുത ശൈലിയിൽ തന്നെ വളർന്നുവന്നു. ഇതിനിടെ പേർഷ്യൻ സഭയുമായി ഈ സഭയ്ക്കു ബന്ധമുണ്ടായിരുന്നുവെങ്കിലും ആ ബന്ധം ഒരു സഭാമേൽക്കോയ്മയായി പരിണമിച്ചിരുന്നില്ല. മാത്രവുമല്ല പേർഷ്യൻ സഭയുമായുള്ള ബന്ധത്തിൽ മലങ്കരസഭയ്ക്ക് അതിന്റെ തദ്ദേശീയീകൃത വ്യക്തിത്വം എന്നും പാലിക്കുവാനും കഴിഞ്ഞിരുന്നു. ഈ നിലയ്ക്കു മാറ്റം വന്നതു പതിനാറാം നൂറ്റാണ്ടിൽ പോർത്തുഗീസുകാരുടെ വരവോടെയാണ്. പിന്നീടുള്ള നൂറ്റാണ്ടുകളിൽ, അടുത്തകാലം വരെ, വിദേശസഭാ മേൽക്കോയ്മയുടെയും തന്മൂലം തകരുന്ന തദ്ദേശീയ സഭാവ്യക്തിത്വത്തിന്റെയും ചിത്രമാണു നാം കാണുന്നത്. പോർത്തുഗീസുകാരുടെ രാഷ്ട്രീയധികാരത്തിന്റെ മറവിൽ മലങ്കരസഭയെ റോമൻ കത്തോലിക്കാ സഭയ്ക്ക് അടിയറ വയ്ക്കുവാൻ 1599-ലെ ഉദയംപേരൂർ സുന്നഹദോസ് ശ്രമിച്ചു. അത് ഒരു പരിധി വരെ വിജയിക്കുകയും ചെയ്തു. വേദവിപരീതം എന്ന പേരിൽ സഭയുടെ തദ്ദേശീയീകൃതമായിരുന്ന പല രീതികളെയും മാറ്റുവാൻ ആർച്ചുബിഷപ്പ് മെനസിസും കൂട്ടരും ശ്രമിച്ചു.

തങ്ങൾക്കു രാഷ്ട്രീയാധികാരം ഇല്ലായിരുന്നുവെങ്കിലും, മലങ്കര സഭാംഗങ്ങളുടെ പൗരസ്ത്യ വ്യക്തിത്വത്തിനു വേണ്ടിയുള്ള ആത്മാർത്ഥമായ താല്പര്യത്തെ ചൂഷണം ചെയ്തുകൊണ്ടാണ്, 1665 മുതൽ മലങ്കരയിൽ കാലു കുത്തിയ മിക്ക അന്ത്യോഖ്യൻ സുറിയാനി സഭാ മേല്പട്ടക്കാരും സുറിയാനിവത്ക്കരണത്തിന് ഒരുമ്പെട്ടത്.

രാഷ്ട്രീയാധികാരത്തിന്റെ പിൻബലത്താൽ ആംഗ്ലിക്കൻ സഭയുടെ ഭാഗമായി മലങ്കരസഭയെ ആക്കിത്തീർക്കാനുള്ള ഒരു ശ്രമമാണ് ഇംഗ്ലീഷ് മിഷന

റിമാരും അവരുടെ ഇൻഡ്യയിലെ മെത്രാനായിരുന്ന ദാനിയേൽ വിത്സനും കൂടി ചെയ്തത്. തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭയിലെ പല പൗരാണിക പാരമ്പര്യങ്ങളേയും അന്ധവിശ്വാസത്തിന്റെ പേരിൽ ഇല്ലാതാക്കുവാനാണ് അവർ ശ്രമിച്ചത്.

അങ്ങനെ, പോർത്തുഗീസുകാരുടെയും ഇംഗ്ലീഷുകാരുടെയും പാശ്ചാത്യവത്ക്കരണ ഭ്രമവും, അന്ത്യോഖ്യൻ സുറിയാനി മേലദ്ധ്യക്ഷന്മാരുടെ സുറിയാനിവത്ക്കരണവും കൂടി ആയപ്പോൾ മലങ്കര നസ്രാണികളുടെ തദ്ദേശീയീകൃത ശൈലിയ്ക്കു പലതും നഷ്ടപ്പെട്ടു. മൂന്നു കൂട്ടരുടേയും പ്രഥമമായ ലക്ഷ്യം ഭൗതികമായ ചൂഷണമായിരുന്നു. പോർത്തുഗീസുകാർക്കും, ഇംഗ്ലീഷുകാർക്കും രാഷ്ട്രീയമായ അധികാരം ഉണ്ടായിരുന്നതുകൊണ്ട് അതു നിഷ്പ്രയാസം സാധിച്ചു. അടുത്തതായി അവർക്കു വേണ്ടിയിരുന്നതു സഭയുടെ പാശ്ചാത്യവത്ക്കരണമായിരുന്നു. അതിനുവേണ്ടിയാണ് അവരുടെ മിഷനറിമാർ ശ്രമിച്ചതും. സുറിയാനിക്കാർക്ക്, രാഷ്ട്രീയാധികാരം ഇല്ലായിരുന്നതുകൊണ്ടു ഭൗതികമായ ചൂഷണവും സഭയിൽ കൂടി തന്നെ നടക്കണമായിരുന്നു. ഈ താല്പര്യങ്ങൾ പ്രത്യക്ഷത്തിലും പരോക്ഷത്തിലും ഇന്നും ഒരു പരിധി വരെ തുടർന്നു കാണുന്നുണ്ട്. അതുമൂലം തദ്ദേശീയീകരണപാതയിൽ പല തടസങ്ങളും നിലനിൽക്കുന്നു.

**2. ലത്തീനീകരണം**

പോർത്തുഗീസ് മിഷനറിമാരുടെ ലത്തീനീകരണ താല്പര്യങ്ങൾ മലങ്കരസഭയുടെ മേൽ അടിച്ചേല്പിച്ച സുന്നഹദോസായിരുന്നുവല്ലോ ഉദയംപേരൂർ സുന്നഹദോസ്. നിർദോഷങ്ങളായ എത്രയെത്ര തദ്ദേശീയീകരണ രീതികളെയാണ് 'പഴെ മാർഗത്തിലെ മരിയാതകളും കൃത്യങ്ങളും' എന്ന പേരിൽ രാഷ്ട്രീയാധികാരത്താൽ തടഞ്ഞത്! ചില കാനോനാകൾ താഴെ ചേർക്കുന്നു:

> '....കല്ലിന്റെ എല്ലായിലും മീതെ വിരിക്കുന്ന ശീലയും കാസായുടെ വാ മൂടുന്ന ശീലയും പഞ്ഞിയുടെ നൂൽ കൊണ്ടു നൈത ഒള്ള ശീലകൊണ്ടു അരുത പ്രൊത്തുക്കാൽ ശീല കൊണ്ടു ഒള്ളതെ ആവൂ. വെറെ പ്രമാണം കൂടാതെ മറ്റ ശീല അതിന്നു അരുത.'

> 'വിശ്വാസം ഉള്ള ലോകരിടെയും ഇത ഇല്ലാത്തവരുടെയും ഭെദം പൊറമെ ഒള്ള ശമയം കൊണ്ടും ഒട്ടു വെണം എന്ന പള്ളിക്ക അതിന്ന ആതിനെ സൂക്ഷം ഒണ്ട. അത എന്തെ. രണ്ട കൂട്ടുവും ചമയം കൊണ്ട റിവാൻ ഇ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയംകൊണ്ടും തലമുടി കൊണ്ടും കണ്ടറിവാൻ ഏതും ഭെദം ഇല്ലെന്നു ശുദ്ധമാന സുന്നഹദോസ കണ്ടിട്ട തങ്ങളിൽ ഭെദം കൊണ്ട കണ്ടറിവാൻ കല്പിക്കുന്നു. ആണുങ്ങൾ ആരും ഇനി തുടങ്ങി കാത

കുത്തരുത എന്നും വളർത്തരുത എന്നും. ഇതിനു എടത്തൂട ചെയ്യു ന്നവരെ മെൽപട്ടക്കാരന്റെ മനസ്സിന്നും തക്കവണ്ണം കുറ്റപ്പെടുക്കയും വെണം. കാതിൽ പൊന്നു ഇടുകയും അരുത. പൊന്നു ഇടുകിൽ പള്ളിക്കപൊറത്ത ആക്കുകയും വേണം.'

ആരാധനാകാര്യങ്ങളിലും സാമൂഹ്യാചാരങ്ങളിലും ആണു വിലക്കുകളും ലത്തീനീകരണ നിർദ്ദേശങ്ങളും ശക്തമായി പ്രതിഫലിച്ചത്. തത്ഫലമായി അധികാരമുപയോഗിച്ച് മലങ്കര നസ്രാണികളിൽ നല്ലൊരു പങ്കിനെ ലത്തീനീ കരിക്കുവാൻ കഴിഞ്ഞു. റോമൻ കത്തോലിക്കരായ അവരുടെയിടയിൽ അങ്ങനെ നൂറ്റാണ്ടുകളോളം ലത്തീൻ രീതികളിൽ തഴമ്പിച്ച ഒരു സഭാജീവി തശൈലി ഇന്നു നിലനില്ക്കുന്നു. ഇതിനൊരു മാറ്റം വരുത്തുവാൻ ആഗ്ര ഹിക്കുന്നവർ അവരുടെ ഇടയിൽ പലരും ഉണ്ടെങ്കിലും പ്രായോഗികമായി തടസ്സങ്ങളും ഉണ്ട്. ഏറ്റവും പ്രധാനമായി, വിദേശീയമെങ്കിലും പരിചയത്തിൽ തഴമ്പിച്ച ഒരു ശൈലിയിൽ നിന്നു വിടുതൽ പ്രാപിക്കുക ദുഷ്കരമാണ്. ലത്തീൻ പാരമ്പര്യത്തെ ഇന്നെതിർക്കുന്നവർ പോലും സഭാപരമായ സ്വത ന്ത്രനിലപാടിനോ കൂടുതൽ അവകാശങ്ങൾക്കോ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. സ്വതന്ത്രമായ നിലപാടു സ്ഥാപിക്കുവാൻ സുറിയാനി പാരമ്പ ര്യത്തെ മറപിടിക്കുകയും ചെയ്യുന്നു. അതിലുപരിയായി തദ്ദേശീയീകൃത മായ ഒരു സഭാവ്യക്തിത്വത്തെ സ്നേഹിക്കുന്നവർ വളരെ പരിമിതമാണ്.

### 3. സുറിയാനിവത്ക്കരണം

1665-ൽ മലങ്കരയിൽ കാലുകുത്തിയ മാർ ഗ്രീഗോറിയോസിനോടു കൂടി യാണ്, മലങ്കരസഭയ്ക്കു അന്ത്യോഖ്യൻ സുറിയാനിസഭയുമായുള്ള ബന്ധം തുടങ്ങുന്നത്. എന്നാൽ യഥാർത്ഥ സുറിയാനിവത്ക്കരണത്തിന് ആരംഭ മിട്ടതു 1685 -ൽ കേരളത്തിൽ വന്ന മാർ ഈവാനിയോസായിരുന്നു. അതിന്റെ ചരിത്രപരമായ വിജയകാഹളമാണ് 1876-ൽ പത്രോസ് തൃതീയൻ പാത്രീ യർക്കീസ് വിളിച്ചുകൂട്ടിയ 'മുളന്തുരുത്തി സുന്നഹദോസ്.' പ്രസ്തുത സുന്ന ഹദോസ് രേഖയിൻപ്രകാരം മലങ്കരയിൽ 'അന്ത്യോഖ്യയുടെ സാഹിത്യം' നിലനിൽക്കുവാനായി സകല കാര്യങ്ങളും ചെയ്യുവാൻ തീരുമാനം എടു ത്തതായി കാണുന്നു. അന്ത്യോഖ്യൻ സഭയുടെ മെത്രാന്മാർ മലങ്കര നസ്രാ ണികളുടെ വിവാഹകൂദാശ നടത്തിയപ്പോൾ തദ്ദേശീയമായ താലികെട്ടു രീതിയെ വിവാഹകൂദാശയിൽ നിന്നും വിടർത്തിക്കാണിക്കുവാനാണു താലി പിടിച്ചു കൊടുക്കുവാൻ പട്ടക്കാരെ ഏർപ്പെടുത്തിയത്. ഈ സുറിയാനിവത് ക്കരണത്തിനു സ്വദേശീയമായ ഒരു പശ്ചാത്തലം കൂടിയുണ്ട്.

ഉദയംപേരൂർ സുന്നഹദോസിലെ ലത്തീനീകരണത്തിനെതിരായി, ഒരു കൂനൻകുരിശു സത്യം ഉണ്ടായിയെങ്കിൽ, സഭയുടെ നവീകരണവാദികൾ ക്കെതിരായി വളർന്ന സ്വദേശീയമായ ഒരു മുന്നേറ്റമായിരുന്നു 1836-ലെ

മാവേലിക്കര സുന്നഹദോസിലും 1876 -ലെ മുളന്തുരുത്തി സുന്നഹദോസിലും പിൽക്കാല അന്ത്യോഖ്യൻ സുറിയാനി ഭക്തിയിലും കലാശിച്ചത്. ഭേദപ്പെട്ട ആത്മീയതാ പാരമ്പര്യവും, വേദശാസ്ത്ര ബലവും, പൗരസ്ത്യ സ്വഭാവവുമുള്ള സുറിയാനി പാരമ്പര്യമാണ് തികച്ചും വൈദേശീയമായ ആംഗ്ലിക്കൻ നവീകരണത്തേക്കാൾ ഭേദം എന്നു നല്ലൊരു വിഭാഗം മലങ്കര സഭാംഗങ്ങൾ തന്നെ മനസ്സിലാക്കി. മാത്രവുമല്ല, സുറിയാനി സഭാമേലദ്ധ്യക്ഷന്മാർക്ക് മലങ്കരയിൽ തദ്ദേശീയമായി നിലനിന്ന പലതിനോടും വലിയ മതിപ്പില്ലായിരുന്നുവെങ്കിലും എതിർപ്പു പ്രകടിപ്പിച്ചിരുന്നില്ല (ഇതിനു വിരുദ്ധമായി കർശന നിലപാടെടുത്തവരും ഉണ്ടായിരുന്നു). പക്ഷേ നിർഭാഗ്യവശാൽ, പ്രസ്തുത മനോഭാവം തന്നെ സഭയിൽ ഒരു വിഭാഗത്തിൽ സുറിയാനി പാരമ്പര്യത്തോട് അതിരുകവിഞ്ഞ അടിമത്തബോധം വളർത്തിയെടുക്കുവാൻ മുഖാന്തിരമായി.

അതുകൊണ്ടിന്നും, അതിരുകവിഞ്ഞ സുറിയാനിവൽക്കരണത്തിനു കടിഞ്ഞാണിട്ടു തദ്ദേശീയമായ സഭാവ്യക്തിത്വത്തിന്റെ വളർച്ചയ്ക്കു വേണ്ടിയുള്ള സ്വാതന്ത്ര്യസമരം തുടർന്നുവരുന്നു, ലത്തീനീകരണത്തിനെതിരെ കത്തോലിക്കാ സഭയിൽ നടക്കുന്നതുപോലെ സുറിയാനിവത്ക്കരണത്തിനെതിരെ മലങ്കരസഭയിലും പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. എങ്കിലും അവിടത്തേതുപേലെ ഇവിടെയും, ശീലിച്ചുപോന്നതിൽ നിന്നു വ്യത്യസ്തമായേക്കാവുന്ന യാതൊരു മൗലിക വ്യതിയാനങ്ങൾക്കും സമ്മതിക്കാത്ത മനോഭാവം പ്രധാന തടസ്സമായി നിലനിൽക്കുന്നു.

## 4. ആംഗ്ലിക്കൻ നവീകരണം

1816 ൽ സി. എം. എസ്. മിഷനിൽ കൂടി മലങ്കരസഭയ്ക്കു ലഭ്യമായ ഇംഗ്ലീഷ് 'സഹായദൗത്യ' (Mission of help) ത്തിന്റെ ആത്യന്തിക ലക്ഷ്യം മലങ്കരസഭയുടെ ആംഗ്ലിക്കൻ നവീകരണമായിരുന്നു. യഥാർത്ഥത്തിൽ, ആംഗ്ലിക്കൻ മിഷണറിമാർക്കു മലങ്കരസഭയിൽ ദഹിക്കാതെ പോയതു തദ്ദേശീയമായിരുന്ന ക്രൈസ്തവ സംസ്ക്കാരമായിരുന്നു. 18-ാം നൂറ്റാണ്ടിലെ ഒരു നവീകരണ ആത്മീയ പ്രസ്ഥാനമായ പ്യൂരിറ്റൻ പാരമ്പര്യത്തിൽ നിന്നു വന്ന യുവ മിഷണറിമാർക്കു ഭാരത സംസ്ക്കാരത്തിലടിയുറച്ച ക്രൈസ്തവ സംസ്ക്കാരത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. 'ശീശ്മ'യെന്നു പോർത്തുഗീസുകാർ മുദ്രയടിച്ച സംസ്കാരത്തെ 'അന്ധവിശ്വാസം' എന്ന് ഇംഗ്ലീഷുകാർ വിധിയെഴുതി. അവരുടെ അഭിപ്രായങ്ങൾക്കു സ്തുതി പാടുവാൻ ഒരു സമൂഹത്തെ മലങ്കരയിൽ ഉണ്ടാക്കുവാൻ അവർക്കു ബുദ്ധിമുട്ടില്ലായിരുന്നു. അതിന്റെ ഉദാഹരണമാണ് 1836-ൽ പ്രസ്തുത ഗണത്തിൽപ്പെട്ട പന്ത്രണ്ടു വൈദികർ ചേർന്നു കേണൽ ഫ്രേസർക്കു സമർപ്പിച്ച മെമ്മോറാണ്ടം. അതിലെ ചില പരാതികൾ താഴെക്കൊടുക്കുന്നു:

'വിശുദ്ധന്മാരുടെ പെരുന്നാളുകളിൽ അവരെ അനുകരിപ്പാൻ പഠിപ്പിക്കുന്നതു ശരിയാണെങ്കിലും, അതിനു പകരം പുറജാതികളെപ്പോലെ കൊടി ഉയർത്തിയും, നാടകീയമായ അവതരണങ്ങളോടെയും ആ ദിവസം ആഘോഷിപ്പാൻ ഉപദേശിച്ചുവരുന്നു.'

'പെസഹാ വ്യാഴാഴ്ച വൈകിട്ടു വീടുകളിൽ, കർത്താവിന്റെ അത്താഴത്തെ അനുസ്മരിക്കുന്ന വിധത്തിൽ ഗൃഹനാഥന്റെ കാർമ്മികത്വത്തിൽ അപ്പം മുറിക്കയും ഒക്കെ ചെയ്യുന്നു.'

'മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കയും, അവരുടെ കബറിങ്കൽ തിരി കത്തിച്ചു വയ്ക്കുകയും ചെയ്യുന്ന ഒരു പതിവ് എല്ലാ പള്ളികളിലും ഉണ്ട്.'

ഈ പരാതികളുടെ സാരം തദ്ദേശീയമായ ക്രൈസ്തവാചരണങ്ങളോടുള്ള വിരക്തിയാണെന്നു വ്യക്തമാണല്ലോ. ഈ വിരക്തി, ചെന്നു കലാശിച്ചതു സി. എം. എസ്. സഭയുടെയും, മാർത്തോമ്മാ സഭയുടെയും ആവിർഭാവത്തിലാണ്. തത്ഫലമായി രൂപംകൊണ്ട നവീകൃത ക്രൈസ്തവ ശൈലി വേദശാസ്ത്രപരമായ വ്യത്യാസത്തേക്കാൾ സാംസ്കാരികമായ വ്യത്യാസത്തിനാണ് ഊന്നൽ കൊടുക്കുന്നത്. പള്ളികളുടെ വാസ്തുശില്പത്തിലും, ഗാനങ്ങളുടെ ഈണത്തിലും, ആരാധനയുടെ ഘടനയിലും, പള്ളിക്കലകളോടുള്ള മനോഭാവത്തിലും ഒരു സാംസ്കാരിക പുനഃസംവിധാനം നിഴലിക്കുന്നു. പക്ഷേ ഭാഷാപരമായി മിഷനറിമാർ ചെയ്ത സേവനങ്ങൾ തദ്ദേശീയ സാഹിത്യത്തെ പോഷിപ്പിച്ചുവെന്നു വിസ്മരിക്കുക സാധ്യമല്ല. തദ്ദേശീയമായ സഭാവ്യക്തിത്വത്തെക്കുറിച്ച് ആംഗ്ലിക്കൻ നവീകരണ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു ചിന്തിക്കുമ്പോഴും കാണുന്ന തടസം ശീലിച്ചു പോന്നതിനോടുള്ള വൈകാരിക പ്രതിപത്തിയാണ്.

### 5. വിലയിരുത്തൽ

തദ്ദേശീയീകൃതമായിരുന്ന മലങ്കരസഭയിൽ ചില സംഗതികളൊക്കെ അന്ധവിശ്വാസമായും അനാചാരമായും ഉണ്ടായിരുന്നുവെന്നു സമ്മതിക്കണം. അതുകൊണ്ട്, വിദേശ മിഷണറിമാർ ചെയ്ത നല്ല സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുകയും വേണം. അയിത്തം, ശകുനം, അടിമത്തം എന്നിവയ്ക്കെതിരെ ശബ്ദമുയർത്താനും, വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകാനും, ഭാഷാസേവനം നടത്താനും മിഷണറിമാർ ത്യാഗോജ്ജ്വലമായി പ്രവർത്തിച്ചു. പക്ഷേ, ഈ സത്യങ്ങളൊന്നും, വിദേശസഭാ നിയന്ത്രണം മലങ്കരസഭയുടെ തദ്ദേശീയീകൃത വ്യക്തിത്വത്തെ താറുമാറാക്കിയെന്ന വസ്തുതയെ സാധൂകരിക്കുവാൻ പര്യാപ്തമല്ല താനും.

**ചോദ്യങ്ങൾ**

1. മലങ്കരസഭയിലെ ലത്തീനീകരണം, സുറിയാനിവത്ക്കരണം, ആംഗ്ലിക്കൻ നവീകരണം എന്നിവയെക്കുറിച്ച് ഓരോ ഖണ്ഡികയെഴുതുക.
2. 'പോർത്തുഗീസ് മിഷണറിമാരിൽ നിന്നു ശിക്ഷണം, സുറിയാനിക്കാരിൽ നിന്ന് ആരാധനാ പാരമ്പര്യം, ഇംഗ്ലീഷ് മിഷണറിമാരിൽ നിന്നു സാമൂഹ്യവീക്ഷണം എന്നിവ മലങ്കര നസ്രാണികൾക്കു കിട്ടി' - ഈ പ്രസ്താവനയോടുള്ള പ്രതികരണം ചുരുക്കത്തിൽ പ്രതിപാദിക്കുക.

**പാഠം 5**

# ഭാരത ക്രൈസ്തവർ തദ്ദേശീയീകരണ പാതയിൽ വീണ്ടും: ചരിത്രവും വെല്ലുവിളികളും

❑ മിഷണറിമാരും തദ്ദേശീയീകരണ ചിന്തയും ❑ താമ്പരംകോൺഫ്രൻസും നവീകരണ വിഭാഗത്തിലെ തദ്ദേശീയീകരണ പ്രസ്ഥാനവും ❑ തദ്ദേശീയീകരണപാതയിലെ അന്വേഷണങ്ങൾ ❑ പരിമിതികൾ ❑ സമഗ്ര സമീപനത്തിലെ പ്രത്യേകതകൾ ❑ പ്രധാന വെല്ലുവിളികൾ

ഭാരത ക്രൈസ്തവരെ രണ്ടു ഗണത്തിൽ കാണുവാൻ കഴിയും. ഒന്ന്, മലങ്കര നസ്രാണികളുടെ പാരമ്പര്യത്തിൽ പെടുന്നവർ. രണ്ട്, പതിനാറാം നൂറ്റാണ്ടിനു ശേഷമുള്ള പാശ്ചാത്യ മിഷണറി പ്രവർത്തനത്തിൽ നിന്നു ക്രിസ്ത്യാനികളായവർ. ഇതിൽ രണ്ടാമത്തെ ഗണത്തിൽപ്പെട്ടവരുടെയിടയിലാണ്, ആധുനികകാലത്തെ തദ്ദേശീയീകരണ അന്വേഷണങ്ങൾ കൂടുതലായി നടന്നിട്ടുള്ളതും നടക്കുന്നതും.

## 1. മിഷണറിമാരും തദ്ദേശീയീകരണ ചിന്തയും

ഭാരതത്തിലെ അക്രൈസ്തവരായ ജനങ്ങളിലേയ്ക്കു ക്രിസ്തീയ സുവിശേഷം പകരുവാൻ ഒരു മാർഗ്ഗം എന്ന നിലയിലാണ് ആധുനിക കാലത്തു തദ്ദേശീയീകരണ ചിന്ത രംഗപ്രവേശം ചെയ്തത്. 1605-ൽ ഇന്ത്യയിൽ വന്ന കത്തോലിക്കാ മിഷണറി റോബർട്ട് ഡിനൊബിലി ഇത്തരുണത്തിൽ സ്മരണീയനാണ്. സംസ്കൃതവും, തമിഴും പഠിച്ച, ബ്രാഹ്മണനെപ്പോലെ വേഷത്തിലും ജീവിതശൈലിയിലും ഭാരതീയനായി, വേദത്തിന്റെയും ഉപനിഷത്തിന്റെയും ചിന്തയിലും ഭാഷയിലും കൂടി സുവിശേഷം പ്രചരിപ്പിക്കാൻ

അദ്ദേഹം ശ്രമിച്ചു. 1706-ൽ ട്രാൻകബാറിൽ ഇറങ്ങിയ ലൂതറൻ മിഷണറി സ്വീഗൻബാൾഗും തമിഴ് പഠിച്ച് ഹിന്ദുമതത്തിന്റെ മാധ്യമങ്ങളിൽ കൂടി സുവിശേഷം അറിയിക്കുവാൻ ശ്രമിക്കുകയുണ്ടായി. അതുപോലെ തന്നെ 1793-ൽ സെറാമ്പൂരിൽ എത്തിയ ബാപ്റ്റിസ്റ്റ് മിഷനറിമാരായ വില്യം ക്യേറിയും, മാർഷ്മാനും, വാർഡും, തദ്ദേശീയമായ വേദപുസ്തക പരിഭാഷകൾക്കു വേണ്ടി യത്നിക്കുകയും തദ്ദേശീയമായ ഒരു ക്രൈസ്തവ നേതൃത്വത്തെ പരിശീലിപ്പിക്കുവാൻ ഒരു വേദശാസ്ത്ര വിദ്യാലയം ആരംഭിക്കുകയും ചെയ്തു. ഈദൃശങ്ങളായ പരിശ്രമങ്ങൾ പുരോഗമിച്ച് അവയിൽക്കൂടി ധാരാളം ആളുകൾ ക്രിസ്ത്യാനികളായിക്കൊണ്ടിരിക്കുന്നു. പക്ഷേ ക്രിസ്ത്യാനികളായിക്കഴിഞ്ഞാൽ അവർക്കു ലഭിച്ചിരുന്നതു തികച്ചും വിദേശീയമായ ജീവിതശൈലിയും വിശ്വാസസംഹിതകളും ആരാധനാ രീതികളുമായിരുന്നു. ചുരുക്കത്തിൽ മിഷണറിമാർ, തദ്ദേശീയ മാധ്യമങ്ങളിൽക്കൂടി സുവിശേഷം അറിയിക്കാൻ ശ്രമിച്ചതല്ലാതെ, ക്രിസ്ത്യാനികളായവർക്കു തദ്ദേശീയമായ സഭാവ്യക്തിത്വമോ സാംസ്കാരികമായ വേരുകളോ ഉണ്ടാകണം എന്ന് ആഗ്രഹിച്ചില്ല.

## 2. താമ്പരം മിഷണറി കോൺഫ്രൻസും നവീകരണ വിഭാഗത്തിലെ തദ്ദേശീയീകരണ പ്രസ്ഥാനവും

നവീകരണവിഭാഗങ്ങളിൽ ഉൾപ്പെട്ട മിഷണറിമാർ പ്രാദേശികമായും, ദേശീയതലത്തിലും ഒക്കെ യോഗം ചേർന്നു വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭവും ആയപ്പോൾ അവരെ അഭിമുഖീകരിച്ച പ്രധാന പ്രശ്നം തദ്ദേശീയമായ സംസ്കാരത്തിനും, മതജീവിതത്തിനും തത്ത്വസംഹിതകൾക്കുമൊക്കെ ക്രൈസ്തവ ധർമ്മത്തിൽ എന്തു സ്ഥാനം കൊടുക്കണം എന്നതായിരുന്നു. ഇത് അവരെക്കൊണ്ടു ഗൗരവമായി ചിന്തിപ്പിക്കാൻ ഒരു പ്രധാന കാരണവും ഉണ്ടായിരുന്നു. അവരുടെ മിഷൻ പ്രവർത്തനത്തിൽ ക്രിസ്ത്യാനികളായവരെങ്കിലും ഭാരത സംസ്കാരത്തെക്കുറിച്ചു മതിപ്പുള്ളവരായ പലരും തദ്ദേശീയമായ ഒരു ക്രിസ്തീയതയെപ്പറ്റി പറയുവാനും എഴുതുവാനും തുടങ്ങി. ഉദാഹരണത്തിനു മദ്രാസുകാരായ വെങ്കൽ ചക്കരചെട്ടിയുടെയും പാണ്ടിപ്പെടി ചെഞ്ചയ്യയുടെയും പേരുകൾ പ്രസ്താവ്യമാണ്. അതുകൊണ്ട് 1938 ലെ താമ്പരം മിഷനറി കോൺഫ്രൻസ് ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. സമ്മേളനത്തിലെ മുഖ്യ പ്രസംഗകനായിരുന്ന ഹെൻട്രി ക്രെയ്മർ 'ഒരു അക്രൈസ്തവ ലോകത്തിൽ ക്രൈസ്തവ സന്ദേശം' എന്ന വിഷയത്തെക്കുറിച്ചു നടത്തിയ പ്രഭാഷണം തദ്ദേശീയീകരണചിന്തയെ നിരുത്സാഹപ്പെടുത്തുന്നതായിരുന്നു. തദ്ദേശീയ മതാന്വേഷണങ്ങൾക്കും അനുഭവങ്ങൾക്കും സംസ്കാരത്തിനും ക്രൈസ്തവ മതാനുഭവത്തിൽ കാര്യമായിട്ടൊരു പ്രസക്തിയുമില്ല എന്നദ്ദേഹം പറഞ്ഞു.

അതിനോടുള്ള പ്രതികൂല പ്രതികരണവുമായി ഭാരതീയ നവീകരണ ക്രിസ്ത്യാനികൾ പലരും രംഗത്തുവന്നു. അവർ കൂട്ടായും സ്വതന്ത്രമായും തദ്ദേശീയീകരണ പരീക്ഷണങ്ങളിൽ ഏർപ്പെട്ടു.

### 3. തദ്ദേശീയീകരണപാതയിലെ അന്വേഷണങ്ങൾ

താമ്പരം മിഷണറി കോൺഫ്രൻസിനും മുമ്പും പിമ്പും ആയി അനേകം തദ്ദേശീയീകരണ അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. ശ്രദ്ധേയമായ ഒരു സംഗതി, തദ്ദേശീയമായ ക്രൈസ്തവ വേദശാസ്ത്രാന്വേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള വരിൽ, ഭാരത മതജീവിതത്തിലും തത്ത്വചിന്തയിലും ആകൃഷ്ടരായ ചില വിദേശികളും ഉൾപ്പെടുന്നുവെന്നതാണ്. ഇപ്രകാരമുള്ള അന്വേഷണങ്ങളെ പൊതുവേ അവയുടെ അടിസ്ഥാന സമീപനങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ചായി തരംതിരിക്കാം.

**(a) ദാർശനിക, യോഗാത്മക, സമീപനം:** പ്രധാനമായും, വേദത്തി ലെയും വേദാന്തത്തിലെയും സാക്ഷാത്കാര ദർശനത്തിൽ നിന്നും ഭാര തീയ ഭക്തിപ്രസ്ഥാനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടു ഭാര തീയമായ ഒരു ക്രൈസ്തവ ചിന്താശൈലിക്കും ആദ്ധ്യാത്മിക പാരമ്പര്യ ത്തിനും രൂപഭാവങ്ങൾ നൽകാനാണ് ഇവിടെ ശ്രമിക്കുന്നത്. ഉദാഹരണ ത്തിനു ബ്രഹ്മബാന്ധവ ഉപാധ്യായയുടെ സച്ചിദാനന്ദ സാക്ഷാത്കാര ചിന്തയും, ബിഷപ്പ് അപ്പാസ്വാമിയുടെ 'ക്രൈസ്തവ ഭക്തിമാർഗ' ചിന്തയും, ബീഡ് ഗ്രിഫ്ത്തിന്റെ 'കേന്ദ്രത്തിലേയ്ക്കുള്ള തിരിച്ചുപോക്കു' സങ്കല്പവും, സ്വാമി അഭിഷിക്താനന്ദന്റെ 'ഹൃദയത്തിന്റെ ഉള്ളറ'യിലേയ്ക്കുള്ള ആഭിമു ഖ്യവും, റെയ്മണ്ട് പണിക്കരുടെ 'മന്ത്രമഞ്ജരി' (വേദാനുഭൂതി കേന്ദ്രമാക്കി യുള്ള ചിന്ത) യും ശ്രദ്ധേയമാണ് (Glossary യോട് ചേർന്നുള്ള കുറിപ്പ് കാണുക).

**(b) 'വിമോചന' സമീപനം:** ആനുകാലിക ജീവിത യാഥാർത്ഥ്യങ്ങ ളോടുള്ള ക്രിസ്തീയ പ്രതികരണം എന്ന നിലയിൽ, തദ്ദേശീയീകരണ ത്തിന്റെ പ്രധാന പാതയായി പലരും ഊന്നിപ്പറയുന്നതു 'വിമോചന' പ്രസ്ഥാ നത്തെയാണ്. ക്രിസ്തു വിമോചകനായതുകൊണ്ട് അനീതിയിൽ നിന്നുള്ള വിമോചനത്തിന്റെ സംരംഭങ്ങളിൽ പങ്കെടുത്തുകൊണ്ടു വിമോചനത്തിന്റെ പ്രേരണയിലും ശക്തിയിലും ക്രിസ്തുവിനെ കാണുക, അറിയുക എന്നുള്ള താണു പ്രസ്തുത സമീപനത്തിന്റെ താല്പര്യം.

**(c) 'മാനവീയ' സമീപനം:** 'മനുഷ്യൻ' എന്ന യാഥാർത്ഥ്യത്തിൽ നിന്നാ രംഭിച്ച് യേശുക്രിസ്തുവെന്ന പൂർണ്ണ മനുഷ്യനിൽ ലക്ഷ്യവും മാതൃകയും കാണുന്ന ഒരു സമീപനമാണിത്. 'മാനവീയീകരണം' (Humanisation), 'ജീവി തത്തിന്റെ ഗുണമഹിമ' (Quality of life) മുതലായ ശൈലികളിൽക്കൂടി, പാരമ്പര്യ വേദശാസ്ത്രത്തിൽ നിന്നും വ്യവസ്ഥാപിത ഘടനകളിൽ നിന്നും

സ്വതന്ത്രമായി ഒരു മാനവീയാധ്യാത്മികതയെയും അതിനെ ഉൾക്കൊള്ളുന്ന ഭാരതീയ ക്രിസ്തീയതയെയും അന്വേഷിക്കുവാനാണിവിടുത്തെ ശ്രമം.

**(d) പൗരസ്ത്യ ക്രൈസ്തവ പൈതൃകത്തിൽക്കൂടിയുള്ള സമീപനം:** പൗരസ്ത്യ ക്രൈസ്തവ ചിന്തയിലും ഭാരതീയ ചിന്തയിലും പൊതുവായിട്ടുള്ളതിനെ കണ്ടെത്തി അവയുടെ അടിസ്ഥാനത്തിൽ തദ്ദേശീയീകൃതമായ ഒരു ഭാരത ക്രൈസ്തവ വേദശാസ്ത്രത്തെ അന്വേഷിക്കുകയാണ് ഈ സമീപനത്തിൽക്കൂടി.

**(e) സാങ്കേതികമായി ഭാരതീയീകരണ സമീപനം:** ചില ഭാരതീയ പദങ്ങളിലും ആശയങ്ങളിലും ക്രൈസ്തവ സത്യത്തെ പരിഭാഷപ്പെടുത്താനും, ക്രൈസ്തവാത്മീയാനുഷ്ടാനങ്ങളുടെ ഭാഷ, ഗീതങ്ങളുടെ ഈണം, താളം, ലയം, വേഷഭൂഷാദികൾ, കർമ്മങ്ങൾ, ധ്യാനരീതി മുതലായ ബാഹ്യരൂപങ്ങളിൽ ഭാരതീയമായ ഭാവം പകരുവാനുമുള്ള സമീപനമാണിത്.

### 4. പരിമിതികൾ

പ്രസ്തുത സമീപനങ്ങൾക്കു ധാരാളം പരിമിതികൾ ഉണ്ട് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല.

i പലപ്പോഴും 'ഭാരതീയം' എന്ന ധാരണയെ ഭാരതത്തിലെ ഏതെങ്കിലും ഒരു മതജീവിതത്തിലെ (പ്രത്യേകിച്ചു ഹിന്ദുമതത്തിലെ) ഏതെങ്കിലും ഒരു ചിന്താസരണിയിൽ പരിമിതപ്പെടുത്തുന്നു.

ii ഈ സമീപനങ്ങളിൽ പലതിനും സാധാരണ മനുഷ്യജീവിതവുമായി കാര്യമായ ബന്ധം പാലിക്കുവാൻ കഴിയാത്തതുകൊണ്ടു താത്ത്വികമായ തലങ്ങളിൽ മാത്രമേ അവയ്ക്കു പ്രസക്തിയുണ്ടാകുന്നുള്ളു.

iii പലപ്പോഴും 'ഭാരതീയീകരണം' ബാഹ്യരൂപങ്ങളിൽ മാത്രമായി പരിമിതപ്പെടുന്നു. ഈ ബാഹ്യരൂപങ്ങളിൽ ചിലതു പഴമ അവകാശപ്പെടാവുന്നവയാണെങ്കിലും ഇന്ന് ഒട്ടും പ്രസക്തിയില്ലാത്തവയായി തീരുന്നു.

iv വ്യക്തിയിൽ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മിക ശൈലിയാണു പല ഭാരതീയീകരണ സംരംഭങ്ങൾക്കുമുള്ളത്. സാമൂഹ്യമായ പ്രതികരണത്തിന് അവിടെ സ്ഥാനമില്ലാതെയും പോകുന്നു.

v പ്രാദേശിക പശ്ചാത്തലത്തിനു നൽകുന്ന അമിത പ്രാധാന്യം, ക്രൈസ്തവ സത്യത്തിന്റെ ആകമാന പാരമ്പര്യവുമായുള്ള ബന്ധത്തെ അവഗണിക്കുന്നു.

## 5. സമഗ്ര സമീപനത്തിലെ പ്രത്യേകതകൾ

ഭാരതത്തിലെ ക്രൈസ്തവ ധർമ്മത്തിന്റെ തദ്ദേശീയീകരണത്തിനെ, 'ഭാരതീയീകരണം' എന്നു വിശേഷിപ്പിക്കാം. ഭാരതീയീകരണത്തിനു രണ്ടു പ്രധാന പശ്ചാത്തലങ്ങളെ ഉൾക്കൊള്ളുവാൻ കഴിയണം: 1. ഭാരതത്തിന്റെ പൗരാണിക പൈതൃകം. 2. ആനുകാലിക ജീവിത യാഥാർത്ഥ്യങ്ങൾ.

ഭാരതത്തിന്റെ പൗരാണിക പൈതൃകത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പൊതുവെ കാണാൻ കഴിയും.

i ധ്യാനപ്രധാനമായതും ആത്യന്തികമായി വ്യക്തികേന്ദ്രീകൃതവും കുടുംബജീവിത പശ്ചാത്തലത്തിൽ ആവിഷ്കൃതവുമായ മതജീവിതത്തിന്റെ പ്രമാണികത്വം.

ii വ്യക്തികേന്ദ്രീകൃതമായ മതജീവിതമാണെങ്കിലും, അതിന്റെ എല്ലാ ശിക്ഷണമാർഗ്ഗങ്ങളും സാമൂഹ്യ, ഗാർഹിക ജീവിതവുമായി സമന്വയിച്ചിരുന്നു.

iii കലയും, സാഹിത്യവും, ശാസ്ത്രവും, രാഷ്ട്രീയ ചിന്തയും ഒക്കെ മതജീവിതത്തിന്റെ തന്നെ ബഹിർസ്ഫുരണങ്ങളായിരുന്നു.

iv മതഗ്രന്ഥപാരായണവും, ആരാധനാനുഷ്ഠാനങ്ങളും അവയിൽ തന്നെ ഒരനുഭൂതിയും, സംതൃപ്തിയും നൽകുന്ന വിധത്തിലുള്ള ആവിഷ്ക്കരണം.

v ലളിതമായ ജീവിതശൈലി.

vi സഹിഷ്ണുതയും, സമൂഹത്തിന്റെ ഒരു അംഗീകൃത ക്രമത്തോടുള്ള ഭക്തിയും ബഹുമാനവും, ആതിഥ്യമര്യാദയും സാധാരണമായിരുന്നു.

ഭാരതത്തിന്റെ ആനുകാലിക ജീവിത യാഥാർത്ഥ്യങ്ങളായി ചിലതൊക്കെ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്.

i മതജീവിതത്തിൽ നിന്നു സ്വതന്ത്രമായി നിന്നു സ്ഥിരപ്രതിഷ്ഠ നേടുവാൻ തത്രപ്പെടുന്ന ഒരു സെക്കുലർ സംസ്കാരം.

ii ആസൂത്രണം അലസിപ്പോയ ഒരു സാമ്പത്തിക സാമൂഹ്യവ്യവസ്ഥിതി.

iii മത, വർഗ്ഗ, ദേശ, ഭാഷാ പരിഗണനകളിൽക്കൂടി ഛിദ്രവാസനകൾ നൃത്തമാടുന്ന ഒരു രാഷ്ട്രജീവിതം.

iv പാശ്ചാത്യ സംസ്കാരത്തിന്റെ, അമിതവും ദൂഷിതവുമായ സ്വാധീനം.

v അഴിമതിയും, അനീതിയും പ്രവർത്തനശൈലിയായി മാറുന്ന ഭരണ സംവിധാനം.

vi പഴയ മൂല്യവ്യവസ്ഥിതിക്കും സദാചാരത്തിനും പകരം, സമ്പത്തിനെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുന്ന ഒരു മൂല്യവ്യവസ്ഥിതിയും അതിനോടു ചേർന്നുണ്ടാകുന്ന അരക്ഷിതബോധവും ചുരുക്കത്തിൽ, പൗരാണിക പൈതൃകത്തോടു നീതി പുലർത്തിക്കൊണ്ട് യാഥാർത്ഥ്യങ്ങളോട് അർത്ഥവത്തായ ഒരു പ്രതികരണശേഷിയോടെ വളരുക എന്നുള്ളതാണ് 'ഭാരതീയീകരണം' എന്നോ 'തദ്ദേശീയീകരണം' എന്നോ പറഞ്ഞാൽ മനസ്സിലാക്കേണ്ടത്. ഈ പാതയിൽ പല വെല്ലുവിളികളും ഉണ്ടെന്നുള്ളത് അവഗണിക്കുക സാധ്യമല്ല.

## 6. പ്രധാന വെല്ലുവിളികൾ

i 'തദ്ദേശീയീകരണം' എന്നു പറഞ്ഞാലോ, 'ഭാരതീയീകരണം' എന്നു പറഞ്ഞാലോ 'ഹൈന്ദവീകരണം' ആണെന്ന തെറ്റുധാരണ മാറ്റുക എന്നതാണു പ്രഥമ വെല്ലുവിളി. 'ഭാരതീയം' എന്ന പദത്തിന്റെ വിവക്ഷ, 'ഹൈന്ദവം' എന്നല്ല. ഭാരതം എന്ന ഭൂവിഭാഗത്തിൽ ആര്യന്മാരുടെയും, അനാര്യന്മാരുടെയും, ആര്യ - അനാര്യ സങ്കരങ്ങളുടെയും എത്രയെത്ര സംസ്ക്കാരങ്ങൾ, എത്രയെത്ര ദർശനങ്ങൾ, എത്രയെത്ര മതങ്ങൾ, എത്രയെത്ര ഭാഷകൾ, എത്രയെത്ര ആത്മീയ പാരമ്പര്യങ്ങൾ, എത്രയെത്ര വ്യത്യസ്തങ്ങളായ ജീവിത പ്രശ്നങ്ങൾ കാണാൻ കഴിയും!

ii പരിചയിച്ചുപോരുന്നതും, കുറെയൊക്കെ സംതൃപ്തവുമായ ഒരു മതജീവിത ശൈലിയെ ഉപേക്ഷിക്കുകയാണു തദ്ദേശീയീകരണം കൊണ്ടുദ്ദേശിക്കുന്നത് എന്ന തെറ്റുധാരണയും മാറ്റുക എന്നുള്ളതാണ് രണ്ടാമത്തെ വെല്ലുവിളി. പരിചയിച്ചു പോരുന്നതു നൽകുന്ന സംതൃപ്തിയെ അനുഭവിച്ചുകൊണ്ട്, സംതൃപ്തിയിൽ വളരുന്നതിന്റെ ലക്ഷണം മാത്രമാണു തദ്ദേശീയീകരണത്തോടുള്ള അനുകൂല മനോഭാവം. പുതിയ പരീക്ഷണങ്ങൾക്കു വിധേയമാകുന്നതും, അവയെ പ്രോത്സാഹിപ്പിക്കുന്നതും വളർച്ചയുടെ ഭാഗമാണ്. മുരടിച്ച ശൈലിയാണ് വളർച്ചയെ സ്വാഗതം ചെയ്യാത്തത്.

iii ക്രിസ്തുവിൽ കേന്ദ്രീകൃതമായ ആത്മീയതയ്ക്കും വേദശാസ്ത്രത്തിനും ഒരു രൂപമേ ഉണ്ടാകാവൂ എന്ന നിർബന്ധബുദ്ധിയെ നേരിടുകയാണു മൂന്നാമത്തെ വെല്ലുവിളി. യേശുക്രിസ്തുവിനെ അനുഭവിക്കുന്നതിനും, അവനിൽ കൂടിയുള്ള രക്ഷാപ്രവർത്തനത്തെ വ്യാഖ്യാനിക്കുന്നതിനും വിവിധങ്ങളായ രീതികളും മാധ്യമങ്ങളും

ഉണ്ടാകും. അങ്ങനെ സമ്മതിച്ചുപോയാൽ ക്രിസ്തു കൈമോശം വന്നുപോകും എന്നു ഭയപ്പെടേണ്ടതില്ല: അങ്ങനെ കൈമോശം വരുന്നവനല്ല യേശുതമ്പുരാൻ.

iv തദ്ദേശീയീകരണ പരീക്ഷണങ്ങളിലും സമീപനങ്ങളിലും ഉപയോഗിക്കപ്പെടുന്ന ചില പദങ്ങളും ആശയങ്ങളും ദൈവശാസ്ത്രപരമായി അവ്യക്തത ഉള്ളതായെന്നു വരാം. ഗ്രീക്കു പദങ്ങളായ 'ഊസിയായ്ക്കും' 'ഹൈപ്പോസ്റ്റാസിസി'നും സമാനമായ അവ്യക്തത ഉണ്ടെന്നോർക്കണം. അതുകൊണ്ട് അവ്യക്തതയുടെയോ അപൂർണ്ണതയുടെയോ പേരിൽ പുതിയ സമീപനങ്ങളെ പാടേ ഉപേക്ഷിക്കുന്ന പ്രവണതയെ നേരിടുകയാണു മറ്റൊരു വെല്ലുവിളി. അവ്യക്തതയിൽ നിന്നാണു വ്യക്തതയുണ്ടാകുന്നത്. അപൂർണ്ണതയിൽ നിന്നാണ് പൂർണ്ണതയിലേക്കു വളരുന്നത്.

v തദ്ദേശീയീകരണത്തിന്റെ ഒരു പ്രധാന അന്വേഷണം സമഗ്രമായ ഒരു ആദ്ധ്യാത്മികതയ്ക്കു വേണ്ടിയാണ്. പാരത്രിക കാര്യങ്ങളെ മാത്രം സ്പർശിക്കുന്നതും, സാമൂഹ്യാവബോധമില്ലാത്തതും, ജീവിതഗന്ധിയല്ലാത്തതുമായ ആദ്ധ്യാത്മികതാപാരമ്പര്യങ്ങൾ ആയിരിക്കാം. പലർക്കും 'സംതൃപ്തി' നൽകുന്നതും മറ്റുള്ളവരെ അടിച്ചേൽപ്പിക്കുന്നതും സാമൂഹ്യപ്രതികരണശേഷി കൂടി ഉൾക്കൊള്ളുന്ന ഒരു ആദ്ധ്യാത്മികതാശൈലി ഉരുത്തിരിയേണ്ടിയിരിക്കുന്നു. അതുകൊണ്ട് സാമൂഹ്യപ്രതികരണത്തെയും കൂടി ഉൾക്കൊള്ളണം എന്ന നിർദ്ദേശത്തെ ആത്മീയാധഃപതനമായി ചിത്രീകരിച്ചേക്കാവുന്ന വെല്ലുവിളിയെയാണ് തദ്ദേശീയീകരണത്തിൽ അഭിമുഖീകരിക്കേണ്ടത്.

## ചോദ്യങ്ങൾ

1. തദ്ദേശീയീകരണത്തോടുള്ള മിഷണറിമാരുടെ മനോഭാവം ചുരുക്കത്തിൽ പ്രതിപാദിക്കുക.
2. ഇതഃപര്യന്തമുള്ള തദ്ദേശീയീകരണ സമീപനങ്ങളെക്കുറിച്ച് ചുരുക്കമായി പ്രസ്താവിക്കുക.
3. തദ്ദേശീയീകരണപാതയിലെ പ്രധാന വെല്ലുവിളികൾ ഏവ? അവയെ നേരിടാൻ ചില പ്രായോഗിക നിർദ്ദേശങ്ങൾ കണ്ടുപിടിക്കുക.

## പാഠം 6

# തദ്ദേശീയീകരണത്തിന്റെ പ്രായോഗികാടിസ്ഥാനം സൗഹൃദസംഗമം

❑ സൗഹൃദസംഗമം എന്നാൽ എന്ത്? ❑ ഭാരതമത ജീവിതചരിത്രം ❑ മൂർത്തലക്ഷ്യങ്ങൾ ❑ സൗഹൃദ സംഗമ പ്രക്രിയ ❑ ശ്രദ്ധിക്കേണ്ടതായ വസ്തുതകൾ

### 1. 'സൗഹൃദസംഗമം' (Dialogue) എന്നാൽ എന്ത്?

ക്രൈസ്തവ ധർമ്മം ഭാരതത്തിൽ തദ്ദേശീയീകൃതമാകുന്നതിന്റെ ഒരു പ്രധാന ലക്ഷണം, ക്രൈസ്തവർ ഭാരതത്തിൽ അന്യരോ വിദേശികളോ അല്ലെന്നുള്ള ധാരണ വളർത്തിയെടുക്കുകയാണ്. ബഹു ഭൂരിപക്ഷം വരുന്ന ഇതര മതങ്ങളുമായി അർത്ഥവത്തായ ഒരു ബന്ധവും പരസ്പര ധാരണയും ഉണ്ടാകുവാൻ ക്രൈസ്തവർ അങ്ങേയറ്റം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ പരിശ്രമത്തിന്റെ പാതയാണ് 'സൗഹൃദ സംഗമ'ത്തിന്റെ പാത. വ്യാപകമായ അർത്ഥത്തിൽ അനുദിന ജീവിതപാതയിലെ സഹവർത്തിത്വ ജീവിതശൈലിയാണ് സൗഹൃദസംഗമം. പ്രത്യേകമായ അർത്ഥത്തിൽ, ഈ ജീവിതശൈലിയെ ബലപ്പെടുത്തുവാനും അർത്ഥവത്താക്കുവാനുമുള്ള ബോധപൂർവ്വമായ പരിശ്രമത്തെയും 'സൗഹൃദസംഗമം' എന്നു വിശേഷിപ്പിക്കാം.

### 2. ഭാരത മതജീവിതചരിത്രം

ഭാരതത്തിലെ മതജീവിത ചരിത്രത്തിൽ പ്രധാനമായും നാലു ഘട്ടങ്ങൾ കാണാം:

i ആര്യന്മാരുടെ വരവിനു മുമ്പുതന്നെ ഭാരതത്തിൽ കടന്നുവന്നിട്ടുള്ളതോ, സ്വയമേ വളർന്നു വന്നതോ ആയ മതജീവിതം (ഉദാ: ഹാരപ്പാ, മോഹൻജോദാരോ സംസ്കാരങ്ങളിൽ നിഴലിക്കുന്ന ദ്രാവിഡമതജീവിതം).

ii ആര്യന്മാർ കൊണ്ടുവന്നതും രൂപപ്പെടുത്തിയതുമായ മതജീവിതം (ഉദാ: വേദങ്ങളുടെ അടിസ്ഥാനത്തിൽ വളർന്ന വൈദികധർമ്മം; പാർസി മതം).

iii ആര്യ - അനാര്യസങ്കരമായി രൂപപ്പെട്ട മതജീവിതം (ഉദാ: ജൈന, ബുദ്ധ മതങ്ങൾ).

iv ആര്യ, അനാര്യശാഖകളോട് വെവ്വേറെയോ, അവയുടെ സങ്കരത്തോടു പൊതുവേയോ ബന്ധപ്പെട്ടു വളർന്ന മതജീവിതം (ഉദാ: ക്രൈസ്തവ, ഇസ്ലാം, സിക്കു മതങ്ങൾ).

ഇതിൽ ആദ്യത്തെ മൂന്നു ഘട്ടങ്ങളിലായി, ഹൈന്ദവ, ജൈന, ബുദ്ധ, പാർസി മതങ്ങളുടെ 'സൗഹൃദസംഗമ'ത്തിന്റെ ചരിത്രമാണു കാണുന്നത്. നാലാമത്തെ ഘട്ടത്തിലാണു ക്രൈസ്തവ, ഇസ്ലാം, സിക്കു മതങ്ങളുടെ സംഗമം. ഈ നാലു ഘട്ടങ്ങളിലും നാം ഒരു പ്രത്യേകത കാണുന്നുണ്ട്. ലഹളകൾ ഉണ്ടായാലും വേഗത്തിൽ സഹവർത്തിത്വം ഉറപ്പാക്കാവുന്ന ഒരു മതസഹിഷ്ണുതാ സംസ്കാരം ചുരുക്കത്തിൽ ഭാരത മതചരിത്രത്തിൽ വളരെ സ്ഥിരപ്രതിഷ്ഠ നേടിയ പ്രസ്ഥാനമാണ്, 'സൗഹൃദസംഗമം.' ആധുനിക കാലത്ത്, പക്ഷേ, അതിനു ചില വെല്ലുവിളികൾ കൂടുതൽ ഉണ്ടാകുന്നുണ്ട് എന്നു മാത്രം.

## 3. 'സൗഹൃദസംഗമ'ത്തിന്റെ ആധുനിക കാലത്തെ മൂർത്തലക്ഷ്യങ്ങൾ

1. സമാധാനപരമായ സഹവർത്തിത്വത്തിനും, തെറ്റുധാരണകൾ ഒഴിവാക്കുവാനും, ഭേദപ്പെട്ട ധാരണകൾ പരസ്പരം വളർത്തുവാനും പരിശ്രമിക്കേണ്ടിയിരിക്കുന്നു. വ്യക്തികളും സമൂഹങ്ങളും തമ്മിൽ തുറന്ന മനസ്സോടും അനുഭവാധിഷ്ഠിതമായ ആധികാരികതയോടും കൂടി മതപരമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴേ ഈ പരിശ്രമം ഫലപ്രദമാകൂ.

2. വിവിധ മത, പ്രത്യയശാസ്ത്രങ്ങളുടെ അനുയായികളായ മനുഷ്യർ ഇടപെടുന്നിടത്തു സംഘർഷങ്ങൾ ഉണ്ടാകാം. പക്ഷേ സൗഹൃദസംഗമ പ്രസ്ഥാനങ്ങളുടെ സമയോചിതമായ ഇടപെടൽ മൂലം പല പ്രശ്നങ്ങളും ഒഴിവാക്കാം.

3. എല്ലാ മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പൊതുവായ താല്പര്യമാണ് നീതിപൂർവമായ സാമൂഹ്യജീവിതം. അപ്പോൾ, അനീതിക്കെതിരായ സമരത്തിലും നീതിപൂർവ്വമായ സമൂഹാവിഷ്കരണത്തിലും, സൗഹൃദസംഗമ പ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുക്കാൻ കഴിയും.

4. ഏതു മതത്തിനും പ്രായോഗിക ജീവിതപാതയിൽ എങ്കിലും മറ്റു മതങ്ങളിൽ നിന്നു പലതും പഠിക്കുവാൻ കാണും. ഇങ്ങനെ മതജീവിതത്തിലെ പരസ്പര പൂരകസ്ഥാനം കണ്ടെത്തുവാൻ 'സൗഹൃദസംഗമ'ത്തിനു കഴിയും.

5. ഭാരതത്തിലെ മതങ്ങളുടെ ദൗത്യനിർവ്വഹണത്തിന് ഈ സൗഹൃദസംഗമങ്ങൾ വഴിതെളിക്കും. ഭാരതത്തിന്റെ ജീവിത സാഹചര്യത്തോട് മതങ്ങൾക്ക് അർത്ഥവത്തായി പ്രതികരിക്കാൻ കഴിയുന്നുവെങ്കിൽ രണ്ടു കാര്യങ്ങൾ വേണം: (i) ഭാരതത്തിന്റെ പൗരാ

ണിക പാരമ്പര്യത്തിനു സംഭാവന ചെയ്തിട്ടുള്ള മതപാരമ്പര്യങ്ങളെ ഉൾക്കൊള്ളണം. (ii) ഭാരതത്തിന്റെ ആനുകാലിക ജീവിതയാഥാർത്ഥ്യങ്ങളെ കണക്കിലെടുക്കുന്ന പ്രത്യയശാസ്ത്രങ്ങളുമായി സജീവബന്ധം സ്ഥാപിക്കണം. ഇതു രണ്ടും സാധിക്കുന്നത് മത പ്രത്യയശാസ്ത്രങ്ങളുടെ സൗഹൃദസംഗമത്തിൽ കൂടിയാണ്.

### 4. സൗഹൃദ സംഗമപ്രക്രിയ

സൗഹൃദസംഗമത്തിന്റെ പരിശ്രമങ്ങൾ മൂന്നു മേഖലകളിലായി നടക്കുന്നത് അഭികാമ്യമാണ്.

1. പ്രാദേശിക തലത്തിൽ, വിവിധ മതങ്ങളിൽപ്പെട്ട സാധാരണ ജനങ്ങളുടെ സ്നേഹബന്ധത്തെയും, സഹകരണത്തെയും, വളർത്താൻ സഹായിക്കുന്ന അവസരങ്ങൾ സൃഷ്ടിക്കുവാൻ പ്രാദേശിക സംഗമ സമിതികൾ.
2. ആഴമായ പരിചിന്തനത്തിനും അനുഭവ പങ്കാളിത്തത്തിനും സന്മനസും, താത്പര്യവും കഴിവും ഉള്ളവരുടെ സൗഹൃദസംഗമ വേദികൾ.
3. ഉഭയകക്ഷി അടിസ്ഥാനത്തിൽ വിവിധ മത, പ്രത്യയശാസ്ത്രങ്ങളുടെ പ്രതിനിധികളുടെ പഠനഗ്രൂപ്പുകൾ.

### 5. ശ്രദ്ധിക്കേണ്ട വസ്തുതകൾ

മേല്പറഞ്ഞ മൂന്നു മേഖലകളിലായി നടക്കാവുന്ന സൗഹൃദസംഗമ പ്രസ്ഥാനങ്ങളിൽ പൊതുവെ ശ്രദ്ധിക്കപ്പെടേണ്ടതായ ചില വസ്തുതകൾ കൂടി സൂചിപ്പിക്കുന്നു.

1. ഓരോ മതത്തിനും, പ്രത്യയശാസ്ത്രത്തിനും അതിന്റേതായ അനന്യത്വം (uniqueness) ഉണ്ട് എന്നു സമ്മതിക്കണം.
2. ആധികാരികതയോടെയുള്ള തുറന്ന സമീപനം പ്രാധാന്യം അർഹിക്കുന്നു. സ്വയം അനുഭവിക്കുന്നതും, ആത്മാർത്ഥമായി വിശ്വസിക്കുന്നതും ഒട്ടും വെള്ളം ചേർക്കാതെ പങ്കുവയ്ക്കുക. അതോടൊപ്പം, സ്വീകരിക്കാവുന്നതിനെ സ്വീകരിക്കുവാനുള്ള സന്നദ്ധത ഉണ്ടായിരിക്കുക.
3. വാദപ്രതിവാദങ്ങൾ അല്ല, ഭേദപ്പെട്ട ധാരണയാണു ലക്ഷ്യം എന്നു മറക്കാതിരിക്കുക.
4. സംഗമത്തിലെ പങ്കാളിയെ (വ്യക്തിയോ, സമൂഹമോ), അവർ ആയിരിക്കുന്ന തലത്തിൽ അംഗീകരിക്കുവാനും ബഹുമാനിക്കു

വാനും സന്നദ്ധതയുണ്ടാവുക.

5. മറ്റു മതങ്ങളെക്കുറിച്ചും പ്രത്യയശാസ്ത്രങ്ങളെക്കുറിച്ചും കൂടുതൽ അറിയുവാനുണ്ട് എന്ന ബോദ്ധ്യത്തിൽ, എപ്പോഴും കൂടുതൽ അറിയുവാൻ സന്നദ്ധത കാട്ടുക.

6. താരതമ്യ പഠനത്തിൽക്കൂടി സാധർമ്മ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തുവാൻ ശ്രമിക്കാമെങ്കിലും ഏതാണു ശ്രേഷ്ഠം എന്ന വിധിയെഴുത്ത് ആത്മനിഷ്ഠമാകുന്നതുകൊണ്ട് നിരുത്സാഹപ്പെടുത്തണം.

7. വിപ്ലവകരമായ ത്യാഗമനോഭാവം ഉണ്ടാവുക, നമ്മുടെ വിശ്വാസം നഷ്ടപ്പെടുമോ ഒരു ഒത്തുതീർപ്പിൽ എത്തേണ്ടി വരുമോ എന്നൊക്കെ ഭയപ്പെട്ട് ആത്മാവിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നത് ആരോഗ്യകരമല്ല.

8. സ്നേഹമാണ് എല്ലാ മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പ്രായോഗികാടിസ്ഥാനം എന്നു സമ്മതിച്ച്, അതിനു കോട്ടം തട്ടുന്നതൊന്നും സൗഹൃദസംഗമത്തിന്റെ പരിഗണനയിൽ കൊണ്ടുവരാതിരിക്കുക.

9. തുറന്ന മനസ്സുണ്ടെങ്കിൽ ഒരു പരിധി വരെയെങ്കിലും അപരന്റെ വിശ്വാസ, അനുഭവ ആധികാരികതയിൽ കടന്നുചെല്ലാം. എന്നാൽ എത്ര ശ്രമിച്ചാലും അതിന്റെ പൂർണ്ണതയിൽ എത്തണം എന്നു നിർബന്ധമില്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു.

## ചോദ്യങ്ങൾ

1. തദ്ദേശീയീകരണത്തിൽ 'സൗഹൃദസംഗമ'ത്തിന്റെ പ്രസക്തിയെന്ത്?
2. സൗഹൃദസംഗമത്തിന്റെ ലക്ഷ്യങ്ങൾ ഏതൊക്കെ?
3. സൗഹൃദസംഗമ പ്രക്രിയയുടെ പ്രായോഗിക വശങ്ങൾ ചർച്ച ചെയ്യുക.

# യൂണിറ്റ് 2

# തദ്ദേശീയീകൃത ക്രൈസ്തവ മതജീവിതം: ഒരന്വേഷണം

## പാഠം 1

## ആധ്യാത്മികത

❑ ആധ്യാത്മികത: ഒരു പദവിശകലനം ❑ ആധ്യാത്മികതയുടെ പ്രധാന മാനങ്ങൾ ❑ ആധ്യാത്മികതയുടെ അന്തഃസത്ത

### 1. ആധ്യാത്മികത: ഒരു പദവിശകലനം

'ആധ്യാത്മികത' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാകണമല്ലോ. 'അധി' + 'ആത്മികത' എന്നു പറഞ്ഞാൽ, ഭാഷാപരമായി 'ആത്മ'ന്, മുൻതൂക്കം കൊടുക്കുന്നത് എന്നാണർത്ഥം. 'ആത്മൻ', ഭാരതത്തിലെ പൗരാണിക മതഗ്രന്ഥങ്ങളിൻപ്രകാരം, വ്യക്തിയുടെ സത്തയാണ് (അതുതന്നെയായിരുന്നു പ്രപഞ്ചത്തിന്റെ സത്തയും ആയ ആത്യന്തിക യാഥാർത്ഥ്യം). അത് ശരീരത്തിൽ നിന്ന് ഭിന്നമോ, വിരുദ്ധമോ അല്ല. ശരീരത്തിന്റെയും സത്തയാണ്. ആത്മനെ കണ്ടെത്തുന്ന സപര്യയാണ് ആധ്യാത്മികത. അതുകൊണ്ട് യവനപാരമ്പര്യത്തിലോ, ലത്തീൻ പാരമ്പര്യത്തിലോ, നിഷ്കൃഷ്ടമായി മനസ്സിലാക്കുന്ന 'സ്പിരിച്ച്വാലിറ്റി' എന്നതിലും കൂടുതൽ അർത്ഥവ്യാപ്തി ആധ്യാത്മികതയ്ക്കുണ്ട് എന്നു മനസ്സിലാക്കണം. ഭാരതീയ പശ്ചാത്തലത്തിൽ മതജീവിതത്തിന്റെ ഏതെങ്കിലും ഒരു വശത്തിനു മാത്രമായി ആധ്യാത്മികതയെന്നു പേരു കൊടുക്കാമെന്നും തോന്നുന്നില്ല. സന്യാസജീവിതമോ, ആത്മിയാനുഭൂതിയോ, ആരാധനാനുഷ്ഠാനങ്ങളോ മാത്രമല്ല ആധ്യാത്മികത. ധാർമ്മികമായ ജീവിതത്തിന്റെ അനേകം മാനങ്ങളിൽ പ്രകാശിക്കുന്ന ചൈതന്യമാണ് ആധ്യാത്മികത. ഭാരതീയ ക്രിസ്തീയ ചൈതന്യം തെളിയേണ്ട പ്രധാന മാനങ്ങൾ ഏതൊക്കെയെന്നു നോക്കാം.

### ആധ്യാത്മികതയുടെ പ്രധാന മാനങ്ങൾ

**1. ദൈവശാസ്ത്രം:** ദൈവശാസ്ത്രത്തിലാണ് ആധ്യാത്മികത ഏറ്റവും കൂടുതൽ വിളങ്ങുന്നത്. ദൈവശാസ്ത്രം ആധ്യാത്മികതയിലും, ആധ്യാത്മികത ദൈവശാസ്ത്രത്തിലും സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട്, ഭാരതീയ സാഹചര്യത്തിലെ ക്രൈസ്തവാധ്യാത്മികതയുടെ പശ്ചാത്തല ദൈവശാസ്ത്രം പ്രാധാന്യമർഹിക്കുന്നു. ഭാരതീയ ക്രൈസ്തവാധ്യാത്മിക

തയുടെ പശ്ചാത്തല ദൈവശാസ്ത്രം, ഭാരതീയമോ വിദേശീയമോ ആയ ഏതെങ്കിലും ഒരു ദർശനത്തിനോ, ചിന്താഗതിക്കോ മാത്രം അനുരൂപപ്പെട്ട താവണം എന്ന് നിഷ്കർഷിക്കണോ? ഇവിടെ നിർദ്ദേശിക്കുവാനുള്ളത് ദൈവശാസ്ത്രത്തിന് വിശാലമായ ഒരു വീക്ഷണം അത്യാവശ്യമാണെന്നാണ്. അദ്വൈതദർശനത്തെയും, ഭക്തി ദർശനങ്ങളെയും ഉൾക്കൊള്ളുവാൻ ഹൈന്ദവ ദൈവശാസ്ത്ര ചിന്തയ്ക്കു കഴിഞ്ഞതുപോലെ ഭാരതീയ ക്രൈസ്തവ ദൈവശാസ്ത്ര ചിന്തയ്ക്കും ക്രിസ്തുവിൽ കേന്ദ്രീകൃതമായ അനേകം വ്യാഖ്യാന പാരമ്പര്യങ്ങളെ ഉൾക്കൊള്ളാനുള്ള വിശാലത ഉണ്ടാകണം. അപ്പോൾ വ്യാഖ്യാന പാരമ്പര്യങ്ങൾക്ക് അനുരൂപമായ ആത്മീയാനുഭൂതി പാരമ്പര്യങ്ങളും ഉടലെടുത്തുവെന്നു വരും. അവയെയും ഉൾക്കൊള്ളേണ്ടതായി വരും.

**2. ആരാധനാനുഷ്ഠാനങ്ങൾ:** ധ്യാന പ്രധാനമായതും, ആത്യന്തികമായി വ്യക്തികേന്ദ്രീകൃതവും, കുടുംബജീവിത പശ്ചാത്തലത്തിൽ ആവിഷ്കൃതവുമായ ഒരു മതജീവിതം ഭാരതത്തിന്റെ പൗരാണിക പൈതൃകമാണ്. ഈ വസ്തുതയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യക്തിപരവും, സമൂഹപരവുമായ ആരാധനാനുഷ്ഠാനങ്ങൾക്കു ഭാരതീയമായ ഒരു ഗന്ധം ഉണ്ടായിരിക്കും. ഭാരതീയമായ ആരാധനാനുഷ്ഠാനങ്ങൾക്ക് ധ്യാനാത്മകമായ ഒരു ശൈലി സാധാരണമാണ് (ഒരു ശൈലിയേ ഉണ്ടാകാവൂ എന്നു നിർബന്ധമില്ലെങ്കിലും). കീർത്തനങ്ങളും, തദനുസൃതമായ ഭാവ, രാഗ താള സമന്വയങ്ങളും ഭാരതീയ ആരാധനാ ശൈലിയുടെ മുഖമുദ്രയാണ്. കീർത്തനങ്ങളുടെയും, പ്രാർത്ഥനകളുടെയും ഉള്ളടക്കത്തിൽ ഭാരത ജീവിത യാഥാർത്ഥ്യങ്ങൾക്ക് സ്ഥാനം ലഭിക്കണം. ലോകവിരക്തനായ ഒരുവന്റെ വിചാരതരംഗങ്ങളോ, ഒരു സന്യാസ സമൂഹത്തിന്റെ ജീവിത ശൈലിയോ മുന്നിൽ കണ്ടുകൊണ്ടുള്ള ആരാധനാനുഷ്ഠാനങ്ങൾ സാമാന്യജനത്തിനു പ്രസക്തമാകണമെന്നില്ല. കുടുംബജീവിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും യാഥാർത്ഥ്യങ്ങളെയും മുന്നിൽ കണ്ടുകൊണ്ടുള്ള വ്യക്തിപരവും, സമൂഹപരവുമായ ആരാധനാ സജ്ജീകരണം പ്രാധാന്യമർഹിക്കുന്നു.

**3. ആത്മീയാനുഭൂതി:** ആത്മീയാനുഭൂതി പ്രാഥമികമായും വ്യക്തിയെ ആശ്രയിച്ചിരിക്കുന്നതിനാൽ എല്ലാവർക്കും ഒരേ ശൈലിയിലുള്ള ആത്മീയാനുഭൂതി നിഷ്ക്കർഷിക്കുക സാധ്യമല്ല. എങ്കിലും പൗരാണിക ഭാരതത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ആത്മീയാനുഭൂതി – പാരമ്പര്യത്തിന് ചില പൊതുവായ വശങ്ങൾ കാണാം. ബഹളങ്ങളോ, ഇളക്കങ്ങളോ ഇല്ലാത്ത ആത്മതപനത്തിന്റെയും ആത്മനിഷ്ഠകളുടെയും, തപസിന്റെയും, വ്രതചര്യകളുടെയും, ഒരു അനുഭൂതി പാരമ്പര്യമായിരുന്നു അത്. ഈ പാരമ്പര്യത്തെ ഉൾക്കൊണ്ടിരുന്നതുകൊണ്ടു കൂടി ആയിരിക്കാം ലത്തീൻ സഭയുടെ ആത്മീ

യാനുഷ്ഠാനങ്ങളേക്കാൾ സുറിയാനിസഭയുടെ ആത്മീയാനുഷ്ഠാനങ്ങൾ മലങ്കരസഭയിൽ പൊതുവെ അംഗീകരിക്കപ്പെട്ടത്.

**4. വേദഗ്രന്ഥങ്ങളുടെ ഉപയോഗം:** വേദഗ്രന്ഥങ്ങൾ ഭാരതീയ മതജീവിതത്തിൽ വ്യാഖ്യാനത്തേക്കാൾ കൂടുതലായി ധ്യാനാത്മകമായ പാരായണത്തിനാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് വ്യാഖ്യാനത്തിനു പ്രാധാന്യം കുറയ്ക്കണം എന്നല്ല സൂചിപ്പിക്കുന്നത്. ഭക്തിദ്യോതകമായ വേദപാരായണത്തിന് അവസരം കൂടുതലുണ്ടാകുന്നതും അത് കീർത്തനരൂപത്തിൽ ആലപിച്ച് ആ അനുഭൂതി ആർജ്ജിക്കുന്നതും, ഭാരതീയ ക്രൈസ്തവാധ്യാത്മികതയിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്. വേദഗ്രന്ഥങ്ങളുടെ ഇതിവൃത്തം കീർത്തനങ്ങളാക്കി ആലപിക്കുന്ന പാരമ്പര്യം മലങ്കര നസ്രാണികൾക്കുണ്ടായിരുന്നതിനെയാണല്ലോ, 'ആദത്തിന്റെ വട്ടക്കളി', 'പൂർവ്വ യൗസേപ്പിന്റെ വട്ടക്കളി', 'മൂശയുടെ വട്ടക്കളി', 'ചെറിയ തോബിയാസിന്റെ പാട്ട്', 'യൗനാൻ നിവ്യായുടെ പാട്ട്', 'മാർ യോഹന്നാൻ മാംദാനായുടെ പാട്ട്', 'കന്നി ഉമ്മായുടെ പാട്ട്', 'മറിയം മഗ്ദലേത്താ ഉമ്മായുടെ പാട്ട്', 'മിശിഹായുടെ പാട്ട്' മുതലായവ ഉദാഹരിക്കുന്നത്. പൗരസ്ത്യ സഭകളുടെ പൊതുവായ ഒരു ആത്മീയ പാരമ്പര്യമാണ് സങ്കീർത്തന (കീർത്തനമായിട്ടുതന്നെ) ആലപനം. വേദഗ്രന്ഥങ്ങളുടെ വ്യാഖ്യാനവും പ്രാധാന്യമർഹിക്കുന്നു. ഭാരതീയമായ ഒരു വേദവ്യാഖ്യാന (പ്രസംഗ) ശൈലി ക്രൈസ്തവ പാരമ്പര്യം കണ്ടെത്തേണ്ടതായിട്ടുണ്ട് (റഷ്യൻ സഭയ്ക്കും, ഗ്രീക്കു സഭയ്ക്കും സ്വകീയമായ ഒരു വേദ വ്യാഖ്യാന ശൈലി ഉണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്). പ്രൊട്ടസ്റ്റന്റ് പാരമ്പര്യത്തിൽ നിന്ന് ലഭ്യമായിട്ടുള്ള ഒരു വേദവ്യാഖ്യാന (പ്രസംഗ) ശൈലിയാണ് ഇന്ന് ഭാരത ക്രൈസ്തവരുടെയിടയിൽ പൊതുവേ കാണപ്പെടുന്നത്. സുവിശേഷത്തിന്റെ പഴയനിയമ പശ്ചാത്തലത്തിന് സമാന്തരമായിട്ടോ അതിനു പുറത്തായിട്ടോ എങ്കിലും ഭാരതത്തിലെ മതഗ്രന്ഥങ്ങളുടെ അന്വേഷണങ്ങളും കണ്ടെത്തലുകളും പരാമർശിക്കപ്പെടേണ്ടതല്ലേ? ദൃഷ്ടാന്തങ്ങളായും മറ്റും പ്രത്യക്ഷപ്പെടേണ്ടത് ഭാരതീയ ജീവിത യാഥാർത്ഥ്യങ്ങളല്ലേ? വേദവ്യാഖ്യാനത്തിന്റെ സന്ദേശത്തിൽ ഊന്നൽ കൊടുക്കേണ്ടത്, ആനുകാലിക സാഹചര്യങ്ങളോടുള്ള സമഗ്രമായ ക്രൈസ്തവ പ്രതികരണമെന്തന്നതിന്നല്ലേ?

## ആധ്യാത്മികതയുടെ അന്തഃസത്ത: ദൈവദർശനം

പൊതുവെ ഭാരതീയ ചിന്തയിൽ 'ഈശ്വര സാക്ഷാത്ക്കാരം' ആണ് ആധ്യാത്മികതയുടെ അന്തഃസത്ത. ക്രൈസ്തവ ചിന്തയിൽ അത് ദൈവദർശനമെന്ന് പറയാമെന്നു തോന്നുന്നു. മനുഷ്യനിലെ ദൈവസാദൃശ്യം, അവൻ യേശുക്രിസ്തുവിൽക്കൂടി ദൈവീകരിക്കപ്പെടുവാനുള്ള അച്ചാരമാണ്. മക്കളുടെ പുതിയ പദവിയുടെ സ്വാതന്ത്ര്യമാണ് പിതാവിന്റെ അടുക്കലേക്കു

പ്രവേശിക്കുകയെന്നത്. ദൈവത്തെ വ്യക്തിത്വത്തിൽ മുഴുവൻ രുചിച്ചറിയുമ്പോഴാണ്, ദൈവീകരിക്കപ്പെടുകയും ദൈവത്തെ ദർശിക്കുകയും ഒക്കെ ചെയ്യുന്നത്. എത്ര അറിഞ്ഞാലും പൂർണ്ണമായി പറയാൻ സാധിക്കുകയില്ല, ദൈവത്തെ കണ്ടുവെന്ന്. അത്രമാത്രം അനന്തമായ ഒരു അനുഭവ പാതയാണ് അത്. പിന്നെ എത്ര ആഴമായി ക്രിസ്തുവിനെ അറിയുന്നുവോ, അതിനനുസരിച്ച് പിതാവിനെയും അറിയുന്നുവെന്നു മാത്രം, കാരണം അവിടുന്നു പറഞ്ഞു: 'എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്ന്.

**ചോദ്യങ്ങൾ**

1. ഭാരതീയ ക്രൈസ്തവാധ്യാത്മികതയുടെ പ്രധാന മാനങ്ങൾ ഏതൊക്കെ?
2. ഏതെങ്കിലും ഒരു ബൈബിൾ ഭാഗത്തിന്, ഭാരതീയമായ ഒരു വ്യാഖ്യാനം കൊടുത്തുകൊണ്ട് പ്രസംഗരൂപേണ എഴുതുക.

## പാഠം 2

# ആരാധന

❑ ആരാധനയുടെ അടിസ്ഥാന മനോഭാവം ❑ തദ്ദേശീയീകൃത ആരാധന: വാക്കുകളിൽക്കൂടി ❑ തദ്ദേശീയീകൃത ആരാധന: കർമ്മങ്ങളിൽക്കൂടി

ആധ്യാത്മികതയുടെ ഏറ്റവും പ്രധാനപ്പെട്ട മണ്ഡലമാണ് ആരാധനാനുഷ്ഠാനങ്ങൾ എന്നും തദ്ദേശീയീകൃതമായ ആരാധനാനുഷ്ഠാനങ്ങൾക്കു ചില പ്രത്യേകതകൾ ഉണ്ടാകും എന്നും കണ്ടുകഴിഞ്ഞു. എന്നാൽ, നിറപറയും നിലവിളക്കും, സാമ്പ്രാണിയും കർപ്പൂരവും, ആരതിയും, പുഷ്പാർച്ചനയുമൊക്കെ മാത്രമാണ് തദ്ദേശീയീകൃത ആരാധനയെന്നു കരുതുന്നത് അബദ്ധമാണ്. അങ്ങനെ മാത്രമുള്ള പരിശ്രമങ്ങളെ ഹൈന്ദവീകരണം എന്നു മുദ്രകുത്തിയെന്നും വരാം. ആധുനിക ഹൈന്ദവ മതജീവിതത്തിൽ തന്നെ മേല്പറഞ്ഞ ബാഹ്യരൂപങ്ങൾക്ക് പ്രസക്തി കുറഞ്ഞുവരികയാണ്.

### 1. ആരാധനയുടെ അടിസ്ഥാനമനോഭാവം

ആരാധനയിൽ പ്രധാനം, ആരാധനയുടെ അടിസ്ഥാന മനോഭാവമാണ്. കരുണാമയനായ സർവ്വേശ്വരന്റെ സന്നിധിയിൽ, തികഞ്ഞ ആത്മാർത്ഥതയോടെ സ്ഥലകാല പരിമിതിയിൽ നിന്നും അതീതമായി സ്വയം അർപ്പി

ക്കുന്ന മനോഭാവം! ആ മനോഭാവത്തിന്റെ അവാച്യാനുഭൂതിക്കു, വാക്കുകൾക്കും കർമങ്ങൾക്കും ഉള്ളതിൽ കൂടുതൽ വാചാലതയുണ്ട്; ആശയവിനിമയ ശക്തിയുണ്ട്: പക്ഷേ, പ്രസ്തുതാനുഭൂതിയിൽ ആമഗ്നമാവുമ്പോൾ, ചില വാക്കുകൾ പറയാതിരിക്കുക വയ്യ; ചില കർമങ്ങൾ അനുഷ്ഠിക്കാതിരിക്കുക വയ്യ. ആ വാക്കുകൾ അപ്പോൾ വെറും അപേക്ഷകൾ മാത്രമായി ചുരുങ്ങിപ്പോകുമെന്നും തോന്നുന്നില്ല. ആ വാക്കുകളിൽ, നന്ദി നിറഞ്ഞ ഹൃദയത്തിന്റെ സ്തുതിപ്പുകൾ ഉണ്ടാകും: നിസ്സഹായാവസ്ഥയുടെ തേങ്ങലുകൾ ഉണ്ടാകും; അനുതാപം നിറഞ്ഞ ഏറ്റുപറച്ചിലുകൾ ഉണ്ടാകും; ആവശ്യങ്ങൾ തിരുഹിതത്തിനു സമർപ്പിക്കുക ആകാം, ആ കർമങ്ങളിൽ, കർമേന്ദ്രിയങ്ങളെയും ജ്ഞാനേന്ദ്രിയങ്ങളെയും മുഴുവൻ പങ്കെടുപ്പിക്കാം, ഏറ്റം വിലയേറിയതായിട്ടു തോന്നുന്നതിനെയൊക്കെ അവിടത്തേയ്ക്കു സമർപ്പിക്കുകയാകാം, ഏറ്റം നിർമലമായിട്ടും, മനോജ്ഞമായിട്ടും തോന്നുന്നതിനെയൊക്കെ അങ്ങേയ്ക്ക് അർപ്പിക്കുകയാകാം; അവിടുന്നു നൽകുന്ന സമാധാനത്തിന്റെയും, അനുഗ്രഹങ്ങളുടെയും കൂട്ടായ്മ ആ കർമങ്ങളിൽ കൂടി സൂചിപ്പിക്കുകയും ചെയ്യാം.

പൊതുവെ പൗരസ്ത്യ ക്രൈസ്തവാരാധനയിലും, ഭാരതത്തിന്റെ പൗരാണിക മതജീവിതത്തിലും ഇപ്പറഞ്ഞ മനോഭാവവും, ഇപ്പറഞ്ഞ രീതിയിലുള്ള വാക്കുകളും കർമങ്ങളുമാണ് ദർശിക്കുവാൻ കഴിയുന്നത്. അതിനെ എത്രമാത്രം കൂടുതലായി അർത്ഥവത്തും, സംഗതവും മനോജ്ഞവുമാക്കാം എന്നേ ചിന്തിക്കേണ്ടതുള്ളൂ.

## 2. തദ്ദേശീയീകൃത ആരാധന: വാക്കുകളിൽക്കൂടി

**1. പ്രാദേശിക ഭാഷ:** വ്യക്തിപരമായും സമൂഹപരവുമായ ആരാധനയ്ക്കുള്ള വാങ്ങ്‌രൂപം ഗദ്യമാകാം. പദ്യമാകാം. ഗദ്യമാണെങ്കിലും, പദ്യമാണെങ്കിലും രണ്ടിനും പ്രാദേശികഭാഷ, അതിന്റെ ലളിതവും ആനുകാലികവുമായ ശൈലിയിൽ, പ്രാധാന്യമർഹിക്കുന്നു.

**2. ഗദ്യരൂപത്തിൽ:** സ്തുതിപ്പുകളും, അപേക്ഷകളും, ഗദ്യരൂപത്തിലുള്ള ആരാധനാഭാഗങ്ങളിൽ ഉൾപ്പെടും. ഭാരതീയമായ സാഹചര്യത്തിൽ സ്തുതിപ്പുകളിലും, അപേക്ഷകളിലും, ഉത്ബോധനങ്ങളിലും ആരെയും പ്രകോപിപ്പിക്കാത്ത ഒരു അടിസ്ഥാന മനോഭാവം ആവശ്യമാണ്. ജീവിതത്തിന്റെ ഏതെങ്കിലും ഒരു വശത്തെ പ്രത്യേകമായി സ്പർശിക്കുന്ന ആരാധനാവസരങ്ങളിൽ (ഉദാഹരണം: വിവാഹം) ആ ജീവിതാനുഭവത്തിന്റെ പ്രാധാന്യവും, അതിലെ വെല്ലുവിളികളും അവിടെ ലഭ്യമാകേണ്ട ദൈവകൃപയും ഓർമ്മിപ്പിക്കുന്ന വിധത്തിൽ ആരാധനയുടെ ഉള്ളടക്കം ക്രമീകരിക്കപ്പെടണം.

**3. പദ്യരൂപത്തിൽ:** പദ്യരൂപത്തിലും, സ്തുതിപ്പുകളും, അപേക്ഷകളും, ഉത്ബോധനങ്ങളും ആകാമെന്നും അവയ്ക്കാണു കൂടുതൽ അംഗീകാരം

ഉണ്ടാകുന്നതെന്നും സുവിദിതമാണ്. പദ്യരൂപത്തിൽ ആലപിക്കുമ്പോൾ, അതിന്റെ രാഗം, താളം മുതലായവ പ്രാധാന്യമർഹിക്കുന്നു. പൗരാണിക ഭാരതത്തിലെ മതജീവിതത്തിൽ ലബ്ധപ്രതിഷ്ഠമായ ചില രാഗങ്ങളും താളങ്ങളും ഉണ്ട്. അവയെ അവലംബിച്ചുകൊണ്ടു ക്രൈസ്തവ കീർത്തനങ്ങളും, 'പാന' (ഭക്തികീർത്തനങ്ങൾ) കളും ശ്ലോകങ്ങളും ഉണ്ടാകുവാൻ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. രാഗത്തിലും താളത്തിലും അനുകരണത്തേക്കാളും, മനോജ്ഞമായതും പാരമ്പര്യത്തോടു നീതിപുലർത്തുന്നതുമായ പുതിയ അന്വേഷണങ്ങൾക്കാണു മുൻതൂക്കം കൊടുക്കേണ്ടത്. സങ്കീർണ്ണമായ കർണ്ണാടക രാഗങ്ങൾ ഒരുപക്ഷേ ഭൂരിപക്ഷത്തിനും പരിചിതമായിരിക്കുകയില്ല. ലളിതമായ കീർത്തനശൈലി എല്ലാത്തരമാളുകൾക്കും സ്വീകാര്യമായിരിക്കും. അനുകരണഭ്രമം കൊണ്ടു പ്രത്യേകിച്ചു, പാശ്ചാത്യ വാദ്യമേളങ്ങൾ ആസ്വദിക്കുന്നവരുണ്ടാകാം എങ്കിലും, ഭാരതീയമായ ഒരു മനസ്സിന്റെ ആരാധനാരൂപിയെ ഉണർത്താനും അനുഗമിക്കാനും ഭാരതീയ വാദ്യമേളങ്ങൾക്കുള്ള (ഉദാ: വീണ, സിത്താർ) സ്ഥാനം അനന്യമാണ്.

## 3. തദ്ദേശീയീകൃത ആരാധന: കർമങ്ങളിൽക്കൂടി

**1. സജ്ജീകരണം:** ആരാധന വ്യക്തി തന്നെയോ, കുടുംബമായോ, സമൂഹമായോ അനുഷ്ഠിക്കുമ്പോൾ ഒരു പശ്ചാത്തല സജ്ജീകരണമുള്ളത് അഭികാമ്യമാണ്. ഈ പശ്ചാത്തല സജ്ജീകരണത്തിൽ പൗരാണിക ഭാരതത്തിലെ മതജീവിതത്തിൽ നിന്നു സ്വീകരിക്കാവുന്നത് പലതുമുണ്ട്. ദീപാലങ്കാരം, പുഷ്പാലങ്കാരം, സുഗന്ധധൂപീകരണം ഇതൊക്കെയാണ് അവയിൽ ചിലത്. പ്രപഞ്ചത്തിൽ ഏറ്റവും മനോജ്ഞമാണു പ്രകാശവും, സൗന്ദര്യവും, സുഗന്ധവും. ഈ മൂന്നിനെയും ദൈവാരാധനയ്ക്കു മുഖാന്തിരമാക്കുന്നത് ഉചിതമല്ലെന്നാർക്കു പറയാം? ദീർഘനേരം ശ്രദ്ധ കേന്ദ്രീകരിക്കുവാനും ധ്യാനം സ്വസ്ഥമാകുവാനും ചമ്രംപടഞ്ഞുള്ള ഇരുപ്പ് ഏറ്റവും ഉപകരിക്കുമെന്നാണ് യോഗികളുടെയും അനുഭവസ്ഥരുടെയും അഭിപ്രായം. എങ്കിലും ഇന്ന് ഇതിനു പ്രായോഗികമായ വൈഷമ്യമുള്ളവർ ധാരാളമുണ്ട് എന്നതും കണക്കിലെടുക്കണം. കാർമികനും, ജനങ്ങളും ഒരേ ദിശയെ അഭിമുഖീകരിക്കുന്നതാണു പൊതുവെ പൗരസ്ത്യമതങ്ങളുടെയെല്ലാം ആരാധനാശൈലി.

**2. നിശ്ശബ്ദ നിമിഷങ്ങൾ:** നിശ്ശബ്ദനിമിഷങ്ങൾ 'കർമ'മാണോ എന്നു സംശയിച്ചേക്കാം. ആരാധനയുടെ അനുഷ്ഠാനമായിട്ടു തന്നെ ആരാധനയ്ക്കിടയിൽ 'നിശ്ശബ്ദത'യ്ക്കു സ്ഥാനമുള്ളതിനാലാണ് ഇവിടെ ഉൾപ്പെടുത്തുന്നത്. വാക്കുകളിലും കർമങ്ങളിലും കൂടി തിരിക്കുപിടിച്ച ഒരു ആരാധനാസജ്ജീകരണത്തേക്കാൾ ഹൃദ്യമായിട്ടുള്ളത്, ഹ്രസ്വമെങ്കിലും സാവകാശം തോന്നിക്കുന്ന നിശ്ശബ്ദനിമിഷങ്ങൾ ഉൾപ്പെട്ട ആരാധനയാണ്. ധ്യാനിക്കുവാനും, ദൈവസന്നിധിയിൽ സ്വയം മറക്കുവാനും ഉള്ള നിമിഷ

ങ്ങളാണ് നിശ്ശബ്ദതയുടെ നിമിഷങ്ങൾ. ആരാധനയിലെ തന്നെ വാക്കുകളിലും കർമങ്ങളിലും കൂടി ശ്രദ്ധ പതറിപ്പോയെന്നു വരാം. അപ്പോൾ, അതിനെ വീണ്ടും സ്വസ്ഥമാക്കാനും ഈ നിശ്ശബ്ദ നിമിഷങ്ങൾ ഉപകരിക്കും.

**3. അഭിവാദ്യം:** ദൈവസന്നിധിയിൽ സാഷ്ഠാംഗപ്രണാമം നടത്തുന്നതിനും ആരാധനയ്ക്കിടയിൽ ദൈവവരപ്രസാദത്താൽ പരസ്പരം അഭിവാദ്യം ചെയ്യുന്നതിനും അതിന്റേതായ സ്ഥാനമുണ്ട്. ഭാരതത്തിന്റെ പൗരാണിക പാരമ്പര്യത്തിൽ ഉള്ളതും ഇന്നും നഷ്ടമാകാത്തതുമായ ഒരു അഭിവാദ്യരീതിയാണ് അഞ്ജലീ വന്ദനം (കൈ കൂപ്പുന്നത്). ആശ്ലേഷത്തേക്കാളും കൈകൊടുക്കുന്നതിനേക്കാളും, ഭാരതത്തിൽ ഹൃദ്യമായ രീതി കൈ കൂപ്പുന്നതു തന്നെയാണ്. ദൈവസന്നിധിയിൽ സാഷ്ഠാംഗപ്രണാമം ചെയ്യുന്നത് ഭാരതീയ രീതി മാത്രമല്ല, മിക്ക മതങ്ങളിലും ഉള്ളതാണ്.

**4. പ്രത്യേക കർമങ്ങൾ:** ഭവനങ്ങളിൽ, വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, സഭാജീവിതത്തിലും ഉണ്ടാകുന്ന പ്രധാന സംഭവങ്ങളോടനുബന്ധിച്ച് ആരാധന ക്രമീകരിക്കുവാൻ സാധിക്കും. അവയുടെ അർത്ഥവും പ്രസക്തിയും ആഴമാക്കുവാൻ ഉപയുക്തമായ കർമങ്ങളെയും സ്വീകരിക്കുവാൻ കഴിയണം. ഉദാഹരണത്തിനു വിവാഹത്തോടനുബന്ധിച്ചു പുരാതന കാലത്ത് നസ്രാണികുടുംബങ്ങളിൽ നടന്നുവന്ന ലളിതമായ കർമങ്ങളെ, ഈ ആരാധനയിൽ ഉൾക്കൊള്ളുവാൻ കഴിയും. വിവാഹത്തിനിറങ്ങിപ്പുറപ്പെടുമ്പോൾ, ദീപം തെളിയിക്കുന്നതും, വധുവി (വരനെ) നെ അണിയിച്ചൊരുക്കിക്കൊണ്ടുവരുന്നതും, ഗാനംപാടി പ്രാർത്ഥന ചൊല്ലുന്നതും, ഗുരുദക്ഷിണ സമർപ്പിക്കുന്നതും ഒക്കെ ആരാധനയുടെ ഭാഗമാക്കിത്തീർക്കാൻ കഴിയും. പെസഹാവ്യാഴാഴ്ച കുടുംബാംഗങ്ങളെല്ലാം ചേർന്നു നടത്തിയിരുന്ന തിരുവത്താഴ അനുസ്മരണവും ആരാധനയുടെ രീതിയിൽ പരിഷ്ക്കരിക്കുന്നത്, വി. കുർബാനയുടെ പ്രാധാന്യത്തെയോ അനന്യത്വത്തെയോ കുറച്ചുകളയുമെന്നും തോന്നുന്നില്ല.

## ചോദ്യങ്ങൾ

1. ആരാധനയുടെ അടിസ്ഥാന മനോഭാവം എന്തായിരിക്കണം?
2. നിങ്ങൾ ഉൾപ്പെടുന്ന ആത്മീയ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേകമായി നടത്തുവാൻ വാക്കുകളിലും, കർമങ്ങളിലും കൂടി സമഗ്രമായ ഒരു ക്രിസ്തുമസ് സന്ധ്യാരാധന എഴുതുവാൻ ശ്രമിക്കുക.

## പാഠം 3

# കലയും സാഹിത്യവും

❑ സംക്ഷിപ്ത ചരിത്രം ❑ കലാരംഗം ❑ സാഹിത്യരംഗം

ക്രൈസ്തവ മതജീവിതം പൊതുജീവിത ധാരയിൽ ലയിക്കുവാനുള്ള മുഖാന്തരമാണ് കലയും സാഹിത്യവും. കലയിലും സാഹിത്യത്തിലും കൂടി ക്രൈസ്തവ സത്യത്തെയും മൂല്യങ്ങളെയും പ്രകാശിപ്പിക്കാനുള്ള ശ്രമങ്ങൾ പുരാതനസഭയിൽ തന്നെയുണ്ടായിരുന്നു. അതുകൊണ്ട് തദ്ദേശീയമായ കലാസാഹിത്യ മാധ്യമങ്ങളെ പോഷിപ്പിക്കുകയും, അവയിൽക്കൂടി ക്രൈസ്തവ മൂല്യങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുകയെന്നുള്ളത് ക്രൈസ്തവ ധർമത്തിന്റെ തദ്ദേശീയീകരണത്തിന്റെ ഭാഗമായിരിക്കും.

### 1. സംക്ഷിപ്ത ചരിത്രം

മിഷനറിമാരുടെ ആഗമനത്തിനു മുമ്പുള്ള മലങ്കരസഭയിൽ അനേകം ക്രൈസ്തവ കലാരൂപങ്ങൾ ഉണ്ടായിരുന്നു. അവയിൽ ചിലതാണല്ലോ മാർഗ്ഗംകളിയും ഉപവിഭാഗങ്ങളായ പരിചമുട്ടുകളിയും വട്ടക്കളിയും ഒക്കെ. ചവിട്ടു നാടകത്തിന്റെ പൗരാണികതത്തെക്കുറിച്ച് അധികം വ്യക്തമായിപ്പറയുക സാധ്യമല്ലെങ്കിലും, പള്ളികളിൽ സ്ഥിരമായി ഇതുപോലെയുള്ള കലാരൂപങ്ങൾ അവതരിപ്പിക്കുവാനായിരുന്നുവല്ലോ 'നാടകശാല' തന്നെ ഉണ്ടായത്. മിഷനറിമാരുടെ ആഗമനത്തോടെ, കലാമാധ്യമത്തേക്കാൾ സാഹിത്യ മാധ്യമത്തിലാണെന്നു തോന്നുന്നു ശ്രദ്ധ പതിപ്പിക്കുവാൻ ശ്രമിച്ചത്. മലയാള ഗദ്യത്തിന്റെയും, സഞ്ചാര സാഹിത്യത്തിന്റെയും, ഭാഷാ പഠനത്തിന്റെയും പോഷണത്തിന് മിഷനറിമാരടക്കമുള്ള ക്രിസ്ത്യാനികളുടെ സംഭാവന ശ്രദ്ധേയമാണ്.

### 2. കലാരംഗം

മിഷനറിമാരുടെ ആഗമനശേഷം കലാരംഗത്ത് ക്രൈസ്തവ സംഭാവന കാര്യമായിട്ടുണ്ടായിട്ടില്ല. അഥവാ വ്യക്തിപരമായ താത്പര്യത്താൽ വല്ല പരിശ്രമവും ഉണ്ടായിട്ടുണ്ടെങ്കിൽ അവയ്ക്കു കാര്യമായ പ്രചാരണവും ലഭിച്ചിട്ടില്ല (അസ്സീസ്സീ ആർട്ട്സ്, കലാഭവൻ, ക്രിസ്ത്യൻ ആർട്ട്സ്, ക്രിസ്റ്റാർട്ട്സ് മുതലായവ ആധുനിക കാലത്തെ സംരംഭങ്ങളാണ്). കലാരംഗത്തു ശ്രദ്ധിക്കപ്പെടേണ്ടതായ ചില അന്വേഷണ മണ്ഡലങ്ങൾ താഴെക്കൊടുക്കുന്നു:

1. ദേവാലയ ശില്പം; ദേവാലയ കൊത്തുപണികൾ. 2. ചിത്രരചന. 3. സംഗീതം – വോക്കൽ. 4. സംഗീതം – ഉപകരണം. 5. നൃത്തം. 6. നാടകം. 7. കഥാപ്രസംഗം.

സാമൂഹ്യ വ്യതിയാനത്തിനുള്ള ക്രൈസ്തവ സാക്ഷ്യം ഏറ്റവും ഫലപ്രദമായി നടത്താവുന്ന മാധ്യമങ്ങളാണു മേല്പറഞ്ഞവ. അവയിൽ തനിമയുള്ളതും ക്രൈസ്തവ മൂല്യങ്ങളിൽ ഊന്നൽ കൊടുക്കുന്നതുമായ ശാഖകളിൽ ഗവേഷണം നടത്തുവാൻ സാധിക്കണം. റവ. മാത്യു ഡാനിയലിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്:

> 'ആധുനിക കാലത്ത്, കേരളത്തിലെ ക്രൈസ്തവ സമൂഹം കലാരംഗത്ത് ഏറെക്കുറെ നിഷേധാത്മകമായ സമീപനമാണ്, സ്വീകരിച്ചതെന്നു വേണം പറയേണ്ടത്. സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും, ഇതര മേഖലകളിൽ അസ്തിത്വം ഉറപ്പിക്കുന്നതിലും ശ്രദ്ധയൂന്നിയ സഭാനേതൃത്വം, കലാരംഗം വിസ്മരിച്ചു' (*കേരള ക്രൈസ്തവ സംസ്കാരം*, പേജ്, 153, 154).

കലാരംഗത്ത് ശ്രദ്ധ പതിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, ആനുകാലിക ക്രൈസ്തവ കലാമാധ്യമത്തെക്കുറിച്ചുള്ള ചില വിമർശനങ്ങൾ ശ്രദ്ധേയങ്ങളാണ്:

1. ദേവാലയ വാസ്തുശില്പം സിനിമാശാലകളുടേതിൽ നിന്ന് വ്യത്യസ്തമല്ലാത്ത ഒരു നിലയിലായിക്കൊണ്ടിരിക്കുന്നു. ഉൾഭാഗ വിസ്തൃതിയും സാമ്പത്തിക പരിഗണനകളും മാത്രമേ ദേവാലയ വാസ്തുശില്പത്തെക്കുറിച്ചുള്ള ആസൂത്രണത്തിൽ മിക്കപ്പോഴും കാര്യമായിട്ടെടുക്കുന്നുള്ളു.

2. ചിത്രരചനയിൽ സമൂലം അനുകരണമേ ദർശിക്കുന്നുള്ളൂ. വ്യക്തികളുടെ പൂർണ്ണമായ എണ്ണഛായചിത്രങ്ങളല്ലാതെ, ആരാധനാ പശ്ചാത്തലം ഭക്തിദ്യോതകമാക്കുന്ന ചിത്രരചന കാര്യമായിട്ടെടുത്തു കാണുന്നില്ല.

3. വ്യക്തിഗതമായും, സമൂഹമായും, ഗീതം ആലപിക്കുന്നതിലും, തികഞ്ഞ വിദേശസ്വാധീനം പ്രകടമാണ്. പൊതുവെ സുറിയാനി പാരമ്പര്യത്തിൽ പെട്ടവരും, നവീകരണ വിഭാഗക്കാരും ഗീതാലാപനത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ടെങ്കിലും എന്തുകൊണ്ടോ ക്രൈസ്തവർക്കു ഭാരതീയമായ ഒരു വോക്കൽ സംഗീത പാരമ്പര്യം ഉടലെടുത്തിട്ടില്ല.

4. ഉപകരണ സംഗീതത്തിന്റെ കാര്യത്തിലും ആധുനിക കാലത്തു പല ക്രൈസ്തവ കലാരൂപങ്ങളിലും പശ്ചാത്തലം ഒരുക്കുന്നത് പാശ്ചാത്യ ഉപകരണങ്ങളാണ്. ഭാരതീയ കലാലോകത്തിലെ, വീണയും, സിത്താറും കൂടുതൽ ഭക്തിരസത്തെ ആവിഷ്കരിക്കാൻ പര്യാപ്തമാണ്.

5. ഭക്തിസംവർദ്ധകവും, ദൈവസന്നിധിയിൽ സർവാത്മ സമർപ്പണത്തിന്റെ പ്രതീകവും ആണ് ഭാരതീയ നൃത്തകല. ആയതിനാൽ അതിനെ അവഗണിച്ച് പാശ്ചാത്യ നൃത്തകലാരൂപങ്ങളെ അനുകരിക്കുന്നതു പ്രത്യേകിച്ചു മതപരമായ കലാവിഷ്ക്കരണത്തിൽ ചെയ്യുന്നത് കടുംകൈയാണ്.

6. നാടകാവിഷ്ക്കരണത്തിൽ ബൈബിൾ കഥകൾ മാത്രമല്ല ആനുകാലിക യാഥാർത്ഥ്യങ്ങളോടുള്ള ക്രൈസ്തവ പ്രതികരണവും, ഭാരതത്തിന്റെ പൗരാണികമതപാരമ്പര്യത്തോടു സമന്വയിച്ച ഒരു ക്രൈസ്തവ സംസ്കാരത്തിന്റെ അവതരണവും സാധ്യമാണ്. എന്നാൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ക്രൈസ്തവ മൂല്യങ്ങളെത്തന്നെ വില കുറച്ചു കാണിക്കുന്ന പ്രവണതയാണ് ആനുകാലിക ക്രൈസ്തവ നാടകരംഗത്തു നിഴലിക്കുന്നത്.

7. സാധാരണ ജനങ്ങളുടെയിടയിൽ സ്വീകരണം ലഭിക്കുന്ന ഒരു കലാരൂപമാണ് കഥാപ്രസംഗം. സാരവത്തും, ഭാരതീയ കാവ്യസംഗീത സമ്മിളിതവുമായ കഥാപ്രസംഗത്തിന് ക്രൈസ്തവ പാരമ്പര്യത്തിൽ തനതായ ഒരു ശൈലി കണ്ടെത്തേണ്ടിയിരിക്കുന്നു.

### 3. സാഹിത്യരംഗം

സാഹിത്യരംഗത്ത് അഭിമാനിക്കാവുന്ന പല നേട്ടങ്ങളും മലയാളത്തിലും ഇതര ഭാഷകളിലും ക്രൈസ്തവർക്കു കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ, ക്രൈസ്തവർ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള സാഹിത്യശാഖകൾ താഴെപ്പറയുന്നവയാണ്.

1. മഹാകാവ്യം 2. ഖണ്ഡകാവ്യം. 3. ഭക്തിഗാനം. 4. നോവൽ. 5. കവിത. 6. പത്രപ്രവർത്തനം. 7. വേദശാസ്ത്രം.

ഇവയിൽ ചില മണ്ഡലങ്ങൾ തികച്ചും വിസ്മൃതമായിക്കൊണ്ടിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. നാടൻ പാട്ടുകളും കീർത്തനങ്ങളും പൊതുവെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്നും ക്രൈസ്തവ ആരാധനയിൽ സ്ഥാനം അർഹിക്കുന്നവയാണു കീർത്തനങ്ങൾ എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. മലയാളത്തിൽ കീർത്തന കാവ്യശാഖയിൽ ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുള്ളവരാണ് സാധു കൊച്ചുകുഞ്ഞ് ഉപദേശി (ആശ്വാസഗീതങ്ങൾ), കണ്ടത്തിൽ വറുഗീസ് മാപ്പിള (കീർത്തനമാല), കെ. വി. സൈമൺ (ക്രിസ്തീയ സംഗീത രത്നാവലി), സഭാകവി സി. പി. ചാണ്ടി (ക്രിസ്തീയ ഭജനകീർത്തനം) മുതലായവർ.

### ചോദ്യങ്ങൾ

1. ഭാരതീയ ക്രൈസ്തവസാക്ഷ്യത്തിൽ കലയ്ക്കും, സാഹിത്യത്തിനും ഉള്ള പ്രസക്തി വിശദമാക്കുക.
2. കലയിലോ, സാഹിത്യത്തിലോ, ഏതെങ്കിലും ഒരു മണ്ഡലത്തിൽ പാഠത്തിൽ സൂചിപ്പിച്ചിട്ടുള്ളവയിൽ നിങ്ങൾക്കു താത്പര്യമുള്ള ഒരു ശാഖ തെരഞ്ഞെടുത്ത് അതിൽ നിങ്ങളുടേതായ ഒരു സംഭാവന എങ്ങനെ നൽകാം എന്നു നിർദ്ദേശിക്കുക.

## പാഠം 4

# വേദവ്യാഖ്യാനം

❑ വേദഗ്രന്ഥങ്ങളുടെ ആധികാരികത ❑ പശ്ചാത്തല വിശദീകരണം ❑ കീർത്തനങ്ങളുടെ ഉപയോഗം ❑ ആനുകാലിക ജീവിത യാഥാർത്ഥ്യങ്ങളോടുള്ള പ്രതികരണം

തദ്ദേശീയീകൃതമായ വേദവ്യാഖ്യാനത്തിനു തനതായ ഒരു ശൈലി ആവശ്യമാണെന്നു സൂചിപ്പിച്ചിരുന്നു. ഈ ശൈലിയുടെ പ്രത്യേകതകൾ എന്തൊക്കെയായിരിക്കും?

### 1. വേദഗ്രന്ഥങ്ങളുടെ ആധികാരികത

ഭാരതത്തിന്റെ പൗരാണിക മതപാരമ്പര്യത്തിൽ മതഗ്രന്ഥങ്ങളുടെ ചരിത്രപരമായ ആധികാരികത അത്ര വലിയ ഒരു തർക്കവിഷയം ആയിരുന്നില്ല. ഗ്രന്ഥകർത്തൃത്വത്തെയോ, എഴുതപ്പെട്ട കാലത്തെയോ സംബന്ധിച്ചു നിഷ്കൃഷ്ടമായ ഒരു വിചിന്തനം മതഗ്രന്ഥങ്ങളെ സംബന്ധിച്ചു പ്രസക്തമല്ലായിരുന്നു. പ്രത്യുത, വേദഗ്രന്ഥങ്ങളിലെ അന്തരാശയത്തിന്റെ പ്രസക്തിയായിരുന്നു പ്രധാന വിഷയം. തനതായ ഒരു അധികാരം വേദഗ്രന്ഥങ്ങൾക്കു കൽപിക്കപ്പെട്ടിരുന്നുവെങ്കിലും അതൊരിക്കലും ആക്ഷരികമായ തെറ്റിക്കൂടായ്മ എന്ന ധാരണയിലേക്കു നയിച്ചിരുന്നില്ല. പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ, ആന്തരികമായ അർത്ഥവും പ്രസക്തിയും കണ്ടെത്തുകയെന്നതായിരുന്നു ഭാരതീയമായ വേദവ്യാഖ്യാനശൈലി.

ഭാരതത്തിലെ ക്രൈസ്തവ പാരമ്പര്യത്തിൽ, പാശ്ചാത്യ സ്വാധീനം നിമിത്തം, ചരിത്രപരമായ ആധികാരികതയ്ക്കു പ്രത്യേക പ്രാധാന്യം നൽകപ്പെടുന്നുണ്ട്, അതിന്റെ അതിപ്രസരം വേദവ്യാഖ്യാനത്തിലും നിഴലിച്ചു കാണുന്നുണ്ട്. ഏതു സംഗതിക്കും അനുയോജ്യമായ വേദഭാഗങ്ങൾ കണ്ടെത്തുന്നതിലും, അനുയോജ്യമെന്നു തോന്നുന്ന വേദഭാഗങ്ങൾക്ക് ആക്ഷരികമായ ഒരു ആധികാരികത സങ്കൽപിക്കുന്നതിലും ഈ പ്രത്യേകത എടുത്തുകാണാം. ഇതിന്, പക്ഷേ പ്രധാന വൈകല്യം എന്താണെന്നു നാം കാണേണ്ടിയിരിക്കുന്നു. വേദഗ്രന്ഥത്തിന്റെ തന്നെ ഏതെങ്കിലും ഭാഗത്തെക്കുറിച്ചു ചരിത്രപരമായി സംവാദമുണ്ടായാൽ, സ്വാഭാവികമായും അതിന്റെ ആന്തരികമായ ആധികാരികതയെയും ബാധിക്കും. തന്നിമിത്തം, സാധാരണക്കാർക്കു മാത്രമല്ല, വിദ്യാസമ്പന്നർക്കു പോലും വേദവ്യാഖ്യാനത്തിൽ ചിന്താക്കുഴപ്പം ഉണ്ടാകുന്നു.

ക്രൈസ്തവമായ, തദ്ദേശീയ, വേദവ്യാഖ്യാനത്തിൽ ഭാരതീയമായ വേദവ്യാഖ്യാനശൈലിക്ക് ആവോളം അംഗീകാരം കിട്ടേണ്ടതാണ്. പൗരസ്ത്യ

സഭാ പാരമ്പര്യത്തിലെ വേദവ്യാഖ്യാനശൈലിയും ഭാരതീയ വ്യാഖ്യാന ശൈലിയും തമ്മിൽ വളരെയധികം സാധർമ്മ്യങ്ങൾ ഉണ്ട് എന്നതും ഇവിടെ പ്രസ്താവ്യമാണ്. വേദഭാഗങ്ങളെ അവയുടെ ചരിത്രപരമായ പശ്ചാത്തലം വിസ്മരിക്കാതെ തന്നെ, ആലങ്കാരികമായോ, അന്തരാർത്ഥപരമായോ, രൂപ കാർത്ഥപരമായോ വ്യാഖ്യാനിച്ച് ആനുകാലിക പ്രസക്തമാക്കുകയെന്ന താണു വേണ്ടിയിരിക്കുന്നത്. ക്രൈസ്തവ പാരമ്പര്യത്തിൽ തന്നെ, ആദിമ ശതകങ്ങളിൽ നടന്ന മിക്ക വേദവ്യാഖ്യാനങ്ങളും ഇത്തരത്തിൽ ആയിരു ന്നുവെന്നു മനസ്സിലാക്കാൻ കഴിയും. ക്രൈസ്തവ വേദഗ്രന്ഥങ്ങൾക്കെല്ലാം തന്നെ ഒരിജൻ വ്യാഖ്യാനം എഴുതിയത് മൂന്ന് തലങ്ങളിലുള്ള (ശരീരം, മനസ്, ആത്മാവ്) പ്രസക്തിയെ കണ്ടുകൊണ്ടാണ്. അദ്ദേഹത്തിന്റെ ആത്മീയ വ്യാഖ്യാനങ്ങൾ മിക്കപ്പോഴും ആലങ്കാരികമായിരുന്നു. ഉത്തമഗീതം എന്ന വേദഗ്രന്ഥത്തിൽ അദ്ദേഹം കണ്ടെത്തിയ ആത്മീയാർത്ഥങ്ങൾ അത്ഭുതകരം തന്നെയാണ്. അദ്ദേഹം തന്നെയാണ്, ശാസ്ത്രീയ വേദപുസ്തക പഠനത്തിന് തുടക്കം കുറിച്ച 'ഹെക്സാപ്ലാ' (പഴയനിയമത്തിന്റെ ഏറ്റവും പുരാതനമായ ആറു മൂലരൂപങ്ങൾ സമാന്തരമായി വച്ചുകൊണ്ട് മൂലത്തിലേയ്ക്കു പോകുന്ന ഒരന്വേഷണ പഠനം) രചിച്ചത് എന്നതും ശ്രദ്ധേയമാണ്. അതാ യത്, ആലങ്കാരികവ്യാഖ്യാനശൈലി സ്വീകരിക്കുമ്പോൾ, ശാസ്ത്രീയ പഠ നത്തെ അവഗണിക്കേണ്ടതില്ല എന്ന സത്യത്തെയാണ് ഇതു സൂചിപ്പിക്കു ന്നത്.

## 2. പശ്ചാത്തല വിശദീകരണം

പുതിയനിയമ വേദഭാഗത്തിന്റെ വ്യാഖ്യാനത്തിൽ പശ്ചാത്തല വിശദീക രണം പ്രാധാന്യമർഹിക്കുന്നു. എന്നാൽ പലപ്പോഴും ഈ പശ്ചാത്തലമായി ത്തീരുന്നത് പഴയനിയമ കാലഘട്ടവും ചിന്തയും മാത്രമാണ്. പഴയനിയമ ഗ്രന്ഥങ്ങൾക്കു പുതിയനിയമത്തിന്റെ ചരിത്രപരമായ പശ്ചാത്തലം എന്ന വിധത്തിൽ പ്രത്യേകമായ സ്ഥാനമുണ്ട് എന്നതു തർക്കമറ്റ സംഗതിയാണ്. എന്നാൽ, യഹൂദന്മാർക്ക് ഉണ്ടായിരുന്ന പ്രതീക്ഷകളുടെ മാത്രം പൂർത്തീ കരണമല്ല യേശുക്രിസ്തുവെന്ന് ഓർക്കണം. സർവ്വപ്രപഞ്ചത്തിന്റെയും, ജനങ്ങളുടെയും പ്രതീക്ഷകളുടെ പൂർത്തീകരണവും കൂടിയാണദ്ദേഹം. അതുകൊണ്ട്, പഴയനിയമ പശ്ചാത്തലത്തിനു പുറത്തായിട്ടെങ്കിലും മറ്റു മത ങ്ങളിലെയും മതഗ്രന്ഥങ്ങളിലെയും പ്രസക്തമായ പശ്ചാത്തലം ക്രമീകരി ക്കുന്നതിനു സ്ഥാനമുണ്ട്.

ചുരുക്കത്തിൽ ഭാരതത്തിലെ മതഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്ന അന്വേഷണങ്ങളെയും കണ്ടെത്തലുകളെയും, ക്രൈസ്തവ സന്ദേശത്തിന്റെ ഭാരതത്തിന്റെ പശ്ചാത്തല വിവരണങ്ങളിൽ ഉൾക്കൊള്ളിച്ചേ മതിയാവൂ. ദൃഷ്ടാന്തങ്ങളായിട്ടെടുക്കാവുന്ന എത്രയെത്ര സംഗതികൾ, പുരാണേതി ഹാസങ്ങളിൽ കാണുവാൻ കഴിയും. ഉദാഹരണത്തിനു ക്രിസ്തുമസ് പശ്ചാ

ത്തലത്തിൽ പറയാവുന്ന ദൃഷ്ടാന്തമാണല്ലോ ഭഗവത്ഗീതയിലെ അവതാര വാക്യം (ഗീതം. 4:7, 8).

### 3. കീർത്തനങ്ങളുടെ സ്ഥാനം: വേദവ്യാഖ്യാനത്തിൽ

ഭാരതത്തിലെ പൗരാണിക മതഗുരുക്കന്മാരുടെ വേദവ്യാഖ്യാനശൈലിയിൽ ഉൾക്കൊണ്ടിരുന്ന ഒരു ഘടകമായിരുന്നു പ്രധാന സന്ദേശത്തെ കീർത്തനരൂപത്തിൽ ചൊല്ലിക്കൊടുക്കുന്നത്. ലളിതമായ ഭാഷയിൽ, ആശയസമ്പുഷ്ടങ്ങളായ ശ്ലോകങ്ങളും കീർത്തനങ്ങളും സന്ദേശത്തിന്റെ സംവേദനത്തെ ത്വരിതപ്പെടുത്തുന്നു. സാധാരണ മനസ്സിൽ വേഗം ഹൃദിസ്ഥമാകുന്ന കീർത്തനങ്ങളിൽക്കൂടി സന്ദേശം അമർത്യത പ്രാപിക്കുന്നു, പ്രചരിക്കുന്നു. ഈവിധത്തിലുള്ള കീർത്തനങ്ങളുടെ ഉപയോഗത്തിന് ഭാരതീയ ക്രൈസ്തവ വേദവ്യാഖ്യാനത്തിൽ വളരെയധികം പ്രസക്തിയുണ്ട്. ഉദാഹരണത്തിനു ദൈവസ്നേഹത്തെയും മനുഷ്യസ്നേഹത്തെയും ബന്ധിപ്പിക്കുന്ന സുവിശേഷ കല്പനയെ താഴെപ്പറയുന്ന കീർത്തനത്തിൽ സമാഹരിക്കാം.

'മർത്യനെ ദ്വേഷിയ്ക്കും ഹൃത്തിനൊരിക്കലും
കർത്തനെ സ്നേഹിക്കാൻ സാധ്യമല്ല.'

### 4. ആനുകാലിക ജീവിതയാഥാർത്ഥ്യങ്ങളോടുള്ള പ്രതികരണം

വേദവ്യാഖ്യാനത്തിൽ, പൗരാണിക ശൈലിയോടൊപ്പം ശ്രദ്ധിക്കപ്പെടേണ്ടതാണ് ആനുകാലിക സാഹചര്യം. ആനുകാലിക പ്രശ്നങ്ങളുമായി ബന്ധിച്ചു വേദസന്ദേശം നൽകുവാൻ കഴിയുമ്പോഴേ വേദവ്യാഖ്യാനം പ്രസക്തമാവുകയുള്ളു. വിദേശത്തു നിന്നുള്ള ദൃഷ്ടാന്തങ്ങളേക്കാൾ, ആനുകാലികവും ജീവിതഗന്ധിയുമായ സംഭവങ്ങളുടെ ദൃഷ്ടാന്തങ്ങളാണ് ആശയത്തെ പ്രദീപ്തമാക്കുന്നത്.

### ചോദ്യങ്ങൾ

1. ഭാരതീയമായ വേദവ്യാഖ്യാനശൈലി ഉൾക്കൊള്ളേണ്ടതായ കാര്യങ്ങൾ എന്തൊക്കെ?
2. ഏതെങ്കിലും ഒരു ഭാരതീയ മതഗ്രന്ഥം വായിച്ച് അതിൽ നിങ്ങൾക്കു ശ്രദ്ധേയമായി തോന്നിയ കാര്യങ്ങൾ സംഗ്രഹിച്ചെഴുതുക.
3. സുവിശേഷ പ്രസംഗങ്ങളിലും, പ്രബോധനങ്ങളിലും കൂടി നിങ്ങൾക്കു ചില ആനുകാലിക പ്രശ്നങ്ങൾക്കു പ്രത്യേകമായ വെളിച്ചം കിട്ടേണ്ടതായിട്ടുണ്ടെങ്കിൽ, നിങ്ങൾ എടുത്തു പറയുന്ന ആനുകാലിക പ്രശ്നങ്ങളോ സംഭവങ്ങളോ ഏതൊക്കെ?

## പാഠം 5

# ധാർമികത

❑ ആത്യന്തിക സത്യത്തെക്കുറിച്ചുള്ള ധാരണയുടെ പശ്ചാത്തലത്തിൽ ❑ ആത്യന്തിക ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ❑ വ്യക്തി സങ്കല്പ ത്തിന്റെ പശ്ചാത്തലത്തിൽ ❑ സമൂഹ സങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ

ക്രൈസ്തവ ധാർമികതയുടെ അടിസ്ഥാന പ്രമാണങ്ങൾ എല്ലായിടത്തും ഒന്നുതന്നെയായിരിക്കണമെങ്കിലും, അവയ്ക്കു തദ്ദേശീയമായ ഊന്നലുകൾ ഉണ്ടായെന്നു വരാം. ഉദാഹരണത്തിനു പരസ്പരസ്നേഹം എന്ന അടി സ്ഥാന ധാർമികതാ പ്രമാണത്തിനു പാശ്ചാത്യരാജ്യങ്ങളിൽ കൂടുതൽ വൈകാരികമായ പ്രകടനങ്ങൾക്ക് ഊന്നൽ കൊടുക്കുമ്പോൾ, പൗരസ്ത്യ രാജ്യങ്ങളിൽ സംയമനത്തിന് ഊന്നൽ കൊടുക്കുന്ന മിതമായ സ്നേഹ പ്രകടനത്തിനാണു സ്വീകാര്യത. ഭാരതീയമായ ഒരു ക്രൈസ്തവ മതജീവി തശൈലിയിലും തദ്ദേശീയമായ ധാർമികതാ പ്രത്യേകതകൾ കാണുവാൻ കഴിയണം. ധാർമികതയ്ക്കു പൊതുവെ നാല് അടിസ്ഥാനങ്ങൾ ഉണ്ട്: ആത്യ ന്തിക സത്യത്തെക്കുറിച്ചുള്ള ധാരണ; ആത്യന്തിക ലക്ഷ്യത്തെക്കുറിച്ചുള്ള സങ്കല്പം; വ്യക്തിയെക്കുറിച്ചുള്ള ധാരണ; സമൂഹത്തെ സംബന്ധിച്ചുള്ള സങ്കല്പം. ഈ നാലിന്റെയും പശ്ചാത്തലത്തിൽ, ഭാരതീയീകൃതമായ ഒരു ക്രൈസ്തവ ധാർമികതാ സങ്കല്പത്തിന്റെ ഊന്നലുകളെക്കുറിച്ചു ചിന്തിക്കാം.

### 1. ആത്യന്തിക സത്യത്തെക്കുറിച്ചുള്ള ധാരണയുടെ പശ്ചാ ത്തലത്തിൽ - ഭാരതീയമായ ഒരു ക്രൈസ്തവ ധാർമികതാ സങ്കല്പം

മിക്കവാറും എല്ലാ മതങ്ങളെ സംബന്ധിച്ചും, ആത്യന്തിക സത്യം ദൈവ മാണ്. അതുകൊണ്ട് ദൈവവുമായുള്ള ഒരു ബന്ധത്തിൽ ഉരുത്തിരിയുന്ന ഒരു ധാർമികത സങ്കല്പമാണു മതങ്ങൾക്കുള്ളത്. ഭാരതീയ മതചിന്തയിൽ, ആത്യന്തിക സത്യവും ധാർമികതാ സങ്കല്പവും തമ്മിൽ ബന്ധിപ്പിക്കുന്ന പദമാണു 'ഋതം' എന്നുള്ളത്. ആത്യന്തിക സത്യം; അഥവാ ദൈവം, ജീവി തത്തിന്റെ മുഴുവൻ സത്താപരമായ ചൈതന്യം ആണ്. ഈ ചൈതന്യമാണ് എന്തിനും ജീവൻ നൽകുന്നതും, എന്തിനെയും താങ്ങിനിർത്തുന്നതും. അതു കൊണ്ടു സത്താപരമായി ദൈവിക ചൈതന്യത്തിൽ നിലനിൽക്കുന്ന അവ സ്ഥയാണ് 'ഋതം'എന്നുള്ളത്. അഥവാ ധാർമികമായി ജീവിക്കുകയെന്നു പറഞ്ഞാൽ ഋതത്തിനനുസരിച്ചു കഴിയുകയെന്നാണു ഭാരതീയ പാരമ്പര്യ ത്തിലർത്ഥം. ദൈവത്തിന്റെ കല്പനയെ അനുസരിക്കുകയെന്നു സെമിറ്റിക്ക് പാരമ്പര്യത്തിൽ പറയുന്നതും, ഋതമായി ജീവിക്കുക എന്ന് ഭാരതീയ പാര

ബര്യത്തിൽ പറയുന്നതും സത്യത്തിൽ ഒന്നുതന്നെയാണ്, ഊന്നലിൽ വ്യത്യാസം ഉണ്ടെന്നു മാത്രം. ദൈവകല്പനയെ ധിക്കരിച്ചാൽ മരിക്കും എന്നു ബൈബിളിൽ പറയുന്നതും, ഋതം അല്ലാത്തതിനൊന്നിനും നിലനില്പില്ലെന്നു (ഉണ്മയില്ലെന്നു) ഉപനിഷത്തുകളിൽ സൂചിപ്പിക്കുന്നതും വസ്തുതയിൽ ഒന്നു തന്നെ. അതുകൊണ്ടു ഭാരതീയമായ ഒരു ക്രൈസ്തവ ധാർമികതാ സങ്കല്പത്തിൽ, ആത്യന്തിക സത്യവും ധാർമികതാ പ്രമാണവും സത്താപരമായി ബന്ധപ്പെട്ടിരിക്കുന്ന വശത്തിനു പ്രാധാന്യം നൽകപ്പെടുന്നത് അഭികാമ്യമാണ്. അതായത്, ദൈവം കല്പനകൾ നൽകി അതു കാക്കുന്നുണ്ടോ എന്നു നോക്കിയിരിക്കുന്നയാൾ എന്നതിലുപരി, ജീവിതത്തിന് അടിസ്ഥാനവും, ചൈതന്യവും ആയിരിക്കുന്നവൻ എന്ന ഉൾക്കാഴ്ചയ്ക്ക് ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. ആ അടിസ്ഥാനത്തിൽ വിവേചിക്കാത്ത സ്വാതന്ത്ര്യവും, ആ ചൈതന്യത്തെ സ്വീകരിക്കാത്ത അസ്തിത്വപ്രവണതയുമാണ് പാപവും, മരണവും, ഇല്ലായ്മയും ഒക്കെത്തന്നെ. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ' (1 കൊരി. 3:16, 17) എന്നു പറയുമ്പോൾ ദൈവം നശിപ്പിക്കുന്നവൻ എന്ന ധാരണയല്ല, പ്രത്യുത തനിക്കു വസിക്കുവാൻ സാധ്യമല്ലാത്തത് ആത്യന്തികമായി ഇല്ലാതായിത്തീരും എന്ന ധാരണയാണ് നമുക്ക് നൽകുന്നത്. അങ്ങനെയുള്ള ധാരണയിൽ, ശരീരത്തെയും മനസ്സിനെയും, സമൂഹത്തെയും, പ്രപഞ്ചത്തെയും വെറും ഉപയോഗ വസ്തുക്കളായി മാത്രം കാണാതെ പ്രത്യുത അവയെ ദൈവിക ചൈതന്യം തന്നെയായി കാണുവാൻ കഴിയും. അപ്പോൾ അവയ്ക്ക് കൂടുതൽ മാന്യതയും, പ്രാധാന്യവും സംസിദ്ധമാകുന്നു. ദൈവത്തെ ധാർമികതാ വീക്ഷണത്തിൽ പ്രത്യേകിച്ചു സത്താപരമായ ചൈതന്യവും അടിസ്ഥാനവും ആയി കാണുമ്പോൾ തന്നെ, അവിടുന്ന്, വെറും തത്ത്വമോ വസ്തുവോ മാത്രമല്ലെന്നും വ്യക്തിത്വത്തിന്റെ പൂർണ്ണതയും കൂടിയാണെന്നുള്ള കാര്യമാണു ക്രൈസ്തവ ചിന്തയ്ക്ക് ഊന്നിപ്പറയുവാനുള്ളത്. ചുരുക്കത്തിൽ ആളത്വപരമായ ബന്ധവും സത്താപരമായ ബന്ധവും സമഗ്രമായി ഭാരതീയമായ ഒരു ക്രൈസ്തവ ധാർമികതാ സങ്കല്പത്തിൽ സമന്വയിക്കപ്പെടണം.

## 2. ആത്യന്തിക ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ഭാരതീയമായ ക്രൈസ്തവ ധാർമികതാ സങ്കല്പം

ക്രൈസ്തവ വീക്ഷണത്തിൽ, ആത്യന്തിക ലക്ഷ്യം വ്യക്തിയുടെയും സമൂഹത്തിന്റെയും ശാരീരികവും, മാനസികവും, ആത്മീയവുമായ തലങ്ങളെ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ രക്ഷയാണ്. ഈ സമ്പൂർണ (സമഗ്ര) രക്ഷയിലേക്കുള്ള വളർച്ചയുടെ പശ്ചാത്തലത്തിൽ ധാർമികതാ സങ്കല്പ

ത്തിനും ഒരു സമഗ്രത വേണം. വ്യക്തിഗതമായ ഒരു ആത്മാവിന്റെ മാത്രം രക്ഷ എന്ന വീക്ഷണം ക്രൈസ്തവ വീക്ഷണത്തിലില്ല. വ്യക്തി – സമൂഹ ബന്ധത്തിലെ രൂപാന്തരത്തിൽ അടിസ്ഥാനപ്പെട്ട വ്യക്തിത്വം മുഴുവൻ പങ്കുചേരുന്ന സമൃദ്ധിയായ ജീവൻ (യോഹ. 10:10) ആണു ക്രൈസ്തവ വീക്ഷണത്തിലെ ആത്യന്തിക ലക്ഷ്യം, അഥവാ രക്ഷ. അപ്പം കൊണ്ടു മാത്രം തൃപ്തിപ്പെടാതെ, ഭക്ഷണത്തിലും പാനീയത്തിലും ഒതുങ്ങാതെ ദൈവവചനത്തിന്റെ സംതൃപ്തി അനുഭവിക്കുന്ന 'മനുഷ്യ'ന്റെ, നീതിയും, സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവും ഉൾക്കൊള്ളുന്ന അനുഭവമാണത്. അതുകൊണ്ടു ലോകത്തിൽ നിന്നൊളിച്ചോടാത്തതും, ലോകത്തെ തിന്മയെന്നു മുദ്ര കുത്താത്തതും, എന്നാൽ ലോകത്തിൽ ഒതുങ്ങാത്തതും, വ്യക്തിക്കും സമൂഹത്തിനും തുല്യപ്രാധാന്യമുള്ളതും ആയ ഒരു ജീവിത സമീപനമാണ് ഇവിടെ പ്രധാനം. ഭാരതത്തിലെ മത പാരമ്പര്യത്തിൽ നിഴലിക്കുന്ന ജീവിത സമീപനവും ഇതു തന്നെയാണ്.

ഭാരത മതപാരമ്പര്യത്തിൽ വ്യക്തിക്കാണു പ്രാധാന്യം എന്നും, ശരീരം ഒന്നുമില്ല ആത്മാവാണ് നിർണായകം എന്നും ചൂണ്ടിക്കാണിക്കപ്പെടാം. ഇപ്രകാരം ഒരു വീക്ഷണം ഭാരത മതപാരമ്പര്യത്തിലെ ഒരു വികല്പമായി മാത്രം ഇടക്കാലത്തു കടന്നുകൂടിയിട്ടുണ്ട് എന്നു സമ്മതിക്കാം. എന്നാൽ അതിനെ തിരുത്തുവാൻ ധാരാളം പരിശ്രമങ്ങളും നടന്നിട്ടുണ്ട്; അവയിൽ ചിലതാണു ജൈന – ബുദ്ധമത പ്രസ്ഥാനങ്ങൾ. ക്രൈസ്തവ മതപാരമ്പര്യത്തിലും ഇതുപോലെയുള്ള വികല്പങ്ങളും തിരുത്തലുകളും ഉണ്ടായിട്ടുണ്ടെന്നുള്ളതും ഒരു വസ്തുതയാണല്ലോ.

തദ്ദേശീയീകൃതമായ ക്രൈസ്തവ മതജീവിതത്തിലെ ധാർമികതാ മനോഭാവത്തിൽ, മേല്പറഞ്ഞ സമഗ്രബന്ധം തെളിയിക്കുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 3. 'വ്യക്തി' സങ്കല്പത്തിന്റെ പശ്ചാത്തലത്തിലെ ക്രൈസ്തവ ധാർമികതാ സങ്കല്പം

ക്രൈസ്തവ വീക്ഷണത്തിൽ, 'വ്യക്തി' സ്ത്രീയായാലും പുരുഷനായാലും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്വാതന്ത്ര്യമുള്ളയാളാണ്. ഈ സ്വാതന്ത്ര്യത്തിൽ ഉത്തരവാദിത്തവും അവകാശവും നിർവഹിക്കപ്പെടുന്നത് ദൈവവും സമൂഹവുമായുള്ള ബന്ധത്തിലാണ്. അപ്പോൾ ഒരു വ്യക്തിയും മറ്റൊരു വ്യക്തിയും തമ്മിൽ, സ്ത്രീയും പുരുഷനും തമ്മിൽ തുല്യതയുണ്ട് എന്നുള്ളതാണ് പ്രധാന സൂചന. ഈ തുല്യത സൂക്ഷിക്കപ്പെടാത്ത സാഹചര്യവും, വ്യവസ്ഥിതിയും ഒക്കെ അധാർമികമാണ്. ഇപ്രകാരം ഒരു വീക്ഷണം, ഭാരതത്തിന്റെ പൗരാണികവും ആധുനികവുമായ സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പക്ഷേ, ഈ

വസ്തുതയെ വിസ്മരിച്ച സമൂഹ വ്യവസ്ഥിതിക്കെതിരെ, ഭാരതീയ മതപാരമ്പര്യത്തിൽ നിന്നു തന്നെ ശബ്ദം ഉയർന്നിട്ടുണ്ട്. അതിന്റെ ഉദാഹരണമാണല്ലോ, രാജാറാം മോഹൻ റോയിയും ഒക്കെ 'സതി'യ്ക്കെതിരെ അണിനിരന്നത്. അതുകൊണ്ട്, പ്രത്യക്ഷത്തിലോ, പരോക്ഷത്തിലോ, വ്യക്തിസമത്വത്തെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിനെതിരെ നിൽക്കുവാനുള്ള ധൈര്യം ഭാരതത്തിലെ തദ്ദേശീയീകൃത ക്രൈസ്തവ ധാർമികതാ സങ്കല്പത്തിൽ ഉണ്ടായേ തീരൂ.

## 'സമൂഹ' സങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ ഭാരതീയ ക്രൈസ്തവ ധാർമികത

'വ്യക്തി' എപ്പോഴും സമൂഹത്തിന്റെ ഭാഗമാണ്. ക്രൈസ്തവ വീക്ഷണപ്രകാരം, സമൂഹത്തിൽ ഉൾപ്പെട്ടുനിന്ന് സമൂഹത്തിൽകൂടിയാണ് വ്യക്തി ആത്യന്തിക ലക്ഷ്യം പ്രാപിക്കുന്നത്. സമൂഹത്തിന്റെ, സമ്പൂർണതയിലേക്കുള്ള യാത്രയാണ് സഭയിൽ കൂടി നടക്കുന്നത്. ആ യാത്രയുടെ പൂർത്തീകരണമാണ്, 'ദൈവരാജ്യ'ത്തിൽ അഥവാ 'ദൈവവാഴ്ച'യിൽ നിറവേറുന്നത്. അപ്പോൾ 'സമൂഹ'ത്തിന് വ്യക്തിയുടെ മേൽ വ്യക്തമായ സ്വാധീനം ഉണ്ടെന്നു സമ്മതിക്കണം (വ്യക്തിക്കും, തിരിച്ച് ഒരു പരിധി വരെ സ്വാധീനം ഉണ്ട്). പ്രസ്തുത സ്വാധീനം ഇന്നു പൊതുവെ കാണപ്പെടുന്നത് വേഷവിധാനത്തിലും ആഡംബരപ്രിയത്തിലും, വൈകാരിക പ്രകടനങ്ങളിലും മറ്റുമുള്ള അനുകരണത്തിലാണ്. ഇതിന്റെ പരിണിതഫലമാണു സമ്പത്തിന്റെ മാത്രം അടിസ്ഥാനത്തിലുള്ള മാന്യതാസങ്കല്പവും കുടുംബജീവിതത്തിലെ തകർച്ചകളും.

എന്നാൽ പുരാതന ഭാരത സമൂഹജീവിതത്തിൽ സമൂഹത്തിന്റെ സ്വാധീനം കുറച്ചുകൂടി ആഴമായ മണ്ഡലങ്ങളിലായിരുന്നു. പരസ്പരമുള്ള കരുതൽ, ലളിതമായ ജീവിതക്രമം, കുടുംബനാഥൻ, ഗുരു മുതലായവരോടുള്ള ഭക്തിബഹുമാനങ്ങൾ, സന്മാർഗ്ഗ മൂല്യങ്ങളോടുള്ള ബഹുമാനം, സ്വയശിക്ഷണം മുതലായവ അവയിൽ ചിലതായിരുന്നു. അതുകൊണ്ടു പണമഹിമയേക്കാൾ, ഗുണമഹിമയെ ബഹുമാനിക്കുക എന്നതു സമൂഹത്തിന്റെ സ്വഭാവമായിരുന്നു. ഇങ്ങനെയുള്ള ഒരു സമൂഹവ്യവസ്ഥിതിയെ ഭാരതീയ ക്രൈസ്തവ ധാർമികതാ സങ്കല്പത്തിൽ എത്രമാത്രം ഉൾക്കൊള്ളണം എന്നത് പ്രസക്തമായ ഒരു ചർച്ചാ വിഷയമാണ്.

വിദ്യാഭ്യാസ മണ്ഡലത്തിലും, തൊഴിലിനോടുള്ള മനോഭാവത്തിലും, സമ്പത്തിനോടുള്ള സമീപനത്തിലും, സ്ത്രീ - പുരുഷ ബന്ധത്തെക്കുറിച്ചുള്ള ധാരണയിലും ഒക്കെ വിപ്ലവകരമായ പുതിയ മാതൃകകൾ സൃഷ്ടിക്കുവാനുള്ള ദുഷ്ക്കരമായ ഒരു വെല്ലുവിളിയാണു ഈ ചർച്ചയിൽ ഉൾക്കൊള്ളുന്നത്.

## ചോദ്യങ്ങൾ

1. ഭാരതീയമായ ഒരു ക്രൈസ്തവ ധാർമികതാ സങ്കല്പത്തിന്റെ അടിസ്ഥാനങ്ങൾ ഏവ? വിശദീകരിക്കുക.
2. 'പണം ഉണ്ടാക്കുക എന്ന ഏകലക്ഷ്യം വച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പദ്ധതിയാണ് ഇന്ന് ഭാരതത്തിലേത്.' ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം ചുരുക്കത്തിൽ എഴുതുക.

### പാഠം 6

# ആചരണങ്ങൾ

❑ വ്യക്തിജീവിതത്തിലെ പ്രധാന സന്ദർഭങ്ങൾ ❑ സഭാജീവിതത്തിലെ പെരുന്നാളുകൾ ❑ ദേശീയോത്സവങ്ങളിലെ പങ്കാളിത്തം

തദ്ദേശീയീകൃതമായ ഒരു മതജീവിതത്തിൽ, തദ്ദേശീയത ഏറ്റവും കൂടുതൽ പ്രകടിപ്പിക്കപ്പെടാവുന്നത് ആചരണങ്ങളിലാണ്. വ്യക്തിജീവിതത്തിലെ പ്രധാന സന്ദർഭങ്ങൾ, സഭാജീവിതത്തിലെ പെരുന്നാളുകൾ, ദേശീയ ഉത്സവങ്ങൾ മുതലായവയുടെ ആചരണത്തിൽ തദ്ദേശീയമായ വർണ്ണപൊലിമയും അർത്ഥഗാംഭീര്യവും അനിവാര്യമാണ്. മലങ്കരയിലെ നസ്രാണികൾ ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നുവെന്നാണ് ലഭ്യമായ ചരിത്രവസ്തുതകൾ വ്യക്തമാക്കുന്നത്. എന്നാൽ വിദേശബന്ധങ്ങൾക്കു ശേഷം, ഈ പാതയിൽ അധികം പുരോഗമിക്കുവാൻ ഭാരതത്തിലെ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞിട്ടുമില്ല. ആചരണങ്ങളുടെ സന്ദേശവും പ്രസക്തിയും ഉൾക്കൊള്ളുന്ന തദ്ദേശീയതാന്വേഷണമാണ് ഇവിടെ അഭികാമ്യമായിരിക്കുന്നത്.

### വ്യക്തിജീവിതത്തിലെ പ്രധാന സന്ദർഭങ്ങളുടെ ആചരണം

ഭാരതത്തിന്റെ പൗരാണിക പാരമ്പര്യത്തിൽ, വ്യക്തിജീവിതത്തിലെ പ്രധാന സന്ദർഭങ്ങളെല്ലാം 'സംസ്കാരങ്ങൾ' എന്ന പേരിൽ ആചരിക്കുമായിരുന്നു. മിക്കവാറും ഗൃഹാന്തരീക്ഷത്തിലാണ് ഈ ആചരണങ്ങൾ നടക്കുന്നത്. കുടുംബത്തിലെയും സമൂഹത്തിലെയും പരസ്പര സ്നേഹബന്ധത്തെയും കരുതലിനെയും ഊട്ടിയുറപ്പിക്കുവാൻ ഈ ആചരണങ്ങൾ വളരെ സഹായിച്ചിരുന്നു. മലങ്കര നസ്രാണികളുടെയിടയിലും ഇതേ ശൈലിയിൽ ഗാർഹികമായ പല ആചരണങ്ങളും നിലനിന്നിരുന്നു. ചിലയിടങ്ങളിൽ അവയിൽ പലതും ഇന്നും തുടരുന്നുണ്ട്. അവയിൽ ചിലതാണ്, ഒരു കുട്ടി ജനിച്ചാൽ ഗൃഹാന്തരീക്ഷത്തിൽ നടക്കുന്ന പൊന്നും തേനും കൊടുക്കലും,

വിവാഹത്തിന് തലേരാത്രിയിൽ നടക്കുന്ന ചടങ്ങുകളും മറ്റും. ദാനധർമ്മ ങ്ങൾ, പിതാക്കളുടെയും ഗുരുജനങ്ങളുടെയും അടുക്കലുള്ള പ്രണാമം അനു ഗ്രഹസ്വീകരണം മുതലായവയും ഇന്ന് ഈ ചടങ്ങുകളോടൊപ്പം നടത്ത പ്പെടുന്നുണ്ട്.

പക്ഷേ, പാശ്ചാത്യ സംസ്കാരത്തിന്റെ അതിപ്രസരം നിമിത്തവും, തദ്ദേ ശീയ ആചരണങ്ങളെ വർഗീയ പശ്ചാത്തലത്തിൽ കാണുന്നതു മൂലവും, തദ്ദേശീയമായ ആചരണങ്ങളുടെ പ്രചരണത്തിൽ മങ്ങലേറ്റുകൊണ്ടിരി ക്കുന്നു. ഈ സാഹചര്യത്തിലാണ് ഭാരതീയ ക്രൈസ്തവ മതജീവിതത്തിൽ, വ്യക്തിജീവിതത്തിലെ പ്രധാന സന്ദർഭങ്ങളുടെ ആചരണം ശ്രദ്ധേയമാകു ന്നത്. മതപരമായ അടിസ്ഥാന ധാരണകൾക്ക് മങ്ങലേൽപ്പിക്കാത്ത തദ്ദേ ശീയമായ ആചരണങ്ങളെ ഉൾക്കൊള്ളുവാൻ ക്രൈസ്തവർക്കു കഴിയണം. ദേവാലയാന്തരീക്ഷത്തിൽ നടക്കുന്ന കൗദാശീകാചരണങ്ങളോടൊപ്പം ഗൃഹാന്തരീക്ഷത്തിൽ ക്രമീകരിക്കാവുന്ന പല കാര്യങ്ങളുമുണ്ട്. കുടുംബാ ഗങ്ങളുടെ പരസ്പര സ്നേഹത്തെയും സന്തോഷത്തെയും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പാട്ടുകളും, വിനോദങ്ങളും ഈ കാര്യങ്ങളിലുൾപ്പെടാം. ദേവാ ലയത്തിൽ നടക്കുന്ന കൗദാശികാചരണങ്ങളിലും, തദ്ദേശീയതയ്ക്കു ഊന്നൽ കൊടുത്താൽ കൂടുതൽ അർത്ഥപൂർണമാക്കുവാൻ കഴിയും.

### 2. സഭാജീവിതത്തിലെ പെരുന്നാളുകളുടെ ആചരണം

തദ്ദേശീയവും സാർവ്വദേശീയവുമായ ക്രൈസ്തവ പെരുന്നാളുകൾ ആച രിക്കപ്പെടുമ്പോഴും തദ്ദേശീയമായ ആചരണ മാധ്യമങ്ങൾക്ക് പ്രസക്തിയുണ്ട്. കൊടി ഉയർത്തുന്നതും, സമൂഹാരാധനയും, മതപ്രസംഗവും, വാദ്യമേള ങ്ങളും, പ്രദക്ഷിണവും, സമൂഹസദ്യയും, കലാരൂപങ്ങളുടെ അവതരണവും ഒക്കെ മലങ്കര നസ്രാണികൾക്ക് മാത്രമല്ല, ജാതിമതഭേദമെന്യേ എല്ലാ മല യാളികൾക്കും പരിചയമുള്ള പൊതുവായ ആചരണശൈലിയാണ്. ആന്ത രികമായ സന്ദേശത്തിന് മങ്ങലേൽപ്പിക്കാതെ അതിന് തിളക്കം നൽകുക എന്നുള്ളതാണ് പെരുന്നാളുകളുടെ തദ്ദേശീയമായ ആചരണത്തിലെ കാര്യം. അതുമൂലം ക്രൈസ്തവ സാക്ഷ്യത്തിന് കടകവിരുദ്ധമായി തീരാ വുന്ന ചില തദ്ദേശീയ ആചരണങ്ങളെ ശുദ്ധീകരിക്കുവാനും ആവശ്യമുണ്ടാ യേക്കാം. പ്രസ്തുത ശുദ്ധീകരണത്തിന്റെ സന്ദേശവും ഇതര മതസ്ഥരുടെ ആചരണങ്ങളിലേക്കും കടന്നുചെല്ലും.

പെരുന്നാളുകളോടനുബന്ധിച്ചു വേദഗ്രന്ഥങ്ങളുടെ അനുസ്യൂത പരാ യണം നടത്തുക എന്നുള്ളത് ഭാരതത്തിലെ ക്രൈസ്തവേതര മതങ്ങളിലെ പുരാതന രീതിയാണ്. ക്രൈസ്തവ പാരമ്പര്യത്തിലും ഇതുൾക്കൊള്ളുന്നത് തദ്ദേശീയമായ ഒരു ആവിഷ്ക്കാരമായിരിക്കും. ക്രിസ്തുമസ്, ഈസ്റ്റർ മുതലായ സന്ദർഭങ്ങളുടെ സന്തോഷം ഗാർഹികവും സാമൂഹ്യവുമായ ആച

രണങ്ങളിൽ ഇതര മതസ്ഥർക്കും പങ്കിടുവാൻ അവസരം ഉണ്ടാകുന്നതും അഭികാമ്യമാണ്.

### 3. ദേശീയോത്സവങ്ങളുടെ ക്രൈസ്തവമായ ആചരണം

ഭാരതത്തിന്റെ ദേശീയധാരയിൽ ക്രൈസ്തവർ ഇഴുകിചേർന്നു പോകുന്നുണ്ടോ എന്നുള്ളതിന്റെ ഒരു അളവുകോലാണ് ദേശീയോത്സവങ്ങളോടുള്ള മനോഭാവം. സ്വാതന്ത്ര്യദിനവും തിരുവോണവും ഒക്കെ ആരാധനയുടെ അന്തരീക്ഷത്തിൽ തന്നെ ക്രൈസ്തവർക്ക് ആചരിക്കുവാൻ കഴിയും. തിരുവോണം ഒരു രാജാവിനു വേണ്ടിയുള്ള പ്രത്യാശാനിർഭരമായ കാത്തിരിപ്പിന്റെയും, സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിക്കു വേണ്ടിയുള്ള അന്തർദാഹത്തിന്റെയും ഉത്സവം ആണെങ്കിൽ ആ സന്ദേശത്തെ ക്രൈസ്തവമായ രീതിയിൽ ഉൾക്കൊള്ളാൻ കഴിയാതെ വരുമോ?

ആഗസ്റ്റ് പതിനഞ്ചിന് ശൂനോയോ (കന്യകമറിയാമിന്റെ വാങ്ങിപ്പ്) പെരുന്നാൾ കൊണ്ടാടുന്നതിനോട് ചേർന്നെങ്കിലും രാഷ്ട്രത്തെക്കുറിച്ച് ഓർത്ത് പ്രാർത്ഥിക്കുവാനും സ്വാതന്ത്ര്യത്തിന്റെ സന്തോഷം പ്രകടിപ്പിക്കുവാനും ശ്രമിക്കേണ്ടതല്ലേ? ദേശീയോത്സവങ്ങളുടെയും മറ്റും ഒരു പ്രധാന ലക്ഷ്യം ദേശീയോത്ഗ്രഥനവും, സാമൂഹ്യസ്നേഹത്തിന്റെ പുതുക്കവും ആണ്. അവയ്ക്ക് അവസരം ഉണ്ടാകത്തക്ക സമ്മേളനങ്ങളും പരിപാടികളും ക്രൈസ്തവേതരരായ സഹോദരങ്ങളുമായി സഹകരിച്ച് സംഘടിപ്പിക്കുന്നത് വേദപുസ്തകത്തിന് വിരുദ്ധമാകുമോ? നിഷ്പക്ഷമായ വിലയിരുത്തലിൽ ഇല്ലെന്നു കണ്ടെത്തുവാൻ കഴിയുമെന്നാണ് തോന്നുന്നത്.

### ചോദ്യങ്ങൾ

1. ആചരണങ്ങളിൽ തദ്ദേശീയത ക്രൈസ്തവർക്ക് എവിടെയെല്ലാം സാധിക്കും എന്ന് ചർച്ച ചെയ്യുക.
2. ആഗസ്റ്റ് 15 ന് ആരാധനയ്ക്ക് വരുന്നവർക്ക് സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് നടത്താവുന്ന കാര്യങ്ങളെക്കുറിച്ച് ഒരു ഭാവനാചിത്രം ലേഖനമായിട്ടെഴുതുക.

## യൂണിറ്റ് 3

# തദ്ദേശീയീകൃത ക്രൈസ്തവ സാമൂഹ്യസാക്ഷ്യം: ഒരന്വേഷണം

### പാഠം 1

## സാമൂഹ്യ മണ്ഡലങ്ങളിലെ പ്രതികരണം

❑ ഭാരതത്തിന്റെ സാമൂഹ്യ പശ്ചാത്തലം ❑ സാമൂഹ്യ പശ്ചാത്തലത്തിന്റെ പൊതുവായ സ്വഭാവം ❑ പ്രതികരണം

തദ്ദേശീയീകൃതമായ ക്രൈസ്തവ ധർമത്തിന്റെ ചൈതന്യം അതിന്റെ പ്രതികരണശേഷിയാണ്. ആനുകാലിക ജീവിത സാഹചര്യങ്ങളോടുള്ള അർത്ഥവത്തായ പ്രതികരണം തദ്ദേശീയതയുടെ പ്രധാന സ്വഭാവമായിരിക്കും. ആനുകാലിക ജീവിത സാഹചര്യങ്ങൾക്ക് പ്രധാനമായി മൂന്നു മണ്ഡലങ്ങളുണ്ട്. രാഷ്ട്രീയം, സാമ്പത്തികം, സാമൂഹ്യം. അതുകൊണ്ട് ഭാരതത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ചുള്ള ഒരു ഏകദേശമായ ബോദ്ധ്യവും, അതിനോടുള്ള പ്രതികരണത്തെക്കുറിച്ചൊരു പൊതുവായ ധാരണയും ഭാരതത്തിലെ ക്രൈസ്തവർക്കാവശ്യമാണ്.

### 1. ഭാരതത്തിന്റെ സാമൂഹ്യ പശ്ചാത്തലം

#### (a) ബഹുത്വങ്ങളും വ്യത്യസ്തതകളും

ഭാരതത്തിന്റെ സാമൂഹ്യപശ്ചാത്തലം ബഹുത്വങ്ങളുടെയും വ്യത്യസ്തതകളുടെയും സംസർഗ്ഗത്തിൽ നിന്നുരുത്തിരിയുന്ന ഒരു അത്ഭുത പ്രതിഭാസമാണ്. വിവിധങ്ങളും വ്യത്യസ്തങ്ങളുമായ (കാലാവസ്ഥ, ഭൂപ്രകൃതി) നരവംശങ്ങൾ, ഭാഷകൾ, മതങ്ങൾ, സാമൂഹ്യസമ്പ്രദായങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധേയമാണ്.

1. ഭൂപ്രകൃതി: വിസ്തൃതമായ ഭാരതം എന്ന ഉപഭൂഖണ്ഡത്തിൽ, പർവ്വത നിബിഡമായ ഒരു ഭാഗമുണ്ടെങ്കിൽ മറുവശത്ത് സമുദ്രസാമീപ്യമുള്ള തീരപ്രദേശമുണ്ട്. ഇതിനു രണ്ടിനുമിടയിൽ സമതലങ്ങളും കുന്നുകളും, നദികളും ഉൾക്കൊള്ളുന്ന ഭൂവിഭാഗങ്ങളുണ്ട്. ചുരുക്കത്തിൽ ഭൂപ്രകൃതിയുടെ എല്ലാ വ്യത്യസ്തതകളും ഭാരതത്തിനുണ്ട്.

2. കാലാവസ്ഥ: ഭൂപ്രകൃതിയിലുള്ള വ്യത്യാസം തന്നെ കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസത്തിലേക്ക് വിരൽ ചൂണ്ടുന്നു. മഞ്ഞുറഞ്ഞ

തണുപ്പും, തീപൊള്ളുന്ന ചൂടും, ഭീകരമായ വരൾച്ചയും, ഘോരമായ അതി വർഷവും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ, ഒരേ സമയത്ത് അനുഭവപ്പെ ടുന്നുണ്ട്. അതുകൊണ്ടു തന്നെ, വ്യത്യസ്തങ്ങളായ ജീവിത രീതികളും വേഷവിധാനങ്ങളും, സ്വഭാവരീതികളും ഉണ്ടാകുകയും ചെയ്യുന്നു.

3. നരവംശങ്ങൾ: വ്യത്യസ്തങ്ങളായ നരവംശങ്ങളുടെ സമ്മേളനമോ, സങ്കരമോ ആണ് ഭാരതത്തിലെ ജനം. നരവംശശാസ്ത്രജ്ഞന്മാരുടെ അഭി പ്രായപ്രകാരം, കുറഞ്ഞത് അഞ്ച് നരവംശങ്ങൾ എങ്കിലും ഭാരതത്തിലുണ്ട്. ദ്രാവിഡ, ആര്യ, മംഗോളിയ, നീഗ്രോ, ഓസ്ട്രിക്. ഇവയുടെ ഓരോന്നിനും പ്രത്യേകമായിട്ടും അവയുടെ സങ്കരങ്ങൾക്ക് പ്രത്യേകമായിട്ടും ഉള്ള ശരീര പ്രകൃതിയും, സ്വഭാവരീതികളും വിശദീകരിക്കേണ്ടയാവശ്യമില്ല.

4. ഭാഷകൾ: ഏതാണ്ട് 1652 ഭാഷകൾ ഭാരതത്തിലുണ്ട്. അവയിൽ 33 എണ്ണം ഒരുലക്ഷം ആളുകളെങ്കിലും സംസാരിക്കുന്നതും 15 എണ്ണം എങ്കിലും ഏറ്റം പ്രാധാന്യമുള്ള ഔദ്യോഗിക ഭാഷകളും ആണ്. ഭാഷകളുടെ ബഹു ത്വവും വൈവിധ്യവും ഭാരതത്തെ ഒരത്ഭുത രാഷ്ട്രമാക്കുന്നു.

5. മതങ്ങൾ: അനവധിയായ പ്രാകൃത മതരൂപങ്ങൾ കൂടാതെ തന്നെ പ്രധാനപ്പെട്ട ഏഴു മതങ്ങൾ ഭാരതത്തിലുണ്ട്. ഹിന്ദു മതം, ഇസ്ലാം മതം, ക്രിസ്തു മതം, സിക്കു മതം, ബുദ്ധ മതം, സൊരാഷ്ട്രിയൻ (പാർസി) മതം. ഇവയിൽ ഹിന്ദു, ജൈന, ബുദ്ധ, സിക്കു മതങ്ങളുടെ തറവാടു തന്നെയാണു ഭാരതം. ഈ മതങ്ങളിൽ പൗരസ്ത്യവും പാശ്ചാത്യവുമായ മതജീവിത രീതി കൾ പ്രതിഫലിക്കുന്നതായി കാണാൻ കഴിയും.

6. സാമൂഹ്യ സമ്പ്രദായങ്ങൾ: അത്യാധുനികമായ പാശ്ചാത്യ നാഗരി കത മുതൽ, കാട്ടുജാതിക്കാരുടെ പ്രാകൃത ജീവിത സമ്പ്രദായം വരെ നില നില്ക്കുന്ന ഒരു രാജ്യത്തെ സാമൂഹ്യ സമ്പ്രദായങ്ങൾക്കും സമാനത പ്രതീ ക്ഷിക്കാനില്ല.

ഇപ്രകാരമുള്ള ബഹുത്വങ്ങളും വ്യത്യസ്തതകളും ഉള്ള ഭാരതത്തിന്റെ സംസ്കാരത്തെ വ്യത്യസ്തതകളുടെ സംസ്ക്കാരമെന്നേ വിശേഷിപ്പിക്കാൻ കഴിയൂ. പ്രസ്തുത സംസ്കാരത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിന് എന്തെ ങ്കിലും പൊതുവായ സ്വഭാവം ഉണ്ടാകുമോ? വല്ലതും കണ്ടെത്തിയാലും അതിനു ധാരാളം പരിമിതികൾ കാണും, തീർച്ച.

### (b) ഭാരതത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിന്റെ പൊതുവായ സ്വഭാവം

ഭാരതജനതയുടെ 80 ശതമാനം പാർക്കുന്നത് ഗ്രാമങ്ങളിലാണ്. അതു കൊണ്ട് ഗ്രാമീണ ജീവിതത്തെയാണ് ഭാരതത്തിലെ സാമൂഹ്യവ്യവസ്ഥിതി യുടെ പൊതുവായ വേദിയായി കാണേണ്ടത്. ഭാരതീയ സാമൂഹ്യ വ്യവസ്ഥി

തിക്ക് പല പൊതുവായ സ്വഭാവങ്ങളുമുണ്ട്. അവയിൽ ചിലതു താഴെപ്പറയുന്നു:

1. ജാതിവ്യവസ്ഥയുടെ പരിണിതഫലമായ ഭൂരിപക്ഷ ഉന്നതജാതി വർഗ മേധാവിത്വം.
2. ഭൂവുടമ മേധാവിത്വം.
3. കാർഷിക സമ്പദ്ഘടനയുടെ ഭാഗമായി കൃഷിചെയ്യുന്നവരുടെ നിരന്തര കടബാധ്യത.
4. പുരുഷമേധാവിത്വവും സ്ത്രീത്വചൂഷണവും.
5. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത.
6. ഭൂരിപക്ഷവും അനുഭവിക്കുന്ന തൊഴിലില്ലായ്മ.
7. ഭൂരിപക്ഷവും അനുഭവിക്കുന്ന ദാരിദ്ര്യം.
8. കുടിൽ പരമ്പരാഗത വ്യവസായങ്ങളുടെ തളർച്ച.
9. ഗ്രാമങ്ങളിലെ ഉല്പന്നങ്ങൾക്ക് ഗ്രാമീണർക്കു താരതമ്യേന കുറഞ്ഞ വില ലഭിക്കുമ്പോൾ നഗരങ്ങളിലെ ഉല്പന്നങ്ങൾക്കു ഗ്രാമീണർ അമിതമായ വില കൊടുക്കേണ്ടി വരുന്നു. ഇതു ഗ്രാമങ്ങളുടെ സമ്പദ്ഘടനയെ തകർക്കുന്നു. സാമൂഹ്യ ജീവിതത്തിൽ തത്ഫലമായി സുരക്ഷിതത്വബോധം നഷ്ടപ്പെട്ട് അസന്തുലിതാവസ്ഥ സംജാതമാകുന്നു.
10. ഗ്രാമങ്ങളിലെ സ്വയംഭരണ സംവിധാനങ്ങളിൽ പോലും ബഹുജനങ്ങളുടെ പങ്കാളിത്തത്തിന് സ്ഥാനമില്ല.
11. ആരോഗ്യ പരിചരണത്തെക്കുറിച്ചും കുടുംബക്ഷേമത്തെക്കുറിച്ചുമുള്ള അജ്ഞത.
12. തെറ്റുധാരണയുടെ അടിസ്ഥാനത്തിൽ വേഗം ആളിക്കത്തുന്ന സങ്കുചിത മതവർഗ വികാരങ്ങൾ.

ഇപ്രകാരമുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതിയോടുള്ള ക്രൈസ്തവ പ്രതികരണത്തെ സ്പർശിക്കുന്ന ചില നിർദ്ദേശങ്ങൾ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

### പ്രതികരണം

i. ജാതി, വർഗ വ്യവസ്ഥിതിയിൽ നിന്നു സമൂഹം സമൂലമായി പരിവർത്തനം പ്രാപിക്കുവാൻ തക്കവണ്ണം സമൂഹത്തിലെ ക്രൈസ്തവ പങ്കാളിത്തം മാതൃകാപരം ആയിരിക്കണം. ക്രൈസ്തവ പ്രസ്ഥാനങ്ങൾ സ്വയം ഈ ദുഷിച്ച വ്യവസ്ഥിതിയിൽ നിന്നു മോചനം പ്രാപിക്കുവാനും, ദുഷിച്ച വ്യവസ്ഥിതിയ്ക്കെതിരെ ബോധവത്ക്കരണം നടത്തുവാനും യത്നിക്കേണ്ടിയിരിക്കുന്നു.

ii. ഭൂവുടമയുടെയും തൊഴിലുടമയുടെയും ന്യായമായ അവകാശങ്ങൾ മാനിച്ചുകൊണ്ടു തന്നെ, തൊഴിലാളികൾക്കും കർഷകർക്കും ചൂഷണത്തിനെതിരെ സംരക്ഷണം കൊടുക്കുവാനുള്ള കർമ്മധീരത ക്രൈസ്തവ സമൂഹത്തിനുണ്ടാകേണ്ടതാണ്.

iii. കൃഷി ചെയ്യുന്നവർ നിരന്തരമായി കടബാധ്യതയിലേക്കു വലിച്ചിഴയ്ക്കപ്പെടുന്ന സാഹചര്യങ്ങൾ പഠിച്ച്, ബാങ്കുകളുടെയും സഹകരണ സംഘങ്ങളുടെയും വിഭവശേഷിയെ പ്രയോജനപ്പെടുത്തുവാൻ മാർഗനിർദ്ദേശം ചെയ്യാൻ ക്രൈസ്തവ സംഘടനകൾ ശ്രമിക്കേണ്ടതാണ്.

iv. പുരുഷ മേധാവിത്വത്തിന്റെ തിന്മകൾക്കെതിരെ, പ്രത്യേകിച്ചു സ്ത്രീധനത്തിന്റെ പേരിലും സംരക്ഷണത്തിന്റെ പേരിലും നടക്കുന്ന സ്ത്രീ ചൂഷണത്തിനെതിരെ അവശ്യം വേണ്ടതായ ജന മുന്നേറ്റത്തിനു നേതൃത്വം കൊടുക്കാൻ ക്രൈസ്തവ സമൂഹങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. അതിന്റെ പ്രാഥമിക പടിയായി, സഭയ്ക്കുള്ളിൽ തന്നെ സ്ത്രീകൾക്കു ന്യായമായിട്ടു കിട്ടേണ്ട അംഗീകാരം നൽകേണ്ടതാണ്.

v. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ മുൻഗണനകൾ നിർണ്ണയിച്ചു തദനുസൃതമായ വിദ്യാഭ്യാസ സംരംഭങ്ങൾ ആരംഭിക്കുവാൻ ക്രൈസ്തവർക്കുത്തരവാദിത്വമുണ്ട്. ലാഭത്തിനും, പ്രശസ്തിക്കും വേണ്ടിയല്ലാതെ, പ്രാദേശികമായ വിദ്യാഭ്യാസ മുൻഗണനകൾ നിർണയിക്കുക എന്നു പറഞ്ഞാൽ കുറച്ചുകൂടി വ്യക്തമാക്കേണമായിരിക്കും. ചില സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ സാധ്യതകൾ തന്നെ കുറവായിരിക്കാം; മറ്റു ചിലടത്ത് ഉയർന്ന നിലവാരമുള്ള സാമാന്യ വിദ്യാഭ്യാസ സംരംഭമായിരിക്കും ആവശ്യം; വേറെ ചിലടത്തു സാങ്കേതിക വിദ്യാഭ്യാസ പരിശീലനമായിരിക്കും അത്യാവശ്യം; മറ്റു ചിലടത്ത് ഉന്നതവിദ്യാഭ്യാസ സൗകര്യമായിരിക്കും വേണ്ടത്; ഇതിൽ തദ്ദേശീയമായ മുൻഗണനകൾ കണ്ടെത്തുകയാണാവശ്യം.

vi. തൊഴിലില്ലായ്മയ്ക്കെതിരെ, പ്രാദേശികമായ വിഭവസമാഹരണത്തിൽ കൂടിയും, സ്വയംതൊഴിൽ കണ്ടെത്താൻ മാർഗനിർദ്ദേശങ്ങൾ വഴിയായും, തൊഴിലവസരങ്ങൾ സൃഷ്ടിച്ചും, ക്രൈസ്തവ സമൂഹങ്ങൾ മാതൃകയായി പ്രവർത്തിക്കേണ്ടതാണ്.

vii. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മൂന്നു പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രാദേശികമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാൻ ക്രൈസ്തവ സന്നദ്ധ സംഘടനകൾ കൂടുതലായിട്ടുണ്ടാകേണ്ടതാണ്.

viii. കുടിൽ, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും, അവയുടെ ഉല്പന്നങ്ങൾക്കു കമ്പോളം കണ്ടെത്തുവാനും ഗ്രാമീണ ക്രൈസ്തവ സമൂഹങ്ങളും നഗരത്തിലെ ക്രൈസ്തവ സമൂഹങ്ങളും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കാവുന്നതാണ്.

ix. ഗ്രാമത്തിലെ ഉല്പന്നങ്ങളും നഗരത്തിലെ ഉല്പന്നങ്ങളും തമ്മിലുള്ള മത്സരം, ഒരു പരിധി വരെ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതുകൊണ്ട്, അവയുടെ കാരണങ്ങൾ കണ്ടുപിടിച്ചു പരിഹാരം കാണുവാൻ ഭരണതലത്തിൽ സമ്മർദ്ദം ചെലുത്തുവാൻ ക്രൈസ്തവ സമൂഹങ്ങൾ തമ്മിൽ സഹകരിച്ചാൽ സാധ്യമാകും.

x. ഇടവകയിലും പ്രാദേശിക ക്രൈസ്തവ സമൂഹത്തിലും ബഹുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് അതിന്റെ മാതൃകയിലും പിൻബലത്തിലും രാഷ്ട്രത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ചു ബോധവത്ക്കരിക്കാൻ ക്രൈസ്തവ സമൂഹങ്ങൾക്കു സാധിക്കും.

xi. പരിമിതമായ സാഹചര്യങ്ങളിൽപോലും എളുപ്പം സാധിക്കാവുന്ന ആരോഗ്യ പരിചരണത്തെക്കുറിച്ചും, കുടുംബക്ഷേമത്തിന്റെ ആവശ്യ ഘടകങ്ങളെക്കുറിച്ച് പഠിപ്പിക്കുവാനും, പരിശീലിപ്പിക്കുവാനും ക്രൈസ്തവ സംഘടനകൾക്കു സാധിക്കണം.

xii. പ്രാദേശികമായിട്ടു മതങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും സാധിക്കാവുന്ന സൗഹൃദ സംഗമത്തിൽകൂടി, സംയുക്തമായ സാമൂഹ്യ പ്രതികരണത്തിനു വഴിയും വേദിയും ഒരുക്കുവാൻ ക്രൈസ്തവ സമൂഹത്തിന് ഉത്തരവാദിത്വമെടുക്കാവുന്നതാണ്.

### ചോദ്യങ്ങൾ

1 ക്രൈസ്തവ സാമൂഹ്യ പ്രതികരണത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുക.

2 മേല്പറഞ്ഞതിൽ ഏതിനൊക്കെ, നിങ്ങളുടെ സമീപത്തുള്ള ക്രൈസ്തവ സമൂഹങ്ങൾക്കും, സംഘടനകൾക്കും പ്രാധാന്യം കൊടുക്കുവാൻ കഴിയും എന്നു വിലയിരുത്തുക.

## പാഠം 2

# രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രതികരണം

❑ ആനുകാലിക രാഷ്ട്രീയ മണ്ഡലം ❑ ക്രൈസ്തവ പ്രതികരണം

ഭാരതത്തിന്റെ രാഷ്ട്രീയ പശ്ചാത്തലത്തോടുള്ള അർത്ഥവത്തായ പ്രതികരണവും ക്രൈസ്തവ ധർമത്തിന്റെ തദ്ദേശീയീകരണത്തിന്റെ അവശ്യഘടകങ്ങളാണ്. രാഷ്ട്രീയ പശ്ചാത്തലം എന്നു പറഞ്ഞാൽ രാഷ്ട്രീയ പാർട്ടി

കളുടെ മത്സര പശ്ചാത്തലം എന്നു മാത്രമല്ല അർത്ഥം. രാഷ്ട്രത്തിന്റെ നിയമ നിർമാണ, നീതി നിർവ്വഹണ, ഭരണ നിർവ്വഹണ പ്രക്രിയയ്ക്കു മുഴുവനായി കൊടുക്കാവുന്ന പേരാണു 'രാഷ്ട്രീയം' എന്നത്. ഭാരതത്തെപ്പോലുള്ള ഒരു ജനായത്ത രാഷ്ട്രത്തിൽ, ഭൂരിപക്ഷം നേടുന്ന പാർട്ടിയുടെ ആദർശങ്ങൾക്കും നയപരിപാടികൾക്കും അനുസൃതമായാണു നിയമനിർമ്മാണം നടക്കുന്നത്. നിയമങ്ങൾക്കനുസൃതമായാണു നീതി നിർവ്വഹണവും ഭരണ നിർവ്വഹണവും നടക്കുന്നത്. അപ്പോൾ, രാഷ്ട്രീയത്തിൽ ഏറ്റവും പ്രധാന ഘടകം, ആദർശങ്ങളും നയപരിപാടികളും അവ നേടിയെടുക്കുന്ന ജനസമ്മതിയുമാണ്. രാഷ്ട്രീയമായ ആദർശങ്ങൾക്കും നയപരിപാടികൾക്കും കർമ്മ പദ്ധതികൾക്കും രാഷ്ട്രത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ മണ്ഡലങ്ങളിൽ സാരമായ സ്വാധീനം ഉണ്ടായിരിക്കും. അതുകൊണ്ടു തന്നെ, ക്രൈസ്തവർക്കു രാഷ്ട്രീയ മണ്ഡലത്തിൽ പ്രതികരിക്കാതിരിക്കുക വയ്യ.

## 1. ആനുകാലിക രാഷ്ട്രീയ മണ്ഡലം

ഭാരതത്തിന്റെ രാഷ്ട്രീയ മണ്ഡലം എപ്പോഴും വ്യതിയാനാത്മകമാണ്. എന്നാൽ അവിടെ ഇന്നും തെളിഞ്ഞു നിൽക്കുന്ന ഒരു സത്യമുണ്ട്. സമഗ്രമായ ഒരു രാഷ്ട്രീയചിന്ത (ആദർശങ്ങളും, നയപരിപാടികളും, കർമ പദ്ധതികളും) ഭാരതത്തിൽ ഇന്നേവരെ ഉരുത്തിരിഞ്ഞിട്ടില്ല. മഹാത്മാ ഗാന്ധി അതിനു തുടക്കം ഇട്ടു എന്നു പറയാമെങ്കിലും അതിനെ തുടരുവാനോ പൂർത്തീകരിക്കുവാനോ സാധിച്ചിട്ടില്ല. പകരം അധികാരം പിടിച്ചുപറ്റുവാൻ മാത്രം പര്യാപ്തമായ അവസരോചിതമായ രാഷ്ട്രീയ ചിന്തയേ ഉണ്ടായിട്ടുള്ളൂ. ഈ വസ്തുതയെ ദൃഢപ്പെടുത്തുന്നതാണു രാഷ്ട്രീയ മണ്ഡലത്തിലെ ഏതാനും പൊതു യാഥാർത്ഥ്യങ്ങൾ.

i. സങ്കുചിത താല്പര്യങ്ങളെയും, ഛിദ്രവാസനകളെയും മുതലെടുക്കുന്ന അവസരോചിതമായ ഒരു രാഷ്ട്രീയ വ്യവസ്ഥിതി നിലനിൽക്കുന്നുവെന്നതിന്റെ ഉദാഹരണമാണു വർദ്ധിച്ചുവരുന്ന പ്രാദേശികവും വർഗീയവുമായ രാഷ്ട്രീയ പാർട്ടികൾ. തന്മൂലം രാഷ്ട്രത്തിന്റെ പൊതുവായ താല്പര്യങ്ങളും ഐക്യവും പോലും ദുർബലപ്പെട്ടുപോകുന്നു.

ii. നിലവിലിരിക്കുന്ന സാമ്പത്തിക - സാമൂഹ്യ ചൂഷണ വ്യവസ്ഥിതിയിൽ നിന്നു തന്നെ ലഭിക്കുന്ന സാമ്പത്തിക സഹായമാണു രാഷ്ട്രീയ പ്രവർത്തനങ്ങൾക്കുള്ള മൂലധനം. തത്ഫലമായി നിലവിലിരിക്കുന്ന ചൂഷകവ്യവസ്ഥിതിയോടു രാഷ്ട്രീയരംഗം പണ്ടേ കടക്കാരാവുകയും ചെയ്യുന്നു. മേൽപറഞ്ഞതുപോലെ തന്നെയുള്ള പരസ്പര വിധേയത്വമാണ്, രാഷ്ട്രീയവും വർഗീയതയും തമ്മിൽ ഉണ്ടാകുന്ന അവിശുദ്ധ കൂട്ടുകെട്ടും സൃഷ്ടിക്കുന്നത്.

iii. ഭാരതത്തിലെ രാഷ്ട്രീയ വ്യവസ്ഥിതി പലപ്പോഴും കാലാകാലങ്ങ

ളിലെ 'തരംഗ'ങ്ങളിൽ ഉടക്കിക്കിടക്കുന്നു. തന്മൂലം പലപ്പോഴും ശക്തമായ ഒരു പ്രതിപക്ഷം ഉണ്ടാകാതെ പോകുന്നു.

iv. ഭരിക്കുന്നവരുടെ മേൽ ജനങ്ങൾക്കു തങ്ങളുടെ സമ്മതിദാനാവകാശം അല്ലാതെ മറ്റൊരു ഇടക്കാല നിയന്ത്രണവും സാധ്യമല്ലാത്ത രാഷ്ട്രീയ വ്യവസ്ഥിതി.

**2. ക്രൈസ്തവ പ്രതികരണം**

ക്രൈസ്തവ പ്രതികരണം ചങ്കൂറ്റത്തോടെയുള്ള ചില നിലപാടുകൾ എടുക്കുന്നതിലാണെന്നു തോന്നുന്നു.

(i) ന്യൂനപക്ഷത്തിന്റെയോ, മത - വർഗീയതയുടെയോ പേരിൽ ന്യായമായ അവകാശങ്ങൾ അല്ലാതെ സൗജന്യങ്ങൾ ഒന്നും രാഷ്ട്രീയത്തിൽ നിന്നും സ്വീകരിക്കാതെയും പ്രതീക്ഷിക്കാതെയുമിരിക്കുക.

(ii) സമഗ്രമായ ഒരു രാഷ്ട്രീയ ചിന്ത വളർത്തിയെടുക്കുവാൻ യുവതലമുറയെ പരിശീലിപ്പിക്കുവാൻ ക്രൈസ്തവ മാധ്യമങ്ങൾ ശ്രമിക്കണം. മഹാത്മാഗാന്ധി തുടങ്ങിവച്ച രാഷ്ട്രീയചിന്തയ്ക്കു (സത്യം, അഹിംസ, സ്വദേശി എന്നീ പ്രമാണങ്ങളിൽ അടിസ്ഥാനപ്പെട്ട സത്യാഗ്രഹം, പഞ്ചായത്ത് രാജ്, ഗ്രാമോദ്യോഗ് പരിപാടികൾ) മൂർത്തമായ ആവിഷ്ക്കരണവും വ്യാഖ്യാനവും കൊടുക്കാൻ പരിശ്രമങ്ങൾ ഉണ്ടാകണം.

(iii) രാഷ്ട്രീയ പ്രക്രിയയ്ക്കുള്ള മൂലധനം പണമല്ല ജനങ്ങളുടെ ബോധവത്ക്കരണം ആണെന്ന ബോധ്യത്തിലേയ്ക്കു കൊണ്ടുവരാൻ ശ്രമിക്കണം. ജനസമ്മതിയെ പ്രത്യക്ഷമായും പരോക്ഷമായും പണം കൊടുത്തു വാങ്ങാം എന്ന പതനത്തിൽ നിന്ന്, ജനസമ്പർക്കത്തിൽ കൂടി ജനങ്ങളെ ബോധവൽക്കരിക്കുന്ന സംവിധാനത്തിലേയ്ക്കു മാർഗനിർദ്ദേശം നൽകണം.

(iv) രാഷ്ട്രീയം എന്നു പറഞ്ഞാൽ പാർട്ടി മത്സരം അല്ല, ജനങ്ങളുടെ പങ്കാളിത്തത്തിന് ഊന്നൽ കൊടുക്കുന്ന രാഷ്ട്രനിർമ്മാണ സംരംഭം ആണെന്ന ധാരണയിലേക്കു രാഷ്ട്രീയ പാർട്ടികളെപ്പോലും ബോധ്യപ്പെടുത്തേണ്ട സാഹചര്യമാണുള്ളത്. ഭരണം കൈയിലിരുന്നാലേ ജനസേവനം സാധിക്കൂ എന്ന ചിന്തയെ മാറ്റണം; പ്രതിപക്ഷത്തിന്റെ ഏകധർമം ഭരണം നടത്തുന്നവരെ താഴെയിറക്കുകയും ഭരണം തടസ്സപ്പെടുത്തുകയുമാണെന്ന തെറ്റായ ധാരണയിൽ നിന്നു മോചനം പ്രാപിക്കണം. ഈ വിധം രാഷ്ട്രീയാവബോധമുള്ളതും വ്യക്തിത്വമാന്യതയുള്ളതുമായ രാഷ്ട്രീയ നേതൃത്വത്തെ പരിശീലിപ്പിച്ചെടുക്കുവാൻ ക്രൈസ്തവ ധർമത്തിനു ഭാരതത്തിൽ സുപ്രധാനമായ ഒരു ദൗത്യമുണ്ട്.

**ചോദ്യങ്ങൾ**

1. ഭാരതത്തിലെ രാഷ്ട്രീയ പശ്ചാത്തലത്തിന്റെ പൊതുവായ സ്വഭാവം എന്തൊക്കെ?
2. രാഷ്ട്രീയമായി ക്രൈസ്തവ പ്രതികരണം എന്നു പറഞ്ഞാൽ ഒരു പാർട്ടി ഉണ്ടാക്കി തെരഞ്ഞെടുപ്പിൽ മൽസരിക്കുകയെന്നാണോ? വിശദീകരിക്കുക.

## പാഠം 3

# സാമ്പത്തിക മണ്ഡലങ്ങളിലെ പ്രതികരണം

- ❑ ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി: ഒരു സംക്ഷിപ്ത ചിത്രം
- ❑ സാമ്പത്തിക വ്യവസ്ഥിതിയിലെ ചില മൂർത്ത യാഥാർത്ഥ്യങ്ങൾ
- ❑ സാമ്പത്തിക പശ്ചാത്തലത്തോടുള്ള ക്രൈസ്തവ പ്രതികരണം

ഏതൊരു രാഷ്ട്രത്തിന്റെയും ഭദ്രതയെ നിയന്ത്രിക്കുന്ന ഒരു ഘടകമാണു സാമ്പത്തികം. സാമ്പത്തിക വ്യവസ്ഥിതി എപ്പോഴും സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥിതികളുമായി ബന്ധപ്പെട്ടിരിക്കും. ഒരു വ്യവസ്ഥിതിയിലെ വ്യതിയാനം മറ്റു വ്യവസ്ഥിതികളെയും ബാധിക്കുന്നു. ഈ വസ്തുതയെ അംഗീകരിച്ചുകൊണ്ട്, ഭാരതത്തിന്റെ സാമ്പത്തിക പശ്ചാത്തലത്തോടുള്ള ക്രൈസ്തവ പ്രതികരണത്തെക്കുറിച്ച് അല്പമായി ചിന്തിക്കാം.

### 1. ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി - ഒരു സംക്ഷിപ്ത ചിത്രം

പൊതുമേഖലയെയും സ്വകാര്യമേഖലയെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിയാണു ഭാരതത്തിലുള്ളത്. ഈ വ്യവസ്ഥിതി പ്രകാരം രാഷ്ട്രത്തിന്റെ ദേശീയ വരുമാനത്തിൽ കാര്യമായ വളർച്ചയുണ്ടാകുന്നുണ്ടെങ്കിലും, ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ നിരാശാജനകമായ ഒരു സാഹചര്യമാണ് ഉള്ളത്. 1982-ലെ ലോകബാങ്കിന്റെ വിലയിരുത്തലിൻപ്രകാരം പഠനവിഷയമായ രാജ്യങ്ങളിൽ ദേശീയ വരുമാനത്തിന്റെ കാര്യത്തിൽ ഭാരതത്തിനു 15-ാം സ്ഥാനമുണ്ടെങ്കിൽ, ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ 117-ാം സ്ഥാനം മാത്രമാണുള്ളത്. ഇതിന്റെയർത്ഥം, ദേശീയ വരുമാനത്തിന്റെ സിംഹഭാഗവും ചുരുക്കം ചിലരുടെ കൈയിൽ ഒതുങ്ങുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിയാണു ഭാരതത്തിൽ ഉള്ളതെന്നാണ്. ഈ യാഥാർത്ഥ്യം വിരൽ ചൂണ്ടുന്നത്, സാമ്പത്തിക ആസൂ

ത്രണത്തിന്റെ അപര്യാപ്തതയിലേക്കും, രാഷ്ട്രീയ, സാമൂഹ്യ ഘടനകളിലെ വ്യതിയാന വിമുഖതയിലേക്കുമാണ്. ഈ വസ്തുതയെ ഉദാഹരിക്കുന്നതാണ് താഴെപ്പറയുന്ന മൂർത്ത യാഥാർത്ഥ്യങ്ങൾ.

## 2. സാമ്പത്തിക വ്യവസ്ഥിതിയിലെ ചില മൂർത്ത യാഥാർത്ഥ്യങ്ങൾ

a. ഭാരതത്തിന്റെ സമ്പത്ഘടന പ്രധാനമായും ഒരു കാർഷിക സമ്പത് ഘടനയാണ്. കാർഷിക മേഖലയിൽ ഭൂനിയമ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, കൃഷിക്കുപയുക്തമായ ഭൂമിയുടെ പകുതി മാത്രമേ ഇപ്പോഴും കൃഷി ചെയ്യുന്നുള്ളൂ.

b. വൻകിട വ്യവസായങ്ങളുടെയും, വിദേശ ഉല്പന്നങ്ങളുടെയും മുമ്പിൽ കുടിൽ, പരമ്പരാഗത വ്യവസായങ്ങൾ തകരുന്നതു മൂലം, തൊഴിലില്ലായ്മ വളരുക മാത്രമല്ല, വ്യവസായ മണ്ഡലത്തിലെ സാമ്പത്തിക നിയന്ത്രണം ചുരുക്കം ചിലരുടെ കൈകളിലൊതുങ്ങുകയും ചെയ്യുന്നു. ഇതോടെ ഗ്രാമങ്ങളുടെ സാമ്പത്തിക നിയന്ത്രണം നഗരങ്ങളിലേക്കു വഴുതിപ്പോകുകയും ചെയ്യുന്നു.

c. ജനസംഖ്യാ വർദ്ധനവിനും, അഭ്യസ്തവിദ്യരുടെ എണ്ണത്തിനും അനുസരിച്ചു കാർഷിക മേഖലയിലും വ്യവസായ മേഖലയിലും തൊഴിൽ അവസരങ്ങൾ ഉണ്ടാകാത്തതു മൂലം ഏറ്റവും പ്രധാനപ്പെട്ട വിഭവശേഷി (മനുഷ്യർ) ഉപയോഗശൂന്യമാക്കുകയും, അതിലൊരു പങ്കിനെ വിദേശങ്ങൾ ചൂഷണം ചെയ്യുകയും ചെയ്യുന്നു.

d. വിഭവസമാഹരണവും സാമ്പത്തിക വ്യയവും തമ്മിൽ പാലിക്കപ്പെടേണ്ട തുലനം നഷ്ടപ്പെടുന്നതിനാൽ നാണയ മൂല്യം കുറയുന്നു.

e. സാമ്പത്തിക വ്യയത്തെ സംബന്ധിച്ച് ആവശ്യമായ നിയന്ത്രണമില്ലാത്തതിനാൽ സ്വകാര്യ സമ്പത്ത് പ്രത്യുൽപാദനപരമല്ലാത്ത മണ്ഡലങ്ങളിൽ ദുർവ്യയം ചെയ്യപ്പെടുന്നു.

f. സാമ്പത്തിക നിയമങ്ങളിൽ തന്നെ പഴുതുകളും, നിയമ നിർവഹണത്തിൽ തന്നെ വീഴ്ചകളും, ഉള്ളതിനാൽ, കള്ളപ്പണം വർധിക്കുന്നു.

g. ദേശീയമായ രീതിയിലും പ്രാദേശീയമായ തലങ്ങളിലും ഭാരതത്തിൽ വിഭവങ്ങൾ (പ്രത്യേകിച്ചു ദേശീയ വരുമാനം, പ്രകൃതി വിഭവങ്ങൾ എന്നിവ) വേണ്ടുവോളമുണ്ടെങ്കിലും സമഗ്രമായ ആസൂത്രണം ഇല്ലാത്തതാണു പ്രധാന പ്രശ്നം.

h. പുതിയ ഒരു 'അധഃകൃത' വർഗത്തിന്റെ ആവിർഭാവം: മാറിമറിയുന്ന സാമൂഹ്യ സാമ്പത്തിക പ്രതിഭാസങ്ങൾ മൂലം മുമ്പു സാമൂഹ്യമായി ഇട

ത്തരക്കാരായിരുന്ന ഒരു നല്ല ശതമാനം ജനങ്ങളും സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിലേക്കു വഴുതിപ്പോയിരിക്കുകയാണ്. വർഗ്ഗം, ജാതി, സംവരണങ്ങൾ ഒന്നും ഇക്കൂട്ടർക്കു ലഭിക്കുന്നുമില്ല. ഭാരതത്തിന്റെ സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ ഏറ്റവും യാതന അനുഭവിക്കുന്നത് ഇവരായിത്തീർന്നിരിക്കുന്നു എന്നതാണു പരമാർത്ഥം.

## 4. സാമ്പത്തിക പശ്ചാത്തലത്തോടുള്ള ക്രൈസ്തവ പ്രതികരണം

ഇവിടെ ചർച്ച ചെയ്യപ്പെടുവാൻ ഏതാനും കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ സമൂലമായ പരിവർത്തനം ആവശ്യമാണെന്നും അതിനു വേണ്ടിയുള്ള സമഗ്രമായ ആസൂത്രണം നടക്കണമെന്നും പൊതുജനങ്ങളെയും ഭരണകർത്താക്കളെയും ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

2. താറുമാറായ സാമ്പത്തിക ഘടനയെ വ്യതിയാനപ്പെടുത്താൻ ഉള്ള ശ്രമത്തിന്റെ നല്ലൊരു ഭാഗം പ്രാദേശികമായി ചെയ്യുവാൻ കഴിയുമെന്നതിനാൽ, കാർഷികമേഖലയിലും വ്യാവസായിക മേഖലയിലും പുതിയ പരിഷ്ക്കരണങ്ങൾ പ്രാദേശികമായി നടപ്പാക്കുവാൻ ഇടവകകളും മറ്റും നേതൃത്വം കൊടുക്കാൻ കഴിയും. ഉദാഹരണമായി, കൃഷിക്കുപയുക്തമായ മുഴുവൻ ഭൂമിയും ശാസ്ത്രീയമായി കൃഷി ചെയ്യുവാനും, അതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും, ഉൽപാദനം സമാഹരിച്ചു കാര്യക്ഷമമായ വിപണന സമ്പ്രദായം ക്രമീകരിക്കുവാനും, ക്രൈസ്തവ സമൂഹങ്ങൾക്കു സാധിക്കും.

3. കുടുംബബജറ്റ് തയ്യാറാക്കുന്നതിലും, സ്വകാര്യസ്വത്തിന്റെ പ്രത്യുൽപാദനപരമായ വ്യയത്തെ സംബന്ധിച്ചും, മാർഗനിർദ്ദേശങ്ങൾ കൊടുക്കുവാൻ ക്രൈസ്തവ സംഘടനകൾക്കു കഴിയണം. കഷ്ടപ്പെട്ടു സമ്പാദിക്കുന്നതിന്റെ സിംഹഭാഗവും വീടു നിർമ്മിക്കാനും അതിരു കവിഞ്ഞ ആർഭാടത്തിനും ഉപയോഗപ്പെടുത്തുന്നതിനെ നിരുത്സാഹപ്പെടുത്തത്തക്ക ബോധവൽക്കരണം ഇടവകകളിൽ കൂടി ചെയ്യുവാൻ കഴിയും.

4. വിഭവങ്ങൾ, വ്യയം, മുൻഗണനകൾ ഇവയെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാതൃകാപരമായ ഒരു സാമ്പത്തികാസൂത്രണം ക്രൈസ്തവ സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഉണ്ടാക്കുകയെന്നുള്ളതാണു ഏറ്റവും പ്രധാനം.

5. നിസ്വന്മാരായിക്കൊണ്ടിരിക്കുന്ന പഴയ ഇടത്തരക്കാരെ പ്രത്യേകം പരിഗണിച്ചു സാമ്പത്തിക സംവരണം എന്ന ആശയത്തോടു ക്രിയാത്മകമായി സഹകരിക്കുവാൻ ക്രൈസ്തവർക്കു കടമയുണ്ട്.

6. ക്രൈസ്തവ സ്ഥാപനങ്ങളിലെ തൊഴിൽ, വിദ്യാഭ്യാസ അവസരങ്ങളിൽ സംവരണാനുകൂല്യം ലഭിക്കേണ്ടതായ എല്ലാവർക്കും (സാമ്പത്തിക സംവരാണാർഹത മാത്രമല്ല) ന്യായമായ അംഗീകാരം കൊടുക്കണം.

7. സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിലെ സമഗ്രമായ ആസൂത്രണം ശിക്ഷണബോധത്തോടെ നടപ്പാക്കുന്ന ഒരു ഭരണപരമായ വ്യതിയാനത്തെ സ്വാഗതം ചെയ്യണം.

**ചോദ്യങ്ങൾ**

1. ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയിലെ മൂർത്ത യാഥാർത്ഥ്യങ്ങളും അവയോടുള്ള ക്രൈസ്തവ പ്രതികരണവും ചുരുക്കമായി പ്രതിപാദിക്കുക.
2. നിങ്ങളുടെ പ്രദേശത്തു സുലഭമായ ഒരു വിഭവം അല്ലെങ്കിൽ വിഭവങ്ങൾ മനസിൽ കണ്ടുകൊണ്ടു നിങ്ങളുടെ ഇടവക കേന്ദ്രമാക്കി അതിന്റെ / അവയുടെ ഭേദപ്പെട്ട ഉൽപ്പാദനം, സമാഹരണം, വിൽപന, അവയുടെ അടിസ്ഥാനത്തിൽ സജ്ജീകരിക്കാവുന്ന വ്യവസായ വാണിജ്യപരിപാടികൾ, ബാങ്കിംഗ് ക്രമീകരണങ്ങൾ, സേവന പരിപാടികൾ, തൊഴിൽ അവസരങ്ങൾ മുതലായവയെക്കുറിച്ച് ഒരു രൂപരേഖ എഴുതിയുണ്ടാക്കുക.

## പാഠം 4

# പ്രതികരണത്തിന്റെ പാത: ചില പ്രായോഗിക പരിചിന്തനങ്ങൾ

❑ സ്വയ പ്രതികരണം ❑ കൂട്ടായ പങ്കാളിത്തം ❑ തിന്മയ്ക്കെതിരെ സമരം ❑ എതിർപ്പുകൾ

പ്രതികരണത്തിന്റെ പാത തടസ്സങ്ങൾ ധാരാളം ഉള്ളതാണ്. സ്വയം ത്യാഗം അനുഷ്ഠിക്കുമ്പോഴേ, സമൂല പരിവർത്തനത്തിനു സ്വയം വിധേയരാകുമ്പോഴേ, പ്രതികരണശേഷി ഉണ്ടാവുകയുള്ളു. അങ്ങനെയുള്ള പ്രതിരകരണ പാതയിലെ ചില പ്രായോഗിക വശങ്ങൾ ചിന്തിക്കാം.

### 1. സ്വയ പ്രതികരണത്തിൽ കൂടിയേ ബാഹ്യപ്രതികരണം സാധിക്കൂ

തങ്ങളോടു തന്നെ പ്രതികരിക്കുന്ന വ്യക്തി, സമൂഹങ്ങൾ മാതൃകാപര

മായിട്ടുണ്ടായാലേ ബാഹ്യപ്രതികരണം ശക്തിയുള്ളതാകൂ. ഇപ്രകാരമുള്ള പ്രതികരണശേഷി കൈമുതലായ വ്യക്തികൾക്കും, സമൂഹങ്ങൾക്കുമേ നേതൃത്വം കൊടുക്കാൻ കഴിയൂ. അങ്ങനെയുള്ള നേതൃത്വമേ അംഗീകരിക്കപ്പെടുകയുള്ളു.

## 2. പ്രതികരണപാതയിൽ കൂട്ടായ പങ്കാളിത്തം

വിവിധ സഭാംഗങ്ങൾക്കും, വിവിധ മതാനുയായികൾക്കും, വിവിധ പ്രത്യയശാസ്ത്രാനുഭാവികൾക്കും വളരെയേറെ ഒന്നിച്ചു ചേർന്നു നിർവഹിക്കാവുന്നതാണു സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിലെ പ്രതികരണം. ഇങ്ങനെയുള്ള സഹകരണത്തിൽക്കൂടെ മാത്രമേ, ക്രൈസ്തവർക്കു തദ്ദേശീയമായ മണ്ണിൽ വേരുറപ്പിച്ചു വളരുവാനും സാക്ഷ്യം നിർവഹിക്കുവാനും കഴിയൂ. പ്രാദേശികമായ സൗഹൃദ സംഗമപ്രസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയധികം ചെയ്യുവാനുണ്ട്.

## 3. തിന്മയ്ക്കെതിരെയുള്ള സമരത്തിൽ കൂടിയുള്ള പ്രതികരണം

പ്രാദേശികവും, ദേശീയവുമായ മണ്ഡലങ്ങളിലെ അനീതിക്കും, ചൂഷണത്തിനുമെതിരെ സമരം ചെയ്യുക എന്നുള്ളതു ക്രൈസ്തവ ധർമമാണ്. ഈ സമരത്തിന്റെ ഉത്തേജനകേന്ദ്രം, ദൈവ സംസർഗമാണെന്നതിനു രണ്ടു പക്ഷമില്ല. സമരത്തിന്റെ പ്രായോഗിക പാതയിൽ, നിഷ്പക്ഷമായ ഒരു നിലപാടു സാധ്യമല്ല. അനീതിയുള്ള വ്യവസ്ഥിതിയ്ക്കെതിരെ തുറന്ന നിലപാട് എടുക്കേണ്ടതായി വരും. ആ നിലപാട് എടുത്തുകൊണ്ടു സ്വയശിക്ഷണമുള്ളതും, ത്യാഗനിർഭരവുമായ ഒരു സഹന സമരത്തിനു പ്രാർത്ഥനയുടെ ആത്മാവിൽ തന്നെ വിവിധ ഘട്ടങ്ങളിൽ കൂടി മുമ്പോട്ടു പോകേണ്ടതായി വരും. അതിനു പറയാവുന്ന പേരാണ് “അഭിനവ രക്തസാക്ഷിത്വം” എന്നത്. അനീതിയിൽ തഴമ്പിച്ച വ്യവസ്ഥിതികളോടു ചില ഘട്ടങ്ങളിൽ, ഗാന്ധിജി ചെയ്തതുപോലെ നിസ്സഹകരണവും, സമ്മർദ്ദതന്ത്രവും സത്യഗ്രഹവും നടത്തേണ്ടതായി വന്നേക്കാം; അതുപോലെതന്നെ ചില ഘട്ടങ്ങളിൽ, യേശുക്രിസ്തു കാണിച്ചതുപോലെ ധാർമ്മിക രോഷപ്രകടനവും ആവശ്യമായി വന്നേക്കാം.

ആയിരക്കണക്കിനാളുകളെ തലമുറകളായി പ്രത്യക്ഷമായും പരോക്ഷമായും കശാപ്പു ചെയ്യുന്നതിൽ മനസ്സാക്ഷിക്കുത്തു തോന്നാത്ത വ്യവസ്ഥിതിയെ കണ്ണു തുറപ്പിക്കുവാൻ സ്വയം രക്തസാക്ഷികളാകുന്നതോടൊപ്പം, നിർവ്വാഹമില്ലാത്ത സാഹചര്യങ്ങളിൽ വൈകാരിക ബഹിർസ്ഫുരണമുണ്ടാകുന്നതു ന്യായീകരിക്കാമോ എന്നുള്ളതു ക്രൈസ്തവ വൃത്തങ്ങളിൽ വിവാദം ഉയർത്തുന്ന സംഗതിയാണ്. ആഫ്രിക്കയിലും ലാറ്റിൻ അമേരിക്ക

യിലും പല രാജ്യങ്ങളെയും സ്വാതന്ത്ര്യം കണ്ടെത്തുവാൻ സഹായിച്ചതും, ദക്ഷിണാഫ്രിക്കയിൽ ഇന്നും നടക്കുന്നതുമായ സമരങ്ങളിൽ ഉപയോഗിക്കുന്നതും ആയ തന്ത്രം ഇതാണു താനും.

### 4. ആത്മീയവാദികളുടെയും, യാഥാസ്ഥിതികരുടെയും, വ്യവസ്ഥാപിത ഘടനകളുടെയും എതിർപ്പ്

പ്രതികരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ആഭ്യന്തരമായ എതിർപ്പുകൾ ഉണ്ടാകും. പ്രതികരണത്തിന്റെ മൂർച്ച കൂട്ടുന്നതിനു തന്നെ ഈ ഉരസൽ സഹായിക്കും. 'മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്ന'തെന്നും, 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ' എന്നും, 'ആത്മാവിന്റെ രക്ഷയാണു നമ്മുടെ ഏക ലക്ഷ്യമെന്നും' പ്രസംഗിച്ചുകൊണ്ട്, ആനുകാലികമായ പ്രതികരണത്തിൽ നിന്നും തടയുന്ന 'ആത്മീയ'വാദികൾ ഒരു വശത്ത്. നിലനിൽക്കുന്ന വ്യവസ്ഥിതി തങ്ങളെ സംബന്ധിച്ചിടത്തോളം അനുകൂലമായതുകൊണ്ട്, യാതൊരു വ്യതിയാനത്തിനും സമ്മതിക്കാത്ത 'നിഷ്പക്ഷ' വാദികളായ യാഥാസ്ഥിതികർ വേറൊരു വശത്ത്. നിലവിലിരിക്കുന്ന സാമൂഹ്യ, രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥിതിയിൽ തന്നെ മതത്തിനും സഭയ്ക്കും നിലനിൽക്കുവാൻ തട്ടിക്കൂട്ടിയ വ്യവസ്ഥാപിത ഘടനകളുടെ എതിർപ്പായിരിക്കും മറ്റൊരു വശത്ത്. ഇവയ്ക്കിടയിൽ കൂടിയാണു പ്രതികരണപാത മുന്നേറുന്നത്.

ചിലതിനെ ബോധപൂർവ്വം അവഗണിക്കേണ്ടിവരും; ചിലതിനെ ധൈര്യപൂർവ്വം നേരിടേണ്ടി വരും; ചിലതു മൂലം സൂക്ഷ്മത കൈവെടിയാതിരിക്കാനും, സ്വയം തിരുത്തലുകൾക്കു വിധേയമാകാനും സാധിക്കും. എങ്കിലും ക്രൈസ്തവൻ പ്രതികരണപാതയിൽ മുന്നോട്ടുപോകണം. ഈ യാത്രയിലെ ക്രൈസ്തവ സാക്ഷ്യത്തിനായുള്ള 'നിർബന്ധം എന്റെ മേൽ കിടക്കുന്നു' എന്ന ബോധ്യമുള്ളപ്പോൾ, അതിനു നമ്മെ പ്രേരിപ്പിക്കുന്ന 'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന്' നമ്മെ 'വേർപിരിക്കുന്നത് ആര്?'

### ചോദ്യങ്ങൾ

1. പ്രതികരണപാതയിലെ പ്രായോഗിക പ്രശ്നങ്ങൾ എന്തൊക്കെ? അവയെ എങ്ങനെ അഭിമുഖീകരിക്കണം.
2. 'അഭിനവ രക്തസാക്ഷികൾ' എന്ന തലക്കെട്ടിൽ നിങ്ങൾ ആരെയൊക്കെ ഉൾപ്പെടുത്തും?

## പാഠം 5

# ‘സേവന’ത്തിന്റെ പുതിയ മാനങ്ങൾ

❑ ‘വ്യക്തി’ തലത്തിലെ സേവന മുൻഗണനകൾ ❑ ‘കുടുംബ’ തലത്തിലെ സേവന മുൻഗണനകൾ ❑ ‘സമൂഹ’ തലത്തിലെ സേവന മുൻഗണനകൾ

ക്രൈസ്തവമായ പ്രതികരണത്തിന്റെ താരതമ്യേന എളുപ്പമുള്ള പ്രതിസ്ഫുരണമാണു ക്രൈസ്തവ ‘സേവന’ മണ്ഡലം. ക്രൈസ്തവ സേവനത്തിൽ എവിടെയാണെങ്കിലും വ്യക്തമായ ഒരു മനോഭാവം വേണം. അർഹിക്കാത്തവർക്കു ചെയ്യുന്ന ഔദാര്യം എന്ന മനോഭാവമല്ല പ്രത്യുത ചെയ്യേണ്ടതു ചെയ്യുന്നു എന്ന കാര്യവിചാര മനോഭാവമാണതിനെ ഭരിക്കേണ്ടത്. കൂടാതെ, കാലാകാലങ്ങളിൽ സേവനത്തിനു പുതിയ മാനങ്ങളും കണ്ടെത്തേണ്ടതായി വരും. വ്യക്തി, കുടുംബം, സമൂഹം എന്നീ മൂന്നു തലങ്ങളിൽ ശ്രദ്ധിക്കേണ്ടതായ ചില സേവന മുൻഗണനകളെക്കുറിച്ചു ചർച്ച ചെയ്യാം.

### 1. ‘വ്യക്തി’ തലത്തിലെ സേവന മുൻഗണനകൾ

വ്യക്തികൾക്ക് ആത്മീയ, സന്മാർഗ പരിശീലനം നൽകുവാൻ നിലനിൽക്കുന്ന സേവന പരിപാടികൾ മിക്കതും ‘ബോധന’ത്തിലാണു ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. എന്നാൽ പല ‘വ്യക്തികൾക്കും’, കൂടുതൽ വ്യക്തിപരമായ ശ്രദ്ധ ലഭിക്കേണ്ടതു വേറൊരു പശ്ചാത്തലത്തിലാണ്. മദ്യപാനം, പുകവലി, അസാന്മാർഗികത മുതലായവയിൽ തഴമ്പിച്ചു മനസ്സിനും, ശരീരത്തിനും ആത്മാവിനും രോഗം ബാധിച്ച വ്യക്തികളെ ശ്രദ്ധിക്കുവാൻ ക്രൈസ്തവ സേവനപാതയിൽ മുൻഗണന നൽകേണ്ടിയിരിക്കുന്നു. മദ്യപാനത്തിൽ നിന്നും മറ്റും കര കയറുവാൻ ആഗ്രഹമുള്ള പലരും ഉണ്ടെങ്കിലും, ആ വഴിക്കു പ്രായോഗികമായ മാർഗനിർദ്ദേശം നൽകാൻ മനസ്സുള്ളവരെയും കഴിവുള്ളവരെയും കണ്ടെത്താൻ അവർക്കു കഴിയാതെ പോകുന്നു. ഇപ്രകാരമുള്ള സേവനത്തിനു ക്രൈസ്തവ ശുശ്രൂഷകരെ പരിശീലിപ്പിക്കുവാനും, നിയോഗിക്കുവാനും സംരംഭങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു.

### 2. ‘കുടുംബ’ തലത്തിലെ സേവന മുൻഗണനകൾ

കുടുംബങ്ങൾ എന്നു പറയുമ്പോൾ സ്വാഭാവികമായും പല പ്രശ്നങ്ങളും ഉണ്ടാകും. ഭാര്യാഭർത്തൃബന്ധത്തിലും, കുട്ടികളും മാതാപിതാക്കളും തമ്മിലും, സഹോദരീ സഹോദരങ്ങൾ തമ്മിലും, അയൽക്കാർ തമ്മിലും പല ധാരണപ്പിശകുകളും ഉണ്ടാകാം. ഒരു വൈദികന്റെയടുക്കൽ കടന്നു ചെന്നു കുമ്പസാരം മുഖേനയോ അല്ലാതെയോ അവയെ പങ്കിടുന്നവർ തുലോം ചുരുക്കമായിരിക്കും. കുമ്പസാരം അംഗീകരിക്കുന്ന സഭകളിൽ

തന്നെ, ഇപ്രകാരമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കുമ്പസാര സന്ദർഭത്തിനു പല പരിമിതികളും ഉണ്ട്. അതുകൊണ്ട്, കുടുംബജീവിതത്തിനു പിൻതുണയേകുന്ന സേവന പരിപാടികൾ പ്രത്യേകമായി ആവിഷ്ക്കരിക്കുന്നതിൽ പ്രസക്തിയുണ്ട്. പഠനവും ചർച്ചയും, കൗൺസലിങ്ങും അതിൽ ഉൾപ്പെടാം. കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ വൈദികരുടെ ജനസംസർഗത്തിന് അതുല്യ സ്ഥാനമുണ്ട്. ചില പ്രത്യേക സാഹചര്യത്തിൽ, കുടുംബപ്രശ്നങ്ങൾ കേൾക്കുവാനും പരിഹരിക്കുവാനും വൈദഗ്ദ്യമുള്ളവരും, നല്ല സാക്ഷ്യമുള്ളവരുമായ വൈദികരുടെയും അവൈദികരുടെയും സമിതികൾക്കു പ്രസക്തിയുണ്ട്. ഇടവകകൾ തോറും 'ക്രിസ്തീയ കുടുംബവാരം' ക്രമീകരിക്കുവാൻ സാധിക്കും. സഭകൾക്കു സ്ഥിരവും കേന്ദ്രീകൃതവുമായ സേവന സംരംഭം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്.

### 3. സമൂഹതലത്തിലെ സേവന മുൻഗണനകൾ

സമൂഹതലത്തിൽ സേവനങ്ങൾ നടക്കുന്നതു പ്രധാനമായും വിദ്യാഭ്യാസത്തിന്റെയും ആതുര ശുശ്രൂഷയുടെയും മണ്ഡലങ്ങളിലാണ്. ഈ മണ്ഡലങ്ങളിൽ തന്നെ ക്രൈസ്തവർ പുതിയ മുൻഗണനകൾ കണ്ടെത്തേണ്ട കാലഘട്ടമായിരിക്കുന്നു. സ്കൂളും, കോളജും ആശുപത്രിയും, ഒക്കെ ഗവൺമെന്റു തന്നെയും മറ്റു പ്രസ്ഥാനങ്ങളും, നടത്തുവാൻ കഴിയുന്ന സാഹചര്യമായിത്തീർന്നിട്ടുണ്ട്. നിലവിലുള്ള സ്ഥാപനങ്ങൾക്കു ഗുണനിലവാരവും, കൂടുതൽ അവസരങ്ങളും വാഗ്ദാനം ചെയ്യുവാൻ കഴിയുമെങ്കിലും, ഭാവിയിൽ വിദ്യാഭ്യാസ മണ്ഡലത്തിലും ആതുരശുശ്രുഷയിലും മറ്റു മുൻഗണനകൾ കാണുന്നതിലായിരിക്കും ക്രൈസ്തവ സാമൂഹ്യ സേവനത്തിന്റെ വിവേകം. എന്തൊക്കെയാകാം പുതിയ മുൻഗണനകൾ?

(a) വിദ്യാഭ്യാസ മണ്ഡലം: സാങ്കേതിക യോഗ്യത നേടിക്കൊടുക്കുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇപ്പോൾ തന്നെയുണ്ട്. എന്നാൽ യുവജനങ്ങൾക്ക് അഭിരുചിക്കനുസരണമായ തൊഴിൽ കൂടി കണ്ടെത്തുവാനും, അതിൽ അവർക്കു തുടർന്നു മാർഗനിർദേശം നൽകുവാനും സാധിക്കുന്ന വിദ്യാഭ്യാസരീതി ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യക്തിയുടെ, ഉത്സാഹത്തെ ഉത്തേജിപ്പിക്കുന്നതും, കർമശേഷിയെ മുഴുവൻ വിനിയോഗിക്കുന്നതും, പ്രവർത്തന സാഹചര്യങ്ങൾ ക്രമീകരിച്ചു കൊടുക്കുന്നതുമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ അല്ല സൃഷ്ടിക്കുന്നത്, ഉദ്യോഗം കണ്ടെത്തിയ ഉല്പാദകരെയായിരിക്കും.

(b) ആതുര ശുശ്രൂഷാ മണ്ഡലം: വലിയ ആശുപത്രികൾ സ്ഥാപിച്ചു, മത്സരിച്ചു ശമ്പളം നൽകിയും, മത്സരിച്ചു സ്പെഷ്യാലിറ്റികളും സൂപ്പർ സ്പെഷ്യാലിറ്റികളും വാഗ്ദാനം ചെയ്തും നടത്തുന്ന ആതുര ശുശ്രൂഷയ്ക്ക് അധികം ഭാവി ഇനിയും ഉണ്ടെന്ന് തോന്നുന്നില്ല. ആതുര സേവനത്തിൽ

ഇപ്രകാരം ഉള്ള ആശുപത്രികൾ 'റഫറൽ' ആശുപത്രികളായിരുന്നു കൊള്ളട്ടെ. പക്ഷേ ആതുര ശുശ്രൂഷയ്ക്കു ധാരാളം അവസരങ്ങൾ വേറേയുമുണ്ട്. സമ്പൂർണമായ ആരോഗ്യ ശുശ്രൂഷാപരിപാടിയുടെ മുൻഗണന സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്കായിരിക്കണം. രോഗപ്രതിരോധത്തിനും ആരോഗ്യകരമായ ജീവിതരീതിക്കും ഇവിടെ നിന്ന് ആയിരിക്കണം പരിശീലനം. അതുകൊണ്ട് ഇടവകകളുടെ ആഭിമുഖ്യത്തിൽ അവികസിത മേഖലകളിൽ രോഗപ്രതിരോധത്തിനും ആരോഗ്യസംരക്ഷണത്തിനും ആയി സ്ഥിരമായ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നത് ആതുരസേവനത്തിന്റെ ആദ്യപടിയാണ്. അവിടെ നടത്താവുന്ന പല പരിപാടികളിൽ ചിലതു താഴെ കൊടുക്കുന്നു: (1) വീടുകൾ സന്ദർശിച്ചു ശുചിത്വബോധനം നല്കുക. (2) പ്രഥമ ശുശ്രൂഷാ പരിശീലനം നൽകുക. (3) പ്രാദേശികമായ സാഹചര്യങ്ങളിൽ ലഭ്യമായ ഭക്ഷണ പദാർത്ഥങ്ങളുടെ വിവേകപൂർവമായ ഉല്പാദനവും ഉപയോഗവും ശീലിപ്പിക്കുക. (4) സാധാരണ രോഗങ്ങൾക്കു ചികിത്സ നൽകുക. (5) ശിശുപരിപാലനത്തിനും കുടുംബക്ഷേമത്തിനും സഹായകമായ ബോധനവും പ്രവർത്തനങ്ങളും. (6) ഇംഗ്ലീഷു മരുന്നുകളെ സംബന്ധിച്ചു പൊതുവെ അറിയപ്പെടുന്ന ദോഷഗുണങ്ങൾ പരിഗണിച്ച്, സാധാരണ രോഗങ്ങൾക്കു ഫലപ്രദമായ പ്രാദേശിക ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുക. (7) വികലാംഗരുടെ പുനരധിവാസ പരിപാടികൾ നടത്തുക. (8) മൂകത, ബധിരത മുതലായവയുടെ നിവാരണ പ്രവർത്തനങ്ങൾ. (9) ബാലസമാജം ബാലികാ സമാജം, ബാലജനസഖ്യം മുതലായവയുടെ അംഗങ്ങളെ ചേർത്തു കമ്മ്യൂണിറ്റി മെഡിക്കൽ കോർ രൂപവൽക്കരിച്ച് ആവശ്യമായ പരിശീലനം നൽകുക. (10) ആത്മീയ പ്രസ്ഥാനങ്ങളുടെ അംഗങ്ങളെ സംഘടിപ്പിച്ചു ചില സാഹചര്യങ്ങളിൽ പ്രത്യേക ശുശ്രൂഷകൾ ക്രമീകരിക്കുക. ഉദാ: പൊതുപരിസര ശുചീകരണം, ഭവനങ്ങളിൽ ദീർഘകാലമായി രോഗികളായിരിക്കുന്നവരെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും മറ്റും ചെയ്യുക.

## ചോദ്യങ്ങൾ

1 ക്രൈസ്തവ സേവനപാതയിലെ പുതിയ മാനങ്ങളെക്കുറിച്ചു പ്രതിപാദിക്കുക.

2 നിങ്ങളുടെ പ്രാദേശികമായ സാഹചര്യത്തിൽ നിങ്ങൾ പ്രധാനമായി കാണുന്ന സേവനപരിപാടികൾ ഏതൊക്കെ?

## പാഠം 6

# വികസനത്തിലെ പങ്കാളിത്തം

❑ വിമോചനം ❑ ആസൂത്രണം ❑ വിഭവ സമാഹരണം ❑ സംപൂർത്തീകരണം

'വികസനം' (Development) എന്ന സാങ്കേതികപദം സൂചിപ്പിക്കുന്നത്, നീതിപൂർണ്ണവും നിലനിൽക്കത്തക്കതും പങ്കാളിത്വാധിഷ്ഠിതവുമായ സമൂഹത്തിന്റെ (Just Sustainable and Participatory Society) സമഗ്രമായ പുരോഗതിയാണ്. അതുകൊണ്ട് ക്രൈസ്തവ സാമൂഹ്യ സാക്ഷ്യത്തിൽ ഏറ്റം പ്രധാനപ്പെട്ട ഒരു ഘടകമാണ് 'വികസനം' എന്നു വരും. സേവനത്തിന്റെ മണ്ഡലത്തോടൊപ്പം, സമഗ്രമായ തദ്ദേശീയ 'വികസന'ത്തിൽ മാതൃകാപരമായി സഹകരിക്കുവാനും ആവശ്യമെങ്കിൽ നേതൃത്വം കൊടുക്കുവാനും തദ്ദേശീയ ക്രിസ്തീയതയ്ക്കു കഴിയണം. സമഗ്രമായ വികസനമെന്നു പറഞ്ഞാൽ അതിൽ കുറഞ്ഞതു നാലു ഘട്ടങ്ങളെങ്കിലും ഉണ്ട്. 1. വിമോചനം 2. ആസൂത്രണം 3. വിഭവസമാഹരണം 4. സംപൂർത്തീകരണം.

### 1. വിമോചനം – വികസനത്തിന്റെ ആദ്യ ഘട്ടം

വികസനത്തിനു തടസമായി നിൽക്കുന്ന ഘടകങ്ങളിൽ നിന്നാണു വിമോചനം വേണ്ടിയിരിക്കുന്നത്. ഈ തടസങ്ങളെയാണ് ഒരു രാഷ്ട്രത്തിന്റെ സാഹചര്യത്തിൽ പൊതുവെ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിലെ പ്രതികരണ പശ്ചാത്തലങ്ങളായി കണ്ടത്, പ്രാദേശികമായ സാഹചര്യങ്ങളിൽ സമഗ്ര വികസനത്തിനു തടസമായി നിൽക്കുന്ന വ്യവസ്ഥിതികളും, കൂട്ടുകെട്ടുകളും കാണും. അവയോടുള്ള സൂക്ഷ്മമായ പ്രതികരണത്തിലൂടെയേ വിമോചനം സാധിക്കൂ. എന്നാൽ വിമോചനം മുഴുവൻ സാധിച്ചിട്ടേ, വികസനത്തിലേക്കു കടക്കാവൂ എന്നില്ല. വിമോചനവും വികസനവും ഏകകാലികമായിട്ടു നടക്കാവുന്നതാണ്.

### 2. ആസൂത്രണം

തദ്ദേശീയമായ വികസനാവശ്യങ്ങളേയും, വികസന സാധ്യതകളേയും, വിഭവങ്ങളെയും കണ്ടുകൊണ്ടുള്ള ഒന്നോ അതിലധികമോ പദ്ധതികളുടെ ആസൂത്രണം പ്രാധാന്യമർഹിക്കുന്നു. പ്രാദേശികമായ ജനപങ്കാളിത്തവും സഹകരണവും ഉറപ്പു വരുത്തുവാൻ ഉതകുന്നവിധത്തിലായിരിക്കണം ആസൂത്രണം.

### 3. വിഭവ സമാഹരണം

പദ്ധതികൾ (Projects) തീരുമാനിച്ചു കഴിഞ്ഞാൽ അവയ്ക്ക് പണവും

മറ്റു വിഭവങ്ങളും സമാഹരിക്കുവാൻ ബാങ്കുകളുടെയും, ഗവണ്മെന്റ് – അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളുടെയും സഹായ വായ്പാ പരിപാടികളെ പ്രയോജനപ്പെടുത്താൻ കഴിയും. സംയോജിത ഗ്രാമവികസന പരിപാടിയുടെയും ഹൗസിങ്ങ് ബോർഡുകളുടെയും സഹായത്താൽ ഭവനനിർമ്മാണ പദ്ധതികൾക്ക് വിഭവസമാഹരണം നടത്താൻ കഴിയും. റബർബോർഡ്, കേരവികസന ബോർഡ് മുതലായവയുടെ സഹകരണത്താൽ കാർഷിക സംരംഭങ്ങൾക്കു വിഭവം കണ്ടെത്താൻ കഴിയും. ചെറുകിട വ്യവസായ കോർപ്പറേഷന്റെയും, ഖാദി ഗ്രാമോദ്യോഗ ബോർഡിന്റെയും ഒക്കെ സഹായത്താൽ വ്യവസായ സംരംഭങ്ങൾക്കു വിഭവ സമാഹരണം നടത്താം. സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹകരണത്താൽ വിവിധങ്ങളായ ക്ഷേമപരിപാടികൾ നടത്തുവാൻ കഴിയും (ഉദാ. ക്രേഷസ് നടത്തുവാൻ സന്നദ്ധ സംഘടനകൾക്കു സാമ്പത്തികസഹായം; സ്വയംതൊഴിൽ ചെയ്യുന്നതിന് സ്ത്രീകൾക്കുവേണ്ടിയുള്ള ധനസഹായം, സ്ത്രീകൾക്കു തൊഴിലവസരം വർദ്ധിപ്പിക്കാനായി സന്നദ്ധ സംഘടനകൾക്കു ധനസഹായം; വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനു സന്നദ്ധ സംഘടനകൾക്കു സാമ്പത്തിക സഹായം, വികലാംഗർക്കു സ്വയംതൊഴിൽ കണ്ടെത്താൻ ധനസഹായം). പ്രാദേശികമായ സഹകരണസംഘങ്ങൾ മുഖേനയും വിഭവ സമാഹരണം നടത്താം.

### സംപൂർത്തീകരണം

പദ്ധതിയുടെ പൂർത്തീകരണപാതയെയാണ് സംപൂർത്തീകരണം എന്നുദ്ദേശിക്കുന്നത്. തുടർച്ചയായ പരീക്ഷണങ്ങളിൽ കൂടിയും, പരാജയങ്ങളിൽ നിന്നും പാഠങ്ങൾ പഠിച്ചുകൊണ്ടും മാത്രമേ ഏതൊരു പദ്ധതിയും സംപൂർത്തീകരണത്തിൽ എത്തിക്കാൻ കഴിയൂ. പദ്ധതിയുടെ പ്രയോജനം നൂറു ശതമാനവും പങ്കാളികൾക്കു വീതിക്കുകയും, പദ്ധതിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്താൽ പദ്ധതികൾ വിജയിക്കും. പൂർത്തിയാക്കുന്ന പദ്ധതികൾക്കു പകരം പുതിയവ ആരംഭിക്കുവാനുള്ള അന്വേഷണവും സംപൂർത്തീകരണത്തിൽ ഉൾപ്പെടും.

## ചോദ്യങ്ങൾ

1. 'വികസന' പ്രവർത്തനങ്ങളിലെ ക്രൈസ്തവ പങ്കാളിത്തത്തെക്കുറിച്ച് ലഘുവായി പ്രതിപാദിക്കുക.
2. കേരളത്തിൽ മലനാടു വികസന സൊസൈറ്റി, പറാൽ വികസന പദ്ധതി, കാർഡ് വികസന പദ്ധതി മുതലായവയെക്കുറിച്ചു നിങ്ങൾ ചില അന്വേഷണങ്ങൾ നടത്തി ലഭ്യമായ വിവരങ്ങൾ ശേഖരിക്കുക.

## യൂണിറ്റ് 4

# തദ്ദേശീയീകൃത ക്രൈസ്തവ വേദശാസ്ത്രചിന്ത: ഒരവലോകനവും അന്വേഷണവും

### പാഠം 1

## മിഷനറിമാരുടെയും അക്രൈസ്തവരായ ഭാരതീയരുടെയും സംഭാവനകൾ

❑ ഒരു മുഖവുര ❑ ഭാരതത്തിലെ മിഷനറിമാരും വേദശാസ്ത്രചിന്തയും ❑ റോബർട്ട് ഡി നൊബിലി ❑ ബർത്തലോമിയോ സ്വീഗൻബാൾഗ് ❑ അക്രൈസ്തവരായ ഭാരതീയരും ക്രൈസ്തവ വേദശാസ്ത്ര ചിന്തയും ❑ രാജാറാം മോഹൻറോയി ❑ കെഷബ് ചന്ദ്രസെൻ ❑ പി. സി. മജ്ജൂംദാർ ❑ സ്വാമി വിവേകാനന്ദ ❑ മഹാത്മാ ഗാന്ധി ❑ ഡോക്ടർ രാധാകൃഷ്ണൻ ❑ കല ഗോറ സുബറാവു ❑ ഒരു വിലയിരുത്തൽ

### 1. ഒരു മുഖവുര

ആദിമ നൂറ്റാണ്ടുകളിൽ, ഭാരതീയമായ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ക്രൈസ്തവ വേദശാസ്ത്രത്തെ വ്യാഖ്യാനിക്കുവാൻ പരിശ്രമങ്ങൾ നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കുന്നത്, മലങ്കര നസ്രാണികൾ ആദിമനൂറ്റാണ്ടുകളിൽ ക്രൈസ്തവ വേദശാസ്ത്ര ചിന്തയെ വളരെ ലളിതമായ ഭാഷയിലും ശൈലിയിലും ആവിഷ്ക്കരിക്കുവാൻ ശ്രമിച്ചുവെന്നാണ്. പുരാതന നസ്രാണിപ്പാട്ടുകളിലും മറ്റും വി. ത്രിത്വവിശ്വാസം, മനുഷ്യവതാര രഹസ്യം, വിശുദ്ധന്മാരുടെ സംസർഗം മുതലായ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഭാരതീയമായ തത്ത്വചിന്തയുടെയും, ആധ്യാത്മികപാരമ്പര്യത്തിന്റെയും, സംസ്കാരത്തിന്റെയും പ്രത്യേക പശ്ചാത്തലത്തിൽ ഒരു ക്രൈസ്തവ വേദശാസ്ത്രചിന്തയുടെ ആവശ്യത്തെക്കുറിച്ച് ബോധ്യമുണ്ടായത് വളരെ അടുത്തകാലത്താണ്. അപ്രകാരമുള്ള ഒരു ചിന്താപാരമ്പര്യത്തിൽ പ്രധാനമായി മൂന്നു ഗണത്തിൽപ്പെട്ടവരുടെ സംഭാവനകൾ ഉണ്ടായിട്ടുണ്ട്:

1. പാശ്ചാത്യ മിഷനറിമാർ 2. അക്രൈസ്തവരായ ഭാരതീയ ചിന്തകർ. 3. ഭാരത ക്രൈസ്തവ ചിന്തകർ.

## 2. ഭാരതത്തിലെ മിഷനറിമാരും വേദശാസ്ത്ര ചിന്തയും

ഭാരതത്തിൽ ശക്തവും ക്രമീകൃതവുമായ പാശ്ചാത്യ മിഷനറിപ്രവർത്തനം ആരംഭിക്കുന്നതു പതിനാറാം നൂറ്റാണ്ടു മുതൽ ആണല്ലോ. മിഷനറിമാരുടെ പ്രധാന ലക്ഷ്യം അവരേതേതു ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടിരുന്നുവോ അതിന്റെ അംഗസംഖ്യ വർധിപ്പിക്കുകയായിരുന്നു. അതിനു ചിലർ കണ്ടെത്തിയ മാർഗം, അധികാരവും, പണവും, മറ്റു പ്രലോഭനങ്ങളും ഉപയോഗിക്കുക എന്നതായിരുന്നു. വേറേ ചിലർ, വിദ്യാഭ്യാസത്തിന്റെയും സാമൂഹ്യ സേവനത്തിന്റെയും മാർഗമായിരുന്നു കണ്ടെത്തിയത്. ചുരുക്കം ചിലർ, ഭാരതീയർക്കു പരിചയമുള്ള ഭാഷയിലും, ജീവിതശൈലിയിലും, ചിന്താരൂപങ്ങളിലും ക്രൈസ്തവ വേദശാസ്ത്രത്തെ അവതരിപ്പിച്ചു ഭാരതീയരെ ആകർഷിക്കുവാൻ ശ്രമിച്ചു. ഈ ഗണത്തിൽപ്പെട്ട ചില പരിശ്രമങ്ങളാണ് ചരിത്രപരമായി തദ്ദേശീയീകൃത വേദശാസ്ത്രത്തിനു ലഭിച്ച ആദ്യ സംഭാവന. അവരുടെ വേദശാസ്ത്ര ചിന്തയുടെ ഒരു പ്രത്യേകത ശ്രദ്ധിക്കുന്നതു നന്നായിരിക്കും. തങ്ങൾ ഏതു പാശ്ചാത്യ ക്രൈസ്തവ വിഭാഗത്തിന്റെ പ്രതിനിധികളാണോ, ആ വിഭാഗത്തിന്റെ ഔദ്യോഗിക വേദശാസ്ത്രത്തെ ഭാരതത്തിനു പരിചയപ്പെടുത്തുവാൻ മാത്രമേ അവർക്കാഗ്രഹമുണ്ടായിരുന്നുള്ളൂ. തത്ഫലമായി, ക്രിസ്തുവിനെ സ്വീകരിക്കുന്നവർ ഒരു പാശ്ചാത്യ സഭാവിഭാഗത്തിന്റെ പാശ്ചാത്യമായ മതജീവിതം, വേദശാസ്ത്രം എന്നിവയിലേക്കു മാത്രമായിരുന്നു കടന്നുവന്നത്. ഭാരതീയരെ ആകർഷിക്കുവാൻ ഉള്ള ഒരു 'ഇര'യായിട്ടു മാത്രമേ മിക്ക മിഷനറിമാരും അവരുടെ തദ്ദേശീയീകൃത വേദശാസ്ത്രചിന്തകളെ കരുതിയിരുന്നുള്ളു. ഇവിടെ രണ്ടു മിഷനറിമാരെ പ്രത്യേകമായി പരിചയപ്പെടാം: (1) റോബർട്ട് ഡി നൊബിലി (2) ബർത്തലോമിയോ സ്വീഗൻബാൾഗ്.

## 3. റോബർട്ട് ഡി നൊബിലി

1605-ൽ ഇൻഡ്യയിൽ എത്തിയ ഇറ്റാലിയൻ ജസ്യൂത്തു (കത്തോലിക്കാ സഭയുടെ ഈശോസഭ) മിഷനറിയാണു റോബർട്ട് ഡി നൊബിലി. പോർത്തുഗീസ് രാജാവിന്റെ അധികാരവും, സ്വാധീനവും ഉപയോഗിച്ചു പല റോമൻ കത്തോലിക്കാ മിഷനറിമാരും ലത്തീൻ പാരമ്പര്യത്തിലേക്കു തദ്ദേശീയ ക്രൈസ്തവരേയും, അക്രൈസ്തവരെയും പരിവർത്തനം ചെയ്യുന്ന സമയത്തു ഡി നൊബിലി മറ്റൊരു പരീക്ഷണം ആരംഭിച്ചു. വേഷത്തിലും, ജീവിതശൈലിയിലും, ഭാഷയിലും ഭാരതീയനായി. കാവിവസ്ത്രവും രുദ്രാക്ഷവും മെതിയടിയും ധരിച്ചു. സസ്യഭക്ഷണം ഭാരതീയമായ രീതിയിൽ പാകം ചെയ്തു ഭക്ഷിച്ചു. ലളിതമായ ഒരു ആശ്രമജീവിതം നയിച്ചു, ഭാരതീയ ഭാഷകളായ സംസ്കൃതവും തമിഴും വശമാക്കി. ഭാരതീയ മതഗ്രന്ഥങ്ങളും തത്ത്വചിന്തയും പഠിച്ചു. സംസ്കൃതത്തിലും തമിഴിലും എഴുതു

വാനും, പഠിപ്പിക്കുവാനും തുടങ്ങി. നൂറു സംസ്കൃത ശ്ലോകങ്ങളായി ക്രൈസ്തവ വേദശാസ്ത്രതത്ത്വങ്ങളെ ആവിഷ്ക്കരിച്ചു. തമിഴിലും 'ജ്ഞാനോപദേശം' എന്ന പേരിൽ അപ്രകാരം ഒരു കൃതി രചിച്ചു.

ഡി നൊബിലിയുടെ വേദശാസ്ത്രസംഭാവന പ്രധാനമായും ഭാഷാപരമായിട്ടാണ്. എന്നു പറഞ്ഞാൽ, കത്തോലിക്കാ വേദശാസ്ത്രത്തെ സംസ്കൃതഭാഷയിലും, തമിഴിലും അവതരിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ, തദ്ദേശീയമായ ഒരു വേദശാസ്ത്രഭാഷ രൂപപ്പെടുത്തുവാനുള്ള ആദ്യപരിശ്രമമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ വേദശാസ്ത്രത്തിന്റെ ഉള്ളടക്കത്തിൽ തദ്ദേശീയമായ മതസങ്കല്പങ്ങൾക്കോ, താത്വികപദങ്ങൾക്കോ കാര്യമായ ഒരു സ്വീകരണവും ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന്, 'കർമം', 'അവതാരം', 'ഈശ്വരനാമജപം' എന്നിവയുടെയൊന്നും അർത്ഥമോ പ്രസക്തിയോ അന്വേഷിക്കാതെ അവയെ പുച്ഛിച്ചു തള്ളുവാനുള്ള ഒരു പരിശ്രമമാണദ്ദേഹത്തിന്റെ കൃതികളിൽ. എങ്കിലും തദ്ദേശീയമായ ഭാഷയുടെയും തദ്ദേശീയ നേതൃത്വ പരിശീലനത്തിന്റെയും തദ്ദേശീയ ജീവിതശൈലിയുടെയും ആവശ്യം ഊന്നിപ്പറഞ്ഞുവെന്നതാണ് ഡി നൊബിലിയെ 17-ാം നൂറ്റാണ്ടിലെ കത്തോലിക്കാ മിഷനറിമാരുടെ കൂട്ടത്തിൽ ശ്രദ്ധേയനാക്കുന്നത്.

### 4. ബർത്തലോമിയോ സ്വീഗൻബാൾഗ്

ഇൻഡ്യയിലെ പ്രൊട്ടസ്റ്റന്റു മിഷനറി പ്രവർത്തനത്തിന്റെ ആരംഭം കുറിക്കുന്നത്, 1706-ൽ തമിഴ്നാട്ടിലെ ട്രാൻക്വബാറിൽ കാലുകുത്തിയ ലൂഥറൻ മിഷനറിമാരായ സ്വീഗൻബാൾഗും പ്ലൂഷോയും ആണ്. സ്വീഗൻബാൾഗിന്റെ സുവിശേഷപ്രവർത്തനത്തിൽ നിഴലിച്ച രണ്ടു മൂന്നു പ്രത്യേകതകൾ ഉണ്ട്. (1) പ്രാദേശിക ഭാഷയായ തമിഴ് പഠിച്ചു, തമിഴിൽ പ്രസംഗിക്കുവാൻ തുടങ്ങി. (2) തമിഴിൽ പുതിയനിയമം പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചു. (3) ഭാരതത്തിലെ മതഗ്രന്ഥങ്ങളെക്കുറിച്ച് പഠിച്ചു. അവയിൽ ശ്രേഷ്ഠമായ പല സത്യങ്ങളും ഉൾക്കൊള്ളുവെന്നു പ്രഖ്യാപിച്ചു.

പതിനെട്ടാം നൂറ്റാണ്ടിലെ പാശ്ചാത്യ ക്രൈസ്തവ നവീകരണ പ്രസ്ഥാനത്തിന്, ഭാരതത്തിലെ മതഗ്രന്ഥങ്ങളിലും മറ്റും സത്യമുണ്ടെന്നു സമ്മതിക്കുക അത്ര എളുപ്പമല്ലായിരുന്നു. ഈ പശ്ചാത്തലത്തിലാണ്, തമിഴ് ഭക്തി പ്രസ്ഥാനത്തിലെ സത്യത്തെ ഒക്കെ ഉൾക്കൊണ്ടുകൊണ്ട്, സ്വീഗൻബാൾഗ് തമിഴിൽ പ്രസംഗിച്ചത്. അതുകൊണ്ടു സ്വീഗൻബാൾഗിന്റെ വേദശാസ്ത്രാവിഷ്ക്കരണം ലളിതമെങ്കിലും തദ്ദേശീയമായ മതസങ്കല്പങ്ങളെയും അന്വേഷണങ്ങളെയും ആവോളം പ്രശംസിച്ചുകൊണ്ടും ഉൾക്കൊണ്ടുകൊണ്ടും ആയിരുന്നു.

## 5. അക്രൈസ്തവരായ ഭാരതീയരും ക്രൈസ്തവ വേദശാസ്ത്ര ചിന്തയും

അക്രൈസ്തവരായ (ക്രൈസ്തവസഭാംഗത്വം സ്വീകരിക്കാത്ത) പല ഭാരതീയ ചിന്തകരും ചില സന്ദർഭങ്ങളിൽ ക്രിസ്തുവിനെക്കുറിച്ചും, ക്രൈസ്തവ വേദശാസ്ത്രത്തെക്കുറിച്ചും വിചിന്തനം നടത്തിയിട്ടുണ്ട്. രാജാറാം മോഹൻ റോയി, കെഷബ് ചന്ദ്രസെൻ മുതലായവർ വ്യക്തിപരമായി, യേശുക്രിസ്തുവിനോടുള്ള പ്രത്യേക മതിപ്പിന്റെ അടിസ്ഥാനത്തിൽ അങ്ങനെ വിചിന്തനം ചെയ്തുവെങ്കിൽ, വിവേകാനന്ദനും, മഹാത്മാഗാന്ധിയും, ഡോക്ടർ രാധാകൃഷ്ണനും ഒക്കെ ക്രൈസ്തവ പാരമ്പര്യത്തെക്കുറിച്ചുള്ള സ്വതന്ത്രമായ വിലയിരുത്തൽ മുഖേനയാണു ക്രൈസ്തവ വേദശാസ്ത്രത്തെപ്പറ്റി വിചിന്തനം നടത്തിയത്. സ്വന്തമായ മതിപ്പിന്റെ അടിസ്ഥാനത്തിലാണെങ്കിലും, സ്വതന്ത്രമായ നിരൂപണത്തിന്റെ പശ്ചാത്തലത്തിലാണെങ്കിലും, ഭാരതീയമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെയും ക്രൈസ്തവ വേദശാസ്ത്രത്തെയും കാണുവാനുള്ള പരിശ്രമങ്ങളാണ് അവ. അതുകൊണ്ട് ഭാരതീയമായ ഒരു ക്രൈസ്തവ വേദശാസ്ത്രചിന്തയ്ക്ക്, അവരുടെ വീക്ഷണങ്ങളെ വിസ്മരിക്കുക സാധ്യമല്ല.

## 6. രാജാറാം മോഹൻറോയി (1772–1833)

ഭാരതത്തിന്റെ ദേശീയതയുടെ പ്രവാചകനും, ഭാരത നവോത്ഥാനത്തിന്റെ ഉദയനക്ഷത്രവും എന്നൊക്കെ വിശേഷിക്കപ്പെടുന്ന രാജാറാം മോഹൻ റോയി, ഒരു യുവാവായിരിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ ആകൃഷ്ടനായിരുന്നു. ബ്രഹ്മസമാജം സ്ഥാപിക്കുന്നതിനു മുമ്പു തന്നെ, യേശുക്രിസ്തുവിനെക്കുറിച്ചു എഴുതുവാനും, പ്രസംഗിക്കുവാനും അദ്ദേഹത്തിനു ചില സന്ദർഭങ്ങൾ ഉണ്ടായി. യേശുവിന്റെ ഉപദേശങ്ങൾ: സമാധാനത്തിനും സന്തോഷത്തിനും ഉള്ള മാർഗം എന്ന തലക്കെട്ടിൽ, നാലു സുവിശേഷങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രബോധനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചത് ഇതിന്റെ ഉദാഹരണമാണ്. യേശുക്രിസ്തുവിനെ ദൈവത്തിന്റെ സന്ദേശവാഹകനും, അതിശ്രേഷ്ഠ ഗുരുവും ആയിട്ട് അംഗീകരിക്കുവാൻ കഴിയും എന്നും യേശുക്രിസ്തുവിന്റെ ധാർമിക ഉപദേശങ്ങൾ എല്ലാ അവതാരങ്ങളുടെയും ഉപദേശങ്ങളെയും കവച്ചുവയ്ക്കുന്നതാണെന്നും റാം മോഹൻറോയി പ്രസ്താവിച്ചു. എന്നാൽ ത്രിത്വവിശ്വാസവും, ക്രിസ്തുവിന്റെ ദൈവത്വവും അദ്ദേഹത്തിനു സ്വീകാര്യമായ കാര്യങ്ങളല്ലായിരുന്നു. പരിശുദ്ധാത്മാവ് വിശുദ്ധമായ സ്വാധീനമോ, ആന്തരികശക്തിയോ ആയി പ്രവർത്തിക്കുന്ന ദൈവിക ചൈതന്യമാണ് എന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. ചുരുക്കത്തിൽ, ഏകദൈവ വിശ്വാസത്തിന്റെ ഘടനയിൽ യേശുക്രിസ്തുവിനെ അത്യുന്നത ഗുരുവും യോഗിയും ആയി റോയി സ്വീകരിച്ചു.

അതിനെ ഉദാഹരിക്കുവാൻ കന്യകയിൽ നിന്നുള്ള ജനനത്തെയും, അത്ഭു തപ്രവർത്തനങ്ങളെയും, കബറിൽ നിന്നുള്ള ഉയിർപ്പിനെയും റോയി ന്യായീകരിച്ചു വ്യാഖ്യാനിച്ചു.

## 7. കെഷബ് ചന്ദ്രസെൻ (1838-1884)

രാജാറാം മോഹൻ റോയിക്കു ശേഷം ബ്രഹ്മസമാജത്തിന്റെ അത്യുന്നത നേതാവായിത്തീർന്ന കെ. സി. സെൻ പലതുകൊണ്ടും റോയിയിൽ നിന്നു വ്യത്യസ്തനായിരുന്നു. റോയി യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ ആകൃഷ്ടനായിയെങ്കിൽ, സെൻ യേശുവിന്റെ രക്ഷാകര പ്രവർത്തനത്തിലും, നിത്യ ദൈവിക ആളത്വത്തിലും ആകൃഷ്ടനായി. റോയി ത്രിത്വവിശ്വാസത്തെ യുക്തിപരം അല്ലെന്നു പറഞ്ഞപ്പോൾ, സെൻ സച്ചിദാനന്ദ സങ്കല്പം തന്നെ യാണു ത്രിത്വം എന്നു പറഞ്ഞ് അതിനെ അംഗീകരിച്ചു. റോയിക്കു ക്രിസ്തു ഉന്നത ഗുരുവായിരുന്നെങ്കിലും, ഏകദൈവ വിശ്വാസത്തിലടിസ്ഥാനപ്പെട്ട ആഗോള മതത്തിനു കേന്ദ്രം ഒന്നുമല്ലായിരുന്നു. എന്നാൽ സെന്നിന് ക്രിസ്തു വിൽ കേന്ദ്രീകൃതമായ ഒരു ആഗോളമതം രൂപവൽക്കരിക്കുവാൻ അതി യായ മോഹമുണ്ടായിരുന്നു. മറ്റു മതങ്ങളിലും, അന്വേഷണങ്ങളിലും മറഞ്ഞു കിടക്കുന്ന ക്രിസ്തുവിനെക്കുറിച്ചും സെൻ തന്റെ എഴുത്തുകളിൽ സൂചി പ്പിച്ചു. യേശുക്രിസ്തുവിൽ കൂടി പ്രപഞ്ചം മുഴുവൻ ഒരു പുതിയ രൂപാന്തര പ്രക്രിയയിൽ ആണെന്നും സെൻ പഠിപ്പിച്ചു. അങ്ങനെ ക്രൈസ്തവ വേദശാ സ്ത്രത്തിന്റെ മിക്കവാറും എല്ലാ അംശങ്ങളെയും കെ. സി. സെൻ സ്വാംശീ കരിച്ചു. പ്രത്യേകിച്ച് സത്, ചിത്ത്, ആനന്ദം എന്നീ മൂന്നു തത്ത്വങ്ങളും, അവയുടെ പിന്നിലെ 'സച്ചിദാനന്ദം' എന്ന ഏക യാഥാർത്ഥ്യവും ആയി വി. ത്രിത്വ ചിന്തയെ ബന്ധിപ്പിച്ചതു പലരെയും ആകർഷിച്ചു.

## 8. പി. സി. മജ്ജംദാർ (1840-1905)

കെ. സി. സെന്നിനെപ്പോലെ, ക്രിസ്ത്യാനിയാകാത്ത ക്രിസ്ത്യാനിയായി രുന്നു പി. സി. മജ്ജംദാർ. സെന്നിന്റെ സ്വാധീനവും, ഭാരതീയ മതഗ്രന്ഥങ്ങ ളിലെ സർവം ഈശ്വരമയം എന്ന ആശയവും അദ്ദേഹത്തിനു 'പൗരസ്ത്യ നായ' ഒരു ക്രിസ്തുവിനെ അന്വേഷിച്ചു കണ്ടെത്തുവാൻ ഇടയാക്കി. യേശു ക്രിസ്തു സ്വന്തം വ്യക്തിത്വത്തിൽ ഒരു തനി പൗരസ്ത്യനായതിനാൽ അവനെ പാശ്ചാത്യരേക്കാൾ എളുപ്പത്തിൽ പൗരസ്ത്യർക്കു മനസ്സിലാക്കാൻ കഴിയും എന്നദ്ദേഹം വിശ്വസിച്ചു. 'പൗരസ്ത്യനായ ക്രിസ്തു' എന്ന തന്റെ ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നത് ഈശ്വരന്റെ പരിത്രാണനത്തിന്റെയും സ്നേഹപ്രകാശനത്തിന്റെയും സമ്പൂർണാവസ്ഥയാണ് ക്രിസ്തുവെന്നാണ്. ക്രിസ്തുവിനെ അറിയുന്നവൻ ദൈവീക ചൈതന്യത്തിന്റെ സ്നേഹ സമ്പൂർണതയെ പരിചയപ്പെടുന്നു; അതിൽ പങ്കുചേരുന്നു. അപ്പോൾ അവ നിൽ കൂടിയും ദൈവം പ്രകാശിക്കപ്പെടുന്നു.

## 9. സ്വാമി വിവേകാനന്ദ (1863–1902)

രാമകൃഷ്ണ പരമഹംസരുടെ മുഖ്യശിഷ്യനായിരുന്ന സ്വാമി വിവേകാനന്ദൻ യേശുക്രിസ്തുവിനെ ജീവൻ മുക്തനായ ഒരു പുണ്യയോഗിയായി കണ്ടു. യേശുവിന്റെ ജീവൻമുക്താവസ്ഥയെയാണു ബൈബിൾ പാരമ്പര്യത്തിൽ 'ക്രിസ്തു' എന്ന പദത്തിൽ വിവക്ഷിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു: 'യേശു നമ്മെപ്പോലെ ഒരുവനായിരുന്നു; അവൻ ക്രിസ്തുവായി; നമുക്കും അതു സാധിക്കും; സാധിക്കണം: ക്രിസ്തുവും ബുദ്ധനും നാം എത്തിച്ചേരേണ്ട ഒരവസ്ഥയുടെ നാമങ്ങൾ മാത്രമായിരുന്നു. അതു വെളിപ്പെടുത്തിയ ആളുകളാണ് യേശുവും ഗൗതമനും.'

## 10. മഹാത്മാഗാന്ധി (1869–1948)

ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി 'യംഗ് ഇൻഡ്യ', 'ഹരിജൻ' മുതലായ പ്രസിദ്ധീകരണങ്ങളിൽക്കൂടി തന്നെ ആകർഷിച്ച ക്രിസ്തുവിനെക്കുറിച്ച് ധാരാളം എഴുതി. യേശുക്രിസ്തുവിന്റെ 'ഗിരിപ്രഭാഷണങ്ങൾ' അദ്ദേഹത്തിന് അത്യന്തം ഹൃദ്യമായിരുന്നു. അതിനു പിന്നിലെ യേശുക്രിസ്തുവിനെ ഗാന്ധി കണ്ടത് അതുല്യനായ സത്യാഗ്രഹിയായിട്ടാണ്. തന്റെ ദൈവത്വമോ, മനുഷ്യാവതാര യാഥാർത്ഥ്യമോ ഒന്നുമല്ല പ്രധാന ആകർഷണം. ഒരു മനുഷ്യന്, സത്യത്തിനുവേണ്ടി എങ്ങനെ സമരം ചെയ്തു വിജയം വരിക്കാം എന്നുള്ളതാണു ക്രിസ്തു കാണിച്ചതെന്നു ഗാന്ധി എടുത്തു പറഞ്ഞു. അനാസക്തമായ ഒരു ജീവിതത്തിൽക്കൂടി, സഹനസമരത്തിൽക്കൂടി സ്വാതന്ത്ര്യത്തിന്റെ ശക്തി എങ്ങനെ മനുഷ്യരിൽ പ്രവർത്തിക്കും എന്നുള്ളതാണ് കുരിശും ഉയിർപ്പും കാണിക്കുന്നതെന്നദ്ദേഹം ചൂണ്ടിക്കാട്ടി.

## 11. ഡോക്ടർ രാധാകൃഷ്ണൻ (1888–1975)

സുപ്രസിദ്ധ ദാർശനികനായിരുന്ന ഡോക്ടർ എസ്. രാധാകൃഷ്ണൻ തന്റെ ഗ്രന്ഥങ്ങളിൽക്കൂടി പാശ്ചാത്യർക്കു ഹിന്ദുമത മഹിമ വ്യാഖ്യാനിക്കുവാനും, പൗരസ്ത്യർ ക്രിസ്തുവിനെ എങ്ങനെ കാണുന്നുവെന്നു സൂചിപ്പിക്കുവാനും ശ്രമിച്ചു. അദ്ദേഹത്തിന്റെ ക്രിസ്തുവിനെക്കുറിച്ചുള്ള വീക്ഷണം സ്വാമി വിവേകാനന്ദന്റേതുമായി വളരെ സാമ്യമുള്ളതായിരുന്നു. പ്രധാനമായും ഒരു അദ്വൈത വേദാന്തിയുടെ വീക്ഷണം തന്നെയായിരുന്നു അത്. യേശുക്രിസ്തു, മനുഷ്യനിലെ ദൈവത്വത്തെ കണ്ടെത്തിയ യോഗിയായിരുന്നു. 'ഞാനും പിതാവും ഒന്നാകുന്നു; എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്നു ക്രിസ്തു പറഞ്ഞത്, യഥാർത്ഥത്തിൽ 'അഹം ബ്രഹ്മാസ്മി' 'തത്ത്വമസി' എന്ന ഉപനിഷദ്തത്ത്വത്തിന്റെ മറ്റൊരാവിഷ്ക്കരണമായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

## 12. കലഗോറ സുബറാവു (1912-)

ആന്ധ്രപ്രദേശിൽ ഒരു 'ഹിന്ദു - ക്രിസ്ത്യൻ' പ്രസ്ഥാനം നയിച്ച വ്യക്തിയാണു സുബറാവു. ക്രിസ്തുവിന്റെ ഒരു ദർശനം ഉണ്ടായ സുബറാവു, 'ക്രിസ്ത്യാനി'യാകാതെ തന്നെ ക്രിസ്തുവിനെ അനുഭവിച്ചു. അദ്ദേഹത്തിനു സൗഖ്യദാനവരം കൂടി ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പ്രസ്ഥാനം വളർന്നുവന്നു. അദ്ദേഹം ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു വേദാന്ത ദാർശനിക ചിന്തയെ പരിചയപ്പെടുത്തി, 'സ്വന്തം', 'സ്വയം' എന്നീ ചിന്തകൾക്കടിമപ്പെട്ട അവസ്ഥയാണ് 'മായ' അഥവാ 'പാപം.' അതിൽനിന്നുള്ള മോചനമാണ് രക്ഷ. ദ്വൈതഭാവത്തെ ഇല്ലാതാക്കിയാൽ, ദൈവവുമായി ഒന്നാകുന്നുവെന്നാണു ക്രൂശു ചൂണ്ടിക്കാട്ടുന്നത്.

## 13. ഒരു വിലയിരുത്തൽ

അക്രൈസ്തവരായ ഭാരതീയരുടെ ക്രൈസ്തവ വേദശാസ്ത്രചിന്തയിൽ ചില പൊതുവായ കാര്യങ്ങൾ കാണുവാൻ കഴിയും. കെ. സി. സെൻ ഒഴിച്ചു ബാക്കിയാരും യേശുക്രിസ്തുവിന്റെ സത്താപരമായ ദൈവത്വത്തെയോ രക്ഷണ്യമായ കേന്ദ്രികസ്ഥാനത്തെയോ അത്ര പ്രധാനപ്പെട്ട കാര്യമായി കരുതുന്നില്ല. ക്രിസ്തുവിൽ സാധ്യമായത്, എല്ലാ മനുഷ്യരിലും സാധ്യമാകുന്ന ഒരു സാധ്യതയാണ് എന്നു എല്ലാവരും എടുത്തുകാട്ടുന്നു. ക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും സംഘടനാത്മകമായ 'സഭ' അത്യാവശ്യമാണ് എന്ന ചിന്ത ആർക്കും ഇല്ല. പരബ്രഹ്മത്തിന്റെ മായയിലെ പ്രകാശനമായ ഈശ്വരനായിട്ടോ, ഒരവതാരം ആയിട്ടോ, മഹായോഗിയായിട്ടോ, ശ്രേഷ്ഠ ഗുരുവായിട്ടോ, ജീവൻ മുക്തനായിട്ടോ ക്രിസ്തുവിനെ അംഗീകരിക്കാൻ ഈ ചിന്തകരിൽ പലർക്കും പ്രയാസമില്ല.

### ചോദ്യങ്ങൾ

1. മിഷനറിമാരുടെ സംഭാവന തദ്ദേശീയീകൃത ക്രൈസ്തവ ചിന്തയ്ക്കു എത്രമാത്രമുണ്ടായി?
2. അക്രൈസ്തവരായ ഭാരതീയരുടെ ക്രൈസ്തവ വേദശാസ്ത്രചിന്തയെ വിലയിരുത്തുക.

## പാഠം 2

# ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവന – 1

❑ കെ.എം.ബാനർജി ❑ ബ്രഹ്മബാന്ധവ്ഉപാദ്യായ ❑ വി. ചക്കരൈ ❑ പി. ചെഞ്ചയ്യ ❑ സാധു സുന്ദർസിംഗ്

### 1. കെ. എം. ബാനർജി (1813–1885)

അലക്സാണ്ടർ ഡഫ് എന്ന മിഷനറിയുമായുള്ള സമ്പർക്കത്തിൽ ക്രൈസ്തവനായിത്തീർന്ന ഒരു ബംഗാളിയായിരുന്നു കൃഷ്ണ മോഹൻ ബാനർജി. അദ്ദേഹത്തിനു വേദങ്ങളുടെ പഠനത്തിലുണ്ടായിരുന്ന താത്പര്യം, സ്വന്തമായ ഒരു ക്രൈസ്തവ വേദശാസ്ത്ര ചിന്തയിലേക്കു വഴിതെളിച്ചു. വേദങ്ങളിലെ കേന്ദ്രികതത്ത്വം, യാഗം മുഖേന പരിരക്ഷിക്കപ്പെടുന്ന ഒരു ധാർമിക ഘടനയാണ്. പ്രപഞ്ചകാരണഭൂതനായ 'പ്രജാപതി' അഥവാ 'പുരുഷൻ' അഥവാ 'വിശ്വകർമൻ' പ്രപഞ്ചത്തെ ഉരുവാക്കിയതും നിലനിർത്തുന്നതും യാഗം മുഖേനയാണ്. ഈ ഉൾക്കാഴ്ചയുടെ പൂർത്തീകരണം ആണ് യേശുക്രിസ്തുവിന്റെ രക്ഷാകരയാഗം. അതുകൊണ്ട്, അതിപുരാതന മതഗ്രന്ഥമായ വേദത്തിൽ യാഗം മുഖേനയുള്ള രക്ഷയ്ക്കുവേണ്ടി ഒരു അന്വേഷണം ആരംഭിക്കുന്നുവെന്നും, അതിന്റെ മറ്റൊരു പ്രകാശനം യഹൂദമതത്തിലെ യാഗകർമങ്ങളിൽ തുടരുന്നുവെന്നും, എല്ലാറ്റിന്റെയും ചരിത്രപരമായ പൂർത്തീകരണം യേശുക്രിസ്തുവാകുന്ന അഭിനവ പ്രജാപതിയുടെ യാഗത്തിൽ കാണുന്നുവെന്നും അദ്ദേഹം മനസിലാക്കി. അതിന്റെ അടിസ്ഥാനത്തിൽ, ഭാരതത്തിൽ ക്രിസ്തുവിനെ വേദങ്ങളിലെ യാഗതത്ത്വത്തിന്റെ പശ്ചാത്തലത്തിൽ (യഹൂദന്മാർ മിശിഹാ സങ്കൽപത്തിന്റെ പശ്ചാത്തലത്തിൽ മനസിലാക്കിയതുപോലെ) വ്യാഖ്യാനിക്കുവാനുള്ള പരിശ്രമമായിരുന്നു ബാനർജിയുടേത്.

### 2. ബ്രഹ്മബാന്ധവ് ഉപാധ്യായ (1861–1907)

ഒരു ബംഗാളി ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ഭവാനിചരൺ ബാനർജി, പിൽക്കാലത്തു ബ്രഹ്മബാന്ധവ് ഉപാധ്യായ എന്ന പേരിൽ ക്രിസ്ത്യാനിയായി. ആദ്യം ഒരു ആംഗ്ലിക്കൻ സഭാംഗമായിരുന്നുവെങ്കിലും പിന്നീട് കത്തോലിക്കാ സഭാംഗത്വത്തിലേക്ക് അദ്ദേഹം മാറി. സമകാലീന കത്തോലിക്കാ സഭയിൽ അദ്ദേഹത്തിനു ലഭിച്ചിരുന്ന അംഗീകരണം സംശയാസ്പദമാണെങ്കിലും, പിൽക്കാലത്തു പല കത്തോലിക്കാ പുരോഹിതന്മാരും അദ്ദേഹത്തിന്റെ ചിന്താഗതികളെ പിൻപറ്റുകയുണ്ടായി. 'സോഫിയ' എന്ന മാസികയിലെ തുടർലേഖനങ്ങളിൽ കൂടി ശ്രീ ശങ്കരാചാര്യരുടെ

അദ്വൈതചിന്തയെ ഉപയോഗിച്ചു ക്രൈസ്തവ വേദശാസ്ത്രം വികസിപ്പിക്കുവാനുള്ള ശ്രമമായിരുന്നു ബ്രഹ്മബാന്ധവ് പ്രധാനമായും ചെയ്തത്. വേദങ്ങൾക്ക്, പഴയനിയമത്തിന്റെ സ്ഥാനം ഇന്ത്യയിൽ ഉണ്ടാകണം എന്ന് അദ്ദേഹം വാദിച്ചു. സച്ചിതാനന്ദ ബ്രഹ്മം എന്ന സങ്കൽപം ഉപയോഗിച്ചു ത്രിത്വത്തെ വ്യാഖ്യാനിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ദൈവ – മനുഷ്യനായ യേശുക്രിസ്തുവിനെ 'നര – ഹരി' എന്നും അദ്ദേഹം വിശേഷിപ്പിച്ചു.

### 3. വി. ചക്കരൈ (1880–1958)

മദ്രാസുകാരനായിരുന്ന വെങ്കൽ ചക്കര ചെട്ടി എന്ന അഭിഭാഷകൻ 1903–ൽ ക്രിസ്ത്യാനിയായി. ക്രൈസ്തവ വേദശാസ്ത്രത്തെക്കുറിച്ചു സമഗ്രമായ ഒരു പഠനവും നടത്തിയിട്ടില്ലെങ്കിലും, സ്വന്തമായ ഒരുൾക്കാഴ്ചയിൽ നിന്നു ഭാരത ക്രൈസ്തവചിന്തയ്ക്കു അദ്ദേഹം സംഭാവനകൾ നൽകി. 'യേശുവെന്ന അവതാരം', 'കുരിശും ഭാരതീയ ചിന്തയും' മുതലായ ഗ്രന്ഥങ്ങളിൽ കൂടിയും, ചില ലേഖനങ്ങളിൽ കൂടിയും അദ്ദേഹം ഒരു കാര്യം വ്യക്തമാക്കി. ഭാരത മതപാരമ്പര്യത്തിലെ പല പദങ്ങളും സങ്കൽപങ്ങളും ഭാരത ക്രൈസ്തവ വേദശാസ്ത്രത്തിനും ഉപയോഗിക്കാം. സമ്പൂർണ അവതാരമായ യേശുക്രിസ്തു, വിശ്വാസികളിൽ അന്തര്യാമിൻ ആയി വസിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കുരിശിലെ യാഗത്തിൽ നിന്നു പുറപ്പെടുന്ന ക്രിയാശക്തിയാണു ലോകത്തെ നവീകരിച്ചുകൊണ്ടിരിക്കുന്നത്. പാപം എന്നു പറയുന്നത് 'മായ'യിൽ ആയിരിക്കുന്ന അവസ്ഥയാണ്. അതിൽ നിന്നുള്ള മോചനമാണ് ക്രിസ്തു അന്തര്യാമിയാകുമ്പോൾ സംഭവിക്കുന്നത്.

### 4. പി. ചെഞ്ചയ്യ (1886–1959)

ചെഞ്ചയ്യയും, ചക്കരൈയെപ്പോലെ പഴയ മദ്രാസ് സംസ്ഥാനത്തു നിന്നു ക്രിസ്തുമതാവലംബിയായ ഒരു അഭിഭാഷകനായിരുന്നു. പിന്നീട് അദ്ദേഹം ചീഫ് ജസ്റ്റീസ് വരെയായി. അദ്ദേഹവും സ്വതന്ത്രമായ ഒരു വീക്ഷണകോണിൽ നിന്നു ക്രൈസ്തവ വേദശാസ്ത്രത്തെക്കുറിച്ചു ചിന്തിച്ചു. പ്രധാനമായും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ രംഗപ്രവേശം ചെയ്തതു ഹെൻഡ്രിക് ക്രെയ്മർ എന്ന മിഷനറി, താമ്പരം മിഷനറി കോൺഫ്രൻസിൽ (1938) തദ്ദേശീയ മതാന്വേഷണങ്ങളെ ക്രൈസ്തവ സുവിശേഷകർക്കു ഗൗനിക്കേണ്ടതില്ല എന്നയർത്ഥത്തിൽ നടത്തിയ പ്രസംഗത്തിനു മറുപടിയെന്ന നിലയിലാണ്. യഹൂദ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ വികസിക്കപ്പെട്ട ക്രിസ്തു സങ്കൽപത്തെ ഭാരത സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ വികസിപ്പിക്കണം എന്നദ്ദേഹം വാദിച്ചു. അതിനു പഴയനിയമത്തിന്റെ സ്ഥാനത്തു ഭാരത മതഗ്രന്ഥങ്ങൾക്കു പ്രത്യേകസ്ഥാനം നൽകപ്പെടണം എന്നും അദ്ദേഹം പറഞ്ഞു. 'ക്രിസ്തുവെന്ന കലർപ്പില്ലാത്ത യാഥാർത്ഥ്യം' കണ്ടെത്തി അവനെ സാംസ്കാരികമായി നിറം കൊടുക്കുകയാണ് ഭാരത

ക്രൈസ്തവന്റെ ധർമം. ഈ കലർപ്പില്ലാത്ത യാഥാർത്ഥ്യം, പ്രപഞ്ചത്തിൽ സംഭവിച്ചിരിക്കുന്ന ഒരു പുതിയ വംശത്തിന്റെ ആരംഭമാണ്. അതായത്, ഇതുവരെയുള്ള പ്രപഞ്ച വ്യവസ്ഥിതിയിൽ ദൈവിക ജീവൻ സംയോജിച്ച ഒരു പരിണാമം നടന്നിരിക്കുന്നതാണ് ക്രിസ്തു. താൻ പുതിയ ഒരു സൃഷ്ടി യുടെ ആദിപുരുഷനായിരിക്കുന്നു. ആ പരിണാമത്തിന്റെ ചൈതന്യമാണു പരിശുദ്ധാത്മാവ്. യേശുക്രിസ്തുവിനെ ഭാരതത്തിനു മനസിലാക്കുവാൻ, പാപത്തിന്റെയും, ന്യായവിധിയുടെയും, കുരിശിന്റെയും, സ്വർഗത്തിന്റെയും, നരകത്തിന്റെയും ഭാഷ തികച്ചും അപര്യാപ്തമാണെന്നാണു ചെഞ്ചയ്യ കരുതിയത്. യേശു രക്ഷിക്കുന്നത്, ക്രൂശിലെ കഷ്ടാനുഭവം കൊണ്ടോ, പ്രായശ്ചിത്ത മരണത്താലോ അല്ല, പ്രത്യുത തന്റെ ഉണ്മയിൽ ഒരു പുതിയ വംശവും, വ്യവസ്ഥിതിയും ആരംഭിച്ചിരിക്കുന്നുവെന്നതിനാലാണ്. ഈ പുതിയ ജീവന്റെ ശക്തി പ്രകടിപ്പിക്കുന്ന സംഭവമാണു പുനരുത്ഥാനം. അതിനെ 'പരിശുദ്ധാത്മയോഗം' മുഖേന വ്യക്തികൾക്കു സാക്ഷാത്ക്കരിക്കാം. 'സഭ'യെന്ന വ്യവസ്ഥാപിത ഘടന ആവശ്യമില്ല. 'മിഷൻ', 'ക്രിസ്തീയ സാന്നിധ്യം' ആണ് മതപരിവർത്തനം അല്ല. പലതുകൊണ്ടും ചെഞ്ചയ്യ എത്രമാത്രം 'ക്രിസ്തീയ' വീക്ഷണമുള്ളയാളാണ് എന്നു നിരൂപകന്മാർ ചോദിച്ചേക്കും.

### 5. സാധു സുന്ദർ സിംഗ് (1889–1929)

ഒരു സിക്കു കുടുംബത്തിൽ പിറന്നു വ്യക്തിപരമായ ഒരു അന്വേഷണത്തിന്റെയും, കണ്ടെത്തലിന്റെയും ഫലമായി 1905-ൽ ക്രിസ്ത്യാനിയായ ആളാണു സാധു സുന്ദർസിംഗ്. ഭാരതത്തിലെ ഭക്തി പാരമ്പര്യത്തിനു ക്രിസ്തുവിനെ എത്രമാത്രം ഉൾക്കൊള്ളാം എന്ന അന്വേഷണമാണു സാധു സുന്ദർസിംഗിന്റേത്. വി. യോഹന്നാൻ ഊന്നിപ്പറയുന്ന തീവ്രമായ ദൈവസ്നേഹവും, ഹൈന്ദവ പശ്ചാത്തലത്തിൽ കർമത്തെക്കുറിച്ചുള്ള സങ്കൽപവും, സുന്ദർസിംഗിന്റെ വേദശാസ്ത്രചിന്തയെ കേന്ദ്രികമായി ഭരിച്ചിരുന്നു. പാപം ഇല്ലായ്മയാണ്. ഇല്ലായ്മയുടെ സാധ്യതയിൽ തുടരുന്ന അവസ്ഥയാണു കർമബന്ധം. ഇതിൽനിന്ന്, മോചനം തരുവാൻ നിത്യമായ ഉണ്മയ്ക്ക്, ദൈവസ്നേഹത്തിനു മാത്രമേ സാധിക്കൂ. ആ സ്നേഹവുമായുള്ള വിശ്വാസത്തിലെ ഐക്യം 'ഇല്ലായ്മ' അഥവാ 'പാപ'ത്തിൽ നിന്നു വിടർത്തി ഉണ്മയുടെ അവസ്ഥയിൽ പരിരക്ഷിക്കുന്നു. ഇപ്രകാരമുള്ള പരിത്രാണനമാണ് യേശുക്രിസ്തുവിൽ നടക്കുന്നത്. അതു അനുഭവിച്ചറിയുകയല്ലാതെ മറ്റു മാർഗം ഒന്നുമില്ല. സുന്ദർസിംഗിന്റെ പ്രസംഗങ്ങളും, ലഘുകൃതികളും ലളിതവും ഹൃദയസ്പർശിയുമായിരുന്നു. അവയിലെ ആകർഷകമായ ഭാരതീയ പശ്ചാത്തലത്തിലെ ദൃഷ്ടാന്തങ്ങൾ ഏതൊരു ക്രൈസ്തവ വേദ വ്യാഖ്യാതാവും അറിഞ്ഞിരിക്കേണ്ടതാണ്.

**ചോദ്യങ്ങൾ**

1. ഈ പാഠത്തിൽ പരിചയപ്പെട്ട ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവനകളെ തമ്മിൽ താരതമ്യപ്പെടുത്തുക.
2 പഴയനിയമം, വ്യവസ്ഥാപിത സഭ എന്നിവയ്ക്കു ഭാരതീയ ചിന്തകന്മാർ നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് ഒരു നിരൂപണം നൽകുക.

## പാഠം 3

# ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവന – 2

❑ എ. ജെ. അപ്പാസാമി ❑ ഫക്കീർഭായി ❑ പി. ഡി. ദേവാനന്ദൻ ❑ എം. എം. തോമസ് ❑ റെയ്മുണ്ടോ പണിക്കർ ❑ എസ്. ജെ. സമർത്ഥ

### 6. എ. ജെ. അപ്പാസാമി (1891–1975)

ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു ക്രൈസ്തവ വേദശാസ്ത്രത്തിൽ വേണ്ടവിധത്തിൽ അഭ്യസനം നടത്തി കോയമ്പത്തൂരിൽ ബിഷപ്പായി പ്രവർത്തിച്ച ഒരു പശ്ചാത്തലമാണു ബിഷപ്പ് അപ്പാ സാമിയുടേത്. വൈഷ്ണവ ഭക്തി പ്രസ്ഥാനത്തിന്റെ, പ്രത്യേകിച്ചു വൈഷ്ണവ യോഗികളായിരുന്ന 'ആൾവാറ'ന്മാരുടെ സ്വാധീനം അപ്പാസാമിയുടെ വേദശാസ്ത്രവീക്ഷണത്തിൽ സുവ്യക്തമാണ്. വിശുദ്ധ ബൈബിളിൽ യോഹന്നാന്റെ സുവിശേഷത്തോട് അദ്ദേഹത്തിനു പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നു. ഹൈന്ദവ ചിന്തയിലെ അന്തര്യാമിയായ ദൈവവും, വി. യോഹന്നാന്റെ സുവിശേഷത്തിലെ അന്തര്യാമിയായ വചനവും (ലോഗോസ്) സമാന സൂചനകളുള്ളതാണെന്ന് അപ്പാസാമി കരുതി. അന്തര്യാമിയായ ദൈവം തന്റെ സ്നേഹാതിരേകത്താൽ മനുഷ്യനായി. അവിടുന്നു കുരിശിൽ കാട്ടിയ സ്നേഹം അതിന്റെ പാരമ്യമാണ്. മനുഷ്യർക്ക് അവരുടെ കർമഭാരത്തിൽ നിന്നുള്ള മോചനം നൽകുവാനാണ് അവിടുന്ന് അപ്രകാരം സ്നേഹം കാട്ടിയത്. നാം അവനിലേയ്ക്കു ഭക്തിയോടെ തിരിയുമ്പോൾ നമ്മുടെ കർമഭാരത്തെ അവൻ വഹിച്ചു നമ്മെ സ്വാതന്ത്ര്യപ്പെടുത്തുന്നു – ഇതാണ്, 'ഭക്തിമാർഗമായ ക്രിസ്തീയത' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. 'രക്ഷ' എന്ന പദത്തിനു പകരം, 'മോക്ഷം' എന്നു ഭാരതത്തിൽ ഉപയോഗിക്കണം എന്നദ്ദേഹം നിർദ്ദേശിച്ചു. പഴയനിയമത്തിനും, സഭയ്ക്കും സുപ്രധാനമായ ഒരു സ്ഥാനം അപ്പാസാമിയുടെ വേദശാസ്ത്രത്തിൽ ഉള്ളത്

അദ്ദേഹം തന്നെ ഔദ്യോഗികസഭയുടെ പ്രതിനിധിയായതു കൊണ്ടല്ലേ എന്നു ചോദിക്കുന്നവരുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ ചരിത്രപരമായ യാഥാർത്ഥ്യം പഴയനിയമ പശ്ചാത്തലമില്ലാതെ തെളിവാകയില്ല; അവിടുത്തെ രക്ഷാപരമായ അനുഭവത്തിന്റെ തുടർച്ചയ്ക്കും സാക്ഷ്യത്തിനും 'സഭ'യും അത്യന്താപേക്ഷിതമാണ് എന്ന സത്യം അപ്പാസാമി പല പ്രാവശ്യം വ്യക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

## 7. ഫക്കീർഭായ് (1895–1967)

ഗുജറാത്തിലെ ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ച്, ക്രിസ്ത്യാനിയായിത്തീർന്നയാളാണു ദൻജിഭായ് ഫക്കീർഭായ്. ഒരു ഊർജതന്ത്രം പ്രൊഫസർ ആയിരുന്ന അദ്ദേഹം, തന്റെ ക്രൈസ്താവാനുഭവത്തെ ഭാരതീയ ശൈലിയിൽ ആവിഷ്ക്കരിക്കുവാൻ , 'ഹൃദയഗീത', 'ക്രിസ്തോപനിഷത്ത്', 'സ്നേഹദർശനം' മുതലായ കൃതികൾ രചിച്ചു. കർമ, ജ്ഞാന, ഭക്തി മാർഗങ്ങളെ സമന്വയിപ്പിച്ചു, അദ്വൈത വേദാന്തത്തിന്റെ ശൈലിയിൽ 'പ്രേമ' സ്വരൂപനായ ക്രിസ്തുവെന്ന ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചദ്ദേഹം വിശദീകരിച്ചു. അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിൽ ധാരാളം ഉപനിഷത്തു വാക്യങ്ങൾ സമാനതത്ത്വങ്ങളായിട്ട് ഉപയോഗിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വേദശാസ്ത്രഭാഷാശൈലിയും പ്രത്യേകം ശ്രദ്ധേയമാണ്: പ്രജ്ഞാനം, ശബ്ദ ബ്രഹ്മം, ക്രിസ്ത് അദ്വൈതം മുതലായ പദങ്ങൾ ഉദാഹരണങ്ങളാണ്.

## 8. പി. ഡി. ദേവാനന്ദൻ (1901–1962)

പോൾ ഡേവിഡ് ദേവാനന്ദൻ ഒരു ക്രൈസ്തവ വൈദികന്റെ പുത്രനായിരുന്നു. തികച്ചും തിളക്കമാർന്ന ഒരു ക്രൈസ്തവ പ്രവർത്തകനായിരുന്ന ദേവാനന്ദൻ തന്റെ വേദശാസ്ത്ര ചിന്തയിൽ ഊന്നൽ കൊടുത്തതു രണ്ടു കാര്യങ്ങൾക്കായിരുന്നു: (1) ഭാരതമതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും സൗഹൃദ സംവാദത്തിൽ കൂടി സാമൂഹ്യ വ്യതിയാനത്തിനാവശ്യമായ അടിസ്ഥാനങ്ങൾ കണ്ടെത്തുക. (2) വ്യവസ്ഥാപിത സംഘടനയെന്ന നിലയിലല്ല, രൂപാന്തരപ്പെടുത്തുന്ന സമൂഹം എന്ന നിലയിൽ സഭയുടെ ദൗത്യം നിറവേറ്റുക. ഒന്നാമത്തെ സംഗതിയുടെ ആശയപരമായ വ്യക്തതയ്ക്കാണു അദ്ദേഹം 'മായ'എന്ന തത്വത്തെക്കുറിച്ച് ഒരു ഗവേഷണ പഠനം തന്നെ നടത്തിയത്. 'മായ' അവിരാമം പ്രയത്നിക്കേണ്ട കർമമണ്ഡലത്തെ തുറന്നു കാട്ടുന്നുവെന്നു പറയുമ്പോൾ ക്രൈസ്തവനും, ഹൈന്ദവനും അംഗീകരിക്കാവുന്ന ഒരു പ്രപഞ്ച വീക്ഷണമായി മായയെ ദേവാനന്ദൻ അവതരിപ്പിക്കുന്നു. ഈയർത്ഥത്തിലാണു റോമ. 8:20 നെ അദ്ദേഹം വ്യാഖ്യാനിക്കുന്നത്.

## 9. എം. എം. തോമസ് (1916–1996)

കേരള ക്രൈസ്തവരുടെയിടയിൽ നിന്നു സ്വന്തമായ ദൈവശാസ്ത്രാവിഷ്ക്കരണത്തിനു ഉദ്യമിച്ചു പ്രസിദ്ധനായ വ്യക്തിയാണു ഡോക്ടർ എം. എം. തോമസ്. മഹാത്മാഗാന്ധിയുടെയും കാറൽ മാർക്സിന്റെയും ചിന്തകളോടു, ഭാരതത്തിന്റെ നവോത്ഥാന പശ്ചാത്തലത്തിൽ സമന്വയിക്കാൻ ശ്രമിച്ച ഒരു ഭാരത ക്രൈസ്തവനെയാണു എം. എം. തോമസിന്റെ കൃതികളിലും പ്രസംഗങ്ങളിലും നാം ദർശിക്കുന്നത്. 'ഒരു ക്രമീകൃത ദൈവശാസ്ത്രത്തിന് ആവിഷ്കരണം നൽകുക എന്നതിനേക്കാൾ ഉപരിയായി സാമൂഹ്യജീവിതത്തിന്റെയും ചരിത്ര യാഥാർത്ഥ്യങ്ങളുടെയും പശ്ചാത്തലത്തിൽ ഉരുത്തിരിയുന്ന ദൈവശാസ്ത്രമാണ് ആവശ്യമെന്നു തോമസ് കരുതുന്നു. വസ്തുതയ്ക്ക് ഊന്നൽ നൽകിക്കൊണ്ടു സമകാലിക പ്രസക്തവും, സാന്ദർഭികവുമായ ദൈവശാസ്ത്രമാണു സജീവമെന്നു അദ്ദേഹം കരുതുന്നു' (റവ. ഡോ. പി. ജി. കുരുവിള, *ഭാരത ക്രൈസ്തവ ദർശനങ്ങൾ*, പേജ് 152). യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തെ, തോമസ് വ്യാഖ്യാനിക്കുവാൻ ആഗ്രഹിക്കുന്നത്, സമ്പൂർണമായ മാനവീകരണത്തിന്റെ പ്രകാശനമായിട്ടാണ്. പാപത്തിലും, അനീതിയുടെ എല്ലാ രൂപങ്ങളിലും കാണുന്നതു വികലമായ മാനവീയതയാണ്. അതിനെ വ്യതിയാനപ്പെടുത്തുവാനുള്ള ദൗത്യമാണ്, വിമോചകനും, രൂപാന്തരം വരുത്തുന്നവനുമായ ക്രിസ്തു തന്റെ സമ്പൂർണ മാനവീകരണത്തിൽ നിർവഹിച്ചത്. സഭയിലെ മതപരമായ കൂട്ടായ്മയും, മതേതര സമൂഹത്തിലെ മാനുഷിക കൂട്ടായ്മയും തമ്മിൽ ഈ മാനവീകരണ ചിന്തയിൽ കൂടി ബന്ധം കണ്ടെത്താൻ കഴിയും. ഇതര മതങ്ങളിലെ പല തത്ത്വങ്ങളും നവോത്ഥാന പരിപാടികളും അവ എത്രമാത്രം മനുഷ്യന്റെ മേൽ ക്രിയാത്മകമായി സ്വാധീനം ചെലുത്തുന്നുവോ അത്രമാത്രം ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നും തോമസ് തറപ്പിച്ചു പറയുന്നു (ഈ ബന്ധപ്പെടൽ ബോധപൂർവമോ, ക്രൈസ്തവർ അനുശാസിക്കുന്ന വിധത്തിലോ ആകണമെന്നില്ല). മനുഷ്യന്റെ യഥാർത്ഥ വിമോചനത്തിനും, രൂപാന്തരത്തിനും നടത്തപ്പെടുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ പരിശ്രമങ്ങൾ ആനുകാലിക ചരിത്രത്തിന്റെ ഭാഗമാണ്. അതിലുള്ള പങ്കാളിത്തവും നേതൃത്വവുമാണ് ക്രൈസ്തവന്റെ ദൗത്യം.

## 10. റെയ്മുണ്ടോ പണിക്കർ (1921–)

ഒരു ഹൈന്ദവ പിതാവിന്റെയും ഒരു സ്പാനിഷ് റോമൻ കത്തോലിക്കാ മാതാവിന്റെയും പുത്രനായി ജനിച്ച പണിക്കർ, ഇന്നു ഭാരതീയ ചിന്തയുടെ ലോകപ്രശസ്ത വക്താവായ ഒരു കത്തോലിക്കാ വൈദികനാണ്. 'ഹൈന്ദവ ധർമത്തിലെ അറിയപ്പെടാത്ത ക്രിസ്തു', 'ത്രിത്വവും ലോകമതങ്ങളും',

'മന്ത്രമഞ്ജരി അഥവാ വേദാനുഭൂതി ' മുതലായ ഗ്രന്ഥങ്ങളും അനവധി ലേഖനങ്ങളും അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നു. അദ്വൈത വേദാന്തത്തിലും ഈശ്വരന് ഒരു സ്ഥാനം ഉണ്ടല്ലോ. ഈ ഈശ്വരസങ്കല്പം വി. യോഹന്നാന്റെ സുവിശേഷത്തിലെ വചനം അഥവാ ലോഗോസിനു സമാന്തരമായി കാണുവാൻ കഴിയും. ലോഗോസ് ക്രിസ്തുവാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, ദൈവം എവിടെ പ്രവർത്തിക്കുന്നുവോ അതു ക്രിസ്തുവിലും ക്രിസ്തുവിൽകൂടിയും ആണെന്നു കാണാൻ കഴിയും എന്നു പണിക്കർ സമർത്ഥിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ മതങ്ങളിലും ത്രിത്വസങ്കല്പവും, ക്രിസ്തുസങ്കല്പവും ഉണ്ടെന്നും, ബൈബിളിലെ യേശുവും ക്രിസ്തുവിന്റെ ഒരു പ്രതിരൂപം മാത്രമാണെന്നും പണിക്കർ കാണുമ്പോൾ, ക്രൈസ്തവ വേദശാസ്ത്രത്തെ സാർവലൗകിക പ്രസക്തമാക്കുവാനുള്ള ഒരന്വേഷണം ആണ് വ്യക്തമാകുന്നത്.

### 11. എസ്. ജെ. സമർത്ഥ (1920-)

ഒരു വേദശാസ്ത്രജ്ഞനും, മതസംവാദത്തിന്റെ വക്താവും ആയ സമർത്ഥയുടെ പല അന്വേഷണങ്ങളിൽ ഒന്ന് അദ്വൈത ദർശനത്തിന്റെ പശ്ചാത്തലത്തിൽ എങ്ങനെ ക്രൈസ്തവ ദൈവശാസ്ത്രം വികസിപ്പിക്കാം എന്നുള്ളതാണ്. മനുഷ്യന്റെ ബോധതലത്തിലും, പ്രകൃതിയിലുള്ള ദൈവത്തിന്റെ വെളിപാടിനെ മാറ്റിനിർത്തി, അതിനെ ചരിത്രത്തിൽ മാത്രം ഒതുക്കി നിർത്തുന്ന പാശ്ചാത്യ ക്രൈസ്തവ പ്രവണതയെ ഭാരതത്തിൽ തിരുത്തേണ്ടതിന്റെ ആവശ്യകത സമർത്ഥ എടുത്തുപറയുന്നു. ക്ലാസിക്കൽ ദർശനത്തിന്റെ വേരുകളിൽ ഉറച്ചുകൊണ്ടു തന്നെ, നീതിപൂർവമായ മോചന സമരങ്ങളിലുള്ള പങ്കാളിത്തത്തിനു ക്രിസ്തു എല്ലാവരെയും വിളിക്കുന്നുവെന്ന് ഭാരതത്തിലെ ക്രൈസ്തവർ സാക്ഷിക്കണം. ആ സാക്ഷ്യത്തിന്റെ ആധികാരികതയിലാണു ക്രൈസ്തവ സുവിശേഷത്തിന്റെ മാറ്റുരയ്ക്കുന്നത് എന്നു സമർത്ഥ എടുത്തുപറയുന്നു.

### ചോദ്യങ്ങൾ

1. ഈ പാഠത്തിൽ പരിചയപ്പെട്ട ചിന്തകരുടെ വേദശാസ്ത്ര വീക്ഷണങ്ങൾ താരതമ്യപ്പെടുത്തി ചുരുക്കത്തിൽ പ്രസ്താവിക്കുക.
2. ഈ പാഠത്തിൽ പരാമർശിക്കുന്ന ആരുടെയെങ്കിലും ഒരു പുസ്തകമോ, ലേഖനമോ, വായിക്കുവാൻ ശ്രമിക്കുക.

## പാഠം 4

# ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവന – 3

❑ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ❑ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ❑ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ❑ ഫാ. ഡോ. വി. സി. ശമുവേൽ ❑ ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവനയെക്കുറിച്ച് ഒരു സമാപന വിലയിരുത്തൽ

### 13. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ (1886–1968)

വടക്കേ ഇന്ത്യയിൽ സാധു സുന്ദർസിംഗിന്റെ സാക്ഷ്യം പോലെ കേരളത്തിൽ ശ്രദ്ധേയനാകേണ്ട ഒരു വ്യക്തിയുണ്ട്: പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ. അദ്ദേഹം ഇന്നത്തെ എറണാകുളം ജില്ലയിൽ പുരാതന നസ്രാണി കുടുംബമായ മൂക്കഞ്ചേരിൽ ആണു ജനിച്ചത്. ഭാരത ക്രൈസ്തവരുടെ പ്രായോഗിക വേദശാസ്ത്രത്തെക്കുറിച്ച് ആണ് അദ്ദേഹം ചിന്തിച്ചത്. കേരളത്തിൽ, പ്രത്യേകിച്ച് മലങ്കര നസ്രാണികളുടെയിടയിൽ, അയിത്താചാരം പ്രബലപ്പെട്ട ഒരു കാലഘട്ടത്തിൽ അദ്ദേഹം അതിനെതിരെ എഴുതുകയും, പറയുകയും, പ്രവർത്തിക്കുകയും ചെയ്തു. പഴയ മലങ്കര നസ്രാണി പാരമ്പര്യം, സാംസ്കാരികമായി സമൂഹത്തിലെ ഉന്നത വർഗവുമായി സമന്വയിച്ചപ്പോൾ, ഭാരത സംസ്കാരത്തിന്റെ മറ്റൊരു വശമായ അധഃകൃതരുമായി അനുരൂപപ്പെടുന്ന പ്രായോഗിക വേദശാസ്ത്രത്തിനടിസ്ഥാനം ഇടുകയായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. അധഃകൃതരെ കരുതുവാൻ സർക്കാരും നിയമവും അറച്ചു നിൽക്കുമ്പോൾ കേരളത്തിലെ ഹരിജനങ്ങളുടെ കൂരകളിൽ കയറിച്ചെന്ന് അവർക്ക് ആശ്വാസം നൽകി, അവരോടൊപ്പം ഭക്ഷണം കഴിച്ച്, അവർക്ക് ഉണ്ണാനും ഉടുക്കാനും കിടക്കാനും വക കണ്ടെത്തുവാൻ അധ്വാനിച്ച്, അവസാനം അവരിൽനിന്ന് ഇരുപത്തീരായിരത്തോളം പേരെ ക്രിസ്തുവിന്റെ അനുയായികളാക്കിയ ഒരു വിപ്ലവ പ്രസ്ഥാനമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു വൈദികസ്ഥാനിയായിരിക്കുമ്പോൾ വൈക്കം സത്യാഗ്രഹത്തിൽ അദ്ദേഹം പങ്കുകൊണ്ടു. 'സ്വരാജ്യ' എന്ന ഇംഗ്ലീഷ് പത്രത്തിൽ അദ്ദേഹം എഴുതി: 'കേരളത്തിലെ പുരാതന സുറിയാനി ക്രിസ്ത്യാനി സമൂഹം ക്രിസ്തുവിന്റെ സ്വാതന്ത്ര്യദായകമായ സുവിശേഷത്തോടു വേണ്ടവണ്ണം ആത്മാർത്ഥതയുള്ളവരായിരുന്നുവെങ്കിൽ അവർക്ക് അത്ഭുതങ്ങൾ ചെയ്യാമായിരുന്നു' എന്ന്. 1919 ൽ 'ആരാധന നാട്ടുഭാഷയിൽ' എന്ന പ്രസ്ഥാനം അദ്ദേഹം സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ ആരംഭിച്ചു. പിന്നീട് അധഃകൃതരുടെയിടയിലെ

പ്രവർത്തനം കൂടുതൽ ശക്തമായി തുടർന്നു. ആ വിപ്ലവചിന്തയുടെ തുടർച്ചയ്ക്കും പൂർത്തീകരണത്തിനുമായിരുന്നു 'സ്ലീബാദാസ സമൂഹം' ആരംഭിച്ചത്. യേശുക്രിസ്തുവിന്റെ ജീവിതശൈലി, സമൂഹത്തിലെ താഴ്ന്നവരുമായി പ്രത്യേകം അനുരൂപപ്പെട്ട അവിടുത്തെ പ്രവർത്തനശൈലി ഇവയൊക്കെ 20–ാം നൂറ്റാണ്ടിലെ ഭാരതത്തിൽ എത്രമാത്രം പ്രാവർത്തികമാക്കാം എന്നുള്ളതിന്റെ ഉദാഹരണമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ലളിതവും തദ്ദേശീയ ഉദാഹരണങ്ങൾ നിറഞ്ഞതുമായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങൾക്ക്, 'സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ' മുതലായ കീർത്തനങ്ങളും, ഭാരതീയ താളമേളങ്ങളും അന്ന് ഒരു പ്രത്യേകതയായിരുന്നു.

## 14. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1922–1996)

ആഗോള എക്യുമെനിക്കൽ പ്രസ്ഥാനത്തിലും, ദാർശനിക സാംസ്കാരിക മണ്ഡലങ്ങളിലും നേതൃത്വം നൽകിയ ഡോക്ടർ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ വേദശാസ്ത്രചിന്തയിൽ ഭാരതീയ ക്രൈസ്തവ ചിന്തയെക്കുറിച്ച് വ്യക്തമായ ചില സങ്കല്പങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഒരു പ്രധാന ബോധ്യം, തദ്ദേശീയ വേദശാസ്ത്ര ചിന്ത ആകമാന ക്രൈസ്തവ പാരമ്പര്യവുമായി സജീവമായ ബന്ധം പുലർത്തേണ്ടതായിട്ടുണ്ട് എന്നാണ്. ഈ ബന്ധത്തിന്റെ പാതയിൽ ഭാരതീയ ക്രൈസ്തവ ചിന്തയ്ക്കു ശോഭനമായ ഭാവിയുണ്ടെന്നദ്ദേഹം വിശ്വസിച്ചു. അതിന് ഒരു പ്രധാന കാരണമുണ്ട്. ആകമാന ക്രൈസ്തവ പാരമ്പര്യത്തിന്റെ ചിന്താതരംഗങ്ങൾക്ക് ഒരു ഏകദേശ രൂപം നൽകുന്നതിൽ നാലാം നൂറ്റാണ്ടു വരെയുള്ള ക്രൈസ്തവ പിതാക്കന്മാർക്കു സുപ്രധാന സ്ഥാനമുണ്ട്. അവരുടെ താത്വിക പാരമ്പര്യവും, ചിന്താഗതികളും, പലതുകൊണ്ടും ഭാരതീയ താത്വിക പാരമ്പര്യവുമായി സാമ്യവും, ഐക്യവും ഉള്ളവയാണ്. ആയതിനാൽ പിതാക്കന്മാരുടെ വേദശാസ്ത്രത്തെക്കുറിച്ചുള്ള പഠനത്തിൽക്കൂടി ഭാരതീയ ക്രൈസ്തവ വേദശാസ്ത്രത്തിനു തന്നെ ആശ്രയിക്കാവുന്ന ഒരു അടിത്തറ കണ്ടെത്തുവാൻ കഴിയും.

പ്രസ്തുത അടിത്തറയിൽ സമകാലീന സാമൂഹ്യ, ദാർശനിക പ്രതികരണങ്ങൾ കൂടി ചേർത്തുകൊണ്ട് ക്രൈസ്തവ വേദശാസ്ത്രചിന്ത പുരോഗമിക്കണം എന്നാണു പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഒരു പ്രധാന നിർദേശം. നിസായിലെ മാർ ഗ്രീഗോറിയോസിന്റെ വേദശാസ്ത്ര വീക്ഷണങ്ങളെക്കുറിച്ചുള്ള പഠനമായ 'കോസ്മിക്' മാൻ ('പ്രാപഞ്ചിക മനുഷ്യൻ') എന്ന ഗ്രന്ഥവും 'ഫ്രീഡം ആൻഡ് അതോറിറ്റി' (സ്വാതന്ത്ര്യവും അധികാരവും) എന്ന ഗ്രന്ഥവും ഈ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യു

ന്നുണ്ട്. ഈ ആശയത്തിന്റെ പ്രായോഗികാന്വേഷണത്തിനാണു ന്യൂഡൽഹിയിൽ അദ്ദേഹം സ്ഥാപിച്ച 'സർവധർമ്മ നിലയവും' മറ്റും (The Delhi Orthodox Centre).

## 15. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ (1918–)

ലോകത്തിൽ മുഴുവനുമുള്ള മർദ്ദിതരുടെയും ദരിദ്രരുടെയും പ്രതിനിധിയായി സഭയ്ക്കുള്ളിലും രാഷ്ട്രത്തിലും പ്രതികരിക്കുന്ന ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അനേകം കൃതികളിൽ പലതിലും ഭാരത ക്രൈസ്തവരുടെ അടിസ്ഥാന വേദശാസ്ത്ര വീക്ഷണത്തെക്കുറിച്ച് ഒരു രൂപരേഖയുണ്ട്. വിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മ മാതൃകയായുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതിക്കു വേണ്ടിയുള്ള ചിന്തയും, വാക്കും, പ്രവർത്തനവുമായിരിക്കണം ഭാരത ക്രൈസ്തവരുടേത്. അതു ഭാരതത്തിൽ മാത്രം ഒതുങ്ങുകയുമില്ല എന്നദ്ദേഹം എടുത്തു പറയുന്നു. വി. ത്രിത്വത്തിൽ, ബഹുത്വവും, ആളത്വ അനന്യത്വവും, സംരക്ഷിക്കപ്പെട്ടു കൂട്ടായ്മയുടെ ഐക്യം നിറഞ്ഞ സമ്പൂർണ മാതൃകയായ ഒരു സമൂഹമുണ്ട്. ഇപ്രകാരമുള്ള ഒരു സാമൂഹ്യജീവിത സാക്ഷാത്ക്കാരമാണു ദൈവരാജ്യം. അവിടെ 'സാമൂഹ്യ' ജീവിതം എന്നു പറഞ്ഞാൽ തികച്ചും ഭൗതികമായ ഒരു വ്യവസ്ഥിതിയല്ല എന്നദ്ദേഹം എടുത്തുപറയുകയും ചെയ്യുന്നു. ദരിദ്രമായിരിക്കുന്ന ഒരു ലോകത്തിൽ ധനികനായിട്ടിരിക്കുന്നതു തന്നെ പാപമാണ്. ആ പാപത്തിന്റെ വിടുതൽ നടക്കുന്നതു സമഗ്രമായ ഒരു ഘടനാവ്യതിയാനം മുഖേനയും ഹൃദയ പരിവർത്തനം മുഖേനയും ആണ്. ഈ വ്യതിയാന പാതയിൽ പ്രവർത്തിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുമ്പോഴാണ്, 'രക്ഷ ക്രിസ്തുവിൽ മാത്രമോ' എന്ന പ്രശ്നത്തെക്കുറിച്ചു ഭാരതീയമായ പശ്ചാത്തലത്തിൽ പ്രത്യേകിച്ച് അദ്ദേഹം ചിന്തിക്കുന്നത്. ഈ പശ്ചാത്തലത്തിൽ രക്ഷാദായകനായ ക്രിസ്തുവിന്റെ പ്രവർത്തനം സഭയ്ക്കു പുറത്തും ഉണ്ടെന്നദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

## 16. ഫാ. ഡോ. വി. സി. ശമുവേൽ (1913–1998)

മലങ്കര ഓർത്തഡോക്സ് സഭയെ പ്രത്യേകമായി കണ്ടുകൊണ്ട്, 1975–ൽ 'ഇത് ഒരു ഇന്ത്യൻ സഭയോ?' എന്ന തലക്കെട്ടിൽ വിമർശനപരമായ ഒരു ഗ്രന്ഥം രചിച്ച ഫാദർ വി. സി. ശാമുവേൽ ഭാരതത്തിലെ ക്രൈസ്തവരോടു പൊതുവായിട്ടു തന്നെയാണ് ആ ചോദ്യം ചോദിച്ചത്. ഭാരത ക്രൈസ്തവർക്കുണ്ടാകേണ്ട, സഭാവീക്ഷണം, വേദശാസ്ത്ര വീക്ഷണം, ആരാധനാ പാരമ്പര്യം എന്നിവയെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ ചില ധാരണകളുണ്ടായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ നിന്നാരംഭിക്കുന്ന ഒരു സ്വതന്ത്ര ക്രൈസ്തവ പൈതൃകമാണു ഭാരത ക്രൈസ്തവർക്കുള്ളത് എന്നതിനാൽ,

അടിച്ചേല്പിച്ചതോ, കെട്ടിച്ചമച്ചതോ അല്ലാത്തതായ ഒരു സഭാചരിത്ര വീക്ഷണമുണ്ടാകണം എന്നതാണ് അദ്ദേഹത്തിന്റെ ഒരു താത്പര്യം. കൽക്കദോന്യ സുന്നഹദോസിൽ യാതൊരു പങ്കാളിത്തവും ഇല്ലാതിരുന്ന മലങ്കരസഭയെ 'ഏകസ്വഭാവ വാദികൾ' എന്നു വിളിക്കുന്നതിന്റെ നിരർത്ഥകത്വത്തെയും, അന്ത്യോക്യയിലെ സേവേറിയോസിന്റെയും മറ്റും എഴുത്തുകളിൽ പോലും അപ്രകാരം ഒരു പഠിപ്പിക്കൽ ഇല്ല എന്നുള്ള വസ്തുതയെയും വ്യക്തമാക്കുന്നതാണ് അദ്ദേഹത്തിന്റെ 'കൽക്കദോന്യ' സുന്നഹദോസിനെക്കുറിച്ചുള്ള ഗ്രന്ഥം. പഴയ വേദശാസ്ത്ര സംവാദത്തെക്കുറിച്ച് പുനഃവിചിന്തനം ചെയ്തപ്പോഴും സഭയുടെ സാക്ഷ്യത്തെക്കുറിച്ച് ചിന്തിച്ചപ്പോഴും അദ്ദേഹത്തിന് ബോധ്യമായ ചില വസ്തുതകളുണ്ട്: (1) ക്രൈസ്തവ സമൂഹങ്ങളിൽ ഇന്നു കാണുന്ന പല ആചാര, കീഴ്‌വഴക്ക, പാരമ്പര്യങ്ങൾക്കും പിന്നിൽ ബലവത്തായ ഒരു വേദശാസ്ത്രാടിസ്ഥാനം അല്ല ഉള്ളത്, പ്രത്യുത മാനുഷികമായ ചില ഇഷ്ടാനിഷ്ടങ്ങളാണ്. (2) യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായി, പ്രപഞ്ചത്തെ മുഴുവൻ സ്നേഹത്തിൽ ഉൾക്കൊള്ളുന്ന ഒരു സഭാഘടനയ്ക്കുവേണ്ടി ഭാരതക്രൈസ്തവർക്കു പ്രയത്നിക്കുവാൻ കഴിയണം. (3) സഭാജീവിതശൈലിയിലും, ആരാധനയിലും, തദ്ദേശീയമായ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ കഴിയണം. (4) ഭാരതത്തിലെ ക്രൈസ്തവ പാരമ്പര്യം, ഒരു കാരണവശാലും ഗ്രീക്ക്, ലത്തീൻ, ക്രൈസ്തവ പാരമ്പര്യങ്ങളോടു വിധേയത്വം കാണിക്കേണ്ടതില്ല. ക്രിസ്തുവിൽ കേന്ദ്രീകൃതവും, മനുഷ്യജീവിത യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നതും, ഭാരതത്തിന്റെ പൗരാണികവും ആധുനികവുമായ സംസ്കാരത്തോട് അർത്ഥവത്തായി പ്രതികരിക്കുന്നതുമായ ഒരു ക്രൈസ്തവജീവിത സാക്ഷ്യം, ഭാരതീയർക്കു സ്വതന്ത്രമായി ഉണ്ടാക്കാവുന്നതാണ്. അതു ആകമാന ക്രൈസ്തവ പാരമ്പര്യവുമായി അന്തസത്തയിൽ ബന്ധപ്പെട്ടതായിരിക്കണം എന്നു മാത്രം.

## ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവനകൾ: ഒരു വിലയിരുത്തൽ

ഇതഃപര്യന്തം പരിചയപ്പെട്ട ഭാരത ക്രൈസ്തവ ചിന്തകർക്കു പലർക്കും വ്യത്യസ്തമായ പശ്ചാത്തലങ്ങളും, വേദശാസ്ത്ര വീക്ഷണങ്ങളുമാണ് ഉള്ളതെന്നു കണ്ടുകഴിഞ്ഞു. അവരുടെ ചർച്ചയിലെ ഒരു പ്രധാന വിഷയം, തദ്ദേശീയതയും ആകമാന ക്രൈസ്തവ പാരമ്പര്യവും തമ്മിലുള്ള ബന്ധമാണ്. തദ്ദേശീയ പ്രശ്നങ്ങൾക്കും മറ്റും അമിത പ്രാധാന്യം കൊടുത്ത്, പരസ്പരം യാതൊരു ബന്ധവും ഐക്യവും ഇല്ലാത്ത അനവധി 'ക്രിസ്തീയ' പാരമ്പര്യങ്ങൾ ഉടലെടുക്കാൻ ഇടയായേക്കാം. ആദിമ സഭാചരിത്രത്തിലെ ജ്ഞാനവാദ സമൂഹങ്ങൾക്കു പറ്റിയ കുഴപ്പമിതായിരുന്നു. ഈ അപകടം കണ്ടുകൊണ്ട്, ആകമാന ക്രൈസ്തവ പാരമ്പര്യവുമായി ബന്ധം സൂക്ഷിക്കുവാൻ, തദ്ദേശീയീകരണ വേദശാസ്ത്ര സംരംഭങ്ങൾക്കു കഴിയണം.

പല ഭാരത ക്രൈസ്തവ ചിന്തകരും ഭാരതീയ പശ്ചാത്തലമായിട്ടെടുത്തിരിക്കുന്നത്, ഹൈന്ദവ പാരമ്പര്യത്തെയാണ്. മറ്റനേകം മതപാരമ്പര്യങ്ങൾ ഭാരതത്തിലുണ്ട്. ഹൈന്ദവ പാരമ്പര്യം തന്നെ വൈരുദ്ധ്യാത്മകമായ വ്യത്യസ്തതകൾ ഉൾക്കൊള്ളുന്നതാണ്. 'ഹൈന്ദവം' എന്നു പറഞ്ഞാൽ, 'അദ്വൈതം' മാത്രമാണെന്നോ, 'വേദാന്തം' ആണെന്നോ ധരിക്കുന്നത് ശരിയല്ല. ഹൈന്ദവമതം യഥാർത്ഥത്തിൽ, ഭാരതീയ സംസ്കാരത്തെ വളരെയധികം ഉൾക്കൊണ്ട ഒരു മതം മാത്രമാണ്. അതുപോലെ ഭാരതീയ സംസ്കാരത്തെ, വ്യത്യസ്തതകളോടെ ഉൾക്കൊള്ളുവാനുള്ള ഒരു വെല്ലുവിളിയാണു ഭാരത ക്രൈസ്തവ വേദശാസ്ത്രത്തിനും ഉള്ളത്.

ഭാരത ക്രൈസ്തവ ചിന്തകരുടെയിടയിൽ ഇന്നു പൊതുവെ കൂടുതൽ ശ്രദ്ധേയമായിരിക്കുന്ന ഒരു പരിശ്രമം ഉണ്ട്: അതായത്, ഭാരതീയമായ ഗ്രാമീണ ജീവിതശൈലിയിൽ ജീവിച്ച്, ഭാരതീയമായ പുരാതന ധ്യാനമാർഗങ്ങളും മറ്റും പരിശീലിച്ചു, ക്രിസ്തുവിലുള്ള അനുഭവത്തെ പുഷ്ടിപ്പെടുത്തിക്കൊണ്ടു വല്ലതും എഴുതുകയും, പറയുകയും ചെയ്യുക. അവർക്ക്, അക്രൈസ്തവരായ ഭാരതീയരുമായി ചേർന്ന് ആരാധന നടത്തുന്നതും, ഒന്നിച്ചു താമസിക്കുന്നതും പഠിക്കുന്നതും ചർച്ച ചെയ്യുന്നതും പ്രത്യേക സന്തോഷമാണ്. ഈ തരത്തിലുള്ള അന്വേഷണങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളതും കൊടുക്കുന്നതും, വിദേശീയരാണ് എന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു (ഉദാഹരണത്തിനു, കാവേരിതീരത്തു തിരുച്ചിറപ്പിള്ളയിൽ സച്ചിദാനന്ദാശ്രമം തുടങ്ങിയ സ്വാമി പരമ അരൂപ്യാനന്ദയും (ജൂൾസ് മൊൻകാനിൻ എന്ന ഫ്രഞ്ചുകാരൻ), സ്വാമി അഭിഷിക്താനന്ദനും പിന്നീട് അവിടെ ഗുരുവായിത്തീർന്ന ബീഡ്ഗ്രീഫ്ത്തും, കുരിശുമല ആശ്രമം ആരംഭിച്ച ഫ്രാൻസിസ് ആചാര്യയും ശ്രദ്ധേയരാണ്).

## ചോദ്യങ്ങൾ

1. ഈ പാഠത്തിൽ ചർച്ച ചെയ്യുന്ന ചിന്തകരുടെ ഭാരത സാഹചര്യത്തിലെ വേദശാസ്ത്ര വീക്ഷണങ്ങൾ സംഗ്രഹിക്കുക.

2. ഭാരത ക്രൈസ്തവ ചിന്തകരുടെ ചിന്തയെ, പഴയനിയമത്തോടുള്ള മനോഭാവം, ക്രിസ്തുവിനെയുള്ള ചിത്രീകരണം, സഭാഘടനയോടുള്ള മനോഭാവം എന്നീ മൂന്നു തലക്കെട്ടിൽ താരതമ്യപ്പെടുത്തി മനസ്സിലാക്കുക.

3. ഭാരത ക്രൈസ്തവ ചിന്തകരുടെ സംഭാവനയെക്കുറിച്ച് പൊതുവായിട്ട് നിങ്ങളുടെ വിലയിരുത്തൽ തയാറാക്കുക.

## പാഠം 5

# വേദശാസ്ത്ര ചിന്തയിലെ ചില താത്വിക പ്രശ്നങ്ങൾ – 1

❑ ദൈവ സങ്കല്പം ❑ ചരിത്ര സങ്കല്പം ❑ സൃഷ്ടി സങ്കല്പം

ഭാരതീയ ക്രൈസ്തവ വേദശാസ്ത്ര ചിന്തയ്ക്ക്, ഭാരതീയ തത്ത്വചിന്തയുടെയും മതചിന്തയുടെയും പ്രത്യേക പശ്ചാത്തലത്തിൽ ചില താത്വിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അവയിൽ ചിലതിനെക്കുറിച്ച് അല്പമായി ചർച്ച ചെയ്യാം.

### 1. ദൈവ സങ്കല്പം

1. ഭാരത ക്രൈസ്തവന്റെ ദൈവം എല്ലാവരുടെയും ദൈവമല്ലേ?

ദൈവം ഒരുവനേയുള്ളൂ. അതുകൊണ്ട് അവൻ എല്ലാവരുടെയും ദൈവമാണ്. ആ ദൈവത്തെ പല പല വീക്ഷണ കോണുകളിൽ നിന്നു നോക്കുന്നുവെന്നു മാത്രം.

2. ദൈവത്തെ അദ്വൈത ബ്രഹ്മമായി കാണുന്ന ചിന്തയോടു ഭാരത ക്രൈസ്തവർക്കെത്ര മാത്രം യോജിക്കാം?

ദൈവത്തെ അദ്വൈത ബ്രഹ്മം എന്നു പറയുന്നവർ സൂചിപ്പിക്കുന്നതു പ്രധാനമായും രണ്ടു കാര്യങ്ങളാണ്: ഒന്ന്, ദൈവം തന്റെ ഉണ്മയിൽ അജ്ഞേയനാണ്. രണ്ട്, സർവത്തിന്റെയും ആധാരം അവിടുന്നാണ്. ഈ രണ്ടു കാര്യങ്ങളിലും ഭാരത ക്രൈസ്തവ ചിന്തയ്ക്ക് വളരെയധികം യോജിക്കുവാൻ കഴിയും.

പഴയനിയമത്തിലായാലും, പുതിയനിയമത്തിലായാലും വ്യക്തമാക്കുന്ന സംഗതിയാണ്, ദൈവത്തെ യാതൊരു തത്ത്വജ്ഞാനിക്കും താർക്കികനും ബുദ്ധിപരമായി ഗ്രഹിക്കുവാൻ സാധ്യമല്ലെന്ന് (ഉദാ. 1 യോഹ. 4:12). പക്ഷേ അതുകൊണ്ടു ദൈവത്തെക്കുറിച്ചാരും മിണ്ടാതിരിക്കുന്നില്ല. അനുഭവത്തിൽ അവിടുത്തെ അറിഞ്ഞിടത്തോളം വാക്കുകളിൽ പ്രകാശിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അദ്വൈതവേദാന്തിയുടെ അനുഭവത്തിൽ ആ ദൈവം താൻ തന്നെയുമാണ്. യേശുക്രിസ്തുവിൽ കൂടി ആ ദൈവത്തെ അനുഭവിച്ചവർക്ക്, ആ ദൈവം പിതാവും മനുഷ്യരെല്ലാം അവിടുത്തെ മക്കളുമായി ബോദ്ധ്യപ്പെട്ടു.

സർവത്തിന്റെയും കാരണഭൂതൻ ദൈവമാണെന്നു ഭാരത ക്രൈസ്തവനും ഏറ്റുപറയും. മാത്രവുമല്ല, എന്തിനെങ്കിലും അസ്തിത്വം ഉണ്ടെങ്കിൽ അതു ദൈവത്തിൽ നിന്നാണെന്നും ഭാരത ക്രൈസ്തവനു പറയാൻ കഴിയും.

3. ദൈവം പിതാവാണ് എന്ന ചിന്ത ഭാരതത്തിൽ എത്രമാത്രം പ്രസക്ത മാണ്?

സെമിറ്റിക് മതചിന്തയിൽ പിതാവിനുള്ള സ്ഥാനം അതുല്യമാണ്. കരുണയുള്ള പിതാവിനേക്കാൾ ശ്രേഷ്ഠമായ ഒരു പദവി മറ്റാർക്കും സങ്കല്പിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിൽ പ്രത്യേകിച്ച്, യേശുനാഥൻ ദൈവത്തെ പിതാവായി പരിചയപ്പെടുത്തി. ദൈവത്തെ പിതാവായി കാണുന്ന വീക്ഷണം, ഭാരതത്തിലെ വേദങ്ങളിലും, ഉപനിഷത്തുകളിലും ഉണ്ട്. ഉദാഹരണത്തിനു ഋഗ്വേദത്തിൽ യാഗം നടത്തുന്നവൻ ദേവനോടിങ്ങനെ പ്രാർത്ഥിക്കുന്നു:

'വരേണ്യനായ ഭവാൻ അച്ഛൻ; ഞാൻ മകൻ. ബന്ധു ബന്ധുവിനെയും, സഖാവു സഖാവിനെയും സർവഥാ പ്രീതിപ്പെടുത്തുമല്ലോ' (1. 6. 26 (3))

എന്നാൽ യേശുക്രിസ്തുവിൽ ഈ ദൈവം വെളിപ്പെട്ടുവെന്നതാണു ക്രൈസ്തവന്റെ അനുഭവവും വിശ്വാസവും. ഈ വെളിപ്പെടലിനു കാരണം ദൈവം സ്നേഹമാണെന്നതാണ്.

4. ദൈവം വെളിപ്പെടുന്നത് തന്റെ സ്നേഹത്തിന്റെ പാരമ്യം മൂലമാണെന്നുള്ളതു ഭാരതീയ പശ്ചാത്തലത്തിൽ എങ്ങനെ വിശദീകരിക്കാം.

അദ്വൈത ബ്രഹ്മം എന്ന തത്ത്വത്തേക്കാൾ ദൈവത്തെ ആളത്വപരമായി മനസിലാക്കുന്ന വീക്ഷണമാണു ഭാരത മത പാരമ്പര്യത്തിൽ കൂടുതലുള്ളത്. ആളത്വപരമായി, ദൈവം എല്ലാ നന്മയുടെയും പൂർണതയാണ്. ഈ പൂർണ നന്മയുടെ അവസ്ഥയ്ക്കാണ് യഥാർത്ഥത്തിൽ, 'ദൈവം സ്നേഹമാകുന്നു' എന്നു പറയുന്നത്. സ്നേഹത്തിന്റെ പൂർണത ദർശിക്കുന്നതു താഴ്ന്നിറങ്ങി, അനുരൂപപ്പെട്ട്, ത്യാഗം അർപ്പിക്കുന്നതിലാണ്. അതാണു ദൈവ വെളിപ്പെടലിന്റെ മർമ്മം. ദൈവം തന്റെ സ്നേഹസമ്പൂർണതയിൽ അത്യഗാധ ത്യാഗമാണ്. ആ ത്യാഗമാണു ദൈവത്തിന്റെ വെളിപ്പെടലും കഷ്ടതയും, മരണവും.

5. ദൈവം ത്രിത്വമാണെന്ന വസ്തുത, ഭാരതീയ പശ്ചാത്തലത്തിൽ എങ്ങനെ വിശദീകരിക്കാം?

ദൈവം ബഹുത്വമല്ല. ദൈവം ഏകനേയുള്ളു. അനേകം ദേവനാമങ്ങൾ ഉപയോഗിക്കുന്ന ഋഗ്വേദം പോലും പറയുന്നു, 'ഏകം സത് വിപ്രാ ബഹുധാവദന്തി' (ഏകനെയുള്ളു; അവനെ വിജ്ഞാനികൾ പല രീതിയിൽ പറയുന്നു) എന്ന്. പക്ഷേ 'ഏക'നായ ദൈവം, ഗണിതശാസ്ത്രപ്രകാരമുള്ള 'ഒന്ന്', അല്ല താനും. കാരണം ഗണിതശാസ്ത്രപ്രകാരമുള്ള 'ഒന്ന്', അതുപോലെയുള്ള കോടാനുകോടി 'ഒന്നു'കളിൽ ഒന്നാണ് (നൂറ് എന്നു പറയുന്നത് നൂറ് 'ഒന്ന്' കൂടിയതാണല്ലോ). എന്നാൽ ദൈവത്തിന്റെ ഏകത്വം സർവ

ബഹുത്വത്തെയും ഉൾക്കൊള്ളുന്ന സമ്പൂർണതയുടെ ഏകത്വമാണ്. ബഹുത്വമുള്ള പ്രപഞ്ചത്തിന്റെ മൂല കാരണം അവിടുന്നാണ്, അതുകൊണ്ട് ദൈവത്തിൽ ബഹുത്വത്തിന്റെ തത്ത്വവും ഉൾക്കൊള്ളാതിരിക്കാൻ സാധ്യമല്ല.

'ബഹു'ത്വത്തിന്റെയും 'ഒന്നി'ന്റെയും തത്ത്വങ്ങളെ ഉൾക്കൊള്ളുന്നുവെന്നതാണ് ദൈവത്തിന്റെ ഏകത്വത്തിന്റെ പ്രത്യേകത. ഈ യാഥാർത്ഥ്യത്തെ വിശദമാക്കുന്ന പദമാണ് 'ത്രിത്വം' എന്നത്. ഏകത്വവും നാനാത്വവും അടങ്ങിയിരിക്കുന്ന സമ്പൂർണ തത്ത്വമാണു ത്രിത്വം. ദൈവം സ്നേഹമാണ് എന്നതിന്റെ മറ്റൊരു സൂചന ദൈവം ഒരു കൂട്ടായ്മയാണെന്നുള്ളതിലാണല്ലോ. കാരണം, സ്നേഹം പൂർണമാകുന്നതു കൂട്ടായ്മയിലാണ്. കൂട്ടായ്മയുടെ പൂർണത ദൈവത്തിൽ ഉണ്ടെങ്കിൽ അവിടെ ഏകത്വവും ബഹുത്വവും സമ്മേളിച്ചിരിക്കണം. ദൈവം ഏകനാണെന്നും, അവിടുത്തെ സ്നേഹത്തിന്റെ കൂട്ടായ്മയാണ് പിതാവിലും, പുത്രനിലും, പരിശുദ്ധാത്മാവിലും ദർശിക്കുന്നതെന്നും ആണ് വി. ത്രിത്വ സങ്കല്പം സൂചിപ്പിക്കുന്നത്.

ദൈവം വെറും ഏകത്വവും അല്ല ബഹുത്വവും അല്ല, പ്രത്യുത ഏകത്വത്തിന്റെയും ബഹുത്വത്തിന്റെയും ഐക്യമാണ് എന്ന സൂചനയല്ലേ 'അദ്വൈതം' എന്ന പദത്തിലും കാണുന്നത്? ഏകനെന്നോ, ദ്വൈതം (ബഹുത്വം) എന്നോ പറയാതെ 'അദ്വൈതം' എന്നു ദൈവത്തെ വിശേഷിപ്പിച്ചപ്പോൾ മേല്പറഞ്ഞ ഐക്യസൂചന വ്യക്തമാണ്. അതിന്റെ കുറച്ചുകൂടി വ്യക്തമായ ഒരു വിശദീകരണമാണ്, ദൈവം 'സച്ചിദാനന്ദം' ആണ് എന്നതിൽ (സത് = അസ്തിത്വം; ചിത് = ബോധം; ആനന്ദം = സന്തോഷ ചൈതന്യം) കാണുന്നത്. ചുരുക്കത്തിൽ, ദൈവത്വത്തിൽ ഏകത്വവും ബഹുത്വവും അടങ്ങിയിരിക്കുന്നുവെന്ന ചിന്തയ്ക്കു ഹൈന്ദവ പാരമ്പര്യത്തിലും സ്ഥാനമുണ്ട്.

അങ്ങനെ, ദൈവത്തിൽ ഏകത്വവും ബഹുത്വവും ഉൾക്കൊണ്ടിരിക്കണം എന്നു യുക്തിയിലും അവിടുന്ന് പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയാണ് എന്ന് ക്രൈസ്തവാനുഭവത്തിലും പ്രതിഷ്ഠിതമായിരിക്കുന്നു.

### 2. ചരിത്ര സങ്കല്പം

വേദശാസ്ത്ര ചിന്തയിൽ ചരിത്രസങ്കല്പത്തിനു സുപ്രധാനമായ സ്ഥാനമുണ്ട്. ചരിത്രം (History) എന്നു പറഞ്ഞാൽ ഇവിടെ ഉദ്ദേശിക്കുന്നത്, കഴിഞ്ഞുപോയ സംഗതികളുടെ വിവരണം എന്നയർത്ഥത്തിലല്ല, പ്രത്യുത പ്രപഞ്ച പ്രതിഭാസത്തിന്റെ ഗതിയെക്കുറിച്ചുള്ള പൊതുവായ ധാരണ എന്നയർത്ഥത്തിലാണ്. ഈ ധാരണയുമായി ബന്ധിച്ചു ഭാരതീയ ക്രൈസ്തവ വേദശാസ്ത്ര ചിന്തയിൽ ചില പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണം.

1. സെമിറ്റിക്ക് മതങ്ങളുടെയും ഭാരത മതങ്ങളുടെയും ചരിത്ര വീക്ഷണങ്ങൾ തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ അത് വേദശാസ്ത്രത്തെ എത്രമാത്രം ബാധിക്കും?

സെമിറ്റിക് മതങ്ങളുടെയും (യഹൂദ, ക്രൈസ്തവ, ഇസ്ലാം) ഭാരത മതങ്ങളുടെയും (ഉദാ: ഹൈന്ദവ, ജൈന, ബുദ്ധമതങ്ങൾ) ചരിത്ര വീക്ഷണങ്ങൾ തമ്മിൽ പ്രഥമ ദൃഷ്ടിയിൽ സാരമായ വ്യത്യാസമുണ്ട്. സെമിറ്റിക് മതങ്ങളുടെ ചരിത്ര വീക്ഷണഗതിയെ, ആരംഭമുള്ളതും ക്രമാനുഗതമായി പുരോഗമിക്കുന്നതും ഒരു പരിസമാപ്തിയുണ്ടാകുന്നതുമായ ചരിത്രം എന്നു പൊതുവെ പറയാം. എന്നാൽ ഭാരത മതങ്ങൾക്കെല്ലാം തന്നെ ആത്യന്തികമായി ആദിയും, ക്രമീകൃത പുരോഗമനവും, അന്തവും ഇല്ലാത്ത ഒരു ചരിത്ര സങ്കല്പമാണുള്ളത്. ആദ്യത്തേതിനെ പൊതുവെ ഋജുരേഖാ വീക്ഷണം എന്നും രണ്ടാമത്തേതിനെ പൊതുവെ ചാക്രിക വീക്ഷണം എന്നും വിളിക്കാറുണ്ട്. ഈ വ്യത്യാസം നിമിത്തം, വേദശാസ്ത്രത്തിലും തദനുസൃതമായ അന്തരം കാണാം. ഋജുരേഖാ വീക്ഷണത്തിലാണ്, ചരിത്രപരമായ ഒരാരംഭത്തെക്കുറിച്ചും, വീഴ്ചയെക്കുറിച്ചും, അവസാന ന്യായവിധിയെക്കുറിച്ചും, ഒക്കെ ഗൗരവതരമായി ചിന്തിക്കുന്നത്. ചാക്രിക വീക്ഷണപ്രകാരം, ഒരു നിത്യപ്രപഞ്ച പ്രതിഭാസത്തിൽ ജീവാത്മാവ് പ്രാപിക്കേണ്ട സ്വസ്ഥത ആണ് വേദശാസ്ത്രചിന്തയുടെ കേന്ദ്രബിന്ദു. ക്രൈസ്തവ ചരിത്ര വീക്ഷണത്തോടുള്ള വിയോജിപ്പാണു പല ഭാരതീയ ചിന്തകരിലും പാശ്ചാത്യ ക്രൈസ്തവ വേദശാസ്ത്രത്തോടുള്ള എതിർപ്പായി പ്രത്യക്ഷപ്പെട്ടത് (ഉദാ: ചെഞ്ചയ്യ).

2. ഋജുരേഖാ വീക്ഷണവും ചാക്രിക വീക്ഷണവും പരസ്പരവിരുദ്ധങ്ങളാണോ?

പ്രഥമദൃഷ്ടിയിൽ വൈരുദ്ധ്യാത്മകമെന്നു തോന്നിയാലും, ആഴത്തിൽ ചിന്തിക്കുമ്പോൾ രണ്ടും പരസ്പര പൂരകങ്ങളായ ഊന്നലുകൾ മാത്രമാണെന്നു കാണാം. ഋജുരേഖാവീക്ഷണത്തിൽ ഒരു പരിധിവരെ ചാക്രിക തത്ത്വവും, ചാക്രികവീക്ഷണത്തിൽ ഒരു പരിധി വരെ ഋജുരേഖാതത്ത്വവും ഉൾക്കൊള്ളുന്നു.

ഋജുരേഖാ വീക്ഷണപ്രകാരം, ദൈവമാണു ചരിത്രത്തിന്റെ ആരംഭകൻ. അവിടുന്നു തന്നെ അതിനു ഒരു പുരോഗമനവും പൂർത്തീകരണവും നൽകുന്നു. ചരിത്രത്തിന്റെ ആരംഭവും, പുരോഗമനവും, ലക്ഷ്യവും, ദൈവത്തിൽ തന്നെ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ, ഒരർത്ഥത്തിൽ ദൈവത്തിൽ നിന്നാരംഭിച്ചു ദൈവത്താൽ നയിക്കപ്പെട്ട്, തന്നിൽ പൂർത്തീകരണം പ്രപിക്കുന്ന തത്ത്വം, ഒരു പോയിന്റിൽ നിന്നാരംഭിച്ച് അതിൽ തന്നെ തിരികെയെത്തുന്ന, ചാക്രികതത്ത്വമാണ്.

ചാക്രിക ചരിത്ര വീക്ഷണത്തിൽ, വ്യക്തികളും സമൂഹങ്ങളും തങ്ങളുടെ

ലക്ഷ്യം പ്രാപിക്കുന്ന ഒരു പാതയുണ്ട്. അതു കർമബന്ധങ്ങളിൽ നിന്നു മോചനം നേടുന്ന പുരോഗതിയുടെ പാതയാണ്. ഈ പുരോഗതി നടന്നേ പറ്റൂ. അപ്പോൾ, പ്രപഞ്ചത്തിന്റെ ചാക്രികഗതിക്കുള്ളിൽ, വ്യക്തികളുടെ പുരോഗതിയുടെ, ഒരു പോയിന്റിൽ നിന്നു മറ്റൊരു പോയിന്റിലേക്കു പുരോഗമിക്കുന്ന, ഋജുരേഖാതത്ത്വം ഉൾക്കൊണ്ടിരിക്കുന്നു.

3. ഭാരതീയ ക്രൈസ്തവ ചരിത്രവീക്ഷണം എങ്ങനെയായിരിക്കണം?

ഋജുരേഖാവീക്ഷണത്തിനു അങ്ങേയറ്റത്തെ ഊന്നൽ കൊടുത്തുകൊണ്ടാണു പാശ്ചാത്യ ക്രൈസ്തവ വേദശാസ്ത്രം വളർന്നത്. ഭാരതീയ ചിന്താപാരമ്പര്യത്തിനു ഋജുരേഖാ വീക്ഷണം അത്ര ചരിചയമുള്ളതല്ലായിരുന്നതിനാൽ, പൊതുവെ ഭാരതത്തിൽ പാശ്ചാത്യ വേദശാസ്ത്രചിന്തയോടു മതിപ്പു തോന്നിയിട്ടുമില്ല. ഈ യാഥാർത്ഥ്യം മനസിലാക്കിക്കൊണ്ട്, ഭാരത ക്രൈസ്തവചിന്ത ഋജുരേഖാ വീക്ഷണത്തെയും, ചാക്രിക വീക്ഷണത്തെയും സമ്മനിയിപ്പിച്ച് ഒരു ചരിത്രവീക്ഷണം സ്വായത്തമാക്കേണ്ടിയിരിക്കുന്നു. അതിനു സഹായകമായ ഒരു യാത്ഥാർത്ഥ്യമാണു മുകളിൽ കണ്ടെത്തിയത്.

അതായതു, ഋജുരേഖാ വീക്ഷണത്തിൽ ചാക്രികതത്ത്വവും, ചാക്രിക വീക്ഷണത്തിൽ ഋജുരേഖാതത്ത്വവും ഒരു പരിധിവരെ ഉൾക്കൊണ്ടിട്ടുണ്ട് എന്ന വസ്തുത. പ്രസ്തുത ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിൽ രണ്ടു തത്ത്വങ്ങളെയും സമ്യക്കായി സംയോജിപ്പിക്കുന്ന ഒരു ചരിത്രവീക്ഷണപ്രകാരം, യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വ്യാപ്തിയും, പ്രസക്തിയും വ്യാഖ്യാനിക്കുമ്പോഴും, 'രക്ഷ'യെ വിശദമാക്കുമ്പോഴും, യുഗാന്ത്യ സംഭവങ്ങളെ വ്യാഖ്യാനിക്കുമ്പോഴും അതിന്റേതായ പ്രത്യേകത കാണുവാൻ കഴിയും. ഭയപ്പെടുത്തുന്നതും, സങ്കുചിത വർഗീയ വികാരങ്ങൾ ഉൾക്കൊള്ളുന്നതും, ആക്ഷരിക പൂർത്തീകരണത്തിൽ അന്ധമായി വിശ്വസിക്കുന്നതുമായ ഒരു വ്യാഖ്യാന സമീപനമായിരിക്കയില്ല അത്. പ്രത്യുത എല്ലാവരെയും ഉൾക്കൊള്ളുന്നതും, ദൈവസ്നേഹത്തിന്റെ ആവിഷ്ക്കാരവും, അക്ഷരത്തിനു പിന്നിലെ ആത്മാവിനെ സ്പർശിക്കുന്നതുമായ ഒരു വ്യാഖ്യാന വീക്ഷണമായിരിക്കും അത് (പുസ്തകത്തിനൊടുവിൽ കൊടുത്തിരിക്കുന്ന വിശദീകരണ കുറിപ്പ് കാണുക).

## 3. സൃഷ്ടിസങ്കൽപം

ക്രൈസ്തവ ധർമത്തിൽ 'സൃഷ്ടി'യെക്കുറിച്ചു വളരെ ഗൗരവമായ വേദശാസ്ത്രാപഗ്രഥനമാണു നടന്നിട്ടുള്ളത്. എന്നാൽ ഭാരതമതദർശനങ്ങൾ പൊതുവെ സൃഷ്ടി സങ്കൽപത്തോടു യുക്തിപരമായി യോജിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ഭാരതീയ ക്രൈസ്തവ വേദശാസ്ത്രത്തിൽ സൃഷ്ടി സങ്കൽപത്തെ എങ്ങനെ വ്യാഖ്യാനിക്കണം എന്നതു പ്രധാനമായിത്തീരുന്നു.

1. ഭാരതമത ദർശനങ്ങൾ സൃഷ്ടിസങ്കൽപ്പത്തോട് എന്തുകൊണ്ട് യോജിക്കുന്നില്ല?

ഭാരതമത ദർശനങ്ങൾ പൊതുവെ സൃഷ്ടിചിന്തയുടെ യുക്തിയേക്കാളും, നിത്യപ്രപഞ്ച വീക്ഷണത്തിന്റെ യുക്തിയെയാണു പിന്താങ്ങുന്നത്. നിത്യനായ ഈശ്വരനിൽ നിത്യമായി പ്രപഞ്ചവും അവസ്ഥാന്തരങ്ങളോടെ സ്ഥിതി ചെയ്യുന്നു. ഈ അവസ്ഥാന്തരങ്ങളെ കാവ്യഭാവനയിൽ, വേദത്തിലും മറ്റും 'സൃഷ്ടി' എന്നു പറയുന്നുവെന്നു മാത്രം.

2. സൃഷ്ടിസങ്കൽപ്പത്തിലെയും നിത്യപ്രപഞ്ചവീക്ഷണത്തിലെയും യുക്തിപരമായ പ്രശ്നങ്ങൾ

സൃഷ്ടിച്ചുവെന്നു പറയണമെങ്കിൽ, സൃഷ്ടിക്കു മുമ്പു സൃഷ്ടി ഇല്ലായിരിക്കണം. നിത്യനായ ദൈവം നിത്യനായി സ്രഷ്ടാവാണു താനും. ഇതെങ്ങനെ സംഭവിക്കും? നിത്യമായി, സൃഷ്ടിയും ഏതെങ്കിലും ഒരവസ്ഥയിൽ ദൈവത്തിൽ ഉണ്ടായിരിക്കേണ്ടേ? ഇതു യുക്തിപരമായ ഒരു ചോദ്യമായതിനാൽ യുക്തിപരമായിതന്നെയുള്ള മറുചോദ്യവും ഉണ്ടാകും. സൃഷ്ടി നിത്യമായി 'സ്രഷ്ടാ'വിൽ സ്ഥിതി ചെയ്തുവെങ്കിൽ, ആ സ്രഷ്ടാവു എങ്ങനെയാണ് സ്രഷ്ടാവാകുന്നത്? സ്രഷ്ടാവല്ലാത്ത ദൈവം, ദൈവമാണോ? പ്രപഞ്ചം നിത്യമായി ദൈവത്തിൽ സ്ഥിതി ചെയ്തുവെന്നു പറയുമ്പോൾ, ദൈവം പ്രപഞ്ചത്തിന്റെ നിത്യാവസ്ഥയുടെ മേൽ നിസ്സഹായനാണെന്നു പറയേണ്ടി വരില്ലേ? അവസ്ഥാന്തരങ്ങളും, ജീർണതയും, അപൂർണതയും ഉള്ള പ്രപഞ്ചം ദൈവവുമായി ഒന്നായിരിക്കുന്നുവെന്നു പറഞ്ഞാൽ ആ ദൈവത്തിൽ തന്നെ അതൊക്കെയുണ്ടെന്നു പറയേണ്ടിവരില്ലേ? അങ്ങനെയുള്ള ദൈവം ദൈവമാണോ? ചുരുക്കം പറഞ്ഞാൽ 'ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടി' ചിന്തയും നിത്യപ്രപഞ്ച പ്രതിഭാസ ചിന്തയും യുക്തിപരമായി ഒരുപോലെ ചോദ്യം ചെയ്യപ്പെടാം.

3. സൃഷ്ടിചിന്തയും, ഈശ്വരബന്ധത്തിലെ നിത്യ പ്രപഞ്ചചിന്തയും വൈരുധ്യാത്മകമാണോ?

സൂക്ഷ്മ വിലയിരുത്തലിൽ രണ്ടും വൈരുദ്ധ്യാത്മകമല്ല. സൃഷ്ടിചിന്ത ഊന്നിപ്പറയുന്നതു പ്രപഞ്ചത്തിനു ദൈവം ആരംഭം കൊടുത്തെന്നാണ്. നിത്യപ്രപഞ്ച ചിന്ത ഊന്നിപ്പറയുന്നതു ദൈവം പ്രപഞ്ചത്തിനു നിത്യകാരണവും ആധാരവും ആണെന്നാണ്. ചുരുക്കത്തിൽ, ദൈവത്തിൽ ആത്യന്തികമായി ആരംഭം കാണുന്ന ഒരു ചിന്തയുടെ തന്നെ രണ്ടു വശങ്ങൾ മാത്രമാണ് ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടിചിന്തയും, നിത്യപ്രപഞ്ചപ്രതിഭാസചിന്തയും. എന്നാൽ സ്രഷ്ടാവുമായുള്ള ബന്ധത്തിൽ സൃഷ്ടിക്കു ഒരു പുതിയ യാഥാർത്ഥ്യം ഉണ്ടെന്ന ക്രൈസ്തവചിന്ത, ഭാരതത്തിന്റെ പൗരാണിക പാരമ്പര്യത്തിൽ പുതുമയുള്ളതാണ്.

4. സൃഷ്ടിചിന്തയിലെ 'അവസാന' സാധ്യതയും, നിത്യപ്രപഞ്ചചിന്തയിലെ 'നിത്യതാ' സങ്കല്പവും പരസ്പരവിരുദ്ധമല്ലേ?

ക്രൈസ്തവവീക്ഷണത്തിൽ സൃഷ്ടിക്കു കാണുന്ന 'അവസാന' സാധ്യതയെന്നു പറഞ്ഞാൽ, ഏതവസ്ഥയിലും ഇല്ലാതാകുവാനുള്ള സാധ്യതയോടെ, നിത്യതയിലേക്കു രൂപാന്തരപ്പെടുന്ന അവസ്ഥയെന്നാണല്ലോ മനസിലാക്കുന്നത്. നിത്യതയിലേക്കുള്ള രൂപാന്തരത്തിൽ, അന്തർലീനമായിരിക്കുന്ന അവസ്ഥാന്തരത്തെയാണല്ലോ അപ്പോൾ 'അവസാനം' എന്ന പദം കൊണ്ടു വിവക്ഷിക്കുന്നത്.

നിത്യപ്രപഞ്ചചിന്തയിലും, അവസ്ഥാന്തരങ്ങളോടെ നിത്യമായിരിക്കുന്ന പ്രപഞ്ചത്തെയാണു കാണുന്നത്.

അങ്ങനെയെങ്കിൽ രണ്ടിലും പൊതുവായിട്ടുള്ളതാണ് അവസ്ഥാന്തരത്തിന്റെ സാധ്യത. 'അവസ്ഥാന്തര'ത്തിൽ ഒരവസ്ഥയുടെ 'അവസാനം' ഉൾക്കൊണ്ടിട്ടുണ്ടല്ലോ. അതിനാൽ രണ്ടു വീക്ഷണങ്ങളും പരസ്പരവിരുദ്ധമെന്നു പറയുക സാധ്യമല്ല.

**ചോദ്യങ്ങൾ**

1. ത്രിമൂർത്തി സങ്കല്പവും, സച്ചിദാനന്ദ സങ്കല്പവും, വി. ത്രിത്വത്തെക്കുറിച്ചുള്ള ഭാരതക്രൈസ്തവ വിശദീകരണവും തമ്മിൽ എങ്ങനെ പൊരുത്തപ്പെട്ടു പോകും?
2. 'ദൈവത്തിന്റെ ന്യായവിധി'യെക്കുറിച്ചു ഭാരതീയമായ ഒരു ചരിത്രവീക്ഷണപ്രകാരം വ്യാഖ്യാനിക്കുവാൻ ശ്രമിക്കുക.
3. ഭാരതത്തിലെ, ക്രൈസ്തവപ്രപഞ്ച വീക്ഷണത്തിൽ സമ്യക്കായി സമ്മേളിക്കേണ്ട ഊന്നലുകൾ ഏവ?

## പാഠം 6

# വേദശാസ്ത്ര ചിന്തയിലെ ചില താത്വിക പ്രശ്നങ്ങൾ – 2

❑ മനുഷ്യസങ്കൽപം ❑ പാപസങ്കൽപം ❑ രക്ഷാസങ്കൽപം

### 4. മനുഷ്യസങ്കൽപം

മനുഷ്യനെക്കുറിച്ചുള്ള അടിസ്ഥാന വീക്ഷണത്തിൽ, ക്രൈസ്തവ ചിന്തയും ഭാരതീയ മതദർശനങ്ങളും തമ്മിൽ, ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. ഈ വ്യത്യാസങ്ങളുമായി ബന്ധിച്ച്, ഭാരതീയ ക്രൈസ്തവ ചിന്തയിലെ മനുഷ്യസങ്കല്പത്തെക്കുറിച്ചു ചില കാര്യങ്ങൾ ചർച്ച ചെയ്യാം.

1. മനുഷ്യസങ്കല്പത്തെ സംബന്ധിച്ചു ഭാരതീയ മതദർശനങ്ങളും ക്രൈസ്തവചിന്തയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം.

ഭാരതീയ മതദർശനങ്ങളിൽ താത്വികമായി മനുഷ്യനു പ്രത്യേക സ്ഥാനം ഒന്നും കൊടുക്കുന്നില്ല (മനനം ചെയ്യുന്നവനാണ് മനുഷ്യനെങ്കിലും). മനുഷ്യനിലെ ജീവാത്മാവു തന്നെയാണ് ഇതര ജീവികളിലെയും ജീവാത്മാവ്. അതുപോലെ തന്നെ താത്വികമായി പലരും ചൂണ്ടിക്കാട്ടുന്നതു പ്രപഞ്ച ചരിത്രഗതി നിർണയിക്കുവാൻ മനുഷ്യനോ, ജീവാത്മാവിനോ കേന്ദ്രികസ്ഥാനം ഒന്നുമില്ല എന്നാണ്.

എന്നാൽ ക്രൈസ്തവചിന്തയിൽ, സൃഷ്ടിയുടെ മകുടം മനുഷ്യനാണ്. പ്രപഞ്ച ചരിത്രഗതി നിർണയിക്കുവാൻ മനുഷ്യനു കേന്ദ്രീകമായ സ്ഥാനം ഉണ്ട്. മനുഷ്യനും പ്രപഞ്ചവുമായി സമന്വയബന്ധമാണുള്ളത്.

അതേയവസരത്തിൽ, പ്രായോഗിക പരിചിന്തനത്തിൽ ഭാരതീയ മതദർശനങ്ങളും ക്രൈസ്തവ വീക്ഷണത്തോടു യോജിക്കുന്നുണ്ടെന്നു കാണാം. പ്രകൃതിയുടെയും ഇതര ജീവജാലങ്ങളുടെയും ക്ഷേമത്തിനും ശ്രേയസിനുമായുള്ള പരിശ്രമങ്ങൾ എല്ലാം തന്നെ മനുഷ്യനെ കേന്ദ്രീകരിച്ചാണു ക്രമപ്പെടുത്തിയിരിക്കുന്നത് (ഉദാ. ഭൂത പരിരക്ഷയ്ക്കുള്ള യാഗങ്ങളും മറ്റും). അതുപോലെതന്നെ, ജീവാത്മാവിന്റെ മോഹവും തൃഷ്ണയും അനുസരിച്ചാണല്ലോ കർമ്മവും കർമാനുസൃതമായി പ്രപഞ്ചത്തിന്റെ അവസ്ഥാന്തരങ്ങളും നടക്കുന്നത്.

ഇതിൽനിന്നു വ്യക്തമാകുന്നതു ഭാരതീയമായ ക്രൈസ്തവ ചിന്തയിൽ മനുഷ്യനു പ്രാമാണ്യം കല്പിക്കുന്നതും, മനുഷ്യ – പ്രപഞ്ച ബന്ധത്തെ എടുത്തുകാണിക്കുന്നതും വൈദേശികാശയങ്ങളായി തോന്നുകയില്ലയെന്നാണ്.

2. മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണവും, ഭാരത മത, ദർശന വീക്ഷണവും.

ബൈബിൾ വീക്ഷണപ്രകാരം, മനുഷ്യന്റെ 'സ്വാതന്ത്ര്യ'ത്തിൽ അടിസ്ഥാനപ്പെട്ടാണു സൃഷ്ടിയുടെ ചരിത്രഗതി തന്നെ. മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തിൽ എടുക്കുന്ന തീരുമാനങ്ങൾ പാപമോ രക്ഷയോ എന്ന അവസ്ഥകളിൽ അവനെയും സമൂഹത്തെയും പ്രപഞ്ചത്തെയും പങ്കുകാരാക്കുന്നു. വ്യക്തിയും, മനുഷ്യസമൂഹവും, പ്രപഞ്ചവും തമ്മിൽ സമഗ്രമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

ഭാരത, മത, ദർശനങ്ങളിൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഊന്നൽ പ്രകടമല്ലെങ്കിലും, വ്യക്തിയുടെ ഉത്തരവാദിത്വത്താൽ ആത്യന്തികലക്ഷ്യം പ്രാപിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്. സമൂഹത്തിൽ സ്വധർമം അനുഷ്ഠിക്കേണമെന്നും, മറ്റുള്ളവർക്കുവേണ്ടി ത്യാഗം അനുഷ്ഠിക്കണമെന്നും ഒക്കെ അനുശാസിച്ചാലും, ഭാരത മതദർശനങ്ങളിൽ പ്രഥമമായും കൊടുക്കുന്ന ഊന്നൽ വ്യക്തിയുടെ ലക്ഷ്യപ്രാപ്തിയാണ്. അതുകൊണ്ടു വ്യക്തിയും സമൂഹവും പ്രപഞ്ചവുമായുള്ള സമഗ്രബന്ധത്തെ ഊന്നിപ്പറയുമ്പോഴും, വ്യക്തിയുടെ ഉത്തരവാദിത്വത്തെക്കുറിച്ചു എടുത്തുപറയുന്ന ഒരു മനുഷ്യവീക്ഷണത്തിന്, ഭാരതീയ ക്രൈസ്തവ ചിന്തയിൽ സുപ്രധാനമായ സ്ഥാനമുണ്ട്.

### 5. പാപ സങ്കല്പം

ക്രൈസ്തവ വേദശാസ്ത്രത്തിൽ 'പാപ'ത്തെക്കുറിച്ചുള്ള വിചിന്തനത്തിനു സുപ്രധാനമായ സ്ഥാനമുണ്ട്. പാശ്ചാത്യ വിചിന്തനത്തിൽ, 'പാപ'ത്തെ ദൈവകല്പനയോടുള്ള അനുസരണക്കേടായി പൊതുവെ വ്യാഖ്യാനിക്കുന്നു. ഇത്തരത്തിലുള്ള ഒരു വിചിന്തനം, ഭാരത മതദർശനങ്ങളിൽ കാണാത്തതുകൊണ്ട് ഇവിടെ 'പാപ'ത്തെ ഗൗരവമായിട്ടെടുക്കുന്നില്ല എന്നു ചില ക്രൈസ്തവ ചിന്തകർ ചൂണ്ടിക്കാട്ടുന്നുണ്ട്. യഥാർത്ഥത്തിൽ 'പാപം' എന്നോ, 'അനുസരണക്കേട്', എന്നോ ഉള്ള പദപ്രയോഗങ്ങൾ ഇല്ലായെങ്കിലും പാപത്തിന്റെ പിന്നിലെ യാഥാർത്ഥ്യത്തെക്കുറിച്ച് ആണു ഭാരത മതദർശനങ്ങളുടെ പ്രധാന പരിചിന്തനം. അതുകൊണ്ടു, പ്രസ്തുത പരിചിന്തനങ്ങളുടെ പശ്ചാത്തലത്തിൽ, 'പാപ'ത്തെക്കുറിച്ചുള്ള ക്രൈസ്തവ ചിന്ത ഭാരതത്തിൽ വികസിപ്പിക്കുന്നതായിരിക്കും ഉത്തമം.

1. 'പാപ'ത്തെക്കുറിച്ചുള്ള പാശ്ചാത്യ ക്രൈസ്തവ വീക്ഷണത്തിലെ പ്രത്യേകതകൾ

പാപം ദൈവകല്പനയെ ധിക്കരിക്കുന്നതാണ്. ദൈവം നീതിമാനാകകൊണ്ടു ശിക്ഷ നൽകണം. ആ ശിക്ഷയാണു മരണം. ദൈവം സ്നേഹ

വാനും കൂടിയായതുകൊണ്ട് രക്ഷ നൽകണം. അതിനുവേണ്ടി താൻ തന്നെ മനുഷ്യനായി രക്ഷാപ്രവർത്തനം നിർവഹിച്ചു. എങ്കിലും ആത്യന്തികമായി താൻ എല്ലാവരെയും ന്യായം വിധിക്കും. ശിക്ഷയും രക്ഷയും നൽകും. ഇപ്ര കാരമുള്ള ഒരു വിശദീകരണത്തിനു പിന്നിൽ, നീതിമാനും സ്നേഹവാനു മായ ഒരു രാജാവും പ്രജകളും തമ്മിലുള്ള ബന്ധത്തിന്റെ ചിത്രമാണുള്ളത്.

2. 'പാപ' യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഭാരത, മത ദർശന വീക്ഷണം

ഭാരത മത ദർശനങ്ങളുടെ പൊതുവായ വീക്ഷണത്തിൽ പ്രപഞ്ച ചൈത ന്യമാണു ദൈവം. അവിടുത്തോടു ബന്ധമുള്ളപ്പോൾ ആ ചൈതന്യം നമ്മിൽ തെളിഞ്ഞുകൊണ്ടിരിക്കും. ആത്മാവു സ്വയം നിൽക്കുവാൻ ആഗ്ര ഹിക്കുമ്പോൾ, ആ ബന്ധം നഷ്ടപ്പെടുന്നു. ഈ അവസ്ഥയിൽ 'ഇല്ലായ്മ' അഥവാ 'മായ' അഥവാ 'മോഹം' അഥവാ 'തൃഷ്ണ 'അഥവാ 'കർമബന്ധം' അഥവാ 'അജ്ഞാനം' അഥവാ 'അവിദ്യ'യിൽ ആത്മാവു പരതുന്നു. അതൊരു ബന്ധനമാണ്. യഥാർത്ഥമായി ആയിരിക്കേണ്ട അവസ്ഥയിൽ നിന്നുള്ള വ്യതിചലനമാണിത്. അതുകൊണ്ടു യഥാർത്ഥമായി ആയിരി ക്കേണ്ട അവസ്ഥയിലേയ്ക്കുള്ള അന്വേഷണമാണു ഭാരത, മതദർശനങ്ങൾ എല്ലാം നടത്തുന്നത്.

3. ഭാരത ക്രൈസ്തവ ചിന്തയിൽ 'പാപ' സങ്കല്പ വിശദീകരണം.

യഥാർത്ഥമായി ആയിരിക്കേണ്ട അവസ്ഥയിൽ നിന്നുള്ള വ്യതിചലനം തന്നെയാണു പാപം എന്നു ക്രൈസ്തവനും സമ്മതിക്കും. അത് ഒരു അവസ്ഥാപരമായ സ്ഥിതിവിശേഷമാണെന്നും വ്യക്തം. അതിന് ഇല്ലായ്മ യിലേയ്ക്കുള്ള നീക്കം എന്നു വ്യാഖ്യാനം നൽകിയിട്ടുള്ള ക്രൈസ്തവ ചിന്തകരുണ്ട്. പാപാവസ്ഥയെ ബന്ധനമായി കാണാനും ക്രൈസ്തവനു പ്രയാസമില്ല. ആ അവസ്ഥയ്ക്കു ഭാരതത്തിൽ 'പാപം' എന്ന പദം മാത്രമേ ഉപയോഗിക്കാവൂ എന്നും ക്രൈസ്തവൻ നിർബന്ധം പിടിക്കേണ്ടതില്ല. എങ്കിൽ പിന്നെ, 'പാപത്തിനു പിന്നിലെ താത്ത്വിക യാഥാർത്ഥ്യത്തെക്കു റിച്ചു ക്രൈസ്തവരും ഭാരതമത ചിന്തകരും ഒരുപോലെ ബോധമുള്ളവരാണ് എന്നു പറയുന്നതു കൊണ്ടെന്താണു കുഴപ്പം?

പാപാവസ്ഥയുടെ ചരിത്രപരമായ ഒരാംഭത്തിലേയ്ക്കു വിരൽ ചൂണ്ടു വാൻ ആദ്യപാപത്തിന്റെ കാര്യം ക്രൈസ്തവൻ പറയുന്നു. പാപാവസ്ഥ യിൽ നിന്നുള്ള മോചനം ക്രിസ്തുവിൽ കാണുന്നുവെന്നും ക്രൈസ്തവൻ പറയും. പാപാവസ്ഥയിൽ നിന്നുള്ള മോചനം വ്യക്തിയുടെ ആത്മീയതല ത്തിലും ധാർമിക തലത്തിലും സാമൂഹ്യ തലത്തിലും ഉണ്ടാകണമെന്നും ക്രൈസ്തവൻ ഊന്നിപ്പറയണം.

## 6. രക്ഷാസങ്കല്പം

ഏതൊരു മതത്തിനാണെങ്കിലും പ്രത്യയശാസ്ത്രത്തിനായാലും ഒരു 'ആത്യന്തിക നന്മ'യെക്കുറിച്ചു പറയുവാനുണ്ട്. യഹൂദ മതത്തിൽ, അതിനെ, 'രക്ഷ'യെന്നും 'ശാലോം' എന്നും വിളിച്ചു. ഇസ്ലാം മതത്തിൽ അതിനു 'സ്വർഗം' എന്നും, ഇസ്ലാം (സമ്പൂർണ സമർപ്പണം) എന്നു തന്നെയും പറയുമായിരിക്കും. ഹൈന്ദവ ധർമത്തിൽ അതിനു 'മോക്ഷ'മെന്നു പറയുമ്പോൾ, ജൈനമതത്തിൽ അതിനു 'കൈവല്യം' എന്നും, ബുദ്ധമതത്തിൽ 'നിർവ്വാണം' എന്നും പറയുന്നു. മാർക്സിസ്റ്റു പ്രത്യയശാസ്ത്രത്തിൽ അതിനു സമത്വസുന്ദരമായ വ്യവസ്ഥിതിയെന്നു പറയാമായിരിക്കാം: ഗാന്ധിയൻ പ്രത്യയശാസ്ത്രത്തിൽ അതിനു 'സർവ്വോദയ'മെന്നോ, 'അന്ത്യോദയ'മെന്നോ 'രാമരാജ്യ'മെന്നോ ഒക്കെ പറയുമായിരിക്കും. ക്രൈസ്തവ ധർമത്തിൽ 'രക്ഷ' എന്ന പദം ഉപയോഗിക്കുമ്പോൾ അതിനു 'ദൈവവാഴ്ച' യെന്നു തുടങ്ങി അനേകം വിശദീകരണങ്ങളും നൽകുന്നു. അങ്ങനെയെങ്കിൽ, ക്രൈസ്തവ രക്ഷാസങ്കല്പത്തെ ഭാരതീയ പശ്ചാത്തലത്തിൽ വിശദീകരിക്കുമ്പോൾ, 'ആത്യന്തിക നന്മ'യെക്കുറിച്ചുള്ള വിവിധ ഭാരതീയ കാഴ്ചപ്പാടുകളോടു ബന്ധം പുലർത്തേണ്ടതായി വരും.

രക്ഷയെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണത്തിന്റെ കേന്ദ്രിക വസ്തുത യേശുക്രിസ്തുവിന്റെ രക്ഷാകര ദൗത്യമാണ്. അതുകൊണ്ടു യേശുക്രിസ്തുവിന്റെ വസ്തുതയുടെ വ്യാഖ്യാനമാണ്, ഭാരതീയ ക്രൈസ്തവ ചിന്തയിൽ രക്ഷയെക്കുറിച്ചുള്ള പരിചിന്തനത്തിൽ പ്രധാനമായി വരുന്നത്.

1. പാപാവസ്ഥയെക്കുറിച്ചുള്ള ചിന്തയുടെ പശ്ചാത്തലത്തിൽ, മനുഷ്യാവതാര വസ്തുതയെ ഭാരതീയ വേദശാസ്ത്രം എങ്ങനെ ഉൾക്കൊള്ളണം?

പാപാവസ്ഥയെ സംബന്ധിച്ചുള്ള ഭാരതീയ ക്രൈസ്തവ പരിചിന്തനം കണ്ടെത്തിയതു, യഥാർത്ഥത്തിൽ ആയിരിക്കേണ്ട അവസ്ഥയിൽ നിന്നുള്ള വ്യതിചലനമായി 'പാപ'ത്തെ ഭാരതത്തിൽ വ്യാഖ്യാനിക്കാം എന്നാണ്. അങ്ങനെയെങ്കിൽ, യഥാർത്ഥാവസ്ഥയിലേയ്ക്കുള്ള രൂപാന്തരത്തിനോ പ്രസ്തുത അവസ്ഥയെക്കുറിച്ചുള്ള അവബോധത്തിനോ, ദൈവം മനുഷ്യനാകുന്ന ചരിത്രപരമായ വസ്തുത അനിവാര്യമാണോ എന്നതു ചർച്ച ചെയ്യേണ്ടി വരും. ഇവിടെയാണു ഭാരത ക്രൈസ്തവന്റെ അനുഭവം പ്രത്യേകമായി പങ്കുചേരേണ്ടത്. യുക്തിപരമായ വിശകലനത്തിനു മേല്പറഞ്ഞ ചോദ്യത്തിനു ഉത്തരം കാണുവാൻ പ്രയാസമാണ്. നേരേമറിച്ച്, ഭാരതത്തിലെ ക്രൈസ്തവൻ ക്രിസ്തുവെന്ന ചരിത്ര യാഥാർത്ഥ്യത്തിൽക്കൂടി തന്റെ യഥാർത്ഥ അവസ്ഥയിലേയ്ക്ക് രൂപാന്തരം പ്രാപിക്കുന്നതിനെ അനുഭവിക്കുമ്പോൾ, ഉത്തരം എളുപ്പമാണ്. യുക്തിപരമായ വിശകലനത്തിൽ, ഒന്നുകിൽ യേശുക്രിസ്തുവിന്റെ ചരിത്രപരമായ വസ്തുതയെ, 'ഈശ്വരൻ'

എന്ന സങ്കല്പത്തിൽ ലയിപ്പിച്ചു ചിന്തിക്കണം (അതാണു റെയ്മണ്ട് പണിക്കർ ഭാഗികമായി നിർദ്ദേശിച്ചത്). അല്ലെങ്കിൽ ഭഗവത്ഗീതയിലെ അവതാര സങ്കല്പവുമായി ബന്ധിച്ചു ചിന്തിക്കണം (ഗീത. 4:6, 7). അല്ലെങ്കിൽ യേശുക്രിസ്തുവിനെ മഹായോഗിയായ മനുഷ്യൻ ആയി കണ്ടു ഏറ്റവും ശ്രേഷ്ഠ മാതൃകയായി അവതരിപ്പിക്കണം (ഇങ്ങനെയാണ്, ഭാരതീയരായ പല ക്രൈസ്തവേതര ചിന്തകന്മാരും നിർദ്ദേശിച്ചത്). അല്ലെങ്കിൽ, ദൈവത്തിന്റെ നിത്യമായ സ്വയപ്രകാശനത്തിൽ മനുഷ്യൻ പൂർണമായി പങ്കുചേർന്നു, ആ പ്രകാശത്തിന്റെ മുഖമായി തീരുന്ന യാഥാർത്ഥ്യമാണു യേശുക്രിസ്തുവിൽ സംഭവിച്ചതെന്നും, അവനുമായി ഐക്യപ്പെടുന്നവരെല്ലാം ആ ദൈവിക പ്രകാശനത്തിൽ പങ്കുപറ്റുന്നുവെന്നും ഒക്കെ പറഞ്ഞാലും, യേശുക്രിസ്തുവിലെ വസ്തുതയുടെ ഒരു സമ്പൂർണാവിഷ്ക്കാരമാവില്ല.

2. രക്ഷയുടെ ആത്യന്തികാവസ്ഥ: ഐക്യമോ, ലയനമോ, പങ്കാളിത്തമോ?

ക്രൈസ്തവ വീക്ഷണത്തിലെ ആത്യന്തികനന്മയുടെ അനുഭവം, ദൈവത്തോടുള്ള ഐക്യമാണോ, ലയനമാണോ, പങ്കാളിത്തമാണോ? വ്യക്തിത്വം പരിരക്ഷിക്കപ്പെടുന്ന ഒരവസ്ഥയാണതെന്നു ക്രൈസ്തവ വേദശാസ്ത്രം എടുത്തു പറയുമ്പോഴും ഒരു കാര്യം ഓർക്കണം. സ്വാർത്ഥത മുഴുവൻ വെടിഞ്ഞു സ്വന്തമായ ഒരു നിലനില്പിനെക്കുറിച്ചു ചിന്തിക്കാൻ സാധ്യമല്ലാത്ത ഒരവസ്ഥയിൽ ഐക്യവും, ലയനവും, പങ്കാളിത്തവും ഒരേ അനുഭവത്തിന്റെ വ്യത്യസ്ത ആവിഷ്ക്കാരങ്ങളേ ആകുവാൻ സാധിക്കൂ.

3. അക്രൈസ്തവരുടെ രക്ഷ

'രക്ഷ' എന്നു പറഞ്ഞാൽ, അവസാനം ആത്മാവിനു കിട്ടാൻ പോകുന്ന ഒരു സ്വർഗഭാഗ്യം മാത്രമാണെന്നുള്ള ചിന്തയുടെ അടിസ്ഥാനത്തിലാണു 'രക്ഷ'യെക്കുറിച്ചു പല ചോദ്യങ്ങളും ഉണ്ടാകുന്നത്. 'രക്ഷ' വ്യക്തിതലത്തിലും, സാമൂഹ്യമായും, പ്രപഞ്ചം മുഴുവനായും സംഭവിക്കുന്ന സമഗ്രമായ ഒരു രൂപാന്തരമാണെന്നും ദൈവം ആണ് അതിന് പ്രപഞ്ചത്തെ മുഴുവൻ നയിക്കുന്നതെന്നും ഭാരത ക്രൈസ്തവൻ വിശ്വസിക്കുന്നു. അപ്പോൾ അവൻ ആരുടെയും 'രക്ഷ'യെക്കുറിച്ചു വിധി പറയുവാൻ തുനിയുകയില്ല. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഈ 'രക്ഷ'യുടെ മുഖാന്തിരമായ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിനു സ്ഥലകാല, മതദർശനപരമായ അതിരു കല്പിക്കുവാനും ശൈലി നിർദ്ദേശിക്കുവാനും മനുഷ്യന് അവകാശമുണ്ടെന്നു തോന്നുന്നില്ല. എല്ലാവരും ദൈവത്തിന്റെ മക്കാളാണെന്നംഗീകരിച്ചുകൊണ്ടു, ഭാരത ക്രൈസ്തവൻ അവന്റെ രക്ഷയുടെ അനുഭവത്തിൽ വളരണം. ആ വളർച്ചയുടെ പാതയാണു സാക്ഷ്യപാത; തദ്ദേശീയമായ സാഹചര്യത്തോടുള്ള അർത്ഥവത്തായ പ്രതികരണപാത.

## ചോദ്യങ്ങൾ

1. 'മനുഷ്യ' സങ്കല്പത്തെക്കുറിച്ചുള്ള ഭാരതീയ വേദശാസ്ത്ര ചിന്തയിൽ ഉരുത്തിരിയുന്ന പ്രധാന കാര്യങ്ങൾ ഏവ?
2. 'പാപ'ത്തെ 'മായ' എന്ന സങ്കല്പവുമായി ബന്ധിപ്പിച്ചു വിശദീകരിക്കാൻ ശ്രമിക്കുക.
3. 'രക്ഷ'യെക്കുറിച്ചു ഭാരത ക്രൈസ്തവന്റെ അടിസ്ഥാന ധാരണകൾ എന്തൊക്കെയാകണം?

# ഗ്രന്ഥസൂചിക


1. Parett, z. M., *മലങ്കര നസ്രാണികൾ: പദവിയും ജാത്യാചാരങ്ങളും*, Manorama Publishing House,1960.
2. Podippara, Placid, J., *The Malabar Christians*, Prakasham, Alleppey, 1972.
3. Ayyar, L. K. Ananthakrishna, *Anthropology of Syrian Christians*, Ernakulam,1926.
4. Daniel, Mathew, Rev., *കേരള ക്രൈസ്തവസംസ്ക്കാരം*, T. L. C., Tiruvalla, 1985.
5. Samuel, V. C. Fr., Dr., *സഭ വളരുന്നു*, Divyabodhanam, 1984.
6. Samuel, V. C. Fr., Dr., *ഇത് ഒരു ഇന്ത്യൻ സഭയോ?,* C. L. S., തിരുവല്ല, 1975.
7. ലൂക്കോസ്, പി. യു. (സമ്പാ.), *പുരാതനപ്പാട്ടുകൾ*, ജ്യോതി, കോട്ടയം, 1980.
8. Thaliath Jonas, *The Synod of Diamper*, Rome, 1958.
9. *ക്രൈസ്തവ വിജ്ഞാനകോശം*, പ്രകാശം, ആലപ്പുഴ, 1975.
10. പാറക്കടവിൽ, ജോസ്, *കേരള ക്രൈസ്തവരുടെ നാടൻപാട്ടുകൾ*, C. L. S., തിരുവല്ല, 1975.
11. Boyd, R. H. S., *An Introduction to Indian Christian Theology*, C.L.S, Madras, 1975 (rev.).
12. കുരുവിള, പി. ജി., റവ. ഡോ., *ഭാരത ക്രൈസ്തവ ദർശനങ്ങൾ*, T.L.C., തിരുവല്ല, 1986.
13. Thomas, M. M., *Acknowledged Christ of Indian Renaissance*, C.L.S., Madras, 1976.
14. Thomas M. M., *The Christian Response to the Asian Revolution*, C. I. S. R. S, 1966.
15. Thomas, P. T., *The Theology of Chakkarai*, C. I. S. R.S., 1968.
16. Appasamy, A. J., *Christianity as Bhakti - Marga*, C. L. S., Madras, 1928.
17. Appasamy, A. J., *The Gospel and India's Heritage,* SPCK, London, 1942.

18. Banerji, K. M., *The Asian Witness....*, Calcutta, 1875.

19. Upadhyaya, Brahmabandhav, '*Vande Saccidanandam*' Sophia, Oct., 1898.

20. Chakkarai, V., *Jesus the Avatar*, CLS, Madras, 1932.

21. Chakkarai, V., *The Cross and Indian Thought*, CLS, Madras, 1932.

22. Chenchiah, P., *'Indian Christian Theological Task'*, The Guardian, 2-1-1947 to 6-3-1947.

23. Devanandan, P. D., *The Concept of Maya*, London, 1950.

24. Fakirbhai, Dhanjibhai, *Khristopanishad*, C I S R S, 1965.

25. Mozoomdar, P. C., *The Oriental Christ,* Boston, 1898.

26. Panikkar, Raymond, *The Unknown Christ of Hinduism*, London, 1964.

27. Singh, Sadhu Sundar, *At the Master's feet*, C. L. S., Madras, 1923.

28. Gregorios, Paulos Mar, Cosmic Man, Sophia Publications, Kottayam - New Delhi, 1980.

29. Gregorios, Paulos Mar, *Freedom and Authority*, C. L. S., Madras, 1974.

30. Osthathios, Geevarghese Mar, *Theology of a Classless Society*, London, 1979.

31. Osthathios, Geevarghese Mar, *രക്ഷ ക്രിസ്തുവിൽ മാത്രമോ?* St. Paul's Mavelikara, 1976.

32. വർക്കി, പി. പി., *പത്രോസ് മാർ ഒസ്താത്തിയോസ്*, കോട്ടയം, 1962.

33. *സഭയും വികസനവും*, കെ. സി. സി. പ്രസിദ്ധീകരണം, 1986.

# Glossary

**1. അന്തര്യാമി (p. 92)**

അന്തര്യാമി എന്നാൽ ഉള്ളിൽ വസിക്കുന്നത് എന്നർത്ഥം. ഹൈന്ദവ പാരമ്പര്യത്തിൽ ഈശ്വരനെ, ഉള്ളിലെ ചൈതന്യം അഥവാ അന്തര്യാമിയായി കാണുന്നു. ഈ സങ്കല്പത്തിന്റെ ചുവടുപിടിച്ച് ബിഷപ്പ് അപ്പാസാമി, വചനമായ ദൈവത്തെ (ലോഗോസ്) അന്തര്യാമിയായി അവതരിപ്പിച്ചു. പരിശുദ്ധാത്മാവിനെയും അന്തര്യാമിയായ ദൈവമെന്ന് പറയാറുണ്ട്.

**2. അഹം ബ്രഹ്മാസ്മി (p. 87)**

ഉപനിഷദ് ദർശനത്തിന്റെ മറപറ്റി, അദ്വൈതവേദാന്തികൾ ഉപയോഗിക്കുന്ന സൂത്രവാക്യമാണ് "അഹം ബ്രഹ്മാസ്മി." "ഞാൻ ബ്രഹ്മൻ (ദൈവം) ആകുന്നു" എന്നാണ് പദപ്രയോഗത്തിന്റെ അർത്ഥം. യേശുക്രിസ്തു, 'ഞാനും പിതാവും ഒന്നാകുന്നു' എന്ന് (യോഹ. 10:29) പറഞ്ഞപ്പോൾ 'അഹം ബ്രഹ്മാസ്മി'യെന്നു തന്നെയാണ് അർത്ഥമാക്കിയതെന്ന്, പല ഭാരതീയ ചിന്തകരും, പ്രത്യേകിച്ച് ഡോ. രാധാകൃഷ്ണൻ, വിശ്വസിച്ചു.

**3. ആത്മൻ (p. 44)**

ഉപനിഷത്തുകളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള പദമാണിത്. പരമമായ ആത്മൻ എന്നയർത്ഥത്തിൽ ദൈവത്തിനും, ജീവാത്മൻ എന്നയർത്ഥത്തിൽ മനുഷ്യനും ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

**4. ഓംകാരം**

'ഓം' എന്ന ശബ്ദം: ഹൈന്ദവ പാരമ്പര്യത്തിലെ പുരാതനമായ മന്ത്രോച്ചാരണ ശബ്ദം. സർവ്വസത്യത്തെയും, ദൈവത്തെത്തന്നെയും സൂചിപ്പിക്കുന്ന ശബ്ദപ്രതീകമാണിത്. "ഓം" ശബ്ദബ്രഹ്മമായും നാദബ്രഹ്മമായും വിശേഷിപ്പിക്കപ്പെടാറുണ്ട്. അ, ഉ, അം എന്നീ ശബ്ദങ്ങളുടെ സമന്വയമാണ് 'ഓം.' ആദി (അ), മധ്യ (ഉ), അന്ത (അം) പ്രതിഭാസങ്ങളെ അഥവാ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളെ ഈ ശബ്ദം സൂചിപ്പിക്കുന്നുവെന്നും വ്യാഖ്യാനിക്കാറുണ്ട്.

**5. ക്രിസ്ത് അദ്വൈതം (p. 93)**

ക്രിസ്തു കേന്ദ്രബിന്ദുവായ അദ്വൈതം എന്നർത്ഥം. ക്രിസ്തുവാണ് എല്ലാം. ക്രിസ്തുവിൽ നിന്ന് വേറിട്ട് ഒന്നിനും നിലനില്പില്ല. എല്ലാ ദ്വൈതഭാവങ്ങളും ക്രിസ്തുവിൽ പരിസമാപിക്കുന്നു – എന്നൊക്കെയുള്ള ചിന്തകളെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ദൻജിഭായ് ഫക്കീർഭായ് എന്ന ക്രിസ്തുഭക്തൻ, സ്നേഹസ്വരൂപനായ ക്രിസ്തുവിനോടുള്ള ബന്ധത്തെ 'ക്രിസ്ത് അദ്വൈത'ത്തിൽ അനാവരണം ചെയ്യുന്നു.

**6. ജീവൻ മുക്തൻ (p. 88)**

ജീവനോടെ ഇരിക്കുമ്പോൾ തന്നെ മുക്തി അഥവാ മോക്ഷം പ്രാപിച്ചവൻ എന്നർത്ഥം. ഹൈന്ദവ ആധ്യാത്മികതയിൽ മോക്ഷം പ്രാപിക്കുന്നവർ രണ്ട് ഗണ

ത്തിലാണ്; ഒന്ന്, ജീവൻമുക്തൻ അഥവാ, ശരീരത്തിലിരിക്കുമ്പോഴേ മോക്ഷം പ്രാപിച്ചവൻ. രണ്ട്, വിദേഹമുക്തൻ, അഥവാ, ശരീരം വിട്ട് മോക്ഷം പ്രാപിച്ച വൻ. യേശുക്രിസ്തുവിനെ, ശരീരത്തിലിരിക്കുമ്പോൾ തന്നെ മോക്ഷപ്രാപ്ത നായി കാണുന്ന പല ഹൈന്ദവ ചിന്തകരുമുണ്ട്.

**7. നരഹരി (p. 90)**

നരൻ മനുഷ്യനും, ഹരി വിഷ്ണു അഥവാ ദൈവവുമാണ്. അതുകൊണ്ട് മനുഷ്യനും ദൈവവും ചേർന്നതിനെ സൂചിപ്പിക്കുന്ന പദമാണ് നരഹരി എന്നത്. ഭാരതീയ ഭാഷാശൈലിയിൽ ദൈവ – മനുഷ്യനായ യേശുക്രിസ്തുവിനെ അവ തരിപ്പിക്കുവാൻ ബ്രഹ്മബാന്ധവ് ഉപാധ്യായയേപ്പോലെയുള്ളവർ ഉപയോഗിച്ച പദപ്രയോഗമാണിത്.

**8. പരബ്രഹ്മം (p. 88)**

ഹൈന്ദവ പാരമ്പര്യത്തിൽ ഈശ്വരനെ പരബ്രഹ്മം എന്നു വിശേഷിപ്പിക്കുന്നു. ഈശ്വരന്റെ, അഥവാ ദൈവത്തിന്റെ സത്താപരമായ ഭാവത്തെയാണ് പരബ്രഹ്മം സൂചിപ്പിക്കുന്നത്. പരമമായ ദൈവത്വത്തെ, പരബ്രഹ്മം സൂചിപ്പിക്കുന്നുവെന്നു സാരം.

**9. പരിത്രാണനം (p. 86, 91)**

പരിത്രാണനം എന്നാൽ രക്ഷിക്കുകയെന്നർത്ഥം. പരിമിതമായ അർത്ഥത്തിൽ പരിപാലനം എന്നും അർത്ഥം കൊടുക്കാറുണ്ട്. യേശുക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനം, 'പരിത്രാണനം' ആയി പറയാറുണ്ട്.

**10. പാരത്രികകാര്യങ്ങൾ (p. 39)**

ഭൗതികം അഥവാ ഐഹികം, അല്ലാത്തതാണ് പാരത്രികം. നിത്യജീവനും, സ്വർഗ്ഗവും മരണാനന്തരാവസ്ഥയും, രക്ഷാനുഭവവും ഒക്കെ പാരത്രികകാര്യ ങ്ങളാണ്.

**11. പുരുഷൻ (p. 89)**

ഹൈന്ദവ പാരമ്പര്യത്തിൽ വിവിധ അർത്ഥതലങ്ങളുള്ള പദമാണ് 'പുരു ഷൻ.' വേദങ്ങളിൽ, 'പുരുഷൻ' ആദിപുരുഷൻ ആയ ആരംഭകനാണ്. ആരംഭ കൻ തന്നെയാണ് ദൈവം. ചുരുക്കത്തിൽ, സൃഷ്ടിക്ക് ആരംഭം കുറിക്കുന്ന ദൈവ ത്തെത്തന്നെയാണ് പുരുഷനെന്ന് പറഞ്ഞിരിക്കുന്നത്. പുരുഷൻ സ്വയം യാഗ മായിട്ട്, ആ യാഗത്തിൽ നിന്ന് ഈ പ്രപഞ്ചം ഉരുവാക്കിയതായി ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പറയുന്നു. ഈ പുരുഷനെ, യേശുക്രിസ്തുവിന്റെ സൂച നയായിട്ട് കാണുന്ന ഭാരതീയ ക്രൈസ്തവ ചിന്തകന്മാർ ഉണ്ട്. സ്രഷ്ടാവായ ദൈവവും, സൃഷ്ടിയായ മനുഷ്യനും, ഒന്നായി ചേരുന്ന പ്രതീകമാണ് "പുരു ഷൻ." ഭാരതത്തിലെ സാംഖ്യദർശനത്തിൽ, ആത്യന്തികമായ രണ്ട് തത്വങ്ങളാണ് പുരുഷനും പ്രകൃതിയും. അവയുടെ സാമീപ്യമോ വേർപിരിയലോ ആണ് പ്രപഞ്ച പ്രതിഭാസത്തിന്റെ പിന്നിൽ കാണുന്നത്.

**12. പ്രജ്ഞാനം (p. 93)**

പ്രജ്ഞ എന്നാൽ ബോധം, അറിവ്, ചിന്ത എന്നൊക്കെയാണർത്ഥം. ദൈവം തന്നെയാണ് ആത്യന്തിക ബോധം (പ്രജ്ഞാനം ബ്രഹ്മ) എന്നും മനുഷ്യനിലെ ബോധം ദൈവസാന്നിദ്ധ്യം ആണെന്നും ഹിന്ദുമതം പഠിപ്പിക്കുന്നു. ലോഗോസ് എന്ന ഗ്രീക്കുപദം ബോധത്തെയും, യുക്തിയെയും, വചനത്തെയും സൂചിപ്പിക്കുന്നു. യേശുക്രിസ്തു 'ലോഗോസ്' ആയിരുന്നു എന്നു പറയുമ്പോൾ എല്ലാ ബോധത്തിന്റെയും ഉറവിടമായി ആദിമ ക്രൈസ്തവ ചിന്തകർ വ്യാഖ്യാനിച്ചു. ഇതിന്റെ ചുവടുപിടിച്ച്, ഭാരത ക്രൈസ്തവ ചിന്തകർ യേശുക്രിസ്തുവിനെ പ്രജ്ഞാനം എന്നു വിശേഷിപ്പിച്ചിട്ടുണ്ട്.

**13. ബ്രഹ്മൻ**

ബ്രഹ്മൻ എന്നാൽ ഹൈന്ദവധർമ്മത്തിൽ ദൈവത്തെയാണ് അർത്ഥമാക്കുന്നത്. വേദാന്ത ദർശനത്തിലാണ് ഈ പദം കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്. ബ്രഹ്മൻ ദൈവവും, ആത്മൻ മനുഷ്യനും ആണ്. എന്നാൽ ഉപനിഷത്തുകളിൽ, ഈ പദത്തിന് പ്രാർത്ഥന, മന്ത്രം എന്നും അർത്ഥം കൊടുത്തിട്ടുണ്ട്.

**14. മായ (p. 90, 93)**

ഹിന്ദുമതത്തിൽ പല അർത്ഥതലങ്ങളുള്ള പദമാണ് "മായ." അക്ഷരാർത്ഥത്തിൽ "മായ" എന്നാൽ യഥാർത്ഥം അല്ലാത്തത് എന്നാണ്. നൈമിഷികവും അസ്ഥിരവുമായതിനെ 'മായ' എന്ന് മലയാള വേദപുസ്തകവും സൂചിപ്പിക്കുന്നു. എന്നാൽ വേദാന്ത ചിന്തയിൽ 'മായ' ദൈവത്തിന്റെ സൃഷ്ടിശക്തിയാണ്. അതേയവസരത്തിൽ, 'മായ' വ്യക്തികളിൽ അവിദ്യ അഥവാ അജ്ഞതയായി പ്രത്യക്ഷപ്പെടുന്നു. അവിദ്യ അഥവാ അജ്ഞതയെ വേദാന്തവീക്ഷണത്തിൽ മനുഷ്യന്റെ പ്രധാന പ്രശ്നമായി അവതരിപ്പിക്കുന്നു. അതുകൊണ്ട്, ക്രൈസ്തവ ചിന്തയിലെ "പാപ" സങ്കല്പത്തിന് സമാന്തരമായി അവിദ്യ അഥവാ 'മായ'യെ പലരും കാണുന്നു.

**15. വിശ്വകർമ്മൻ (p. 89)**

ഋഗ്വേദത്തിൽ ലോകത്തിനു രൂപം നൽകുന്ന ശക്തിയെ വിശ്വകർമ്മൻ എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. പുരാണങ്ങളിൽ അനേകം പ്രാവശ്യം ദൈവങ്ങളിൽ ഒരുവനായ വിശ്വകർമ്മാവിനെ പരാമർശിക്കുന്നുണ്ട്.

**16. ശബ്ദ ബ്രഹ്മം (p. 93)**

ദൈവം ശബ്ദരൂപത്തിൽ എന്ന് ആന്തരീകാർത്ഥം. 'ഓം' എന്ന മന്ത്രശബ്ദത്തെ ശബ്ദബ്രഹ്മം എന്നും നാദബ്രഹ്മം എന്നും വിശേഷിപ്പിക്കാറുണ്ട്. ഇതിനോട് ബന്ധിച്ച് 'വചനമാം' ദൈവത്തെ (ലോഗോസ്) ഭാരത ക്രൈസ്തവചിന്തയിൽ ശബ്ദ ബ്രഹ്മമായി വിശേഷിപ്പിക്കുന്നവരുണ്ട്. ഫക്കീർഭായി അങ്ങനെ വിശേഷിപ്പിച്ചിട്ടുണ്ട്.

**17. സച്ചിദാനന്ദം (p. 86, 103)**

ഉപനിഷദ് പാരമ്പര്യത്തിൽ ദൈവത്തെ സച്ചിദാനന്ദം ആയി പറയുന്നു. സത്, ചിത്, ആനന്ദം എന്നീ മൂന്ന് ഗുണഭാവങ്ങളുടെ സമന്വയമാണ് സച്ചിദാനന്ദം.

സത് എന്നാൽ അടിസ്ഥാന ഉണ്മ എന്നും, ചിത് എന്നാൽ പ്രാപഞ്ചിക ബോധം എന്നും, ആനന്ദം എന്നാൽ ആന്തരിക സൗന്ദര്യം എന്നും വ്യാഖ്യാനിക്കുന്നു. ഇങ്ങനെ ഒരു ത്രിക ഭാവത്തിൽ ദൈവത്തെ കാണുന്നത്, ഭാരതത്തിൽ ത്രിത്വ സങ്കല്പത്തെ വിശദീകരിക്കുവാൻ സഹായകമാണെന്ന് വിചാരിക്കുന്നവരുണ്ട്. “സത്” പിതാവിനു തുല്യമായിട്ടും “ചിത്” പുത്രനു തുല്യമായിട്ടും, “ആനന്ദം” പരിശുദ്ധാത്മാവിനു തുല്യമായിട്ടും കാണുന്നു. കെഷബ് ചന്ദ്രസെൻ, ബ്രഹ്മ ബാന്ദബ് ഉപാധ്യായ മുതലായവർ ഇപ്രകാരം കണ്ടു. ദൈവത്വത്തിലെ ഐക്യം ഇവിടെ പരിരക്ഷിക്കപ്പെടുന്നു. എന്നാൽ ത്രിമൂർത്തി സങ്കല്പത്തിൽ, ഈ ഐക്യം പരിരക്ഷിക്കപ്പെടുന്നില്ല.

**18. സ്കൊളാസ്റ്റിക് വേദശാസ്ത്ര ചിന്ത (p. 15)**

മധ്യകാലഘട്ടത്തിലെ പാശ്ചാത്യ സഭാവേദശാസ്ത്രത്തെ സ്കൊളാസ്റ്റിസിസം എന്ന് വിശേഷിപ്പിക്കാറുണ്ട്. തോമസ് അക്വിനാസിനെപ്പോലെയുള്ള ചിന്തകരാണ് ഈ വേദശാസ്ത്ര വക്താക്കൾ. ദൈവിക വിഷയങ്ങൾക്ക് വളരെ വിശദമായിട്ട് യുക്തിയുടെ വിശകലനം നടത്തുന്ന സമീപനമാണിത്. മധ്യകാലഘട്ടത്തിൽ അരിസ്റ്റോട്ടിലിന്റെ തത്വചിന്തയ്ക്ക് പാശ്ചാത്യലോകത്ത് വളരെ പ്രചാരം കിട്ടി. അതിനനുസൃതമായി സഭാ വേദശാസ്ത്രത്തിലും അരിസ്റ്റോട്ടിലിന്റെ യുക്തിപ്രധാന വിശകലനം കടന്നുവരുകയാണുണ്ടായത്. ചുരുക്കത്തിൽ തദ്ദേശീയീകരണത്തിനൊരു ഉദാഹരണമാണിത്.

**19. സ്വധർമ്മം (p. 109)**

ഒരു വ്യക്തി അനുഷ്ഠിക്കേണ്ട ചുമതല എന്നാണ് വാക്കിന്റെ അർത്ഥം. ഓരോരുത്തരും സാമൂഹ്യനിലയനുസരിച്ചും, ജീവിതാവസ്ഥയനുസരിച്ചും അനുഷ്ഠിക്കേണ്ട “സ്വധർമ്മത്തെ”യാണ് വർണ്ണാശ്രമ ധർമ്മങ്ങൾ സൂചിപ്പിക്കുന്നത്. ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജുനനോട് പറയുന്നത്, ക്ഷത്രിയൻ എന്ന നിലയിൽ സ്വധർമ്മം അനുഷ്ഠിക്കുന്നതിൽ നിന്ന് പിന്തിരിയരുതെന്നാണ്. പക്ഷേ സ്വധർമ്മവും മുക്തിക്കു വേണ്ടിയുള്ള മാർഗ്ഗം മാത്രമാണ്.

# വിശദീകരണക്കുറിപ്പുകൾ

**കുറിപ്പ് 1 (പേജ് 35)**

**ബ്രഹ്മബാന്ധവ ഉപാധ്യായ**യെന്ന ഭാരതക്രൈസ്തവ ചിന്തകൻ അദ്വൈത വേദാന്ത മാതൃകയിലുള്ള ഒരു ഭാരതീയ ക്രൈസ്തവ ചിന്ത രൂപപ്പെടുത്തുവാൻ ശ്രമിച്ചു. ദൈവത്തിന് സച്ചിദാനന്ദം എന്ന് പേരുള്ളത് ത്രിത്വത്തിന്റെ സൂചനയാണെന്നും, രക്ഷയുടെ അനുഭവം, ദൈവസാക്ഷാത്കാരം അഥവാ സച്ചിദാനന്ദ സാക്ഷാത്കാരം ആണെന്നും അദ്ദേഹം വ്യാഖ്യാനിച്ചു. മറ്റൊരു ഭാരത ക്രൈസ്തവ ചിന്തകനായ **ബിഷപ്പ് അപ്പാസാമി** വൈഷ്ണവ ഭക്തി പ്രസ്ഥാനത്തിലെ ഈശ്വരനോടുള്ള പ്രേമഭക്തിയെ അടിസ്ഥാനമാക്കി ഒരു ക്രൈസ്തവ മിസ്റ്റിക്കൽ (യോഗാത്മക) വേദശാസ്ത്രം രൂപപ്പെടുത്തുവാൻ ശ്രമിച്ചു. ഭാരതത്തിൽ വന്ന്, ഭാരതീയനായി ജീവിക്കുവാൻ ശ്രമിച്ച ഒരു ഫ്രഞ്ചു കത്തോലിക്കാ

പുരോഹിതനായിരുന്നു **ബീഡ്ഗ്രിഫ്ത്ത്.** ഉപനിഷത്തിലെ ചില ആശയങ്ങളുടെ ചുവടുപിടിച്ച് മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം ആദ്യസ്രോതസിലേക്കുള്ള തിരിച്ചെത്തലാണ് എന്ന് അദ്ദേഹം സമർത്ഥിക്കുവാൻ ശ്രമിച്ചു. തിരുച്ചിറപ്പള്ളിയിൽ സച്ചിദാനന്ദാശ്രമം എന്ന ക്രൈസ്തവ ധ്യാനകേന്ദ്രം തുടങ്ങിയ ഫ്രഞ്ചു കത്തോലിക്കാ വൈദികനായ **സ്വാമി അഭിഷിക്താനന്ദൻ**, ഉപനിഷത്തുകളിൽ ഒന്നിൽ സൂചിപ്പിക്കുന്ന 'ഹൃദയഗുഹ'യെന്ന സൂചനയെ കേന്ദ്രീകരിച്ച് ഒരു ക്രൈസ്തവ മിസ്റ്റിക്കൽ സമീപനം രൂപപ്പെടുത്തി.

യോഗചിന്തയിലെ ഒരു സാങ്കേതിക പദമാണ് ഹൃദയ ഗുഹ (Cave of the heart). അന്തരാത്മാവ് ധ്യാനത്തിൽ എത്തിച്ചേരുന്ന ഒരു ഉന്നതമായ അവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ അവസ്ഥയിൽ 'ഭേദം' അഥവാ വ്യത്യസ്തതയ്ക്ക് സ്ഥാനമില്ലാതെ വരുന്നു. ഹൃദയഗുഹയിൽ വിവിധ മതാനുഭവങ്ങൾക്ക് ഐക്യം കണ്ടെത്താനാവും എന്നാണ് സ്വാമി അഭിഷിക്താനന്ദൻ സൂചിപ്പിച്ചത്.

**റെയ്മണ്ട് (റെയ്മുണ്ടോ) പണിക്കർ** "മന്ത്രമഞ്ജരി" എന്ന ഗ്രന്ഥത്തിലൂടെ ഭാരത മതഗ്രന്ഥങ്ങളിലും, ലോക മതഗ്രന്ഥങ്ങളിലും ഉള്ള ആത്മീയ അനുഭൂതിയെ സംബന്ധിച്ചുള്ള സമാനപാഠങ്ങൾ അവതരിപ്പിച്ചുകൊണ്ട്, ആത്മീയതയുടെ സർവ്വലൗകിക ഐക്യം എടുത്തുകാട്ടുന്നു.

**കുറിപ്പ് 2 (പേജ് 104, 105)**

**ഋജുരേഖാവീക്ഷണവും ചാക്രിക വീക്ഷണവും**

ഹിസ്റ്ററി അഥവാ ചരിത്രത്തെക്കുറിച്ചുള്ള രണ്ടു വീക്ഷണങ്ങളാണിത്. Linear History എന്നതിനെയാണ് ഋജുരേഖാ വീക്ഷണം എന്നു പറയുന്നത്. ക്രൈസ്തവ, യഹൂദ ചരിത്ര വീക്ഷണങ്ങൾ ഋജുരേഖാ വീക്ഷണമാണെന്നു പറയാറുണ്ട്. ഒരു ബിന്ദുവിൽ ആരംഭിച്ച് മറ്റൊരു ബിന്ദുവിൽ ക്രമാനുഗതമായി പുരോഗമിച്ച് എത്തുന്ന ഋജുരേഖ അഥവാ നേർ രേഖ പോലെ സൃഷ്ടിയിൽ ആരംഭിച്ച് ഒരന്ത്യത്തിൽ എത്തുന്ന ചരിത്ര വീക്ഷണമാണ് ഋജുരേഖാ വീക്ഷണം.

Cyclic History എന്നതിനെയാണ് ചാക്രിക വീക്ഷണം എന്നു പറയുന്നത്. ഭാരതമതങ്ങളുടെ ചരിത്രവീക്ഷണങ്ങൾ ചാക്രികവീക്ഷണമാണെന്നു പറയാറുണ്ട്. ഒരു ചക്രം പോലെ അനന്തമായതും, ഒരേ പ്രക്രിയ അനന്തമായി തുടരുന്നതും ആണ് ഭാരതമതങ്ങളുടെ ചരിത്രവീക്ഷണം. നിത്യമായ ആത്മാവ്, വിവിധ ശരീരങ്ങളെടുത്ത് സംസാര ചക്രത്തിൽ തുടരുന്ന "പുനരപിജനനം പുനരപിമരണം" പ്രതിഭാസമാണിത്.